A
8
5
ഉദയനൻ

85

240249

240249

240249
THE SEN GUPTA PUBLIC LIBRARY
LOVE & SERVICE.
PUTHIYARA

# ഉദയനൻ.

ഗ്രന്ഥകർത്താ
പി. ആർ. ദൊരസ്വാമിശർമ്മാ.

*Second Edition Copies 9,000.*

Printed and Published by
John Peter Thottam B. A.,
Kalavilasini Publishing House,
*TRIVANDUM.*

SRIDHARA PRINTING HOUSE TRIVANDRUM.

പകർപ്പവകാശം പ്രസാധകനിൽ.

# മുഖവുര.

ഏറെക്കുറെ പരാവൎത്തനം എന്നുള്ള നിലയ്ക്കു മൂന്നു പുസ്തകം എൻെറ വകയായി ഇതിനുമുമ്പു പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടു്. സൎവ്വഥാ സ്വതന്ത്രമായി ഒരു പുസ്തകം രചിക്കണമെന്നായിരുന്നു എൻെറ വിചാരം. "ഉദയന"നാമകമായ പ്രസ്തുത ഗ്രന്ഥം സൎവ്വഥാ ഒരു സ്വതന്ത്രകൃതിയല്ലെങ്കിലും ഇതിനെ കേവലം പരാവൎത്തനമായി ഗണിപ്പാൻ പാടുള്ളതല്ലെന്നു മാത്രമല്ല സാധാരണ സ്വതന്ത്രകൃതികളുടെ കൂട്ടത്തിൽ പരിഗണിക്കാവുന്നതുമാണെന്നാണു് എൻെറ വിശ്വാസം. കഥാവസ്തു "ബൃഹൽകഥാമഞ്ജരി"യിൽ നിന്നു എടുത്തിട്ടുള്ളതാണു് പ്രസ്തുത ഗ്രന്ഥത്തെ രണ്ടു ഭാഗമായി തിരിക്കുന്നതായാൽ ഉത്തരഭാഗം ഭാസകവിയുടെ "സ്വപ്നവാസവദത്ത"ത്തെ സംഭാഷണരീതിയിൽ അനുകരിക്കുന്നതായി കാണാം. എന്നാൽ ആ സ്ഥലങ്ങളിലും ഞാൻ യുക്തിതൽപരന്മാൎക്കു തോന്നാവുന്ന അസംഭാവ്യതകളെ പരിഹരിക്കുവാനായി അവിടവിടെ ചില മാററങ്ങൾ ചെയ്തിട്ടുള്ളതിനു പുറമെ കഥാപാത്രങ്ങളുടെ ആശയങ്ങൾക്കു പുഷ്ടിയും വളൎച്ചയും വരുത്തുവാൻ ശ്രമിച്ചിട്ടുമുണ്ടു്. ററണ്ണനാസ്ഥലങ്ങളിൽ പഴയ സംസ്കൃതസാഹിത്യരീതിയെ ഞാൻ അനുകരിക്കുന്നുവെന്നു ചില ഭാഷാപ്രണയികൾക്കു തോന്നുമായിരിക്കാം. പഴയ രീതിയെ അനുകരിക്കുന്നതു ഒരു ദോഷമാണെങ്കിൽ പ്രസ്തുത ഗ്രന്ഥത്തിനു ആ ദോഷമുണ്ടെന്നു സമ്മതിക്കതന്നെ വേണം. ഗുണദോഷവിവേചനത്തിൽ "പഴയതു, പുതിയതു എ

എന്നുള്ള ചിന്തയ്ക്കവകാശമില്ലെന്നാണു എന്റെ വിശ്വാസം. വർണ്ണനാവിഷയത്തിൽ സംസ്കൃതകവികളുടെ പ്രതിഭാശക്തി ഏതു തരത്തിലാണു നിർഗ്ഗമിക്കുന്നതെന്നു സംസ്കൃതസാഹിത്യവുമായി പരിചയപ്പെടാത്ത മലയാളികൾക്കു കാണിച്ചുകൊടുക്കണമെന്നുള്ള ഉദ്ദേശത്താലും കാവ്യഗുണങ്ങളെ സംബന്ധിച്ചിടത്തോളം ആ രീതി നിർദ്ദുഷ്ടമാണെന്നു എനിക്കു തോന്നുന്നതിനാലുമാണു് ഈ പഴയ സമ്പ്രദായത്തെ ഞാൻ അനുകരിച്ചിട്ടുള്ളതു്. പ്രസ്തുത ഗ്രന്ഥത്തെപ്പററി ഇതിലധികമായി എനിക്കൊന്നും പറവാനില്ല. ഗുണദോഷങ്ങളെ നിർണ്ണയിക്കേണ്ടതു സഹൃദയന്മാരായ വിമർശകന്മാരുടെ കൃത്യമാണു്. മലയാളസാഹിത്യഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ഒന്നായി പ്രസ്തുത ഗ്രന്ഥത്തെ പരിഗണിക്കാമെന്നു ഭാഷാഭിമാനികൾക്കു തോന്നുന്നതായാൽ എന്റെ ഉദ്യമം സഫലമായി.

ഏററവും കുറഞ്ഞ സമയത്തിനുള്ളിൽ തങ്ങളുടെ മററസൌകര്യങ്ങളെ ഗണിക്കാതെ എന്റെ ഇഷ്ടപ്രകാരം പുസ്തകം അച്ചടിച്ചു തന്നതിലേക്കായി മുദ്രാലയാധികൃതന്മാരോടും അലസതകൂടാതെ ആത്മീയബുദ്ധിയോടും ആദരവോടും കൂടി സ്വകൃത്യം നിർവഹിച്ചതിലേക്കായി മുദ്രാലയത്തിലെ ജോലിക്കാരോടും എന്റെ സന്തോഷത്തെയും കൃതജ്ഞതയേയും നിർവ്യാജമായി പ്രകൃതത്തിൽ ഞാൻ രേഖപ്പെടുത്തിക്കൊള്ളുന്നു.

ചങ്ങനാശ്ശേരി,
5—[illegible]—100

പി. ആർ. ദൊരസ്വാമിശർമ്മാ

# ശുദ്ധിപത്രം.

| പേജ്. | വരി. | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| ൭ | ൧ | സത്യമാകും | സാധ്യമാകും |
| ൧൦ | ൨൧ | തൻ | ദ്ദൂതൻ |
| ൨൦ | ൧൭ | 'ഉള്ളവാകുന്ന' എന്നതിനു ശേഷം 'അജ്ഞാനമാകുന്ന അന്ധകാരത്തെ വിവേകമാകുന്ന' എന്നു ചേൎക്കണം | |
| ൨൨ | ൧൩ | പ്പെട്ടുവിക്ക | പ്പെട്ടുവിച്ചു |
| ൬൬ | ൨൨ | 'യോഗക്ഷേമം' എന്നതിനു മുമ്പായി 'പ്രജകളുടെ' എന്ന വാക്കു ചേൎക്കണം | |
| ൬൭ | ൧ | യണൻ | യണന്റെ |
| ൩൪ | ൪ | അവസാനിപ്പിച്ചു | അവസാനിച്ചു |
| ,, | ,, | പ്രൌഢ | പ്രൗഢ |
| ൩൭ | ൧൯ | 'രാജ്ഞിയും' എന്നതിനു ശേഷം 'മന്ത്രിയും' എന്നു ചേൎക്കണം | |
| ൫൯ | ൨൬ | വിസ്മയം | വിസ്മയനീയം |
| ൭൭ | ൨൦ | സചിവപത്തിൽ | സചിവപദത്തിൽ |
| ൯൩ | ൧൪ | കവികുലമായഭൃതമായ | കവികുലലലാമഭൃതമായ |
| ൧൦൭ | ൩ | ആശംസിക്കുന്നു | ആശംസിപ്പിക്കുന്നു |
| ൧൦൭ | ൭ | പ്രാളത | പ്രാകൃത |
| ,, | ൧൭ | കാൎയ്യാന്തം | കാൎയ്യാന്തരം |
| ൧൨൯ | ൧൪ | 'മാകയാൽ' എന്നതിനു ശേഷം വിവാഹ സംബന്ധമായ കൈവ | |

| | | | |
|---|---|---|---|
| | | ത്തുകമംഗളം നടത്തിയാൽ' എന്നു കൂടി ചേക്കണം | |
| ൧൧൦ | ൧൨ | പിരിച്ചു | പിരിഞ്ഞു |
| ,, | ൨൦ | ഝരുണ | കരുണ |
| ൧൧൧ | ൯ | 'കാന്തിയോടുകൂടി' എന്നതിനു ശേഷം മഹാദേ്സന പുത്രി ഒരു ശിലമേൽ ഇരിക്കുമ്പോൾ എന്നു ചേക്കണം | |
| ൧൧൪ | ൧൦ | വൈദുഃഖ- | വൈധവ്യദുഃഖ |
| ൧൩൦ | ൧൩ | ഉദ്യാനത്തിൽ- | ഉദ്യാനഗൃഹത്തിൽ |
| ൧൩൬ | ൧൪ | ആരുമറിയാ- | ആരുമില്ലാ |
| ൧൪൧ | ൧൭ | ദീർഘലകാലമായ | ദീർഘകാലമായ |
| ൧൪൩ | ൭ | അപ്രധായവു | അപ്രധാനവു |
| ൧൪൬ | ൧൮ | തോതാ | തോവാ |
| 152 | ൧൮ | ലാളയങ്ങൾ | ലാളനങ്ങൾ |
| ,, | ൨൪ | ഹൃദയാർദ്ര | ഹൃദയാർദ്ര |
| ൧൮൮ | ൧൩ | പരിശുദ്ധമായി | പരിശുദ്ധയായി |
| ൧൮൬ | ൮ | ഏത പുത്രി | ഏക പുത്രി |
| ൧൩൪ | ൧൩ | സമപം | സമീപം |

# ഉദയനൻ.

THE SEN GUPTA PUBLIC LIBRARY
LOVE & SERVICE.
PUTHIYARA

## I

ഉജ്ജയിനീപതിയായ മഹാസേനമഹാരാജാവു് തൻെറ പുത്രി വാസവദത്ത യൌവനദശയെ പ്രാപിച്ചതോടുകൂടി അവളുടെ വിവാഹത്തെപ്പററി പലപ്പോഴും പല ആലോചനകൾ ചെയ്തുതുടങ്ങി. അനുരൂപനായ ഒരു വരനു പുത്രിയെ വിവാഹം ചെയ്തുകൊടുത്താൽ കൊള്ളാമെന്നുള്ള ഔൽസുക്യം പ്രതിദിനം അദ്ദേഹത്തിൽ വർദ്ധിച്ചുവന്നു. തന്നിമിത്തം അദ്ദേഹത്തിൻെറ മനസ്സിനു് ഓരോ ദിവസം കഴിയുംതോറും സ്വാസ്ഥ്യമില്ലാതെയായി. വർഷകാലത്തു നദിയിലെ പ്രവാഹം വർദ്ധിക്കുമ്പോൾ ശിഥിലമായ തീരങ്ങൾ ഇടിഞ്ഞുതകർന്നു ഘോരമായ ചുഴികളിൽ പതിക്കുന്നതുപോലെ യൌവനാവസ്ഥയെ പ്രാപിക്കുന്ന പുത്രിയെ കാണുമ്പോൾ പിതൃജനങ്ങളുടെ ഹൃദയം ചിന്താവർത്തത്തിൽ പതിച്ചുപോകുന്നു എന്നുള്ള ലോകവാദം എത്രയും പരമാർത്ഥമാണെന്നു മഹാസേനരാജാവിനു് തോന്നിത്തുടങ്ങി. സകലജനങ്ങൾക്കും ഹൃദയാനന്ദം നൽകുന്ന ചന്ദ്രലേഖപോലെ നവയൌവനത്താൽ പ്രതിദിനം വളർന്നുവന്നിരുന്ന വാസവദത്തയെക്കണ്ടു ലക്ഷ്യത്തിൽ പതിക്കുന്ന ശരങ്ങൾ

പോലെ രാജാക്കന്മാരുടെ ദൃഷ്ടികൾ ആ രാജപുത്രിയിൽ തന്നെ പതിച്ചുതുടങ്ങി. അവളുടെ രൂപലാവണ്യമയമായ അവയവങ്ങൾ പ്രഭാതസമയത്തു സൂൎയ്യരശ്മികൾ തട്ടിവിടിരുന്ന ചെന്താമരപ്പൂവിൻെറ ഇതളുകൾപോലെ നവയൌവനത്തിൽ വികസിതമായി. പല രാജാക്കന്മാർ ദൂതന്മാർ വഴിക്കു മഹാസേനരാജാവിനോടു അവളെ ആവശ്യപ്പെട്ടു തുടങ്ങി.

ഒരു ദിവസം മഹാരാജാവു് ഉച്ചയ്ക്കു ഊണു കഴിഞ്ഞു വിശ്രമിച്ചുകൊണ്ടിരുന്നപ്പോൾ തൻെറ മന്ത്രിയെ വിളിച്ചു പുത്രിയുടെ വിവാഹകാൎയ്യം പ്രസ്താവിച്ചു.

രാജാവു്—വാസവദത്തയുടെ വിവാഹകാലം ഇനി ദീർഘിക്കാവുന്നതല്ല. പുത്രിമാർ യൌവനാവസ്ഥയെ പ്രാപിക്കുന്നതോടുകൂടി പിതൃജനങ്ങളുടെ ഹൃദയം സന്താപാഗ്നിക്കു ഇരയായിത്തീരുന്നു എന്നു സാധാരണ പറയാറുള്ളതു പരമാൎത്ഥമാണെന്നു സ്വാനുഭവംകൊണ്ടു ഇപ്പോൾ അറിയാറായി. ജനങ്ങൾ അപത്യജന്മത്തെ മഹോത്സവമായി കൊണ്ടാടുന്നു. അപത്യലാഭത്താൽ അവർ അമന്ദമായി ആനന്ദിക്കുന്നു. തങ്ങളുടെ അംഗങ്ങളിൽ നിന്നു ഉത്ഭവിച്ച അപത്യങ്ങളെ പിതൃജനങ്ങൾ തങ്ങളുടെ അംഗങ്ങളിൽവച്ചു ലാളിക്കുന്നു. വെൺനിലാവിനെ വെല്ലുന്ന അവരുടെ മന്ദസ്മിതം കണ്ടു് ആനന്ദിക്കുന്നു. അവരുടെ അവ്യക്തമധുരമായ പ്രഥമജല്പിതങ്ങൾ കേട്ടു ആഹ്ലാദിക്കുന്നു. അവരുടെ ബാലചേഷ്ടകൾ കണ്ടു സന്തോഷിക്കുന്നു. കഷ്ടങ്ങളും നഷ്ടങ്ങളും മററു കായക്ലേശങ്ങളും ഗണിക്കാതെ അവരെ വിദ്യാസ

ന്നരാക്കിച്ചെയ്യുന്നു. അവസാനം അപരിത്യാജ്യങ്ങളായ ഈ അപത്യങ്ങളെ ഗത്യന്തരമില്ലായ്മയാൽ പെട്ടെന്നു അപരിചിതരായ ജനങ്ങൾക്കു കൊടുക്കുക എന്നതു എത്ര സാഹസ്യമാണ്, എത്ര സന്താപകരമാണ്; ഈ ഒരു സമ്പ്രദായം ആർ എപ്പോൾ ഏർപ്പെടുത്തി? അപത്യവിരഹം സഹിപ്പാൻ ആർക്കു കഴിയും? വിഷയബന്ധവിനിർമ്മുക്തനും താപസശ്രേഷ്ഠനുമായ കണ്വമഹർഷി ആത്മജാതയല്ലെങ്കിലും പുത്രീനിർവിശേഷം താൻ വളർത്തിവന്ന ശകുന്തള ഭർത്തൃഗൃഹത്തിലേക്കു പോകുവാനായി പുറപ്പെട്ട സമയത്തു ഏതുതരത്തിൽ വ്യസനിച്ചു എന്നു നമുക്കറിവില്ലേ?

"പോകുമെൻമകൾ ശകുന്തളാദ്യപരമേവ-
മുൽക്കലികയാൽ മന-
സ്സാകുലം ഗളതിരുദ്ധബാഷ്പകലുഷംവി-
ഷാദജഡമീക്ഷണം
ശോകമീദൃശ മരണ്യവാസി മുനിയാമെ-
നിക്കുമഭിമാനജം
ഹാ! കഥംഗൃഹികളാത്മജാവിരഹപീഡ-
യെപ്പരിഹരിച്ചിടും?"

മന്ത്രി—ദേവൻ പറയുന്നതെല്ലാം ശരിതന്നെയാണ്. എങ്കിലും മററു ഗൃഹസ്ഥരെപ്പോലെ നമ്മളും ലോകാചാരങ്ങൾ അനുസരിക്കേണമല്ലോ? വാസവദത്തയുടെ വിവാഹത്തെ സംബന്ധിച്ച് ഏതെങ്കിലും ഒരു തീരുമാനം താമസിയാതെ ചെയ്കതന്നെ വേണം.

അവൾക്കു യോജിപ്പുള്ള ഏതെങ്കിലും വരൻ ദേവൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ ?

രാജാവ്—ഞാൻ ഇക്കാൎയ്യത്തെപ്പററി കുറേനാളുകളായി ആലോചിച്ചുവരുന്നു. പല രാജാക്കന്മാർ ദൂതന്മാർ വഴിക്കു വാസവദത്തയെ ആവശ്യപ്പെട്ടു കൊണ്ടിരിക്കുന്ന വിവരം നിങ്ങൾക്കും അറിയാം. ഒന്നാതന്നെ നിൎണ്ണയിപ്പാൻ സാധിക്കാതെ എൻെറ മനസ്സ് ഇപ്പോഴും കുഴങ്ങിക്കൊണ്ടുതന്നെയാണ് ഇരിക്കുന്നതു്. ഒരു വശത്തു ഗുണമുണ്ടെങ്കിൽ മറെറാരുവശത്തു ദോഷം കാണുന്നു. ഞാൻ ആലോചിച്ചിടത്തോളം വിദേശാധിപതിയായ ഉദയനൻ വാസവദത്തയ്ക്കു അനുരൂപനാണെന്നാണ് എൻെറ അഭിപ്രായം. അദ്ദേഹം അഭിജാതനാണ്, വിദ്വാനാണ്, സുരൂപനുമാണ്. വ്യായാമവിദ്യ, വീണ മുതലായ വാദ്യവിശേഷങ്ങൾ, ഭരതാദിപ്രണീതമായ നൃത്തശാസ്ത്രം, ചിത്രകൎമ്മം, കാവ്യാദികലാവിശേഷങ്ങൾ ഇവയിലെല്ലാം ഉദയനൻ അതിനിപുണനാണെന്നല്ലേ കേൾവി? വിശേഷിച്ചു്, ഉദയനൻ വീണവായിക്കുന്നതു കേട്ടാൽ ഗുണദോഷ വിവേകശൂന്യങ്ങളായ മൃഗങ്ങൾപോലും സംഗീതരസം ശരിയായി ആസ്വദിക്കുന്നതുപോലെ നിശ്ചേഷ്ടങ്ങളായി നിന്നുപോകുമത്രേ. വാസവദത്തയ്ക്കു സംഗീതത്തിൽ വലിയ അഭിരുചിയുള്ളതായും കാണുന്നു. ഏതു തരത്തിൽ നോക്കിയാലും അവൾ ഈ വിവാഹത്തെ ആശംസിക്കയും പ്രശംസിക്കയും അഭിനന്ദിക്കയും ചെയ്യുമെന്നാണ് എനിയ്ക്കു തോന്നുന്നതു്.

മന്ത്രി—ഒരു വരനിൽ പല ഗുണങ്ങളും പരിശോ

ധിക്കാവുന്നതാണ്. ഗുണൈകസമ്പൂർണ്ണനായ ഒരു വരനെ സമ്പാദിക്കുക എന്നതു അസാദ്ധ്യംതന്നെയാണ്. വരൻെറ ഗുണങ്ങളിൽ പ്രധാനമായി ഗണിക്കേണ്ടതു് ആഭിജാത്യമാണെന്നല്ലേ അഭിജ്ഞന്മാർ പറയുന്നതു്. ഈ ഗുണം ഉദയനനിൽ പൂർണ്ണമായിട്ടുണ്ട്. ഇതു കൂടാതെ മററു പല ഗുണങ്ങളും അദ്ദേഹത്തിനുള്ളതായി അറിയുന്നു. ഈ സ്ഥിതിക്ക് ഈ വിവാഹം തന്നെ നടക്കുന്നതിലേക്കു വേണ്ട യത്നങ്ങൾ ചെയ്യാമെന്നുതന്നെയാണ് എൻെറയും അഭിപ്രായം.

രാജാവ്—നമ്മൾ ആഗ്രഹിച്ചതുകൊണ്ടുമാത്രം കാര്യം സാദ്ധ്യമാകുമോ? ഇതിലുള്ള വിഷമതകളെപ്പററിയും നല്ലപോലെ ആലോചിക്കേണ്ടതല്ലേ? ഉദയനൻ നമ്മുടെ ശത്രുവല്ലെങ്കിലും ഞങ്ങൾ തമ്മിൽ നല്ല രസമില്ലാത്ത സ്ഥിതിക്ക് അദ്ദേഹം നമ്മുടെ പ്രാത്ഥനയെ തീരെ അവഗണിപ്പാൻ എളുപ്പമുണ്ട്. അങ്ങനെ സംഭവിക്കുന്നതാണെങ്കിൽ സ്വതേ ക്ലേശിക്കുന്ന നമ്മുടെ ഹൃദയം കത്തുന്ന തീയിൽ നെയ്യൊഴിച്ചാലെന്നപോലെ ഇതിലധികം വിഷമിക്കേണ്ടതായി വരികയില്ലേ?

മന്ത്രി—ഇക്കാര്യത്തിൽ അങ്ങ് വിചാരിക്കുന്നതുപോലെയുള്ള വിഷമതകൾ ഉണ്ടെന്ന് എനിക്കു തോന്നുന്നില്ല. ഉദയനരാജാവിൻെറ ഇപ്പോഴത്തെ സ്ഥിതിയെപ്പററി കേൾക്കുന്നതെല്ലാം പരമാത്ഥമാണെങ്കിൽ വലിയ വിഷമങ്ങളൊന്നും കൂടാതെ തന്നെ കാര്യം സാധിക്കാമെന്നാണ് എൻെറ അഭിപ്രായം.

രാജാവ് — എന്താണ് അദ്ദേഹത്തെപ്പററിയുള്ള പുതിയ വൃത്താന്തം?

മന്ത്രി — വത്സരാജ്യത്തിന്നു അധിപതിയായിത്തീൎന്നിരിക്കുന്ന ഉദയനൻ പിതാവിൻെറ മരണശേഷം ക്രമാഗതമായ രാജ്യലക്ഷ്മിക്കു അവകാശിയായി ഭവിച്ചിരിക്കുന്നുവെങ്കിലും ഈയിടെയായി രാജ്യഭരണകൃത്യത്തിൽ തീരെ വിമുഖനായി തീൎന്നിരിക്കുന്നുവെന്നും മന്ത്രിയായ യൗഗന്ധരായണനിൽ രാജ്യചിന്തയെല്ലാം സമൎപ്പിച്ച് കേവലം വീണാവിനോദം കൊണ്ടും മൃഗയാകൌതുകം കൊണ്ടും കാലം നയിക്കുന്നു എന്നുമാണ് കേൾവി.

രാജാവ് — ഇക്കാരണത്താൽ നമ്മുടെ കാൎയ്യം സാധിക്കുന്നതെങ്ങിനെ? ഉദയനൻ സ്വയംബുദ്ധിമാനാണ്. കോശബലം നോക്കുന്നതായാൽ അദ്ദേഹത്തിന്നു യാതൊരു കുറവുമില്ല. മന്ത്രബലം അദ്ദേഹത്തിന് പൂൎണ്ണമായിട്ടുണ്ട്. യൗഗന്ധരായണൻെറ സഹായം അദ്ദേഹത്തിന്നു വലിയ ഒരു ബലം തന്നെയാണ്. യൗഗന്ധരായണൻ മന്ത്രത്തിലും തന്ത്രത്തിലും അദ്വിതീയനാണെന്നും അദ്ദേഹത്തിൻെറ സൂക്ഷ്മബുദ്ധിക്കു വിഷയീഭവിക്കാത്ത കാൎയ്യങ്ങൾ യാതൊന്നുമില്ലെന്നും മന്ത്രിലക്ഷണങ്ങളെല്ലാം തികഞ്ഞ ഒരു പുരുഷസിംഹമാണ് അദ്ദേഹം എന്നും മററുമാണല്ലോ ജനങ്ങൾ അദ്ദേഹത്തെപ്പററി അഭിപ്രായപ്പെടുന്നത്. ചുരുക്കം പറയുന്നതായാൽ അദ്ദേഹം രാജ്യഭരണമാകുന്ന അഗാധസമുദ്രത്തിൽ നിൎഭയം സഞ്ചരിക്കുന്ന അതിസമൎത്ഥനായ ഒരു കൎണ്ണധാരനാണെന്നു തന്നെ പറയാം. ഇതിനുംപു

റമെ അദ്ദേഹം തൻെറ പ്രഭുവിനെ നിസ്സീമം സ്നേഹി ക്കുന്നുവെന്നു മാത്രമല്ല, പ്രഭുവിൻെറ നന്മകൾക്കുവേണ്ടി ത ൻെറ പ്രാണനെപ്പോലും ത്യജിപ്പാൻ സദാ സന്നദ്ധനു മാണ്. ഞാൻ യൌഗന്ധരായണനെപ്പററി ഇത്രയും പറഞ്ഞതുകൊണ്ടു അങ്ങയെ ദ്ദുഷിക്കയാണെന്നു് ഒരിക്ക ലും വിചാരിച്ചുപോകരുതു്. ഉദ്ദേശം സാധിക്കുന്ന വി ഷയത്തിൽ പല വിഷമതകളും സംഭവിച്ചേക്കാമെ ന്നും ശരിയായ മുൻകരുതലുകൾ കൂടാതെ പ്രവൎത്തിക്കു ന്നപക്ഷം ഉദ്ദേശം സാധിക്കയില്ലെന്നു മാത്രമല്ല വലുതാ യ തോൽവിയും അവമാനവും സംഭവിച്ചേക്കാമെന്നും കാണിക്കുന്നതിലേക്കുവേണ്ടി മാത്രം ഇത്രയും പറഞ്ഞ താണ്.

മന്ത്രി—അങ്ങു പറയുന്നതെല്ലാം ശരിതന്നെയാ ണ്. ന്യായമായ ഏതെങ്കിലും ഉപായംകൊണ്ടു് ഉദ യനനെ സ്വാധീനപ്പെടുത്തുന്ന കാൎയ്യം സുകരമാണെന്നു തോന്നുന്നില്ല. കപടോപായമല്ലാതെ നമ്മുടെ കാൎയ്യ സിദ്ധിക്കു വേറെ മാൎഗ്ഗമൊന്നും ദൃഷ്ടിയിൽ പെടുന്നില്ല.

രാജാവ്—എന്തുപായം പ്രയോഗിക്കാമെന്നാണ് അങ്ങു വിചാരിക്കുന്നതു്?

മന്ത്രി—ഉദയനൻ നായാട്ടിൽ വലിയ ഭ്രമക്കാര നാണുപോലും. അദ്ദേഹം പലപ്പോഴും കാട്ടിൽ ചെന്നു വീണവായനകൊണ്ടു മൃഗങ്ങളെ ആകർഷിച്ചു് അ വയെ പിടിക്കാറുണ്ടത്രെ. നമ്മുടെ കപടോപായം അദ്ദേഹ ത്തിൻെറ ഇത്തരത്തിലുള്ള വിനോദത്തിനു യോജിച്ച തായിരിക്കണം.

രാജാവ് — ഇതെങ്ങനെ സത്യമാകും? എന്തായാലും ഒരു സംഗതി വളരെ ശ്രദ്ധിക്കേണ്ടതാണ്. ഉദയനനെ ജയിക്കയോ അദ്ദേഹത്തിൻെറ രാജ്യം അപഹരിക്കയോ ചെയ്യുന്നതല്ല നമ്മുടെ ഉദ്ദേശം. അദ്ദേഹത്തെ സ്വാധീനപ്പെടുത്തണം. അതിലേക്ക വേണ്ടതായ ഉപായങ്ങളെല്ലാം പ്രയോഗിക്കതന്നെ വേണം. അദ്ദേഹത്തിന്ന യാതൊരു ദോഷവും വരാതിരിക്കുന്ന കാൎയ്യത്തിൽ വളരെ ശ്രദ്ധിക്കയും വേണം. അഥവാ ചെറുതായി ഒരു യുദ്ധംതന്നെ വേണ്ടിവരികയാണെങ്കിൽ ഭടന്മാർ അറിയാതെ എന്തെങ്കിലും സാഹസം പ്രവൎത്തിക്കയൊ തന്മൂലം അദ്ദേഹത്തിൻെറ ശരീരത്തിന്ന ദോഷം വല്ലതും നേരിടുകയൊ അരുത്. ഇക്കാൎയ്യത്തിൽ പ്രത്യേകം ശ്രദ്ധയുണ്ടായിരിക്കണം.

മന്ത്രി—ഉദയനൻ വേട്ടയാടുന്ന സമയംനോക്കി അദ്ദേഹത്തെ ചതിപ്രയോഗംകൊണ്ടു ബന്ധിക്കണം. രാജ്യചിന്തയെല്ലാം യൌഗന്ധരായണൻ കയ്യേററു വാങ്ങിയിരിക്കുന്നതിനാൽ പലപ്പോഴും ഉദയനൻ മന്ത്രിയെക്കൂടാതെ നായാട്ടിന്ന കാട്ടിലേക്ക പോകാറുണ്ടത്രെ. വലിയ ആനകളെ പാട്ടുപാടി വശീകരിച്ചു ബന്ധിക്കുന്നതിലാണത്രേ അദ്ദേഹത്തിൻെറ പ്രധാന കൌതുകം. അതിനാൽ നമുക്ക കൃത്രിമമായി ഒരു വലിയ ആനയെ നിൎമ്മിച്ചു അതിനെ ആരുമറിയാതെ കാട്ടിൽകൊണ്ടുപോയി ഉദയനൻ സാധാരണയായി വേട്ടയാടുന്ന സ്ഥലത്തുവയ്ക്കണം. ഈ ആനയുടെ അകത്തു കൊള്ളാവുന്നേടത്തോളം ഭടന്മാർ ആയുധപാണികളായി ഒളിച്ചിരിക്കണം. കൂടാതെ വേറെയും കുറെ ഭടന്മാർ വിളിച്ചാൽ

കേൾക്കത്തക്കവണ്ണം അങ്ങുമിങ്ങും ഒളിഞ്ഞിരിക്കയും വേണം. ശ്വാസോച്ഛ്വാസം ചെയ്യുന്നതിനും പുറമെ നടക്കുന്ന കാൎയ്യങ്ങൾ അറിയുന്നതിനുമായി കൃത്രിമഗജത്തിന്റെ ശരീരത്തിൽ ചില ദ്വാരങ്ങൾ ഉണ്ടായിരുന്നാൽ മതി. ഉദയനൻ ഈ ഗജത്തെക്കാണുന്നപക്ഷം നിശ്ചയമായും യഥാൎത്ഥ ഗജമാണെന്നു കരുതി ഇതിനെപ്പിടിപ്പാൻ യത്നിക്കുന്നതാണു്. ഈ തരം നോക്കി അദ്ദേഹം ഒരുവിധം അടുത്തു എന്നു കണ്ടാൽ അകത്തിരിക്കുന്ന ഭടന്മാരെല്ലാവരും പെട്ടെന്നു പുറത്തു വന്നു് അദ്ദേഹത്തെ ബന്ധിക്കണം. ഇവരുടെ സഹായത്തിനു മററു ഭടന്മാരും യഥാസമയം വന്നുകൊള്ളും. പ്രകൃത്യാ ശൂരനായ ഉദയനൻ ഏതാനും ഭടന്മാരെ നിശ്ചയമായും നിഗ്രഹിക്കതന്നെ ചെയ്യും. എങ്കിലും നിസ്സഹായിയായ അദ്ദേഹത്തെ ബാക്കിയുള്ള ഭടന്മാർ ബന്ധിക്കാതിരിക്കയില്ല. എനിക്കു തോന്നുന്ന ഉപായം ഇതാണു്. ഇനി അങ്ങയുടെ അഭിപ്രായം എന്തെന്നറിഞ്ഞാൽ അതുപോലെ പ്രവൎത്തിച്ചുകൊള്ളാം.

രാജാവു്—കാൎയ്യസിദ്ധിക്കു് ഇത്രയും യോജിച്ച ഉപായം മറെറാന്നുമുണ്ടായിരിക്കയില്ലെന്നുതന്നെ തോന്നുന്നു. നിവൃത്തിയുള്ളിടത്തോളം യുദ്ധം കൂടാതെതന്നെ കഴിക്കണമെന്നാണ് എന്റെ അഭിപ്രായം. ഉദ്ദേശിക്കുന്നതുപോലെ ഈ കപടോപായം പ്രയോഗിച്ചാൽ ഉദയനനും നമ്മുടെ ഭടന്മാരും തമ്മിൽ ചെറിയ ഒരു യുദ്ധം ഉണ്ടാകുമെന്നുതന്നെയാണു വിചാരിക്കേണ്ടതു്. അതിനാൽ ആദ്യമായി നമുക്കു ഉദയനന്റെ അടുക്കലേക്കു ഒരു ദൂതനെ പറഞ്ഞയക്കാം, സ്നേഹസൂചകമാ

യ നമ്മുടെ അപേക്ഷയെ അദ്ദേഹം സ്വീകരിക്കുന്ന തായാൽ വളരെ നന്നായി. ക്ലേശങ്ങളൊന്നും കൂടാതെ തന്നെ കാര്യം സാധിക്കാം. ഈ ഉപായം ഫലിക്കാത്തപക്ഷം ചതിപ്രയോഗംതന്നെ പരീക്ഷിക്കാം. ദൂതനെ അയയ്ക്കുന്നതുകൊണ്ടു വിശേഷിച്ചു യാതൊരു ദോഷവും നമുക്കുണ്ടാകുമെന്നു തോന്നുന്നില്ല.

മന്ത്രി—കൊള്ളാം. നിങ്ങൾ തമ്മിൽ അല്പം നീരസമുണ്ടെന്നല്ലാതെ നമ്മുടെ അപേക്ഷയെ ശത്രുഭാവത്തിൽ തീരെത്തള്ളിക്കളയത്തക്കവണ്ണം നമ്മൾ അദ്ദേഹത്തിനു യാതൊരു ഉപദ്രവവും ചെയ്തിട്ടില്ലല്ലൊ. എങ്കിലും യൗഗന്ധരായണനെപ്പററി ആലോചിക്കുമ്പോളാണു കാര്യസിദ്ധിയെപ്പററി സംശയം തോന്നുന്നതു്. ഉദയനൻ രാജ്യകാര്യങ്ങളിൽ വിമുഖനാണെങ്കിലും മന്ത്രിയുമായി ആലോചിക്കാതെ യാതൊരു കാര്യവും ചെയ്യുന്നതല്ല. എന്തായാലും ദേവൻെറ അഭിപ്രായപ്രകാരം നാളെത്തന്നെ ദൂതനെ അയച്ചുകൊള്ളാം.

## IX

ഉദയനമഹാരാജാവു് ഒരു ദിവസം ഉച്ചയ്ക്കു ഭക്ഷണം കഴിഞ്ഞു വിശ്രമിച്ചുകൊണ്ടിരിക്കയായിരുന്നു. അപ്പോൾ സേവകൻ ചെന്നു് മഹാസേനരാജാവിൻെറ സന്ദേശത്തോടുകൂടെ ഉജ്ജയിനിയിൽ നിന്നു ഒരു ദൂതൻ അരമനയിൽ വന്നിരിക്കുന്ന വിവരം അറിയിച്ചു. മഹാസേനൻ തനിക്കു് ഒരു സന്ദേശം അയയ്ക്കുക എന്നതു് അസംഗതമായും അസംഭാവ്യമായിട്ടുമാണു് ഉദയനരാജാവിനു തോന്നിയതെങ്കിലും ലോ

കസമ്പ്രദായമനുസരിച്ച് ദൂതനെ അകത്തേക്ക് കൂട്ടിക്കൊണ്ടു ചെല്ലുവാൻ സേവകനോടു ആജ്ഞാപിച്ചു. ദൂതൻ രാജസമീപം ചെന്നു് രാജാവിനെ സവിനയം വന്ദിച്ചു മഹാസേനന്റെ സന്ദേശം ഇപ്രകാരം അറിയിച്ചു:—

"എന്റെ പുത്രി വാസവദത്ത പല ആചാര്യന്മാരിൽനിന്നു സംഗീതം സാഹിത്യം മുതലായ കലാവിദ്യകൾ അഭ്യസിച്ചു വരുന്നു. അവൾക്കു സംഗീതത്തിൽ വിശേഷമായ അഭിരുചിയുള്ളതായി കാണുന്നു. സംഗീതസാഹിത്യാദി കലകളുടെ പരിശീലനം സ്ത്രീകൾക്കു ഒരു ഭൂഷണമാണെന്നുള്ള എന്റെ അഭിപ്രായത്തോടുകൂടി അങ്ങും യോജിക്കുമെന്നാണു് എന്റെ വിശ്വാസം. രാജകന്യകമാരുടെ വിഷയത്തിൽ ഇക്കാര്യം കുറേക്കൂടി ശ്രദ്ധിക്കേണ്ടതാണല്ലോ. പുത്രിയെ സംഗീതം പഠിപ്പിക്കുന്ന ആചാര്യൻ വളരെ വിദ്വാൻ തന്നെയാണ്. സംഗീതകലയിൽ-വിശേഷിച്ചു വീണവായിക്കുന്നതിൽ—അങ്ങയുടെ അസാധാരണമായ പ്രാവീണ്യത്തെപ്പററി ഇവിടെ വരുന്ന സംഗീതവിദ്വാന്മാരെല്ലാവരും ഒരുപോലെ പ്രശംസിക്കുന്നു. ഈ പ്രശംസാവചനങ്ങൾ കേട്ടു കേട്ടു എന്റെ പുത്രി വാസവദത്ത അങ്ങയുടെ ശിഷ്യയെന്നുള്ള നിലയിൽ കുറേക്കാലം അങ്ങയിൽനിന്നു സംഗീതം അഭ്യസിക്കാൻ ആഗ്രഹിക്കുന്നു. സ്ഥാനവും മാനവും തികഞ്ഞ അങ്ങയോടു് ഇക്കാര്യം പറയുന്നതു ഉചിതമല്ലെന്നെനിക്കറിയാം. എങ്കിലും പുത്രിയോടുള്ള വാത്സല്യാതിരേകത്താൽ അങ്ങയോടു ഇപ്രകാരം അ

പേക്ഷിക്കുന്നതിനു ഞങ്ങൾ നിർബന്ധിതരായിത്തീ
ന്നിരിക്കുന്നു. അതിനാൽ കുറേ ദിവസമെങ്കിലും ഇ
വിടെ വന്നു താമസിച്ചു് പുത്രിക്കുവേണ്ട ഉപദേശ
ങ്ങൾ നൽകണമെന്നു ഞങ്ങൾ താഴ്മയോടെ അ
പേക്ഷിച്ചുകൊള്ളുന്നു. അവളെ അങ്ങോട്ടു പറഞ്ഞയ
യ്ക്കുന്നതിൽ എനിക്കു യാതൊരു വിരോധവുമില്ല. എ
ങ്കിലും അവൾ താരുണ്യദശയെ പ്രാപിച്ചിരിക്കുന്ന
തിനാൽ ലോകാപവാദം ഭയന്നു അങ്ങയെ ഇങ്ങോ
ട്ടു ക്ഷണിക്കുന്നതാണു്. സ്നേഹിതൻെറ ഗൃഹത്തിൽ
കുറെ ദിവസം താമസിക്കുന്നതു് അങ്ങയുടെ വിഷ
യത്തിൽ ഒരു ആക്ഷേപമായി ജനങ്ങൾ വിചാരി
ക്കുന്നതല്ല. സജ്ജനങ്ങൾ അർത്ഥികളുടെ അപേക്ഷ
യെ നിഷേധിക്കയില്ലെന്നാണല്ലൊ അഭിജ്ഞന്മാർ പ
റയുന്നതു്."

മഹാസേന രാജാവിൻെറ സന്ദേശം കേട്ടു് മാ
നിയായ ഉദയനൻ കോപാകുലനായിത്തീൎന്നു. എങ്കി
ലും തൻെറ കോപം നിരപരാധിയായ ദൂതൻെറ
നേരെ കാണിക്കുന്നതിൽ പ്രയോജനമില്ലെന്നു കണ്ടു്
കുലോചിതമായി ദാക്ഷിണ്യം സ്വീകരിച്ചു് ഇപ്രകാ
രം മറുപടി പറഞ്ഞു.

"മഹാസേനരാജാവിനു ഞങ്ങളുടെ നേരെയുള്ള
സ്നേഹവും ബഹുമാനവും കണ്ടു ഞാൻ വളരെ സ
ന്തോഷിക്കുന്നു. എനിക്കറിയാവുന്നതുപോലെ അദ്ദേ
ഹത്തിൻെറ പുത്രിയെ സംഗീതം പഠിപ്പിക്കുന്നതിൽ
വിരോധമില്ല. എന്നാൽ ഇക്കാൎയ്യത്തിലേക്കായി അ
ദ്ദേഹത്തിൻെറ പുത്രി ഇവിടെ വന്നു താമസിക്കതെ

ന്നെ വേണം. ലോകസമ്പ്രദായം അനുസരിക്കുക എന്നതു ഇരുക്കൂട്ടൎക്കും തുല്യമാണു്. ശിഷ്യജനങ്ങൾ വിദ്യാഭ്യാസത്തിനായി ഗുരുഗൃഹത്തിൽ ചെന്നു താമസിക്കുന്നതല്ലാതെ ഗുരു ശിഷ്യഗൃഹത്തിൽ ചെന്നു താമസിക്കുക എന്നതു ലോകസമ്പ്രദായത്തിനു വിരുദ്ധമാണു്. ഗുണദോഷവിവേചനം കൂടാതെ പരിഷ്കാരമാണെന്നു ഭ്രമിച്ചു് ചിലർ നടപ്പിലുള്ള സമ്പ്രദായങ്ങൾക്കു വിരോധമായി ചില കാൎയ്യങ്ങൾ ചെയ്യുകാണാറുണ്ടെങ്കിലും ഈ ഒരു പുതിയ പ്രസ്ഥാനം ഞാൻ ആദ്യമായിത്തുടങ്ങണമെന്നു വിചാരിക്കുന്നില്ല. പുത്രിയോടൊരുമിച്ചു് അദ്ദേഹം കുറെ ദിവസം ഇവിടെത്താമസിക്കുന്നതുകൊണ്ടു വലുതായ ദോഷമൊന്നും വരുവാനില്ലെന്നാണു എനിക്കു തോന്നുന്നതു്. ഇനി നിങ്ങളുടെ ഇഷ്ടംപോലെ ചെയ്തുകൊൾക."

ഇപ്രകാരം മറുപടി കൊടുത്തു ദൂതനെ തിരിച്ചയച്ചതിനുശേഷം ഉദയനരാജാവു് യൗഗന്ധരായണനെ വിളിച്ചു് വിവരമെല്ലാം പറഞ്ഞു. ഇതുകേട്ടു മന്ത്രിയുടെ കണ്ണുകൾ ചുവന്നു. അധരങ്ങൾ കാററത്തിളകുന്ന ഇലകൾ പോലെ കോപത്താൽ വിറച്ചു. മന്ത്രിയുടെ ഈ ഭാവഭേദം കണ്ടു രാജാവു പറഞ്ഞു:—

മോഹാന്ധനായ മഹാസേനന്റെ ഗൎവ്വു കണ്ടില്ലേ? വിചാരശൂന്യമായ ഈ സന്ദേശം അയാളുടെ ബുദ്ധിഹീനതയേയും അഹംഭാവത്തേയും വെളിവാക്കുന്നു. അയാളുടെ ഗൃഹത്തിൽ ചെന്നു ഭൃത്യഭാവം സ്വീകരിച്ചു അയാളുടെ പുത്രിക്കു വിദ്യോപദേശം ചെയ്യണമെന്നു

യാതൊരു കൃസല്യം കൂടാതെ ഇത്തരം ഒരു സന്ദേശം നമുക്കയപ്പാൻ അയാളെ പ്രേരിപ്പിച്ച അഹംഭാവം വിസ്മയിക്കത്തക്കതുതന്നെ. വിവേകശൂന്യനായ ഈ അഹങ്കാരിയുടെ ഗർവ്വ് ഒന്നു ശമിപ്പിച്ചില്ലെങ്കിൽ വീണ്ടും ഇത്തരം അവിനയങ്ങൾ ഇയാൾ പ്രവൎത്തിക്കുമെന്നുള്ളതു നിശ്ചയമാണ്. കപടസ്നേഹത്തെ പുരസ്കരിച്ചു നമ്മളെ സ്വാധീനപ്പെടുത്തുവാൻ യത്നിക്കുന്ന ഈ ദുഷ്ടന്റെ ദുർമ്മോഹം ഫലിക്കുകയാണെങ്കിൽ ലോകത്തിൽ മനസ്വികൾ ഇല്ലെന്നല്ല പറയേണ്ടതു്. അയത്നസിദ്ധമായ തന്റെ ഐശ്വൎയ്യമല്ലേ ഈ അഹങ്കാരിയെ ഇത്തരം അവിനയങ്ങളിൽ പ്രേരിപ്പിക്കുന്നതു്. ജനങ്ങളുടെ ബലവും മദവും സാധാരണയായി ഒരുമിച്ചു തന്നെ വൎദ്ധിക്കുന്നു. മദം വൎദ്ധിക്കുന്തോറും ഇവരുടെ ഹൃദയം മലിനമായിത്തീരുന്നു. ധനം കാരണത്താൽ ഉണ്ടാകുന്ന മദം ഭയങ്കരം തന്നെ. അഹങ്കാരമാകുന്ന ജ്വരത്തിന്റെ ചൂടു് അത്യന്തം തീവ്രമായിക്കാണപ്പെടുന്നു. മദാന്ധരായ ചില രാജാക്കന്മാരുടെ നില ഏററവും ശോചനീയം തന്നെ. ഇവർ പ്രലോഭനത്താൽ പ്രജകളെ ഉപദ്രവിക്കുന്നു, അപമാനത്താൽ ഗുരുജനങ്ങളെ ഖേദിപ്പിക്കുന്നു, ക്രോധത്താൽ ജനങ്ങളെ ഭയപ്പെടുത്തുന്നു, ഹർഷത്താൽ തങ്ങളുടെ ആത്മാവിനെത്തന്നെ പരിഹസിക്കുന്നു. രാജധൎമ്മങ്ങളെ അനുസരിക്കാതെ ഇവർ തങ്ങളുടെ ഇച്ഛയെ മാത്രം അനുസരിക്കുന്നു. തങ്ങൾക്കില്ലാത്ത പല മാഹാത്മ്യങ്ങളും ഉണ്ടെന്നു നിശ്ചയിച്ചു തന്നിമിത്തം അഹങ്കാരികളായിത്തീൎന്നു് ഇവർ പല അവിനയങ്ങൾ പ്രവൎത്തിച്ചുപോകുന്നു. ഇ

ത്തരം അവിനയം കാണിച്ചതിന് ഈ ദുഷ്ടനോട്ട തക്കതായ സമാധാനം ചോദിച്ചല്ലാതെ എൻെറ ക്ഷുഭിതമായ ഹൃദയം ഒരിക്കലും സമാധാനപ്പെടുന്നതല്ല. അതിനാൽ താമസിയാതെ തന്നെ ഈ ദുഷ്ടൻെറ അഹങ്കാരവും എൻെറ കോപവും ശമിക്കുന്നതിനു വേണ്ട യത്നങ്ങൾ ചെയ്യണം.

യൗഗന്ധ—രാജാവിനു ഹിതോപദേശം ചെയ്യാത്ത മന്ത്രിയും മന്ത്രിയുടെ ഹിതോപദേശങ്ങൾ കേൾക്കാത്ത രാജാവും നിന്ദ്യന്മാരാണെന്നാണ് രാജ്യതന്ത്രനിപുണന്മാർ പറയുന്നത്. രാജാവും മന്ത്രിയും സദാ ഐകമത്യത്തോടെ അനുകൂലരായിരുന്നാൽ മാത്രമേ രാജ്യത്തിൻെറ ശ്രേയസ്സ് മേൽക്കുമേൽ വർദ്ധിക്കയുള്ളു. പെട്ടെന്നു രോഗത്തെ നശിപ്പിക്കുന്നതും സ്വാദുള്ളതുമായ ഔഷധം പ്രായേണ ദുർല്ലഭമാണെന്നുള്ളതുപോലെ മനോഹരമായ ഹിതോപദേശങ്ങൾ വളരെച്ചുരുക്കമാണ്. "ഹിതം മനോഹാരിച ദുർല്ലഭം വചഃ". സ്വാർത്ഥലാഭത്തിനുവേണ്ടി പ്രഭുവിൻെറ താൽക്കാലികമായ മനഃസ്ഥിതിക്കനുസരണമായി രാജ്യത്തിൻെറ നന്മയേയും ശ്രേയസ്സിനേയും ബലി കഴിച്ച് മധുരവാക്കുകൾ കൊണ്ടു പ്രഭുവിനെ സന്തോഷിപ്പിച്ച് സ്വാർത്ഥം സമ്പാദിക്കുന്ന ഭൃത്യബകങ്ങളെക്കാൾ നീചന്മാർ മററാരുമില്ലെന്നു തന്നെ പറയാം. പരദൂഷണംകൊണ്ടും പ്രശംസാവചനംകൊണ്ടും പ്രഭുവിൻെറ സേവ സമ്പാദിക്കാൻ പരിശ്രമിക്കുന്ന ഭൃത്യാധമന്മാരുടെ ഫടാടോപങ്ങൾക്കു വശപ്പെട്ടു യഥാർത്ഥമിത്രങ്ങളെ വെറുക്കുന്ന ചില യജമാനന്മാർ അവസാനം രക്ഷ കിട്ടാത്ത ആപ-

ത്തിൽപെട്ടു പശ്ചാത്തപിക്കുന്നതുകൊണ്ടു പ്രയോജനമെന്തു്? യഥാർത്ഥമിത്രങ്ങളായ ഭൃത്യജനങ്ങളുടെ ഹിതോപദേശങ്ങളും സത്യവാക്കുകളും വിശ്വസിക്കാതെ സ്വാർത്ഥതല്പരന്മാരായ ഭൃത്യാധമന്മാരുടെ അസത്യവാക്കുകൾ വിശ്വസിച്ചു് ചില പ്രഭുക്കന്മാർ പ്രവർത്തിക്കുന്ന അവിനയങ്ങൾക്കു കൈയും കണക്കുമില്ല. പരമാർത്ഥം പറയുന്നതിനാൽ അങ്ങു എന്നെപ്പററി അന്യഥാ വിചാരിക്കയില്ലെന്നുള്ള പൂർണ്ണവിശ്വാസത്തോടുകൂടിയാണ് ഞാൻ അങ്ങയോടു ചില കാര്യങ്ങൾ പറയാമെന്നു വിചാരിക്കുന്നതു്. അഹങ്കാരികളുടെ അഹങ്കാരം ശമിപ്പിക്കേണമെന്നുള്ള അങ്ങയുടെ അഭിപ്രായത്തോടുകൂടി ഞാൻ സർവ്വഥാ യോജിക്കുന്നു. നിന്ദാകരമായ ശത്രുവചനങ്ങളെ ഭോഷ്ടശന്മാരായ തേജസ്വികൾ ഒരിക്കലും സഹിക്കുന്നതല്ല. സഹിക്കേണ്ടതുമല്ല. നമ്മൾ എത്രയും നിസ്സാരമാണെന്നു വിചാരിക്കുന്ന ചില കൃമികൾ പോലും പരിഭവം സഹിക്കുന്നില്ല. ബുദ്ധിഹീനനും അഹങ്കാരിയുമായ മഹാസേനൻ ഇത്തരം ഒരു സന്ദേശം അയപ്പാൻ അങ്ങയും കാരണഭൂതനാണെന്നാണ് എന്റെ അഭിപ്രായം. ഇതു പ്രസ്താവിക്കാതിരിപ്പാൻ എന്റെ മനസ്സാക്ഷി എന്നെ അനുവദിക്കുന്നില്ല. കേവലം വിനോദതൽപരനായി രാജ്യചിന്തകളെല്ലാം വിസ്മരിച്ചു് കാലം നയിക്കുന്നതിനാൽ അങ്ങയുടെ പ്രതാപം ദേശാന്തരങ്ങളിൽ മങ്ങിത്തുടങ്ങിയിരിക്കുന്നു എന്ന വാസ്തവം അവിടുന്നറിയുന്നില്ല. ശത്രുക്കൾ എപ്പോഴും രന്ധ്രാന്വേഷികളാണല്ലോ. അങ്ങയുടെ ഇപ്പോഴത്തെ നായാട്ടുഭ്രമവും മററും കണ്ടു് ശ

ത്രുസാമന്തന്മാർ കുറേശ്ശ തലപൊക്കിത്തുടങ്ങിയിരിക്കു ന്നു. അതിസ്നേഹത്താൽ സ്ത്രീകളും, അതിവിനയത്താൽ കീർത്തിയും, ദുർന്നയത്താൽ രാജ്യലക്ഷ്മിയും നശിച്ചുപോകുന്നു എന്നാണല്ലൊ അഭിജ്ഞന്മാർ പറയുന്നതു. അവിവേകിയും അഹങ്കാരിയും ആയ മഹാസേനൻെറ ധിക്കാരം കണ്ടു് എൻെറ മനസ്സ് വല്ലാതെ ക്ഷോഭിച്ചുപോയി. അതിനാൽ ഉദ്ദേശിക്കാതെതന്നെ ഞാൻ ഇത്രയും പറഞ്ഞുപോയതാണു്.

രാജാവു്—ഞാൻ അങ്ങയെ ഒരു കാലത്തും ശങ്കിക്കുന്നതല്ല. അങ്ങനെ ഒരു കാലം വരികയാണെങ്കിൽ അന്നുമുതൽ എൻെറ ജീവിതം നിഷ്പ്രയോജനമായിത്തീരുന്നതാണു്. അങ്ങയെപ്പററി അന്യഥാ വിചാരിക്കുന്ന കാലം എനിക്കു സംഭവിക്കാനുള്ള ആപത്തുകളുടെ പൂർവ്വരംഗമായി ഞാൻ കരുതിക്കൊള്ളാം. അങ്ങു് എൻെറ മന്ത്രിയായും മിത്രമായും ഇരിക്കുന്നിടത്തോളം കാലം എനിക്കും എൻെറ പ്രജകൾക്കും ക്ഷേമംതന്നെ. ഭരണതന്ത്രത്തിൽ അദ്വിതീയനായ ഭവാൻ മന്ത്രിസ്ഥാനം വഹിക്കുമ്പോൾ ഭരണകാർയ്യങ്ങളിൽ എനിക്കു യാതൊരു സ്ഥാനവുമില്ലെന്നു കണ്ടു് ഞാൻ ഉദാസീനത കാണിക്കുന്നതാണു്.

മന്ത്രി—പ്രശംസകളെ ഞാൻ അർഹിക്കുന്നില്ല, ആഗ്രഹിക്കുന്നതുമില്ല. മന്ത്രിമാർ എത്രതന്നെ ഉത്സാഹികളായിരുന്നാലും രാജാവു് ഉദാസീനനാണെന്നു കണ്ടാൽ ശത്രുക്കൾ തലപൊക്കാതിരിക്കുമോ?

രാജാവു്—എന്നാൽ ഇനി കാലതാമസം കൂടാതെ ശത്രുസാമന്തന്മാരോടു യുദ്ധത്തിനുതന്നെ പുറപ്പെട്ടു

കളയാം. ആയതിലേക്ക വേണ്ട ഒരുക്കങ്ങൾ ചെയ്തു തുടങ്ങാം.

മന്ത്രി—യുദ്ധം ആവശ്യമാണ്, രാജധർമ്മവുമാണ്. ദേശകാലങ്ങളുടെ ആനുകൂല്യം നോക്കാതെ യുദ്ധത്തിന്ന പുറപ്പെടുന്നതു ആശാസ്യമായിരിക്കയില്ലല്ലോ.

രാജാവ്— നമുക്ക് ഇപ്പോൾ പ്രതികൂലമായിരിക്കുന്നതെന്താണ്? സേനാസംഭാരം ചെയ്യുന്നത് അസാദ്ധ്യമായിരിക്കുമെന്നാണോ വിചാരിക്കുന്നതു്? നിങ്ങൾ എൻെറ മന്ത്രിയായിരിക്കുന്നിടത്തോളം കാലം എനിക്കു് മന്ത്രബലം പൂൎണ്ണമായിത്തന്നെയിരിക്കും.

മന്ത്രി—സേനാബലത്തെപ്പറ്റിയോ കോശബലത്തെപ്പററിയോ ഞാൻ സംശയിക്കുന്നില്ല. മന്ത്രബലത്തെപ്പററി അങ്ങ് പ്രശംസിക്കുന്നതു സ്നേഹംകൊണ്ടും ഔദാൎയ്യംകൊണ്ടും മാത്രമാണെന്ന ഞാൻ വിചാരിക്കുന്നുള്ളു. ഞാൻ ഈ ജന്മത്തിൽ വേറെരു പ്രഭുവിനെ ആശ്രയിക്കയില്ലെന്നുള്ളതു നിശ്ചയം തന്നെ.

രാജാവ്—യുദ്ധം കൎത്തവ്യമായിരിക്കുന്ന സ്ഥിതിക്കു് ഇനി എന്തിനാണ കാലതാമസം വരുത്തുന്നതു്?

മന്ത്രി—ശത്രുക്കളുടെ അഹങ്കാരവും അവിവേകവും ഇല്ലാതാക്കേണ്ടതു് അവശ്യംതന്നെ. കൎത്തവ്യങ്ങളിൽ വിമൎശനം കൂടാതെ പ്രവൎത്തിക്കുന്നതായാൽ ഉദ്ദേശം ഫലിക്കാതിരിപ്പാനും ദോഷങ്ങൾ നേരിടാനും ഇടയുണ്ട്. " സഹസാവിദധീതനക്രിയാമവിവേകഃ പരമാപദാംപദം. വൃണതേഹി വിമൃശ്യകാരിണം ഗുണ

ല്പബ്ലാഃ സ്വയമേവ സംപദഃ "എന്നാണല്ലോ ആപ്ത വാക്യം?

രാജാവ്— സാഹസികന്മാർ പല കാര്യങ്ങളും അന്യായേന സാധിക്കുന്നതായി പല അനുഭവങ്ങളും നമ്മൾ കാണാറില്ലേ.? ഇക്കാര്യത്തിൽ ഇത്രയധികം ആലോചിക്കേണ്ടതുണ്ടോ?

മന്ത്രി— യാതൊരുവൻ സ്വകൃത്യങ്ങളാകുന്ന ബീജങ്ങളെ വിവേകമാകുന്ന ജലംകൊണ്ടു യഥാകാലം നനയ്ക്കുന്നുവോ അവൻ തന്റെ പ്രവൃത്തികളുടെ ഫലം നിശ്ചയമായും അനുഭവിക്കുന്നതാണ്. സാഹസികന്മാരുടെ കാര്യസിദ്ധി "കാകതാലീയന്യായം"പോലെയാണ്.

രാജാവ്—വിവേകം വേണ്ടെന്നല്ല ഞാൻ പറയുന്നത്. കാര്യങ്ങളുടെ ഫലാഫലങ്ങളെപ്പററി സ്വബുദ്ധികൊണ്ടു ശരിയായി വിമർശനം ചെയ്യുന്നതാണല്ലോ വിവേകം.

മന്ത്രി— സ്വബുദ്ധിയെപ്പോലെ ശാസ്ത്രവും വിമർശനോപായം തന്നെയാണ്. യുദ്ധത്തിനുള്ള കാലാകാലങ്ങളെ ശാസ്ത്രം ശരിയായി നിർദ്ദേശിക്കുന്നുണ്ട്. ഗഹനങ്ങളായ രാജ്യകാര്യങ്ങളിൽ പരിശുദ്ധമായ ശാസ്ത്രം വിവേകികളെ സഹായിക്കുന്നു, അവരുടെ സംശയങ്ങൾ നിവൃത്തി ചെയ്യുന്നു

രാജാവ്— ശാസ്ത്രോപദേശമനുസരിച്ചു പ്രവർത്തിക്കുന്നവർക്കു യാതൊരു ആപത്തും വരികയില്ലെന്നാണോ നിങ്ങൾ അഭിപ്രായപ്പെടുന്നത്?

മന്ത്രി—ശാസ്ത്രോപദേശവും മഹാന്മാരുടെ നിർദ്ദേശവും അനുസരിച്ചു പ്രവർത്തിച്ചിട്ടുപോലും ഒരുവന് വിധിനിമിത്തകമായ ആപത്തു സംഭവിക്കുന്നുവെങ്കിൽ അതു് അപരിഹാര്യമാണെന്നും അത്തരം ആപത്തുകൾ അഭ്യുദയത്തിനു തുല്യമാണെന്നുമാണ് ശാസ്ത്രകാരന്മാർ അഭിപ്രായപ്പെടുന്നതു്. "യത്നസമ്യഗുപക്രാന്തം കാര്യമേതി വിപര്യയം. പുരുഷസ്തത്ര നോപാലഭ്യോ ദൈവാന്തരിത പൌരുഷഃ" എന്നാണു നീതിശാസ്ത്രം പറയുന്നതു്.

രാജാവ്—യുദ്ധകാര്യത്തിൽ ശാസ്ത്രമനുസരിച്ചു് എന്തെല്ലാമാണ് വിമർശനം ചെയ്യേണ്ടതായിട്ടുള്ളതു്?

മന്ത്രി—യുദ്ധത്തിൽ മാത്രമല്ല എല്ലാ കാര്യങ്ങളിലും ജയം നേടണമെന്നു് ആഗ്രഹിക്കുന്നവർ മനസ്സ് കുറച്ചുപോലും ക്ഷോഭിക്കാതെ ഫലസിദ്ധി നിശ്ചിതമാണെന്നറിഞ്ഞതിനുശേഷമാണ് തങ്ങളുടെ പൌരുഷത്തെ ഉപായങ്ങളോടുകൂടി സംഘടിപ്പിക്കുന്നതു്. വിജയം ആഗ്രഹിക്കുന്നവർ ആദ്യമായി കോപത്തിൽ നിന്നുളവാകുന്ന ദീപംകൊണ്ടു നശിപ്പിക്കുന്നു. സൂര്യൻ അന്ധകാരത്തെ തന്റെ തേജസ്സുകൊണ്ടു നശിപ്പിച്ചതിനുശേഷമാണല്ലോ ഉദിക്കുന്നതു്.

രാജാവ്—ഈ ന്യായങ്ങളെല്ലാം ദുർബ്ബലന്മാരെ സഹായിക്കുമെന്നതിനു സംശയമില്ല. ബലവാന്മാർ തങ്ങളുടെ ബലത്തെ മാത്രം ആശ്രയിച്ചു കോപംകൊണ്ടും സാഹസംകൊണ്ടും തങ്ങളുടെ കാര്യങ്ങൾ സാധിക്കുന്നതായി അനുഭവമില്ലേ?

മന്ത്രി — ഒരുവൻ എത്രതന്നെ ബലവാനായിരുന്നാലും ക്രോധമോഹങ്ങളെ നശിപ്പിക്കുന്നില്ലെങ്കിൽ അവന്റെ ശക്തിയെല്ലാം കൃഷ്ണപക്ഷത്തിലെ ചന്ദ്രകലപോലെ ക്രമത്തിൽ ക്ഷയിച്ചുപോകുന്നു. അന്ധന്റെ ജംഘാബലംപോലെ കോപാന്ധനായ പുരുഷന്റെ ലോകോത്തരമായ പൌരുഷവും സാമൎത്ഥ്യവും വ്യൎത്ഥമായിതീരുന്നു. ശരൽക്കാലത്തിലെ മേഘങ്ങൾപോലെ ചഞ്ചലമായ സമ്പത്തു രക്ഷിപ്പാൻ ചപലചിത്തന്മാൎക്കു സാധിക്കുന്നതല്ല.

രാജാവ്—നമ്മൾ കാലതാമസം ചെയ്യുകയാണെങ്കിൽ നമ്മുടെ ഉദാസീനതകണ്ടു ശത്രുസാമന്തന്മാരുടെ അഹങ്കാരം കുറേക്കൂടി വൎദ്ധിക്കയില്ലേ? അവർ മററു രാജാക്കന്മാരെ കൂട്ടി വശീകരിക്കയാണെങ്കിൽ പിന്നെ അവരെ ജയിക്കുന്ന കാൎയ്യം ഇതിലധികം വിഷമമായി തീരുകയില്ലേ ?

മന്ത്രി—അഹങ്കാരികളുടെ സമ്പത്തു വളരെക്കാലം നിലനിൽക്കുന്നതല്ല. അവരുടെ അഹങ്കാരം വൎദ്ധിക്കുംതോറും തങ്ങളുടെ ബന്ധുക്കൾപോലും അവരെ വെറുക്കുന്നു. അഹങ്കാരികളെ മൂഢത ബാധിക്കുന്നു. മൂഢന്മാർ നീതിമാൎഗ്ഗത്തിൽ നിന്നു പിഴച്ചുപോകുന്നു. നയഹീനന്മാരെ ബന്ധുക്കൾപോലും ത്യജിക്കുന്നതാണ്.

രാജാവ്—ശത്രുക്കൾ തമ്മിൽ ഭിന്നിക്കുന്നതുകൊണ്ടുമാത്രം നമ്മുടെ കാൎയ്യം സാധിക്കുന്നതാണോ ?

മന്ത്രി—വൃക്ഷങ്ങളുടെ ശാഖകൾ തമ്മിൽ ഉരസിയുണ്ടാകുന്ന ചെറിയ തീപ്പൊരികൾ വലിയ പൎവ്വത

ത്തെ ഒട്ടാകെ നശിപ്പിക്കുന്നില്ലേ. ഇതുപോലെ രാജാക്കന്മാരും പ്രജകളും തമ്മിൽ ഭിന്നിക്കുന്നതായാൽ ഈ ഭേദം കാലക്രമത്തിൽ പ്രഭുവിനെ നിഃശ്ശേഷം നശിപ്പിക്കുന്നതാണ്.

രാജാവ്—അങ്ങയുടെ വാദങ്ങൾ യുക്തിക്കും ശാസ്ത്രത്തിനും വളരെ യോജിച്ചതുതന്നെയാണ്. എങ്കിലും വർദ്ധിച്ചുകൊണ്ടിരിക്കുന്ന ശത്രുവിൻെറ നേരെ ഔദാസീന്യം കാണിക്കുന്നതു ആശാസ്യമായിരിക്കുമോ?

മന്ത്രി—ബുദ്ധിമാന്മാർ ശത്രുക്കളുടെ താൽക്കാലികമായ സമുന്നതിയെ ഗണിക്കുന്നില്ല. അവസരം നോക്കി അവർ ശത്രുക്കളെ അനായാസേന ജയിക്കുന്നു. ദുർവ്വിനീതന്മാരുടെ സമ്പത്ത് ആപത്തിൽ തന്നെ അവസാനിക്കുന്നതാണ്.

രാജാവ്—യുദ്ധത്തിനു തയ്യാറാകുന്ന വിഷയത്തിൽ അങ്ങയുടെ അഭിപ്രായം അറിയുന്നതിലേക്കായി ഞാൻ ചില സംശയങ്ങൾ പുറപ്പെടുവിക്കുവെന്നല്ലാതെ അങ്ങയുടെ ഇഷ്ടത്തിനും അഭിപ്രായത്തിനും വിരോധമായി ഞാൻ യാതൊന്നും പ്രവർത്തിക്കുന്നതല്ല.

മന്ത്രി—മഹാസേനൻ അവിവേകിയാണെന്നുള്ളതിലേക്കു അദ്ദേഹത്തിൻെറ ഈ നീചപ്രവൃത്തി തന്നെ സാക്ഷ്യം വഹിക്കുന്നുണ്ട്. അദ്ദേഹം വിവേകശൂന്യനാണെങ്കിലും തീരെ ബലഹീനനല്ല. ഇപ്പോൾ നമ്മൾ യുദ്ധത്തിനു ഒരുങ്ങുന്നതായാൽ അദ്ദേഹവും ശത്രുസാമന്തന്മാരും ഒന്നിച്ചുചേരും. മഹാസേനൻെറ സഹായം ശത്രുക്കൾക്കു വലിയ ഒരു ബലംതന്നെയാണ്. അതിനാൽ നമുക്കു കുറച്ചുകാലം ക്ഷമിക്കാം. ഇതിനകം മ

ററു രാജാക്കന്മാരുടെ സഹായവും സമ്പാദിക്കാം, ശത്രുക്കളുടെ ന്യൂനതകൾ കണ്ടുപിടിക്കാം, സേനാസംഭാരവും ചെയ്യാം. അല്പകാലം താമസിക്കുന്നതുകൊണ്ടു നമുക്കു ദോഷംമാന്നും വരുവാനില്ല. ഇതിനകം പല കാൎയ്യങ്ങളും നമുക്കു അനുകൂലമായി എന്നും വരാം. നമ്മൾ ഉദ്ദേശിക്കുന്നതുപോലെ ശത്രുക്കൾ തമ്മിൽ ഭിന്നിക്കുന്നതായാൽ വലിയ ഒരുക്കങ്ങൾ കൂടാതെ തന്നെ അനായാസേന അവരെ ജയിച്ചു കീഴടക്കാം.

XIX

"മേദസ്സററുമെലിഞ്ഞു കുക്ഷിലഘുവാം
ദേഹം വിഹാരക്ഷമം,
ഭേദപ്പെട്ടു മൃഗങ്ങൾ തൻ പ്രകൃതിയും
കാണാം ഭയക്രോധയോഃ,
കോദണ്ഡിക്കിളകുന്നലാക്കിലിഷു-
വെയ്യുന്നതും ശ്ലാഘ്യമാം,
വാദം വേട്ടയനാധുവെന്നതുമൃഷാ-
മററെന്തിലുള്ളീരസം."

നേരം പ്രഭാതമായി. അരുണസാരഥിയായ ഭഗവാൻ സഹസ്രകിരണൻ ഉദയഗിരിയിൽ നിന്നു സുവൎണ്ണകുംഭംപോലെ ഉദിച്ചുയരുന്നു. ഇലകളെല്ലാം പുലർകാലത്തിലെ കുളിർധാരതട്ടി കലകലാ ശബ്ദം പുറപ്പെടുവിക്കുന്നു. അരുണഭഗവാന്റെ ചെങ്കതിരുകൾ തട്ടി പ്രകാശിക്കുന്ന വൃക്ഷലതാദികൾ കണ്ടാൽ സാക്ഷാൽ വനദേവത തന്നെ മഞ്ഞപ്പട്ടുടുത്തു നൃത്തം ചെയ്യുകയാണോ എന്നു തോന്നിപ്പോകും. വനഗജങ്ങൾ മുറിച്ചു ചന്ദനവൃക്ഷങ്ങളുടെ ആമോദം വഹിച്ചുകൊണ്ടു പ്രഭാത

THE SEN... LIBRARY LOVE & SERVICE. PUTHIYARA

മാരുതൻ ശിലാതലങ്ങളെ ശീതളമാക്കിത്തീൎക്കുന്നു. അത്യുന്നതമായ താലവൃക്ഷങ്ങളിൽ നിന്നു താഴെ പതിച്ചു ശിഥിലമായിക്കിടക്കുന്ന ഫലങ്ങൾ ഭക്ഷിച്ചു ശാഖാമൃഗങ്ങൾ യഥേഷ്ടം ക്രീഡിക്കുന്നു. കാക്കകൾ തങ്ങളുടെ കൂടുകൾ വിട്ടു ഇരതേടുവാൻ കൂട്ടം കൂട്ടമായി അങ്ങുമിങ്ങും പറന്നുപോകുന്നു. ഗിരിശിഖരങ്ങളിൽ നിന്നൊഴുകുന്ന നിൎഝരജലത്തിന്റെ സമീപത്തിരുന്നു് ചകോരപക്ഷികൾ വിവിധങ്ങളായ ഫലങ്ങൾ ഭക്ഷിക്കുന്നു. രാത്രി മുഴുവൻ ഇരതെണ്ടി ക്ഷീണിച്ചു കരടി മുതലായ ദുഷ്ടമൃഗങ്ങൾ ഇടതിങ്ങിയ ചെടിക്കൂട്ടങ്ങളിൽ നിൎഭയം ഉറങ്ങുന്നു. ലതാകുഞ്ജങ്ങളുടെ അകത്തിരുന്നുകൊണ്ടു ഒരു തരം പക്ഷികൾ "കുഹ, കുഹാ" ശബ്ദം പുറപ്പെടുവിക്കുന്നു. മാവിൻ തളിരുകൾ യഥേഷ്ടം ഭക്ഷിച്ചു ഉന്മത്തങ്ങളായ കോകിലങ്ങൾ മധുരമായ കണ്ഠധ്വനിയോടുകൂടി പഞ്ചമസ്വരത്തിൽ പാടുന്നു. ഇപ്രകാരമുള്ള ഈ പ്രഭാതവേളയിൽ ഇതാ ഒരു കരടി! അതാ ഒരു പന്നി! ഇതാ ഒരു കടുവാ എന്നിങ്ങനെ നിലവിളിച്ചുകൊണ്ടു ശബരന്മാർ കാടിളക്കുന്നു.

.........................................................

കുണ്റുനായ് ശരഭേയനപ്പൃഷ്ഠമളുപൂവ്-
കായഗതമാക്കിയും
ഇണ്ടൽകൊണ്ടുവിവൃതാന്മഖാൽപഥിചവച്ച-
ദർഭകൾ പതിക്കവേ।
കണ്ടുകൊൾക കുതികൊണ്ടുകിഞ്ചിദവനൌഭൃ-
ശംനഭസിധാവതി

എന്നിങ്ങനെ ഒരു മഹാകവി വൎണ്ണിക്കുന്നതുപോലെ യഥേഷ്ടം കൂട്ടം കൂട്ടമായി കിടന്നിരുന്ന ഹരിണ

ങ്ങൾ ശബരന്മാരുടെ ഭീഷണശബ്ദങ്ങൾ കേട്ടു കൂട്ടംപിഴച്ചു പ്രാണരക്ഷയ്ക്കായി അങ്ങുമിങ്ങും ഓടിപ്പോകുന്നു. "നിത്യം ചാപഗുണാഭിഘാതകഠിനി ഭൂതാർദ്ധബാഹാഞ്ചിതനായി ദൃഢതകൊണ്ടുല്ലാഘവത്തോടുകൂടി വൻമലയിൽ ചരിക്കുമിഭരാജൻപോലെ സാരോത്തരമായ ഗാത്രം" വഹിച്ചുകൊണ്ടു ഉദയനരാജാവു് വേട്ടയ്ക്കായി അത്യുത്സാഹത്തോടെ കാട്ടിൽ എത്തിയിരിക്കുന്നു. കയ്യിൽ വില്ലുമായി അദ്ദേഹം ചില ശബരന്മാരോടുകൂടി സാധാരണ ജനംപോലെ അങ്ങുമിങ്ങും ഓടുന്നു. ചില ദുഷ്ടമൃഗങ്ങളെക്കൊന്നു് സംതൃപ്തിയോടുകൂടി അദ്ദേഹം വിശ്രമിപ്പാനായി ഒരു ശിലാതലത്തിൽ ഇരിക്കുമ്പോൾ സംഭ്രമത്തോടുകൂടി ചില ശബരന്മാർ അവിടെച്ചെന്നു തങ്ങൾ അത്യുന്നതവും അസാധാരണവുമായ ഒരു ആനയെക്കണ്ട വിവരം അദ്ദേഹത്തെ അറിയിച്ചു. ആനകളെപ്പിടിക്കുന്നതിൽ ഉത്സാഹിയായ രാജാവു് ഈ വർത്തമാനം കേട്ടു അനല്പമായി സന്തോഷിച്ചു. ഉടൻ തന്നെ അദ്ദേഹം ശബരന്മാരോടും അശ്വാരൂഢരായ ഏതാനും ഭടന്മാരോടുംകൂടി അവർ പറഞ്ഞ സ്ഥലത്തെത്തി. ഉന്നതമായ അഹങ്കാരംപോലെയും നിസ്സാരമായ സംസാരംപോലെയും ചഞ്ചലമായ ഐശ്വര്യംപോലെയും നിഷ്ഫലമായ ദുർന്നീതി പോലെയും കപടമായ അധർമ്മം പോലെയും അസത്യമായ വേശ്യാനുരാഗം പോലെയും അസാദ്ധ്യമായ മനോരഥംപോലെയും ദുസ്സാദ്ധ്യമായ ദുർബുദ്ധിപോലെയും അമംഗലമായ പരദ്രോഹംപോലെയും മൂർത്തിമത്തായ കപടപ്ര

യോഗം പോലെയും വ്യാജനിർമ്മിതമായ കൂടകുഞ്ജരം രാജദൃഷ്ടിക്കു വിഷയീഭവിച്ചു ആനയെക്കണ്ട രാജാവു് ആശ്ചര്യസന്തോഷസംഭരിതനായിത്തീൻ്ന. അകത്തുള്ള യന്ത്രത്തിൻ്റെ സഹായത്താൽ ഈ കുഞ്ജരം ചലിക്കുന്നുണ്ടായിരുന്നു.

"അസംഭവംഹേമമൃഗസ്യജന്മ
തഥാപിരാമോലുലുഭെമൃഗായ
പ്രായഃ സമാപന്നവിപത്തികാലെ
ധിയോപിപുംസാംമലിനാഭവന്തി."

പൊന്മാനിൻ്റെ ജന്മം ലോകത്തിൽ തീരെ അസംഭാവ്യമാണെന്നു ഏവക്കും അറിയാവുന്നതാണു്. എങ്കിലും അതിബുദ്ധിമാനായ ശ്രീരാമൻ തൻ്റെ പ്രിയതമയ്ക്കുവേണ്ടി പൊന്മാനിനെ ആഗ്രഹിച്ചു് അതിനെപ്പിന്തുടർന്നു. അതുകാരണം പിന്നീടു് അദ്ദേഹത്തിനു പല സങ്കടങ്ങൾ അനുഭവിക്കേണ്ടതായി വന്നു. തൻ്റെ മൂഢതയോൎത്തു് അദ്ദേഹം പല പ്രാവശ്യം പശ്ചാത്തപിക്കയും ചെയ്തു. ഇതിനേപ്പററി ചിലർ പല അഭിപ്രായങ്ങളും പുറപ്പെട്ടവിക്കാം. ഒരു അവതാരപുരുഷൻ്റെ നിലയ്ക്കു ബുദ്ധിശൂന്യമായ ഈ പ്രവൃത്തി ശ്രീരാമനു ഒട്ടും യോജിച്ചതല്ലെന്നും ഇതു അദ്ദേഹത്തിൻ്റെ മഹത്വത്തിനു ഒരു വലിയ ന്യൂനതയാണെന്നും ചിലർ വാദിക്കുമായിരിക്കാം. ഇത്തരത്തിലുള്ള വാദങ്ങൾ വെറും അജ്ഞാനവിലസിതമാണെന്നു യഥാർത്ഥനിരൂപകന്മാർ അഭിപ്രായപ്പെട്ടമെന്നാണു എൻ്റെ വിശ്വാസം. ദോഷാന്വേഷണം മാത്രമാണു് ഒരു വിമർശകൻ്റെ കൃത്യമെന്നുള്ള ധാരണയോടു

കൂടി പല വിമർശകന്മാർ പല വിഷയങ്ങളെപ്പററി പല തരത്തിലുള്ള അഭിപ്രായങ്ങൾ ലേഖനാദികളിലായും മററും പരസ്യപ്പെടുത്തിക്കാണാറുണ്ട്. ലോകത്തിൽ ഗുണൈകസമ്പൂർണ്ണമായോ ദോഷൈകസമ്പൂർണ്ണമായോ യാതൊന്നും കാണുന്നില്ല. പ്രാധാന്യേനമറിയതിനെയാണു യഥാർത്ഥനിരൂപകന്മാർ വിമർശിക്കുന്നത്. ദോഷാന്വേഷണം മാത്രമാണു ഒരു നിരൂപകൻെറ കൃത്യമെങ്കിൽ ലോകത്തിൽ നിരൂപകന്മാരുടെ ആവശ്യം ഉണ്ടോ എന്നു ബലമായി സംശയിക്കേണ്ടിയിരിക്കുന്നു. ദുഷ്യന്തൻെറ രഥം കല്ലും മേടും മരങ്ങളും നിറഞ്ഞ കാട്ടിൽ എങ്ങനെ പോകും? വേട്ടയ്ക്കു പോകുന്നവർ തേരിൽ കയറിയാണോ പോവുക? രഥം സഞ്ചരിക്കത്തക്കതായ വെട്ടുവഴികൾ കാട്ടിൽ ഉണ്ടായിരുന്നു എന്നു വിചാരിക്കുന്നതെങ്ങിനെ? അഥവാ അത്തരം വഴികൾ കാട്ടിൽ ഉണ്ടായിരുന്നാൽ തന്നെ ആ വഴികളിൽ മാൻ മുതലായ മൃഗങ്ങൾ സഞ്ചരിക്കുമോ? കണ്വമഹർഷി ആശ്രമത്തിൽ ഇല്ലെന്നു കണ്ടു ശകുന്തളയോടുകൂടി രമിച്ചതും അവളെ ഗാന്ധർവ്വവിവാഹം ചെയ്തതും ഒരു രാജാവിൻെറ അവസ്ഥയ്ക്കു യോജിച്ചതാണോ? ദുർവ്വാസസ്സ് ശകുന്തളയെ ശപിച്ച വിവരം അറിഞ്ഞിരുന്നിട്ടുപോലും ഈ വിവരം ശകുന്തളയുടെ തോഴിമാർ അവളെ യഥാസമയം അറിയിക്കാത്തതു സഖീധർമ്മത്തിനു വിരുദ്ധമല്ലേ? ഈ വിവരം അറിഞ്ഞിരുന്നുവെങ്കിൽ ശകുന്തള വേണ്ടുന്ന മുൻകരുതലുകളോടുകൂടിത്തന്നെ ഭർത്തൃഗൃഹത്തിലേക്കു പോകുമായിരുന്നല്ലോ. ത്രികാലജ്ഞനായ മഹർഷിയാ

യിരുന്നിട്ടുപോലും ശകുന്തളയെ ദുഷ്യന്തരാജാവു് നിരാകരിക്കുമെന്നു തന്റെ ദിവ്യചക്ഷുസ്സുകൊണ്ടു കണ്വമഹർഷി എന്തുകൊണ്ടു് അറിയാതിരുന്നു? ശാകുന്തളത്തെപ്പററി ചില വിമർശകന്മാർ ഇത്തരത്തിലുള്ള അഭിപ്രായങ്ങൾ പറയുകയാണെങ്കിൽ അതു് പാശ്ചാത്യപൌരസ്ത്യവിദ്വാന്മാരാൽ കാവ്യരത്നമാണെന്നു ഐകകണ്ഠ്യേന സമ്മതിക്കപ്പെട്ടിട്ടുള്ള ആ ഗ്രന്ഥത്തിന്റെ ഔൽകൃഷ്ട്യത്തിനു കുറവു വരുത്തുന്നതല്ല. ദോഷമല്ലാതെ മററൊന്നും നിരൂപിക്കയില്ലെന്നു ശപഥം ചെയ്തിരിക്കുന്ന ചില നിരൂപകന്മാരുടെ സാഹസം ഒരിക്കലും ക്ഷന്തവ്യമല്ല. സ്വാഭിപ്രായം പറയേണ്ടതു നിരൂപകന്റെ ധർമ്മം തന്നെയാണു്. സ്വദോഷങ്ങളെ ശരിയായി അറിയുന്നവനാണു യഥാർത്ഥവിദ്വാൻ. ഒരുവൻ സ്വാഭിപ്രായം പറയുന്നതു സ്പഷ്ടമായും നിഷ്പക്ഷമായും നിഷ്കളങ്കമായും ഇരിക്കേണ്ടതാണു്. ഞാൻ പ്രകൃതം വിട്ടു അല്പം പറഞ്ഞുപോയതിനെപ്പററി വായനക്കാർ ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു. എത്രതന്നെ ബുദ്ധിമാനായിരുന്നാലും എത്രതന്നെ അറിവുള്ളവനായിരുന്നാലും ഒരുവന്റെ ബുദ്ധി ആപൽക്കാലത്തു മലിനമായിത്തീരുന്നു എന്ന തത്വത്തെയാണു ശ്രീരാമൻ തന്റെ പ്രവൃത്തികൊണ്ടു സ്പഷ്ടമാക്കുന്നതു്. അതിദൂരത്തു ആകാശത്തിൽ സഞ്ചരിക്കുന്ന പക്ഷികൾപോലും ആപത്തിൽപ്പെട്ടു പോകുന്നു. അഗാധമായ സമുദ്രത്തിൽ സ്വേച്ഛയാ വിഹരിക്കുന്ന മത്സ്യങ്ങൾ വിചാരിയാതെ ധീവരന്മാരുടെ വലയിൽ കുടുങ്ങുന്നു. ആകാശത്തിൽ ഏകാന്തത്തിൽ പറക്കുന്ന

ഗൃഗ്ദ്ധ്രങ്ങൾ താഴെ ഭൂമിയിൽ കിടക്കുന്ന മാംസഖണ്ഡങ്ങൾ കാണുന്നതല്ലാതെ തങ്ങളെ ബന്ധിപ്പാനായി അവയുടെ മീതെ വിരിച്ചിട്ടിരിക്കുന്ന വല കാണുന്നില്ല.

ഉദയനരാജാവു് മായാഗജം കണ്ടു യഥാൎത്ഥഗജമാണെന്നു തന്നെ നിശ്ചയിച്ചു. അതിൽ യാതൊരു അസംഭാവ്യതയും അദ്ദേഹത്തിനു തോന്നിയില്ല. ബുദ്ധിഭ്രമം നിമിത്തം ജനങ്ങൾ സേവകൊണ്ടു ദുർജ്ജനങ്ങളെ സന്തോഷിപ്പിക്കാനും വശീകരിപ്പാനും ആഗ്രഹിക്കുന്നു. ഉദയനൻ വീണവായനകൊണ്ടു കൂടകുഞ്ജരത്തെ വശീകരിപ്പാൻ യത്നിച്ചുതുടങ്ങി. സാധുവായ ഉദയനൻ— കപടമറിയാത്ത ഉദയനൻ— ആ മായ മൃഗത്തെ എങ്ങനെ വശീകരിക്കും. മഹാന്മാക്കളുടെ ബുദ്ധിപോലും ആപൽക്കാലത്തു ഭ്രമിക്കുന്നു, വ്യസനങ്ങളിൽ അവൎക്കു ആസക്തിയുണ്ടാകുന്നു. "അപരിഹരണീയമായ വിധിയന്ത്രത്തിന്റെ," ഏവൎക്കും അലംഘനീയം തന്നെ. സമര ഒാഴുമുമ്പു് ഉദയനൻ യൗഗന്ധരായണനുമായി എന്തെല്ലാമാണു ആലോചിച്ചു തീർപ്പെട്ടുത്തിയതു്. അടുത്ത ക്ഷണത്തിൽ അദ്ദേഹത്തിനു സംഭവിപ്പാൻ പോകുന്ന ആപത്തു എന്തായിരിക്കും നമ്മൾ ഒരുതരം വിചാരിക്കുന്നു, വിധി മറെറാരു തരത്തിൽ വിചാരിക്കുന്നു.

ഉദയനൻ വീണാവാദനത്തിൽ ബദ്ധശ്രദ്ധനാണെന്നു കണ്ടു കുഞ്ജരത്തിന്റെ അകത്തു ഒളിച്ചിരുന്ന ഭടന്മാരെല്ലാവരും പെട്ടെന്നു പുറത്തുവന്നു രാജാവിനെ അഭിധാനം ചെയ്തു. ഇവരുടെ കോലാഹലം കേട്ടു അങ്ങുമിങ്ങും ഒളിച്ചിരുന്ന ഭടന്മാരും അവിടെയെത്തി-

ഉദയനൻ ഏകാകിയായിത്തന്നെ അവരിൽ ഏതാനും ഭടന്മാരെ നിഗ്രഹിച്ചുവെങ്കലും വീരനായ ഒരു യോധൻ ഇതിനിടയിൽ ആരുമറിയാതെ പിന്നിൽചെന്നു രാജാവിനെ ബന്ധിച്ചു. ഉദയനൻ ഗത്യന്തരമില്ലായ്ക യാൽ ശത്രുവിൻെറ കയ്യിൽ പെട്ടുപോയി. ബന്ധിതനായ വത്സരാജനോടുകൂടി ശത്രുസൈന്യം ഉജ്ജയിനിയിലേക്കു തിരിച്ചു. കഷ്ടം! ഉദയനൻെറ അപ്പോഴത്തെ മനഃസ്ഥിതി ഏതുതരത്തിലായിരുന്നുവെന്നു വായനക്കാർ തന്നത്താൻ ഊഹിക്കാതിരിക്കയില്ല.

"ജനങ്ങൾ പലപ്പോഴും നിഷ്പ്രയോജനമായ കാര്യങ്ങളിൽ പ്രവൎത്തിച്ചുപോകുന്നു. ബുദ്ധിമാനായ യൗഗന്ധരായണനുമായി ഞാൻ എന്തെല്ലാം കാര്യമാണു ആലോചിച്ചതു്. ഇന്നത്തെ എൻെറ പ്രവൃത്തിയെപ്പററി കേട്ടാൽ ബാലന്മാർപോലും എന്നെ പരിഹസിക്കാതിരിക്കുമോ. കഷ്ടം! ഒരു ശിശുവിനെപ്പോലെ ഞാൻ ആത്മാവിനെ വൃഥാ ആയാസിപ്പിച്ചു. കാട്ടിൽ കിടക്കുന്ന ഒരു ആനയെപ്പിടിക്കുന്നതുകൊണ്ടു് ഗുണമെന്തു്, പിടിക്കാത്തതുകൊണ്ടു ദോഷമെന്തു്? ഞാൻ ഒരു മായാമൃഗത്തെയാണു പിടിപ്പാൻ യത്നിച്ചതു്. ഇതു ഒരു യഥാൎത്ഥഗജമാണെങ്കിൽ തന്നെ അതിനെപ്പിടിക്കുന്നതുകൊണ്ടു ലാഭമെന്തു്, പിടിക്കാത്തതുകൊണ്ടു നഷ്ടമെന്തു്? കഷ്ടം! ഞാൻ ഇത്തരത്തിൽ ഒരു മൂഢനായിത്തീൎന്നുവല്ലോ. ബുദ്ധിശൂന്യവും നിഷ്പ്രയോജനവുമായ എൻെറ പ്രവൃത്തിയെപ്പററി ഇനി ഖേദിക്കുന്നതുകൊണ്ടു ഫലമെന്തു്? ഞാൻ അവശ്യം ചെയ്യേണ്ട കാര്യങ്ങളെപ്പററി ആലോചിച്ചതെല്ലാം ഇപ്പോൾ വിഫല

മായി. ഇതാണോ രാജകൃത്യം, ഇതാണോ രാജധർമ്മം, ഇതാണോ ശത്രുജയം, ഇതാണോ രാജ്യലാഭം'' എന്നും മററും ആലോചിച്ചുകൊണ്ടു ഉദയനൻ തന്നത്താൻ പരിഹസിച്ചുകൊണ്ടു ശത്രുഗൃഹത്തിൽ ചെന്നുചേർന്നു.

ബന്ധിതനായ ഉദയനനെക്കണ്ടയുടനെ മഹാസേനൻ പുത്രിയുടെ കാര്യമെല്ലാം വിസ്മരിച്ച് അത്യന്തം കോപാകുലനായിത്തീർന്നുവെങ്കിലും അല്പസമയം കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ഹൃദയം ലജ്ജയാലോ ദാക്ഷിണ്യത്താലോ മൃദുലമായിത്തീർന്നു. മനസ്വിയായ വത്സരാജന്റെ തൽക്കാലസ്ഥിതി കണ്ടു ശത്രുക്കൾക്കു പോലും അനുകമ്പ തോന്നിപ്പോയി. ബന്ധിതനായ ഉദയനൻ മന്ത്രത്താൽ വീര്യം നശിച്ച പന്നഗത്തിന്റെ ദൈന്യാവസ്ഥയെ പ്രാപിച്ചു. മാനിയായ ആ പുരുഷസിംഹം ഈ അവമാനം എങ്ങിനെ സഹിക്കും, എങ്ങനെ സഹിക്കാതിരിക്കും? "അവശ്യം ഭാവിനോ ഭാവാ ഭവന്തി മഹതാമപി."

സമയം സന്ധ്യയാകാറായി. രക്തവർണ്ണത്തോടുകൂടി ഭഗവാൻ സഹസ്രകിരണൻ മഹാതേജസ്വിയായ വത്സരാജന്റെ ദുഃഖാവസ്ഥ കണ്ടു വിഷാദിക്കുന്നവൻ പോലെ നിഷ്പ്രഭനായിത്തീർന്നു. ചക്രവാകമിഥുനത്തിന്റെ ഹൃദയത്തിൽ സന്താപം പതുക്കെ സംക്രമിച്ചു തുടങ്ങി. മന്ദാരസ്തബകംപോലെ സുന്ദരനായ ഭഗവാൻ ദിനമണി സന്ധ്യയാകുന്ന നാരീരത്നത്തിന്റെ പത്രലേഖയാണോ എന്നു തോന്നുമാറു രമണീയനായി, ആകാശലക്ഷ്മിയുടെ ശിരോഭൂഷണംപോലെയും, പശ്ചിമ

ദിക്കാകുന്ന രാജകന്യകയുടെ കനകക്കണ്ണാടിപോലെയും, ശാക്യമുനിയെപ്പോലെ രക്താംശുകം ധരിച്ച് അസ്തപർവതശിഖരത്തിൽ പതുക്കെ ആരോഹണം ചെയ്തുതുടങ്ങി.

അന്യോന്യം കലഹിക്കാതെ സ്വനീഡങ്ങളിൽ വന്നുചേൎന്നുകൊണ്ടിരുന്ന ചകടപക്ഷികൾ കലകലാശബ്ദം ആരംഭിക്കുന്നു. പകൽമുഴുവൻ ആഹാരത്തിനായി അങ്ങുമിങ്ങും തെണ്ടിത്തിരിഞ്ഞു ശ്രാന്തങ്ങളായ കാകങ്ങൾ അതിവേഗത്തിൽ സ്വനീഡങ്ങളെ ആശ്രയിക്കുന്നു. സൂൎയ്യനെ പേടിച്ചു പകൽ മുഴുവൻ ജീൎണ്ണമായ തരുകോടരങ്ങളിൽ ഒളിച്ചിരുന്ന ഉലൂകങ്ങൾ പതുക്കെ പുറത്തോട്ടു തല നീട്ടുന്നു. ഗൃഹസ്ഥന്മാർ സന്ധ്യാവന്ദനാദി നിത്യകൎമ്മങ്ങൾക്കായി നദിയിലേക്കു പോയിത്തുടങ്ങി. അന്ധകാരത്തെ ശാസിക്കുന്ന ദിനപതിയുടെ വീരലുകൾപോലെ അങ്ങുമിങ്ങും ദീപശിഖകൾ കാണാറായി. ദിവസസഞ്ചാരൻ സഞ്ചരിക്കുന്ന മാൎഗ്ഗത്തിൽ പശ്ചിമദിക്പാലകൻ വിരിച്ച പീതാംബരംപോലെയും കാലഖഡ്ഗത്താൽ ഛേദിക്കപ്പെട്ട ദിവസമഹിഷത്തിൻെറ രക്തധാരപോലെയും ആകാശഗംഗയിൽ വളരുന്ന ചെന്താമരപ്പൂപോലെയും സ്വയംവരത്തിനായി പീതാംബരം ധരിച്ചു കൌതുകഗൃഹത്തിൽ പ്രവേശിക്കാൻ തയ്യാറായി നിൽക്കുന്ന ലക്ഷ്മീദേവിയെപ്പോലെയും സന്ധ്യാദേവി പ്രത്യക്ഷയായി. കൂട്ടിൽ ഇട്ട സിംഹംപോലെ ഉദയനരാജാവു് ബന്ധനത്തിൽ കിടക്കുന്നു. പൌരന്മാരെല്ലാവരും അവരവരുടെ ഗൃഹങ്ങളിലേക്കു മടങ്ങിപ്പോയി. മഹാസേനൻ

കാവൽക്കാൎക്ക വേണ്ട നിർദ്ദേശങ്ങൾ കൊടുത്തു മന്ത്രിയോടുകൂടി സ്വമന്ദിരത്തിലേക്കു ഗമിച്ചു. ഉദയനൻ ചിന്താകുലനായി രക്ഷാമാൎഗ്ഗമറിയാതെ രാത്രി മുഴുവൻ ഉറങ്ങാതെ തന്നെ കഴിച്ചു.

നേരം പ്രഭാതമായപ്പോൾ മഹാസേനൻ പുത്രിയോടുകൂടി ഉദയനന്റെ സമീപം ചെന്നു ഇപ്രകാരം പറഞ്ഞു:—

എന്റെ പ്രവൃത്തി കുറെ നിന്ദ്യമാണെന്നു അങ്ങയെപ്പോലുള്ള മനസ്വികൾക്കു തോന്നുമായിരിക്കാം. എന്റെ പ്രവൃത്തിയുടെ ഉദ്ദേശ്യം എന്താണെന്നു ഞാൻ ദൂതൻ വഴിക്ക് അയച്ചിരുന്ന സന്ദേശത്തിൽ നിന്നു മനസ്സിലാക്കിയിരിക്കണം. അങ്ങയുടെ നേരെ എനിക്കു യാതൊരു വൈരബുദ്ധിയുമില്ലെന്നു ഞാൻ പറയുന്നതു നിങ്ങൾ വിശ്വസിക്കണം. നിങ്ങളെ എന്റെ ഗൃഹത്തിൽ കൊണ്ടുവന്നു ബന്ധനത്തിൽ ഇടുന്നതുകൊണ്ടു ഞാൻ യാതൊരു ലാഭവും ഇച്ഛിക്കുന്നില്ല. അങ്ങ് മാന്യൻ തന്നെ, അങ്ങയെ ഞാൻ ശരിയായി മാനിക്കുകയും ചെയ്യും. ഈ കന്യക തന്നെയാണ് എന്റെ പുത്രിയായ വാസവദത്ത. ഇവളെ ഉദ്ദേശിച്ചുതന്നെയാണു ഞാൻ ദൂതൻ വഴിക്കു സന്ദേശം അയച്ചിരുന്നത്. ഇവൾ എന്റെ ഏക പുത്രിയാണ്. ഇവൾക്കു രണ്ടു സഹോദരന്മാർ ഉണ്ട്. സംഗീതത്തിൽ ഇവൾക്കു വലിയ അഭിരുചിയുള്ളതായി കാണുന്നു. വിശേഷിച്ചു വീണവായന അഭ്യസിപ്പാൻ ഇവൾ വളരെ ആഗ്രഹിക്കുന്നു. എത്ര തന്നെ അന്വേഷിച്ചിട്ടും യോഗ്യനായ ഒരു ഗുരുവിനെ കിട്ടായ്കയാലും പുത്രിയുടെ ആഗ്രഹം

ഏതു തരത്തിലെങ്കിലും സഫലമായാൽ കൊള്ളാമെന്നുള്ള ഔൽസുക്യത്താലും സംഗീതത്തിൽ അങ്ങയുടെ അസാധാരണമായ പ്രാവീണ്യത്തെപ്പററി പല വിദ്വാന്മാരുടെ പ്രശംസകൾ കേൾപ്പാൻ ഇടവന്നതിനാലും അവസാനം അങ്ങയ്ക്കു ഒരു സന്ദേശം അയപ്പാൻ ഇടവന്നു. അങ്ങ് ഇവിടെ വന്നു താമസിക്കുന്നതു് അങ്ങയുടെ അന്തസ്സിനും മററും പോരാത്തതാണെന്ന് എനിക്കു നല്ലപോലെ അറിയാം. പുത്രിയുടെ ഇപ്പോഴത്തെ നിലയ്ക്കു് അവളെ അന്യ ദിക്കുകളിലേക്കു പറഞ്ഞയച്ചാൽ ജനങ്ങൾ ആക്ഷേപിക്കയില്ലയോ എന്നു പേടിതോന്നി. അവളുടെ ആഗ്രഹം എങ്ങനെയെങ്കിലും സാധിച്ചുകൊടുക്കേണമെന്നു നിശ്ചയിക്കയും ചെയ്തു. ഇപ്രകാരം പുത്രീസ്നേഹത്തിന്റെയും അപവാദശങ്കയുടേയും മദ്ധ്യത്തിൽ പെട്ടു വല്ലാതെ വിഷമിച്ചു് അവസാനം കപടോപായം കൊണ്ടു അങ്ങയെ ഇവിടെക്കൊണ്ടു വരേണ്ടതായി വന്നു. എന്റെ ഈ പ്രവൃത്തി ഒരു അപരാധമാണെന്നു വിചാരിക്കുന്നുവെങ്കിൽ അതു ക്ഷമിച്ചു പുത്രിയെ ശിഷ്യയായി സ്വീകരിച്ചു് അവൾക്കു സംഗീതത്തിൽ വേണ്ട ഉപദേശങ്ങൾ നൽകണമെന്നു ഞാൻ വീണ്ടും പ്രാർത്ഥിക്കുന്നു.

മഹാസേനന്റെ അപേക്ഷയ്ക്കു ഉദയനൻ അനുകൂലമായോ പ്രതികൂലമായോ യാതൊന്നും പറഞ്ഞില്ല. തല്ക്കാലം തനിക്കു മറുപടി ഒന്നും കിട്ടുകയില്ലെന്നു നിശ്ചയിച്ചു മഹാസേനൻ പുത്രിയുമായി തിരിച്ചുപോയി. വാസവദത്തയുടെ രൂപലാവണ്യാദികൾ കണ്ടു ഉദയനന്റെ ഹൃദയം ഉല്ലസിച്ചു. അവളെ കണ്ടതിനാൽ വി-

ഷ്ഫലമായ തന്റെ വേട്ടയാട്ടം സഫലമായെന്ന് അദ്ദേഹത്തിന്ന തോന്നി. തന്റെ മററു ഇന്ദ്രിയങ്ങളെല്ലാം നേത്രങ്ങളായിരുന്നാൽ എത്ര നന്നായിരുന്നുവെന്ന് അദ്ദേഹം വിചാരിച്ചു. തന്റെ നേത്രങ്ങളുടെ ദൎശനഫലം അവസാനിച്ചതായും, രമണീയവസ്തുക്കളുടെ അവസാനം താൻ കണ്ടതായും, ആഹ്ലാദനീയങ്ങളുടെ അവധി വീക്ഷിച്ചതായും, മനോഹരങ്ങളായ പദാൎത്ഥങ്ങളുടെ സീമന്തരേഖ ദർശിച്ചതായും, പ്രീതിജനകങ്ങളായ വസ്തുക്കളുടെ പരിസമാപ്തി പ്രത്യക്ഷപ്പെട്ടതായും അദ്ദേഹം വിചാരിച്ചു.

"കണ്ടാലത്ഭുതമായ ചിത്രമെഴുതി-
സ്സൂതാം കൊടുത്താനെടു-
ത്തുണ്ടാക്കീവിധിരൂപസാരമഖിലം-
തൽചേതസൈവാഥവാ
പണ്ടില്ലാതൊരു രത്നസൃഷ്ടിയിവളന്നത്ര-
നിനയ്ക്കുന്നു ഞാൻ
വീണ്ടും ധാതൃവിഭുത്വവും വിരവിൽനാ-
ടോൎത്തിട്ടു തന്മൂൎത്തിയും"

എന്നിപ്രകാരം അദ്ദേഹം വാസവദത്തയെ മനസ്സുകൊണ്ടു വൎണ്ണിച്ചു.

പിറെറ ദിവസം കാലത്തു ഉദയനൻ തടവുമുറിയിൽ ഇരുന്നുകൊണ്ടു രക്ഷാമാൎഗ്ഗം വല്ലതും കാണുമോ എന്നും യൌഗന്ധരായണൻ ഈ വിവരം അറിഞ്ഞു് എങ്ങനെയെങ്കിലും തന്നെ ബന്ധനത്തിൽ നിന്നു മോചിപ്പിക്കാതിരിക്കയില്ലയോ എന്നും മററും വിചാരിച്ചുകൊണ്ടു

തന്റെ ദുർവ്വിധിയെപ്പറ്റി ദുഃഖിക്കയായിരുന്നു. അപ്പോൾ ഒന്നു രണ്ടു സഖിമാരോടുകൂടി സ്പർശാനുമേയമായ പട്ടുവസ്ത്രം ധരിച്ചു ബിംബതുല്യമായ അധരപല്ലവങ്ങളാൽ ശോഭിതയായി നീണ്ടു നീലിമപൂണ്ട ലോചനങ്ങളാൽ ഭൂഷിതയായി, വില്ലുപോലെ വളഞ്ഞ ഭ്രൂലതകളാൽ വിരാജിതയായി, പരിമിതമായ ആഭരണങ്ങൾ അണിഞ്ഞു, ചമരീമൃഗത്തെപ്പോലും ലജ്ജിപ്പിക്കത്തക്ക കേശപാശത്താൽ വിരാജമാനയായി, ഉദയനന്റെ പുരോഭാഗത്തു ലജ്ജാവനതമുഖിയായി മിന്നലൊളിപോലെ മഹാസേനപുത്രി പ്രത്യക്ഷയായി. വാസവദത്തയുടെ രൂപലാവണ്യം കണ്ടു വിസ്മിതനായ ഉദയനൻ അല്പനേരം നിശ്ചേഷ്ടനായി ഇരുന്നുപോയി. "ഈ കാണുന്ന സ്വരൂപം ബ്രഹ്മാവു് വിചിത്രവർണ്ണങ്ങൾ കൊണ്ടു സംസാരഭിത്തിയിൽ വരച്ച ഒരു ചിത്രമായിരിക്കുമോ, അഥവാ ശൃംഗാരത്തിന്റെ സങ്കല്പസിദ്ധിയായിരിക്കുമോ, അല്ലെങ്കിൽ കൌതുകത്തിന്റെ ഇരിപ്പിടമായിരിക്കുമോ, പക്ഷെ കാമദേവന്റെ വിജയപതാകയായിരിക്കുമോ, അതോ അദ്ദേഹത്തിന്റെ യുദ്ധാരംഗം തന്നെയായിരിക്കുമോ" എന്നിപ്രകാരം രാജാവു് പല തരത്തിൽ ആലോചിച്ചുതുടങ്ങി. ഇത്രയും വികല്പം കൊണ്ടു തൃപ്തിപ്പെടാതെ അദ്ദേഹം അസാധാരണമായ ആ സുന്ദരസ്വരൂപത്തെ ലാവണ്യത്തിന്റെ സങ്കേതഭൂമിയായും, സൌന്ദര്യത്തിന്റെ വിഹാരസ്ഥലമായും, സൌഭാഗ്യത്തിന്റെ നിവാസസ്ഥാനമായും, കാന്തിയുടെ ഉൽപ്പത്തിദേശമായും വികല്പിച്ചു. വാസവദത്തയുടെ മധുരമായ ആകൃതി ഇന്ദ്രിയങ്ങളെ ആകർഷിക്കുന്ന

സിദ്ധൌഷധംപോലെ രാജാവിന്റെ മനസ്സിനെ ബലാൽ ആകർഷിച്ചു. അദ്ദേഹത്തിന്റെ ദൃഷ്ടികൾ പതുക്കെ അവളുടെ സൌന്ദൎയ്യാമൃതം നുകൎന്നു തുടങ്ങി. ചന്ദ്രമയൂഖങ്ങളാൽ ചന്ദ്രകാന്തം എന്നപോലെ വാസവദത്തയുടെ സൌന്ദൎയ്യാദിഗുണങ്ങളാൽ ഉദയനന്റെ ഹൃദയം അലിഞ്ഞു, ഗുണദോഷവിവേകശൂന്യനായ കാമദേവൻ ഒരു നിമിഷം കൊണ്ടു് അദ്ദേഹത്തെ തരളഹൃദയനാക്കിത്തീൎത്തു. എങ്കിലും അദ്ദേഹം താൽക്കാലികമായ വികാരങ്ങളെല്ലാം അടക്കി വാസവദത്തയോടും സഖിമാരോടും അവസ്ഥയ്ക്കുചിതമാംവണ്ണം കുശലപ്രശ്നാദികൾ ചെയ്തു. തന്റെ ആഗ്രഹം ഇന്നതാണെന്നു പറവാൻ സ്വാഭാവികമായ ലജ്ജ വാസവദത്തയെ അനുവദിച്ചില്ല. അവളുടെ അപേക്ഷയെ സഖിമാർ തന്നെ ചമൽക്കാരമായി രാജാവിനെ അറിയിച്ചു. തലേദിവസം മഹാസേനന്റെ അപേക്ഷയെ മൌനഭാവം കൊണ്ടു നിരസിച്ച ഉദയനൻ ആ അപേക്ഷയെ തന്നെ ഇപ്പോൾ സകൌതുകം കൈക്കൊണ്ടു. എല്ലാവരും കൂടി കുറേനേരം വൎത്തമാനങ്ങൾ പറഞ്ഞിരുന്നതിനുശേഷം വാസവദത്തയും സഖിമാരും യാത്ര പറഞ്ഞു അന്തഃപുരത്തിലേക്കു പോയി. രാജാവിന്റെ സൌന്ദൎയ്യാതിശയം കണ്ടു തൃപ്തിപ്പെടാത്ത വാസവദത്ത സഖിമാരുടെ അഭിപ്രായപ്രകാരം അവരൊരുമിച്ചുപോയി എങ്കിലും "യാതിഹമുഃമ്പാട്ടു വപുസ്സമാത്രം, ചേതസ്സുപശ്ചാദവശംപ്രയാതി" എന്നു ദുഷ്യന്തമഹാരാജാവിനു തോന്നിയ വിചാരംതന്നെയാണു് അവളുടെ ഹൃദയത്തിലും അപ്പോൾ ഉണ്ടായതു്. രാജാവിനാകട്ടെ

വാസവദത്തയുടെ തിരോഭാവത്താൽ തന്റെ നേത്രങ്ങളുടെ ഭാഗ്യം അസ്തമിച്ചതായും ഹൃദയത്തിന്റെ മഹോത്സവം അവസാനിച്ചതായും ആനന്ദത്തിന്റെ പ്രവേശനദ്വാരം അടഞ്ഞുപോയതായും തോന്നി. കാരാഗൃഹവാസദുഃഖം വീണ്ടും അദ്ദേഹത്തെ ബാധിച്ചു.

വാസവദത്ത ഉദയനരാജാവിന്റെ ശിഷ്യയായിത്തീൎന്നു മുതൽ കൂടാതെ സംഗീതം അഭ്യസിച്ചുവന്നു. സംഗീതകലയിൽ അവളുടെ പരിചയം പ്രതിദിനം വൎദ്ധിച്ചുവന്നു. ശിഷ്യയുടെ ബുദ്ധിസാമൎത്ഥ്യവും വിദ്യാഭ്യാസതല്പരതയും കണ്ടു ആചാൎയ്യൻ സംതൃപ്തനായി. ഇത്തരം ബുദ്ധിമതിയായ ഒരു ശിഷ്യയ്ക്കു വിദ്യോപദേശം ചെയ്വാൻ സാധിച്ചതിനാൽ രാജാവിന്റെ ഗുരുഭാവവും ഇപ്രകാരം നിപുണനായ ഒരു ആചാൎയ്യനിൽ നിന്നു വിദ്യോപദേശം ലഭിപ്പാൻ സാധിച്ചതിനാൽ രാജകന്യകയുടെ ശിഷ്യാഭാവവും അന്വൎത്ഥമായി. ദൈവഗതിയുടെ അലംഘനീയതയാലോ, യൌവനം അവിനയബഹുലമായതിനാലോ, ഇന്ദ്രിയങ്ങളുടെ ചഞ്ചലസ്വഭാവത്താലോ, വിഷയാഭിലാഷങ്ങളുടെ ദുൎന്നിവാരതയാലോ, കാലക്രമം കൊണ്ടു രാജാവിന്റെ സ്നേഹവും രാജപുത്രിയുടെ ഭക്തിയും ഒന്നിച്ചുചേൎന്നു ഇരുവരേയും ദൃഢമായി ബന്ധിക്കുന്ന ഒരു പ്രേമശൃംഖലയായി പരിണമിച്ചു. പ്രേമപ്രണയശാലിനിയായ പ്രിയതമയുടെ സന്നിധാനത്തിൽ രാജാവിനു കാരാഗൃഹവാസദുഃഖം സ്വൎല്ലോകവാസത്തിനു തുല്യമായി തോന്നിത്തുടങ്ങി. ഒരു നിമിഷംപോ

ലും വാസവദത്തയെ കാണാതിരിക്കുന്ന കാൎയ്യം അദ്ദേഹത്തിന്നു വിഷമമായിത്തീൎന്നു. അദ്ദേഹം രാജ്യചിന്തകളെല്ലാം വീണ്ടും വിസ്മരിച്ചു. ഉദയനരാജാവിന്നു ശത്രുഗൃഹം ദേവലോകമായി പരിണമിച്ചു.

## IV

യൗഗന്ധരായണൻ കൎത്തവ്യകൎമ്മങ്ങളെപ്പററി ആലോചിച്ചു തീൎച്ചപ്പെടുത്തുവാനായി സേനാപതിയായ രുമണ്വാന്നുമായി ചില മന്ത്രാലോചനകൾ നടത്തി.

യൗഗ — ഇത്തരത്തിൽ ഏതെങ്കിലും ഒരു സംഭവം ഉണ്ടാകുമെന്നു ഞാൻ ഏറെക്കുറെ ഉഹിക്കാതിരുന്നില്ല. സ്വാമിയുടെ രാജ്യകാൎയ്യവിമുഖതയും വിനോദതല്പരതയും കണ്ടു ശത്രു സാമന്തന്മാർ അഹങ്കാരികളായിത്തീൎന്നിരിക്കുന്ന വിവരം ഞാൻ അദ്ദേഹത്തെ യഥാകാലം അറിയിക്കാതിരുന്നില്ല. അദ്ദേഹം എന്നോടു ഒരുവിധം പറഞ്ഞു, പ്രവൃത്തി മറെറാരുവിധത്തിലായിരുപ്പായി കുറെ ദിവസമെങ്കിലും സ്വാമി വിനോദങ്ങളിൽ നിന്നു വിരമിച്ചു രാജ്യകാൎയ്യങ്ങൾ അന്വേഷിക്കുമെന്നാണു ഞാൻ വിചാരിച്ചതു്. അദ്ദേഹം വേട്ടയാടുവാൻ പോയ വിവരവും ആപത്തിൽപ്പെട്ട വിവരവും ഞാൻ ഒരേ സമയത്താണു അറിഞ്ഞതു്. ഒരാഴ്ച മുമ്പു് ഞാനും സ്വാമിയുമായി രാജ്യകാൎയ്യങ്ങളെപ്പററി ഗൌരവമായ ചില ആലോചനകൾ നടത്തുകയുണ്ടായി. ശത്രുസാമന്തന്മാരെ കീഴടക്കുന്നതിന്നു വേണ്ട യത്നങ്ങൾ ഉടൻതന്നെ ചെയ്യണമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. ശത്രുക്കളെ കീഴടക്കുന്നതിന്നു പകരം അദ്ദേ

ഹം ശത്രുവിന്റെ കയ്യിൽ അകപ്പെട്ട രക്ഷാമാർഗ്ഗമറിയാതെ വിഷമിക്കേണ്ടതായും അതു കണ്ടു നമ്മൾ ദുഃഖിക്കേണ്ടതായും വന്നുചേർന്നിരിക്കുന്നു.

രുമ—ഇക്കാര്യത്തിൽ സ്വാമിതന്നെയാണ് അപരാധിയെന്നു ഏവർക്കുമറിയാം. അതു എങ്ങനെയുമിരിക്കട്ടെ. അദ്ദേഹം അപരാധിയാണെന്നു സ്ഥാപിക്കുന്നതുകൊണ്ടു നമ്മുടെ ഉദ്ദേശ്യം ഫലിക്കുന്നതല്ലല്ലോ. അതിനാൽ കാലതാമസം കൂടാതെ രക്ഷാമാർഗ്ഗം അന്വേഷിക്കേണ്ടതാണ് നമ്മുടെ കർത്തവ്യം.

യൗഗ—രാജാവു് ബന്ധനത്തിൽപ്പെട്ടിരിക്കുന്നു. രാജ്യത്തിന്റെ ഏതാനും ഭാഗങ്ങളെ ശത്രുസാമന്തന്മാർ ഏറെക്കുറെ കരസ്ഥമാക്കിക്കഴിഞ്ഞു. ശത്രുക്കളിൽ നിന്നു നമ്മുടെ രാജ്യം വീണ്ടെടുക്കുന്ന കാര്യം അസാദ്ധ്യമെന്നു ഞാൻ വിചാരിക്കുന്നില്ല. സ്വാമി ബന്ധനത്തിൽ കിടക്കെ നമുക്കു രാജ്യം കൊണ്ടു പ്രയോജനമെന്തു്? മഹാസേനനോടു നേരിട്ടെതിർത്തു സ്വാമിയെ ബന്ധനത്തിൽനിന്നു മോചിപ്പിക്കുക എന്നതു ആശാസ്യമായിരിക്കുമെന്നു തോന്നുന്നില്ല. മഹാസേനൻ ഒരു അവിവേകിയാണെന്നു നമുക്കു നല്ലപോലെ മനസ്സിലായിരിക്കുന്നു. നമ്മൾ നേരിട്ടു എതിർക്കുകയാണെങ്കിൽ ആ അവിവേകി എന്തെങ്കിലും സാഹസം പ്രവർത്തിച്ചു എന്നും വരാം. അങ്ങനെ എന്തെങ്കിലും സംഭവിച്ചാൽ നമ്മുടെ യത്നങ്ങളെല്ലാം വിഫലമായിത്തീരുമെന്നതിനു പുറമെ എന്നെന്നേക്കും നമ്മൾ ദുഃഖിക്കേണ്ടതായും വരും. മഹാസേനൻ പ്രധാനമായി തന്റെ പുത്രിയെ ഉദ്ദേശിച്ചാണു

ഈ കപടോപായം പ്രയോഗിച്ചതു്. സ്വാമിയും മഹാസേനപുത്രിയും ഇപ്പോൾ ഭാൎയ്യാഭൎത്തൃജീവിതം നയിക്കുന്നുവെന്നാണു എൻെറ ശ്രദ്ധാന്വേഷണത്തിൽനിന്നു ഞാൻ അറിയുന്നതു്. തൻെറ ഉദ്ദേശം ഫലിച്ചിരിക്കുന്നതിനാൽ മഹാസേനൻ നമ്മളുമായുള്ള വൈരം ത്യജിച്ചു ഇപ്പോൾ ബന്ധുഭാവത്തിലും സ്നേഹഭാവത്തിലും പെരുമാറുന്നു. നാം ഈ പുതിയ സ്നേഹത്തിനു ഭംഗം വരുത്തേണ്ടാ. സ്വാമിയെ മഹാസേനൻ തൻെറ അധീനതയിൽ നിന്നു അടുത്തകാലത്തൊന്നും വിടുമെന്നു തോന്നുന്നില്ല. അതിനാൽ അയാളെപ്പോലെ എന്തെങ്കിലും കപടോപായം കൊണ്ടുതന്നെ സ്വാമിയെ മോചിപ്പിക്കണം.

രുമ—കാട്ടിൽവെച്ചു നിസ്സഹായിയായ സ്വാമിയെ ബന്ധിപ്പാൻ മഹാസേനനു അനായാസേന സാധിച്ചു. നമ്മുടെ സ്ഥിതി വളരെ വ്യത്യസ്തമാണല്ലോ. നമ്മുടെ ശ്രദ്ധാലോചനകളും മററും എങ്ങനെയാണു ശത്രുവിൻെറ അരമനയ്ക്കകത്തിരിക്കുന്ന രാജാവിനെ അറിയിക്കേണ്ടതു്?

യൗഗ—ഇക്കാൎയ്യം പെട്ടെന്നു തീർച്ചപ്പെടുത്താൻ സാധിക്കുന്നതല്ല. നമ്മൾ ആരെങ്കിലും അവിടെച്ചെന്നു അവിടത്തെ സ്ഥിതിഗതികളെല്ലാം ശ്രദ്ധമായി മനസ്സിലാക്കി കാലദേശാനുരൂപമായി എന്തെങ്കിലും പ്രവൎത്തിക്കതന്നെ വേണം.

രുമ—എന്നാൽ അപ്രകാരം തന്നെ ചെയ്യാം. നമ്മളിൽ ആരാണു പോകേണ്ടതു്?

യൗഗ — ഞാൻ തന്നെ പോകാം. ശത്രുക്കളുടെ ആക്രമണം വർദ്ധിക്കാതിരിക്കുന്നതിലേക്കു വളരെ ശ്രദ്ധിക്കണം.

രുമ — നിങ്ങൾക്കു സഹായത്തിനു ആരും വേണ്ടയോ?

യൗഗ — സ്വാമിയുടെ മിത്രമായ നമ്മുടെ വസന്തകനേയും സഹായാർത്ഥം കൊണ്ടുപോകാം.

രുമ — ശത്രുഗതമായ രാജ്യം എങ്ങനെ വീണ്ടെടുക്കാമെന്നാണു അങ്ങു വിചാരിക്കുന്നതു്? ഇക്കാര്യത്തിൽ ആരുടെ സഹായം ആവശ്യപ്പെടണമെന്നാണു ഭവാന്റെ അഭിപ്രായം?

യൗഗ — ഇതിനെപ്പററി തീർച്ചപ്പെടുത്തുവാൻ ബദ്ധപ്പാടൊന്നുമില്ല. ആദ്യമായി സ്വാമിയെ ബന്ധനത്തിൽ നിന്നു മോചിപ്പിക്കയല്ലേ വേണ്ടതു്? അദ്ദേഹം ഇവിടെ വന്നതിനുശേഷം ഇക്കാര്യം ആലോചിക്കാം.

രുമ — ഉദ്ദേശ്യമറിഞ്ഞാൽ അങ്ങു പോയി തിരികെ വരുന്നതിനു മുമ്പായി എന്നാൽ കഴിയുന്ന യത്നങ്ങൾ വല്ലതും ചെയ്യാമെന്നു് വിചാരിച്ചു മാത്രം ഞാൻ ചോദിച്ചതാണു്.

യൗഗ — അതിൽ എന്താണു വൈഷമ്യമുള്ളതു്? ഞാൻ ഇക്കാര്യത്തെപ്പററി ഒന്നും ആലോചിച്ചില്ലെന്നില്ല. ഇതു എത്രയും ഗൂഢമായിരിക്കേണ്ട ഒരു കാര്യമാണു്. മഗധരാജാവിന്റെ സഹായമാണു നമുക്കു ഇക്കാര്യത്തിൽ പ്രധാനമായി വേണ്ടതു്. എന്നാൽ ഈ സഹായം കിട്ടുന്ന വിഷയത്തിൽ പല വൈഷമ്യങ്ങ

ളുമുണ്ടു്. അദ്ദേഹത്തിൻെറ പുത്രിയായ പത്മാവതി താരുണ്യദശയെ പ്രാപിച്ചിരിക്കുന്ന പുത്രിയെ അനുരൂപനായ വരനു കൊടുത്താൽ കൊള്ളാമെന്നു അദ്ദേഹത്തിനു വളരെ ആഗ്രഹമുണ്ടു്. ഭർത്താവിനെ തിരഞ്ഞെടുക്കുന്ന വിഷയത്തിൽ അദ്ദേഹം പുത്രിക്കും കുറെ സ്വാതന്ത്ര്യം കൊടുത്തിട്ടുണ്ടു്. അദ്ദേഹം ഉദ്ദേശിച്ച ചില വരന്മാരെ പുത്രി ഇഷ്ടപ്പെടുന്നില്ലത്രെ. സാധിക്കുമെങ്കിൽ പത്മാവതിയെ നമ്മുടെ സ്വാമിക്കു വിവാഹം ചെയ്തു കൊടുക്കണമെന്നായിരുന്നു അദ്ദേഹത്തിൻെറ ആഗ്രഹം. ഇതു പത്മാവതിക്കും സന്തോഷകരമത്രെ. എന്നാൽ ഇപ്പോഴത്തെ സ്ഥിതിക്കു ഇക്കാൎയ്യം നടക്കുമെന്നു വിചാരിപ്പാൻ യാതൊരു മാൎഗ്ഗവും കാണുന്നില്ല. മഹാസേനപുത്രിയുമായി വിവാഹബന്ധം സ്വീകരിച്ചിരിക്കുന്ന സ്ഥിതിക്കു നമ്മുടെ പ്രഭു പത്മാവതിയെ സ്വീകരിക്കുന്നതല്ല. അഥവാ സ്വീകരിക്കുന്നതായാൽ തന്നെ പത്മാവതി സപത്നീത്വം ഇഷ്ടപ്പെടുമെന്നും തോന്നുന്നില്ല. ഈ വിഷമതകളെല്ലാം എങ്ങനെയാണു പരിഹരിക്കേണ്ടതു എന്നറിയുന്നില്ല.

രുമ — അസാദ്ധ്യമായ കാൎയ്യങ്ങളെപ്പററി ആലോചിക്കുന്നതുകൊണ്ടു ഫലമെന്തു്?

യൗഗ — ഇക്കാൎയ്യം തീരെ അസാദ്ധ്യമാണെന്നു പറവാൻ ഞാൻ തയ്യാറല്ല സഹായമുണ്ടെങ്കിൽ ഏതു കാൎയ്യമാണു സാധിപ്പാൻ കഴിയാത്തതു്.

'തടസ്സമേറെത്തുടരുന്നകാൎയ്യം
നടത്തുവാൻ നല്ല സഹായിവേണം

കാണേണ്ടതല്ലിൽബത! കണ്ടുകൊൾവാൻ
കണ്ണുള്ളവൎക്കും പണി ദീപമെന്ന്യേ”

രമ—മേൽ പറഞ്ഞ വിഷമതകളെ പരിഹരിപ്പാൻ ആരുടെ സഹായമാണു നിങ്ങൾ ആവശ്യപ്പെടുന്നതു്.

യൗഗ—ഇക്കാര്യത്തിൽ പ്രധാനമായി നിങ്ങളുടെ സഹായം മാത്രമേ ആവശ്യപ്പെടുന്നുള്ളൂ.

രമ—ഇതിൽ നിന്നു അങ്ങേയ്ക്കു എന്നിൽ വിശ്വാസം പോരെന്നല്ല ഞാൻ മനസ്സിലാക്കേണ്ടതു്?

യൗഗ—ഒരിക്കലുമല്ല. ഇക്കാൎയ്യം അത്ര ശ്രദ്ധമായിരിക്കേണ്ടതാണെന്നും നമ്മൾ രണ്ടുപേരുമൊഴികെ മററാരും അറിയത്തക്കതല്ലെന്നും കാണിക്കുന്നതിനു വേണ്ടി മാത്രം ഞാൻ ഇപ്രകാരം പറഞ്ഞതാണു്.

രമ—അങ്ങു പറയുന്നതെല്ലാം പ്രത്യക്ഷരം അനുസരിപ്പാൻ ഞാൻ തയ്യാറാണു്. എന്നെ വിശ്വസിക്കുക. എന്നെ ഒരു യഥാൎത്ഥഭൃത്യനായും മിത്രമായും വിചാരിക്കണം. എന്റെ പ്രാണത്യാഗം കൊണ്ടെങ്കിലും ഇക്കാൎയ്യത്തിൽ എനിക്കു അങ്ങയെ സഹായിപ്പാനും തന്മൂലം സ്വാമിയെ രക്ഷിപ്പാനും സാധിക്കുമെങ്കിൽ എന്റെ ഈ ജന്മം കൃതാൎത്ഥമായിത്തീരുന്നതാണു്.

യൗഗ—ബുദ്ധികൊണ്ടെന്നപോലെ സ്നേഹംകൊണ്ടും ജനങ്ങൾക്കു പല സഹായങ്ങൾ ചെയ്യാൻ സാധിക്കുന്നതാണു്; “മേധാബലം മാത്രമല്ല സാധകം കാൎയ്യസിദ്ധിയിൽ സ്നേഹവും വഴികാണിക്കും സുഹൃത്കാൎയ്യങ്ങൾ നേടുവാൻ” എന്നുള്ള ആപ്തവചനം ഒരിക്കലും അയഥാൎത്ഥമാകുന്നതല്ല. നിങ്ങളുടെ ഈ പ്രതിജ്ഞ

യാൽ ഞാൻ ഏറ്റവും സന്തുഷ്ടനായിരിക്കുന്നു. മഗധ രാജന്റെ വിഷയത്തിൽ തൽക്കാലം യാതൊന്നും ചെയ്യേണ്ടതില്ല. ഉജ്ജയിനിയിൽ ചെന്നു തിരികെ വന്നതിനുശേഷം ഞാൻ ഉദ്ദേശിക്കുന്നതും ഉദ്ദേശിക്കാവുന്നതുമായ ഉപായങ്ങളെല്ലാം യഥാവസരം അറിയിച്ചുകൊള്ളാം.

വത്സേശ്വരനായ ഉദയനൻ മഹാസേനരാജാവിന്റെ ബന്ധനത്തിൽ കിടക്കുന്നു എന്ന വൃത്താന്തം ദാവാഗ്നിപോലെ നാടെല്ലാം പരന്നിരിക്കുന്നു. പ്രജകളുടെ അഭിപ്രായം അറിവാനായി യൗഗന്ധരായണൻ പൌരപ്രധാനികളെയെല്ലാം വരുത്തി ഒരു സഭ കൂട്ടി, മഹാസേനന്റെ നീചപ്രവൃത്തിയെപ്പററിയും തങ്ങളുടെ സ്വാമിക്കും രാജ്യത്തിന്നും നേരിട്ട അവമാനത്തെപ്പററിയും ഇതിലേക്കു തക്കതായി ചെയ്യേണ്ട പ്രതിക്രിയയുടെ ആവശ്യകതയെപ്പററിയും ഔദാസീന്യമവലംബിക്കുന്നതായാൽ സംഭവിക്കാവുന്ന ദോഷങ്ങളെപ്പററിയും ശക്തിമത്തായി പ്രതിപാദിച്ചു. പ്രജകളുടെ അഭിപ്രായം അറിയാതെ താൻ സ്വയമായി യാതൊന്നും പ്രവൎത്തിക്കുന്നതല്ലെന്നും അവരുടെ അഭിപ്രായമനുസരിച്ചു താൻ എന്തുവേണമെങ്കിലും ചെയ്‌വാൻ തയ്യാറാണെന്നും അദ്ദേഹം സ്പഷ്ടമായിപ്പറഞ്ഞു. പ്രതിക്രിയ ഏതുതരത്തിലും അത്യാവശ്യമാണെന്നും സ്വാമിയെ ബന്ധനത്തിൽനിന്നു മോചിപ്പിക്കുന്നതിന്നു തങ്ങളുടെ സൎവ്വസ്വവും ഉപേക്ഷിപ്പാൻ തങ്ങളെല്ലാം തയ്യാറാണെന്നും ഈ അവമാനമാകുന്ന മാലിന്യത്തെ പ്രക്ഷാളനം ചെയ്യാതെ തങ്ങളുടെ ക്ഷുഭിതമായ ഹൃ

ഭയങ്ങൾ ആശ്വസിക്കുന്നതല്ലെന്നും പൌരന്മാർ ഐ-
കകണ്ഠ്യേന മന്ത്രിവൎയ്യനെ അറിയിച്ചു. അവരുടെ
മറുപടി കേട്ടു യൌഗന്ധരായണൻ ഇപ്രകാരം പറഞ്ഞു:-

"എന്റെ നിശ്ചയവും ഇതുതന്നെയാണ്. നമ്മു-
ടെ പൊന്നുതിരുമേനി ബന്ധനത്തിൽ കിടക്കുന്നതു
കണ്ടുകൊണ്ടു നമ്മൾ ജീവിക്കയാണെങ്കിൽ ഇതിനേ-
ക്കാൾ സാഹസവും നിന്ദ്യവുമായി മറ്റെന്താണുള്ളതു?
നിങ്ങളുടെ കല്പനയനുസരിച്ചു കാൎയ്യസിദ്ധിക്കായി ഞാൻ
ഇതാ പുറപ്പെടുന്നു. ഞാൻ സ്വാമിയോടുകൂടിയല്ലാതെ
തിരിച്ചുവരുന്നതല്ല. ഈ ജന്മത്തിൽ ഞാൻ വേറൊരു
പ്രഭുവിനെ സേവിക്കുന്നതല്ല. ഇത്രകാലം ആത്മനി-
ൎവ്വിശേഷമായി എന്നെയും നിങ്ങളെയും സ്നേഹിച്ചുവ-
ന്ന പൊന്നുതിരുമേനിയെ രക്ഷിപ്പാൻ എനിക്കു സാ-
ധിക്കാതെ വരികയാണെങ്കിൽ അന്നു എന്റെ ജീവി-
തം അവസാനിച്ചു എന്നു നിശ്ചയിക്കാം. തിരികെ വ-
രുന്നതുവരെ രാജ്യഭാരമെല്ലാം നിങ്ങളിൽ ഞാൻ സമൎപ്പി-
ച്ചിരിക്കുന്നു. തിരുമേനിയെ എതിരേൽപാനും അദ്ദേ-
ഹത്തിന്റെ വിവാഹമംഗളം ആലോചിപ്പാനും തയ്യാ-
റായിരിപ്പിൻ"

അടുത്ത ദിവസം കാലത്തു യൌഗന്ധരായണൻ
വസന്തകനും കൂടി കാൎയ്യസിദ്ധിക്കായി പുറപ്പെട്ടു.
അവരിരുവരും കാൽനടയായി യാത്ര ചെയ്തു സിംഹ-
വ്യാഘ്രാദി ദുഷ്ടമൃഗസങ്കുലമായ വിന്ധ്യാടവിയിൽ എ-
ത്തി ഉദയനന്റെ ആപ്തമിത്രമായ ശബരനാഥനുമാ-
യി സഖ്യം ചെയ്തു അന്നു രാത്രി ശബരാലയത്തിൽ
താമസിച്ചു. പിറ്റേദിവസം അതിരാവിലെ വഴിക്കാ-

ഞ്ഞിപ്പാൻ ശബരനാഥൻ നിയോഗിച്ച അനുചരന്മാരോടുകൂടി യാത്ര തുടൎന്നു. പത്തു ദിവസത്തെ യാത്രകൊണ്ടു് അവർ ഉജ്ജയിനിയിൽ എത്തി ശബരന്മാരെ തിരിച്ചയച്ചു അനന്തരം ഗൂഢമായി അങ്ങുമിങ്ങും സഞ്ചരിച്ചു് കപാലസങ്കലവും ഭയാനകവുമായ ഒരു ശ്മശാനത്തിൽ ചെന്നു് അവിടെ ഒരു ഐന്ദ്രജാലികനെക്കണ്ടു് അയാളുമായി സഖ്യംചെയ്തു് കാമരൂപം ധരിപ്പാനുള്ള കൗശലം ഗ്രഹിച്ചു. അനന്തരം രണ്ടുപേരും വികൃതരൂപം ധരിച്ചു് വേഷപ്രച്ഛന്നരായി തെരുവീഥികളിൽ പാട്ടുപാടിയും നൃത്താടിയും നടന്നുതുടങ്ങി. ഇവരുടെ വേഷവും ചേഷ്ടകളും കണ്ടു കുതൂഹലാകൃഷ്ടചിത്തരായ ബാലന്മാർ കൂട്ടം കൂട്ടമായി വളഞ്ഞു ഇവരെ പരിഹസിപ്പാനും ഉപദ്രവിപ്പാനും തുടങ്ങി. കുട്ടികളുടെ കൂവലും ഉപദ്രവവും വൎദ്ധിച്ചുതുടങ്ങി. വസന്തകന്റെ പലനേരംപോക്കുകൾ കണ്ടും രസകരമായ ഫലിതകഥകൾ കേട്ടും ബാലന്മാരിൽ ചിലർ നിശ്ശബ്ദരായിത്തീൎന്നു. ഈ കോലാഹലമെല്ലാം അന്തഃപുരത്തിലെ ഭൃത്യജനങ്ങൾ അറിഞ്ഞു് ഇവരെ സംഗീതശാലയിലേക്കു വിളിച്ചുകൊണ്ടുപോയി, ഇവരുടെ പ്രാകൃതമായ ചില പാട്ടുകളും വികൃതരൂപവും വിശേഷിച്ചു വസന്തകന്റെ നേരംപോക്കുകളും ഫലിതകഥകളും ദാസിമാരെ വിനോദിപ്പിച്ചു. ഈ വിവരം അന്തഃപുരസ്ത്രീകൾ അറിഞ്ഞു അവരും വസന്തകന്റെ ഫലിതകഥകൾ കേൾപ്പാൻ ആഗ്രഹിച്ചു. ഉദയനൻ സ്വതെ വിനോദപ്രിയനാകയാൽ അദ്ദേഹവും ഈ വിനോദങ്ങൾ കാണ്മാൻ ആഗ്രഹിക്കുന്ന വാസവദത്ത

അഭിപ്രായപ്പെട്ടതനുസരിച്ചു ഭൃത്യജനങ്ങൾ കപടവേഷധാരിയായ മന്ത്രിയേയും വസന്തകനേയും ഉദയനസമീപം നയിച്ചു. ഇവരുടെ ചില പഴയ പാട്ട്, പ്രാകൃതവേഷം, വസന്തകന്റെ വികൃതരൂപം, ഫലിതകഥകൾ മുതലായവ രാജാവിനേയും വാസവദത്ത മുതലായ അന്തഃപുരസ്ത്രീകളേയും വളരെ വിനോദിപ്പിച്ചു. വസന്തകൻ ഏററവും രസകരമായ ഒരു ഫലിതകഥകൊണ്ടു അന്തഃപുരജനങ്ങളെയെല്ലാം വിനോദിപ്പിക്കയായിരുന്നു. അവരെല്ലാം ആ കഥയിൽതന്നെ ലയിച്ചിരിക്കയാണെന്നു കണ്ടു ആരുമറിയാതെ യൗഗന്ധരായണൻ രാജാവിന്റെ കയ്യിൽഒരു എഴുത്തുകൊടുത്തു. ഇതിൽ എന്തോ ഒരു രഹസ്യം ഉണ്ടെന്നു കരുതി രാജാവ് ആരുംകാണാതെ എഴുത്തു സൂക്ഷിച്ചു. അന്തഃപുരസ്ത്രീകൾ കൊടുത്ത പല സമ്മാനങ്ങളും കൈക്കൊണ്ടു വസന്തകനും മന്ത്രിയും യാത്രപറഞ്ഞുപോയി എഴുത്തുവായിപ്പാനുള്ള ഉൽക്കണ്ഠയാൽ രാജാവ് കാര്യാന്തരവ്യാജേന വാസവദത്തയേയും മററും അവിടെനിന്നു പറഞ്ഞയച്ചു. അനന്തരം അദ്ദേഹം എഴുത്തുപൊട്ടിച്ചു വായിച്ചു. എന്തൊരാശ്ചര്യം! തങ്ങളെയെല്ലാം അത്രയുംനേരം പലതരത്തിൽ വിനോദിപ്പിച്ചവർ തന്റെ പ്രിയപ്പെട്ട മന്ത്രിയും സഖാവായ വസന്തകനുമാണെന്നറിഞ്ഞപ്പോൾ രാജാവിന്റെ ഹൃദയം ആശ്ചര്യസന്തോഷസംഭരിതമായിത്തീർന്നു. അവരെ വീണ്ടും ഒന്നു കാണ്മാൻ അദ്ദേഹത്തിന്റെ ഹൃദയം കൊതിച്ചു അവർ തനിക്കുവേണ്ടി അനുഭവിക്കുന്ന കഷ്ടതകളെപ്പററി ഓർത്ത് രാജാവ് അനുകമ്പാപൂർവ്വം ദുഃഖിച്ചു. അദ്ദേഹം

എഴുത്തു വീണ്ടും വായിച്ചു. അന്നു രാത്രിതന്നെ രാജാവു് വാസവദത്തയോടുകൂടി ആരുമറിയാതെ പുറപ്പെടണമെന്നും താനും വസന്തകനും സുമാർ രണ്ടുനാഴിക അകലെയായി നഗരത്തിൽ നിന്നു പുറത്തു കാത്തുനില്ക്കുന്നതാണെന്നും എഴുത്തിൽ കണ്ടു. മന്ത്രിയുടെ ഉപായങ്ങൾ ഫലിക്കാത്തപക്ഷം സംഭവിക്കാവുന്ന ആപത്തും ഉദ്ദേശം ഫലിക്കുന്നതായാൽ അനുഭവിക്കാവുന്ന ഭാഗ്യാതിരേകവും ഓൎത്തു രാജാവിന്റെ ഹൃദയം, അത്യുഗ്രമായ വെയിൽ തട്ടി തളൎന്നു നില്ക്കുന്ന താമരപുഷ്പം പെട്ടെന്നുണ്ടായ വർഷധാരയാൽ എന്നപോലെ ഒരേസമയംതന്നെ സുഖവും ദുഃഖവും അനുഭവിച്ചു. എഴുത്തു വായിച്ചു് രാജാവു് ചിന്താക്രാന്തനായിരിക്കുമ്പോൾ വാസവദത്ത അവിടെച്ചെന്നു. പ്രിയതമയുടെ പ്രേമാനുബന്ധനത്തിലുള്ള വിശ്വാസത്താൽ രാജാവു് വിവരമെല്ലാം വാസവദത്തയെ അറിയിച്ചു. ഒരുവശം ഭൎത്തൃസ്നേഹം, മറെറാരുവശം ബന്ധുജനങ്ങളെ പെട്ടെന്നു വിട്ടുപോകുന്നതിനാലുള്ള വിരഹദുഃഖം. സാധുവായ ആ സതീരത്നം എന്തുചെയ്യും. ഭൎത്താവിനെ ജീവിത സൎവസ്വമായി കരുതിവന്ന ആ സാധ്വി അദ്ദേഹത്തിന്റെ ഉദ്ദേശ്യത്തിനു എങ്ങനെ അനുകൂലിക്കാതിരിക്കും.

നേരം സന്ധ്യയായി. കാലപാശത്താൽ അന്യോന്യം വിഘടിതമായ ചക്രവാകമിഥുനം സൂൎയ്യാസ്തമയം കണ്ടു ഖേദിച്ചുതുടങ്ങി. ആകാശത്തെ അലങ്കരിപ്പാൻ പോകുന്ന രജനീപതിയുടെ ദൂതിമാരോ എന്നു തോന്നുമാറു് ഭ്രമരപംക്തികൾ കുമുദിനീസമീപം പ

റന്നുതുടങ്ങി. സൂൎയ്യനാകുന്ന ഭൎത്താവിൻെറ വിയോഗത്താൽ ദുഃഖിതയായിത്തീൎന്ന പശ്ചിമദിക്കിൻെറ കണ്ണുനീൎത്തുള്ളികൾ പോലെ നക്ഷത്രങ്ങൾ ആകാശമണ്ഡലത്തിൽ തിളങ്ങിത്തുടങ്ങി.

സമയം സുമാർ ഒൻപതുമണിയായി. അരമനയിൽ എല്ലാവരും ഭക്ഷണം കഴിഞ്ഞു ഉറക്കത്തിനുള്ള ഒരുക്കമായി. ഭൃത്യജനങ്ങളിൽ ചിലർ ഭക്ഷണംകഴിഞ്ഞു അവരവരുടെ ഗൃഹങ്ങളിലേക്കു പോയി. മററുള്ളവർ തങ്ങളുടെ ശയനമുറികളിൽ കിടന്നു കൂക്കംവലിക്കുന്നു. മണി പതിനൊന്നടിക്കുന്ന ശബ്ദം കേട്ടു. തെരുവീഥികളിൽ യഥേഷ്ടം സഞ്ചരിക്കുന്ന ക്രൂരറൻമൂരികളെപ്പോലെ പാറാവുകാർ നിന്നുകൊണ്ടുതന്നെ ഉറങ്ങുന്നു. രാജാവു് കാലേക്കൂട്ടിത്തന്നെ കൈക്കൂലി കൊടുത്തു ആനക്കാരനെ സ്വാധീനപ്പെടുത്തിയിരുന്നു. അൎദ്ധരാത്രിയായതിനാൽ പരിതഃസ്ഥലങ്ങളെല്ലാം നിശബ്ദതയിൽ ലയിച്ചിരിക്കുന്നു. അത്യുഗ്രമായ സൂൎയ്യരശ്മി തട്ടി ദഹിച്ചുപോയ ആകാശത്തിലെ കരിക്കട്ടപോലെ കൂരിരുട്ടു പ്രത്യക്ഷീഭവിച്ചു. ആയുധപാണിയായ ഉദയനൻ സ്വപ്രിയതമയോടുകൂടി നിശബ്ദമായി പതുക്കെ പുറപ്പെട്ടു. ആരുമറിയാതെതന്നെ അരമനയിൽനിന്നു പുറത്തു വന്നു. പാറാവുകാർ നിദ്രാദേവിയുടെ ഗാഢാലിംഗനസുഖം അനുഭവിക്കുന്നു. തങ്ങളുടെ യാത്രയ്ക്കു തടസ്സംചെയ്‌വാൻ ഒരുമ്പെട്ട ഒന്നുരണ്ടു നഗരരക്ഷകന്മാരെ രാജാവു് നിൎദ്ദയം നിഗ്രഹിച്ചു. അനുകമ്പാശീലനായ രാജാവു് നിൎദ്ദയമായ തൻെറ പ്രവൃത്തിയെപ്പററി ഖേദിച്ചു എങ്കിലും ആത്മ

രക്ഷാൎത്ഥമാണല്ലോ തനിക്കു ഇക്കാൎയ്യം ചെയ്യേണ്ടതായി വന്നതു എന്നാലോചിച്ചു ആശ്വസിക്കയും ചെയ്തു. അനന്തരം അവർ അതിവേഗത്തിൽ യാത്രതുടൎന്നു യൌഗന്ധരായണന്റെ സങ്കേതസ്ഥലത്തെത്തി. ഒട്ടും താമസിയാതെ എല്ലാവരും ആനപ്പുറത്തു കയറി വീണ്ടും യാത്ര ആരംഭിച്ചു.

ഇരുട്ടു കുറേശ്ശെ നശിച്ചുതുടങ്ങി. രാത്രിയാകുന്ന രാജകന്യകയുടെ ലീലാകന്ദുകം പോലെയും കാമദേവന്റെ കനകക്കണ്ണാടിപോലെയും ആകാശലക്ഷ്മിയുടെ സുവൎണ്ണകുണ്ഡലംപോലെയും ആകാശസൌധത്തിൽ അലങ്കാരമായി വെയ്ക്കപ്പെട്ട സ്വൎണ്ണകുംഭംപോലെയും ആകാശലക്ഷ്മിയുടെ ശ്വേതപാരാവതംപോലെയും രക്തമണ്ഡലനായ രജനീനാഥൻ ഉദിച്ചു പൊങ്ങിത്തുടങ്ങി.

നഗരരക്ഷകന്മാരുടെ മരണം നിമിത്തം ഉദയനൻ വാസവദത്തയോടുകൂടി ആരുമറിയാതെ ചാടിപ്പോയി എന്നുള്ള വൎത്തമാനം നേരം പ്രകാശമാവുന്നതിനു മുമ്പു തന്നെ പരസ്യമായി. ഈ വിവരം അറിഞ്ഞ ഉടൻ തന്നെ മഹാസേനൻ മന്ത്രിയേയും ചില പൌരപ്രമാണികളേയും വരുത്തി കൎത്തവ്യമെന്തെന്നു നിശ്ചയിപ്പാൻ ഒരു സഭ കൂട്ടി. ഈ സഭയുടെ തീരുമാനത്തെ പ്രതീക്ഷിക്കാതെ തന്നെ മഹാസേനന്റെ രണ്ടാമത്തെ പുത്രൻ -പാലകൻ-ഒരു ആനപ്പുറത്തു കയറി ഏതാനും ഭടന്മാരോടുകൂടി അതി വേഗത്തിൽ പുറപ്പെട്ടു. ഉദയനൻ ഒരു കാലത്തു ശത്രുവായിരുന്നുവെങ്കിലും പുത്രിയുടെ ഭൎത്താവെന്ന നിലയിൽ മഹാസേനന്റെ അടുത്ത ബന്ധുവും പൂജ്യനുമാകയാൽ അദ്ദേഹത്തിന്റെ ഗമനത്തിനു

തടസ്ഥമോ അദ്ദേഹത്തെ ഏതെങ്കിലും തരത്തിൽ ഉപദ്രവിക്കയോ ചെയ്യുന്നതു ഉചിതമല്ലെന്നും വാസവദത്തയെ ഭാൎയ്യയായി സ്വീകരിച്ചിട്ടുള്ള സ്ഥിതിക്കു ദമ്പതിമാൎക്കു ആയുരാരോഗ്യവും സൎവ്വമംഗളവും ആശംസിക്കയാണു വേണ്ടതു എന്നും രാജാവും മററു സഭാംഗങ്ങളും തീരുമാനിച്ചു. ഇതനുസരിച്ചു രാജാവു് പുത്രിക്കും ഉദയനനും യാതൊരു ഉപദ്രവവും ഉണ്ടാകാതെ പാലകനെ തിരികെ വിളിച്ചുകൊണ്ടു വരുവാൻ പ്രഥമപുത്രനായ ഗോപാലനെ നിയോഗിച്ചു.

ഉദയനൻ വാസവദത്ത മുതലായവർ നഡഗിരി എന്നു പേരായ മലങ്കോട്ടയ്ക്കു സമീപം എത്തി. മാൎഗ്ഗശ്രമത്താൽ വാസവദത്ത ക്ഷീണിച്ചിരുന്നതായി രാജാവിനും മററും തോന്നുകയാൽ നഡഗിരിയിൽ അല്പനേരം വിശ്രമിപ്പാനായി എല്ലാവരും താഴത്തിറങ്ങി. കുറച്ചുനേരം കഴിയുന്നതിനു മുൻപു തുരഗങ്ങളുടെ ഖുരശബ്ദവും ജനങ്ങളുടെ ആഘോഷധ്വനിയും കേൾക്കാറായി.

"കെട്ടിപ്പിണച്ചു ശരനാഴികൾതോളിലേന്തി-
ട്ടൊട്ടിച്ചപീലിനിരകററുതുടത്തുടത്തും
പട്ടാളമൊന്നു കുലവില്ലുകുലച്ചുകാണായ്
പെട്ടെന്നെതൃത്തരികലാത്തുവരുന്നഘോഷം"

എല്ലാവരും സംഭ്രമത്തോടെ പിന്നോട്ടു നോക്കിയപ്പോൾ കുറെ അകലെയായി അശ്വാരൂഢരായ കുറെ ഭടന്മാരും അവരുടെ മദ്ധ്യത്തിൽ ഭീമാകൃതിയായ ഗജപുംഗവൻെറ പുറത്തു കയറി പാലകനും വരുന്നതു കണ്ടു. ചെറുതായ ഒരു യുദ്ധത്തിനു ഇടയുണ്ടെന്നു കണ്ടു

ഉദയനനും യൌഗന്ധരായണനും ആയുധപാണികളായി യുദ്ധത്തിന്ന തയ്യാറായി നിന്നു. പാലകനും ഭടന്മാരും വളരെ അടുത്തു. പാലകനാകട്ടെ തൻെറ ഗജത്തെ ഉദയനനും മററും കയറിവന്ന ആനയുടെ നേരെ ഓടി ച്ചു എങ്കിലും ആനകൾ രണ്ടും അടുത്തപ്പോൾ അന്ന്യാന്ന്യം അറിഞ്ഞു പിൻതിരിഞ്ഞുപോയി. തൻെറ ശാസനകളെ ഗജം തീരെ വകവയ്ക്കുന്നില്ലെന്നു കണ്ടു പാലകൻ പൂർവാധികം ക്രുദ്ധനായി ശത്രുവിൻെറ നേരെ ശരങ്ങൾ പൊഴിച്ചുതുടങ്ങി. ഭാൎയ്യയുടെ സോദരനാണെന്നു വിചാരിച്ചു ഉദയനൻ പാലകൻെറ ശരങ്ങളെ തടഞ്ഞതല്ലാതെ എതിൎത്തു യുദ്ധം ചെയ്തില്ല. സഹോദരിയെക്കണ്ടപ്പോൾ പാലകൻെറ കോപം അല്പം ശമിച്ചു എങ്കിലും അദ്ദേഹം യുദ്ധത്തിൽ നിന്നും തീരെ വിരമിച്ചില്ല. ഇങ്ങനെയിരിക്കെ പിതാവിൻെറ സന്ദേശം വഹിച്ചുകൊണ്ടു ഗോപാലകൻ അവിടെ എത്തി കാൎയ്യമെല്ലാം അനുജനോടു പറഞ്ഞു. ഉടൻ തന്നെ പാലകൻ യുദ്ധത്തിൽ നിന്നു വിരമിച്ചു. സഹോദരന്മാർ സസന്തോഷം ഉജ്ജയിനിയിലേക്കു തിരിച്ചുപോയി. ഉദയനൻ മുതലായവർ വീണ്ടും യാത്ര തുടൎന്നു. അവർ പിറേറദിവസം ഉച്ചവരെ യാത്രചെയ്തു രാജാവിൻെറ സഖാവായ ശബരാധിപതിയുടെ വസതിക്കു സമീപം എത്തി. തൻെറ പൊന്നെജമാനൻ വരുന്ന വിവരം അറിഞ്ഞു ശബരാധിപതി രാജാവിനെയും മററും സോത്സാഹം എതിരേററു. അന്നു രാത്രി എല്ലാവരും ശബരാലയത്തിൽ തന്നെ താമസിച്ചു പിറേറ ദിവസം കാലത്തു

എല്ലാവരും പുറപ്പെടാറായപ്പോൾ ഉജ്ജയിനിയിൽ നിന്നു മഹാസേനരാജാവിന്റെ ഒരു ദൂതൻ അവിടെ എത്തി ഇപ്രകാരം അദ്ദേഹത്തിന്റെ സന്ദേശം ഉദയനനെ അറിയിച്ചു:—

"അങ്ങു എന്റെ പുത്രിയെ പത്നിയായി സ്വീകരിച്ചിരിക്കുന്ന വിഷയത്തിൽ ഞങ്ങൾക്കെല്ലാവക്കും അളവററ സന്തോഷമാണുള്ളതു്. പാലകന്റെ പ്രവൃത്തിയെക്കുറിച്ചു അങ്ങയ്ക്കു ഞങ്ങളുടെ നേരെ പരിഭവമേതുമുഷിച്ചുലോ തോന്നരുതു്. പാലകൻ ചെയ്തതെല്ലാം ഞങ്ങൾ ആരുമറിയാതെയും അവന്റെ ബുദ്ധിയില്ലായ്മ കൊണ്ടും ആകുന്നു. അങ്ങയെ കപടോപായം കൊണ്ടു സ്വാധീനപ്പെടുത്തേണ്ടിവന്നതിൽ എനിക്കു മനസ്താപമുണ്ടു്. എങ്കിലും എന്റെ ഉദ്ദേശം ഒട്ടുമുക്കാലും ഫലിച്ചിരിക്കുന്നതിനാൽ ഞങ്ങളുടെ സന്തോഷം അളവററതാണു്. അങ്ങയെപ്പോലുള്ള മനസ്വികൾ പരഗൃഹവാസം ഒരിക്കലും ഇഷ്ടപ്പെടുന്നതല്ലെന്നു എനിക്കു നല്ലപോലെ അറിയാം. അങ്ങയുടേയും വാസവദത്തയുടേയും പ്രേമാനുബന്ധം ദൃഢമായിത്തീരുന്നതുവരെ അങ്ങയെ എന്റെ ആധീനത്തിൽ വെച്ചുകൊണ്ടിരിക്കണമെന്നു മാത്രമേ ഞാൻ വിചാരിച്ചിരുന്നുള്ളു. നിങ്ങളുടെ വിവാഹം എന്റെ അരമനയിൽവെച്ചുതന്നെ അടുത്തു ആഘോഷിക്കണമെന്നായിരുന്നു എന്റെ ആഗ്രഹം. അതു ഇപ്പോൾ അസാധ്യമായി. പുത്രിക്കുവേണ്ട സ്ത്രീധനത്തോടും വിവാഹം ആഘോഷിക്കുന്നതിനുവേണ്ട ഒരുക്കങ്ങളോടും കൂടി എന്റെ പ്രഥമപുത്രൻ ഗോപാലകനെ

ഞാൻ കൌശാംബിയിലേക്ക നാളെത്തന്നെ അയയ്ക്കുന്നതാണ്. കന്യകാദാനം ചെയ്യേണ്ടതു വിധിപ്രകാരം ഞാനാണെങ്കിലും ഇക്കാര്യത്തിൽ പുത്രനെത്തന്നെ ഞാൻ ചുമതലപ്പെടുത്തിയിരിക്കുന്നു. ഞങ്ങളുടെ ഈ പ്രാൎത്ഥനയെ തള്ളിക്കളയാതെ വിവാഹമഹോത്സവം വേണ്ടുംവണ്ണം ആലോചിച്ചു പുത്രനെ തിരിച്ചയയ്ക്കുമെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു."

ഉദയനൻ മഹാസേനന്റെ സന്ദേശത്തെ സസന്തോഷം സ്വീകരിച്ചു. ദൂതനെ വേണ്ടുംവണ്ണം സമ്മാനിച്ചു തിരിച്ചയച്ചു. മഹാസേനന്റെ സന്ദേശം കേട്ട എല്ലാവരും സന്തോഷിച്ചു. അനന്തരം അവർ യാത്ര തുടൎന്നു സന്ധ്യയോടുകൂടി കൌശാംബിയിൽ എത്തി. ശരീരത്തിന്നു യാതൊരു ദോഷവും കൂടാതെ അരോഗദൃഢഗാത്രനായി തിരികെ വന്ന രാജാവിനേയും ഏവരേയും അതിശയിപ്പിക്കത്തക്ക സൌന്ദൎയ്യത്തോടുകൂടിയ മഹാസേനപുത്രിയേയും കണ്ടു പൌരന്മാരെല്ലാവരും അമന്ദമായ ആനന്ദം പൂണ്ടു. വാസവദത്ത രാജാവിന്റെ പട്ടമഹിഷിയാകാൻ പോകുന്നു എന്നറിഞ്ഞപ്പോൾ പൌരന്മാരുടെ സന്തോഷം ഇരട്ടിച്ചു. സൎവ്വത്ര ജനങ്ങളുടെ "ജയ ജയ" ശബ്ദം മുഴങ്ങിത്തുടങ്ങി. രാജാവും വാസവദത്തയും അരമനയിൽ പ്രവേശിച്ചു. അദ്ദേഹം ആദ്യമായി യോഗക്ഷേമവൃത്താന്തം അന്വേഷിച്ചു. പൌരന്മാരെല്ലാവരും മന്ത്രിശ്രേഷ്ഠനായ യൌഗന്ധരായണന്റെ ബുദ്ധിശക്തിയേയും സ്വാമിഭക്തിയേയും പ്രശംസിച്ചു. രാജാവും വാസവദത്തയും തമ്മിലുള്ള വിവാ

ഹം അഗ്നിസാക്ഷികമായി ഒരാഴ്ചയ്ക്കകം ആലോചിക്കണമെന്നു യൌഗന്ധരായണൻ നിശ്ചയിച്ചു. തന്മൂലം ജനങ്ങളെല്ലാം ആനന്ദഭരിതരായി സ്വഗൃഹങ്ങളിലേക്കു പോയി.

മഹാസേനന്റെ സന്ദേശപ്രകാരം പിറ്റേദിവസം കാലത്തു് എല്ലാ ഒരുക്കങ്ങളോടും കൂടി ഗോപാലകൻ അവിടെ എത്തി. സഹോദരീസഹോദരന്മാർ അന്യോന്യം ദർശനത്താൽ വളരെ സന്തോഷിച്ചു. പൌരന്മാർ വിവാഹത്തിനുവേണ്ട ഒരുക്കങ്ങൾ ചെയ്തുതുടങ്ങി. ഉദയനന്റെ ക്ഷണനമനുസരിച്ച് നാനാദിക്കുകളിൽ നിന്നും ബന്ധുമിത്രാദികൾ വിവാഹമഹോത്സവം കാണ്മാൻ വന്നുതുടങ്ങി. വിവാഹദിനവും സമാഗതമായി സകലകാര്യങ്ങളിലും യൌഗന്ധരായണന്റെ ശ്രദ്ധ പതിക്കയാൽ വിവാഹമഹോത്സവം ആഡംബരമായും മംഗളമായും അവസാനിച്ചു. പൌരന്മാർ ശക്ത്യനുസരണമായി രാജാവിനും പത്നിക്കും പല സമ്മാനങ്ങൾ നൽകി. വിവാഹമഹോത്സവം ശുഭമായി പര്യവസാനിച്ചു. വന്നവരെല്ലാം തിരിച്ചുപോയി. ഗോപാലകൻ രണ്ടുദിവസം അവിടെ താമസിച്ചശേഷം സ്വരാജ്യത്തിലേക്കു മടങ്ങി. കടാക്ഷങ്ങളാകുന്ന നവപല്ലവങ്ങളോടും വിലാസങ്ങളാകുന്ന മനോഹര കുസുമങ്ങളോടും കൂടി വാസവദത്തയുടെ പ്രേമവല്ലി തഴച്ചുവളൎന്നുവന്നു. ബന്ധനത്തിൽ നിന്നു മുക്തനായ രാജാവ് പ്രിയതമയുടെ പ്രേമശൃംഖലയാൽ വീണ്ടും ബന്ധിതനായി.

# V.

യൗഗന്ധരായണൻ അശ്രാന്തപരിശ്രമത്താലും ബുദ്ധിവൈഭവത്താലും ഉദയനൻ ബന്ധനവിമുക്തനായി. ശത്രുഗതമായ രാജ്യം വീണ്ടെടുക്കുക എന്നതായിരുന്നു യൗഗന്ധരായണൻെറ അടുത്ത ആഗ്രഹം. ഒരു രാജാവിൻെറ ഐശ്വൎയ്യമെല്ലാം മന്ത്രിയിലാണല്ലോ സ്ഥിതിചെയ്യുന്നതു്. യൗഗന്ധരായണൻ തൻെറ പൂൎവസങ്കല്പമനുസരിച്ചു സേനാപതിയോടുകൂടി വീണ്ടും മന്ത്രാലോചന തുടങ്ങി.

യൗഗ—നമ്മുടെ ഉദ്ദേശം ഏതാനും ഫലിച്ചുവെങ്കിലും ഇനി നമ്മൾ ചെയ്യേണ്ടിയിരിക്കുന്ന കാൎയ്യങ്ങളിലാണു കൂടുതൽ വിഷമതകൾ കിടക്കുന്നതു്. സ്വാമി വീണ്ടും വിനോദാദികളിൽ തൽപരനായിത്തീൎന്നിരിക്കുന്നു. ഇനി നമ്മൾ മൌനമവലംബിക്കുന്നതായാൽ ഏറെ താമസിയാതെ ശിഷ്ടമുള്ള രാജ്യവും ശത്രുക്കളുടെ അധീനത്തിൽപ്പെട്ടുപോകുന്നതാണു്. സ്വാമിക്കു ഈവക ചിന്തകളൊന്നും ഉള്ളതായി തോന്നുന്നില്ല. വിനോദതല്പരന്മാരും വിലാസാലസന്മാരുമായ നൃപതികളെ കാമദേവൻ അനായാസേന വഞ്ചിക്കുന്നു. ഇതെല്ലാം വീണ്ടും അഭ്യൎത്ഥിച്ചുകൊണ്ടു പറയുന്നതുകൊണ്ടു പറയത്തക്ക പ്രയോജനമുണ്ടാകുമെന്നു തോന്നുന്നില്ല. നമ്മുടെ ധൎമ്മം നമ്മൾ ചെയ്യണം.

സേനാപ—മഹാസേനൻ നമ്മുടെ ശത്രുവായിരുന്നുവെങ്കിലും അദ്ദേഹത്തിൻെറ പുത്രിയെ സ്വാമി ഭാൎയ്യയായി സ്വീകരിച്ചിരിക്കുന്നതിനാൽ ബന്ധുവായി തീ

ന്നിരിക്കയാണല്ലൊ. പുതിയ ഈ ബന്ധം നിമിത്തം അദ്ദേഹം നമ്മെ സഹായിക്കുന്നതും സഹായിക്കേണ്ടതു മാണ്. ഈ നിലയ്ക്കു അസാദ്ധ്യമായ കാര്യങ്ങളെപ്പററി ആലോചിക്കേണ്ട ആവശ്യമുണ്ടോ?

യൗഗ—മഗധരാജാവിൻെറ സഹായം അത്യാവശ്യമാണെന്നാണു എനിക്കു തോന്നുന്നത്. മഹാസേനരാജാവിൻെറ സഹായംകൊണ്ടു മാത്രം നമ്മുടെ കാൎയ്യം ഫലിക്കുന്നതല്ല. നമ്മുടെ ശത്രുക്കൾ അദ്ദേഹത്തിൻെറ മിത്രങ്ങളാകയാൽ അദ്ദേഹത്തിനു വിചാരിക്കുന്നതുപോലെ നമ്മെ സഹായിപ്പാൻ സാധിക്കാതേയും വന്നേയ്ക്കാം. യുദ്ധം വിജയകരമായിത്തീരുന്നതിലേക്കുള്ള സകല ഒരുക്കങ്ങളും ചെയ്തുതീൎന്നതിനുശേഷമേ നമ്മുടെ ഉദ്ദേശം ശത്രുക്കളെ അറിയിക്കാൻ പാടുള്ളു. മഹാസേനൻ നമ്മെ സഹായിക്കുമെന്നു വിചാരിച്ചേക്കാം. എങ്കിലും അദ്ദേഹത്തിൻെറ സഹായം മാത്രം ആശ്രയിക്കുന്നതായാൽ ഉദ്ദേശം സാധിക്കാതിരിപ്പാനും എളുപ്പമുണ്ട്. എല്ലാററിനും പുറമെ അദ്ദേഹത്തിൻെറ നീചപ്രവൃത്തിയെപ്പററി ഓൎക്കുമ്പോൾ അദ്ദേഹത്തെ ആശ്രയിപ്പാൻ എൻെറ മനസ്സാക്ഷി അനുവദിക്കുന്നതുമില്ല.

സേനാ—സ്വാമി ഒന്നും അറിയാത്ത മട്ടിൽ ഉദാസീനനായിരിക്കയാണെങ്കിൽ നമ്മുടെ ഉദ്ദേശം എങ്ങിനെ ഫലിക്കും? അദ്ദേഹത്തിൻെറ ആനുകൂല്യവും ഇക്കാൎയ്യത്തിൽ ആവശ്യമല്ലേ?

യൗഗ—വല്ല ഉപായം കൊണ്ടുതന്നെ സ്വാമിയുടെ ആനുകൂല്യം നമുക്കു സമ്പാദിക്കണം. പണ്ടു മഹാസേനൻ എന്നു പേരായ ഒരു രാജാവു് ശത്രുവിൻെറ

കൈവശം അകപ്പെട്ടുപോയി. പ്രാണേശ്വരിയായ പ്രിയതമയുടെ വിയോഗത്താൽ അദ്ദേഹം ദിവാനിശം ദുഃഖിച്ചുകൊണ്ടു ശത്രുവിന്റെ അധീനത്തിൽ കാലം കഴിച്ചു വരവെ അദ്ദേഹത്തെ ഗുൽമ്മവ്യാധി ബാധിച്ചു. യോഗ്യരായ പല വൈദ്യന്മാരും ചികിത്സിച്ചുവെങ്കിലും അദ്ദേഹത്തിന്റെ രോഗത്തിന്നു യാതൊരു കുറവുമുണ്ടായില്ല. ഇങ്ങനെ ഇരിക്കെ ഒരു ദിവസം യാദൃശ്ചികമായി ഒരു വൈദ്യൻ അവിടെച്ചെന്നു. അദ്ദേഹം രാജാവിന്റെ സുഖക്കേടിനെപ്പറ്റി വിവരങ്ങൾ എല്ലാം ചോദിച്ചറിഞ്ഞു. ഈ വ്യാധിയിൽ അസാധാരണമായ ചില ഹേതുക്കൾ അന്തർഭവിച്ചിട്ടുണ്ടെന്നു ബുദ്ധിമാനായ വൈദ്യൻ നിശ്ചയിച്ചു. അനന്തരം അദ്ദേഹം മഹാസേനന്റെ അടുക്കൽ ചെന്നു. രാജാവും വൈദ്യനും അന്യോന്യം കുശലപ്രശ്നാദികൾ ചെയ്തുകൊണ്ടിരിക്കവെ തനിക്ക ഏററവും പരിതാപകരമായ ഒരു സംഭവം രാജാവിനെ അറിയിക്കേണ്ടതുണ്ടെന്നു വൈദ്യൻ പറഞ്ഞു. എത്രതന്നെ വ്യസനകരമായിരുന്നാലും ആ സംഭവം തന്നെ സംബന്ധിച്ചതാണെങ്കിൽ നിശ്ചയമായും പറയുകതന്നെ വേണമെന്നു രാജാവ് നിർബ്ബന്ധിച്ചുതുടങ്ങി. വിയോഗദുഃഖം സഹിപ്പാൻ വയ്യാതെ അദ്ദേഹത്തിന്റെ ഭാൎയ്യ അകാലമരണം പ്രാപിച്ചുപോയി എന്നു വൈദ്യൻ രാജാവിനോടു പറഞ്ഞു. ഇതു കേട്ട ഉടനെ രാജാവ് ദുസ്സഹമായ ശോകാവേശത്താൽ മൂർച്ഛിതനായി താഴെ വീണു. പെട്ടെന്നുള്ള ഈ വീഴ്ചയാൽ രാജാവിന്റെ ഗുൽമ്മബന്ധം ഉടഞ്ഞുപോയി എന്നും അദ്ദേഹം സ്വസ്ഥ

നായിത്തീൻ എന്നും കേട്ടിട്ടുണ്ട്. ഇത്തരത്തിൽ വല്ല ഉപായങ്ങളും പ്രയോഗിക്കാതെ നമ്മുടെ ഉദ്ദേശം ഫലിക്കുമെന്നു തോന്നുന്നില്ല. ഉന്മത്തചിത്തരായ നൃപതിമാരെ ആപത്തിൽ നിന്നു രക്ഷിക്കേണ്ടതു ചുമതല മന്ത്രിമാൎക്കാണു്. ശത്രുസാമന്തന്മാരുടെ കയ്യിൽ പെട്ടിരിക്കുന്ന രാജ്യം വീണ്ടെടുക്കുന്ന വിഷയത്തിൽ മഗധരാജാവിൻെറ സഹായം അത്യാവശ്യമാണെന്നു ഞാൻ മുൻ പറഞ്ഞിട്ടുള്ളതു നിങ്ങൾ ഓൎക്കുന്നുണ്ടായിരിക്കുമല്ലോ?

സേനാ—നല്ലപോലെ ഓൎക്കുന്നുണ്ട്. എന്നാൽ ഇതിലുള്ള വൈഷമ്യങ്ങളെ പരിഹരിക്കുന്ന കാൎയ്യം അസാദ്ധ്യമായിട്ടാണല്ലോ കാണുന്നതു്. മഗധരാജാവിൻെറ സഹായം സ്വപുത്രിയുടെ വിവാഹത്തെ ആശ്രയിച്ചിരിക്കുന്നു. നമ്മുടെ കാൎയ്യസിദ്ധിയും പത്മാവതിയുടെ വിവാഹവും തമ്മിൽ അന്യോന്യം വിരുദ്ധമായും ഇരിക്കുന്നു. ഈ വൈഷമ്യം എങ്ങനെ പരിഹരിക്കും?

യൗഗ—വാസവദത്ത ജീവിച്ചിരിക്കുന്നിടത്തോളം കാലം സ്വാമി മറെറാരു സ്ത്രീയെ വിവാഹം ചെയ്കയില്ലെന്നുള്ളതു നിശ്ചയംതന്നെ. ഇക്കാൎയ്യത്തിൽ എനിക്കു ഒരു യുക്തിയേ തോന്നുന്നുള്ളു. അതു എത്രയും ഗൂഢമായിരിക്കേണ്ടതുമാണു്. നമുക്കെല്ലാവൎക്കും കൂടി കുറെ ദിവസം ലാവാണകഗ്രാമത്തിൽ ചെന്നു താമസിക്കാം. അവിടെ താമസം തുടങ്ങിയാൽ ഒരു ദിവസം രാജാവിനെ ഏതെങ്കിലും പ്രകാരത്തിൽ എവിടെയെങ്കിലും അയയ്ക്കണം. കാൎയ്യങ്ങളുടെ വിഷമതയും നമ്മുടെ ഉദ്ദേശവുമെല്ലാം രാജപത്നിയെ ശരിയായി മനസ്സിലാക്കുകയും വേണം. ഈ ഉപായമെല്ലാം തൻെറയും ഭൎത്താവിൻെറയും

ഹിതത്തിനു വേണ്ടിയാണെന്നറിയുമ്പോൾ ബുദ്ധിമതിയായ രാജ്ഞി നമുക്കു അനുകൂലിക്കാതിരിക്കയില്ല. രാജാവു് തിരികെ വരുമ്പോൾ രാജ്ഞി അഗ്നിബാധയിൽ പെട്ടു മരിച്ചുപോയി എന്നു വ്യാജമായി ഉൽഘോഷിക്കണം.

സേനാ—ഈ സങ്കടവൎത്തമാനം സ്വാമി സഹിക്കുമോ? തുല്യാനുരാഗമായ യുവതീയുവാക്കന്മാരുടെ വിയോഗം ആപത്തിൽ അവസാനിപ്പാനും ഇടയുണ്ടല്ലോ. വിശാഖലൻ എന്നു പേരായ ഒരു വ്യാപാരി വിദേശങ്ങളിൽ പോയി രത്നവ്യാപാരം ചെയ്യുന്നതിനായി വിശ്വസ്തനായ തന്റെ സചിവനോടാവശ്യപ്പെട്ടു. നവോഢയായ ഭാൎയ്യയെ വിട്ടു വിദേശസഞ്ചാരം ചെയ്വാൻ സചിവനു തീരെ മനസ്സില്ലായിരുന്നു. എങ്കിലും പ്രഭുവിന്റെ ആദേശം അനുസരിക്കാതെ ഗത്യന്തരമില്ലല്ലോ എന്നു വിചാരിച്ചു സചിവൻ പ്രിയതമയെ സാന്ത്വനോക്തികൾ കൊണ്ടു് ആശ്വസിപ്പിച്ചു മനസ്സില്ലാമനസ്സോടെ കപ്പൽ കയറി വിദേശത്തിലേക്കുപോയി. അദ്ദേഹം തിരിച്ചുവരുവാൻ ഉദ്ദേശിച്ചതിലധികം താമസമായിപ്പോയി. അസഹ്യമായ വിരഹദുഃഖത്താൽ സചിവന്റെ ഭാൎയ്യ ഭൎത്താവു് തിരികെ വരുന്നതിനു മുമ്പായി മരിച്ചുപോയി. സചിവൻ തിരിച്ചുവന്നു ഈ വൃത്താന്തം കേട്ടു് അപാരമായി ദുഃഖിച്ചു. അദ്ദേഹത്തിനു ആഹാരാദികളിൽ ശ്രദ്ധയില്ലാതായി. ക്രമേണ ശരീരം മെലിഞ്ഞു ബലം ക്ഷയിച്ചു് ഏറെ താമസിയാതെ അദ്ദേഹവും മരിച്ചു. ക്ഷുതായി വിവാഹം ചെയ്ത ദമ്പതിമാരുടെ വിരഹദുഃഖം ഏററവും ദുസ്സഹമാണെ

ന്നല്ലേ ഈ സംഭവത്തിൽ നിന്നു നാം മനസ്സിലാക്കേണ്ടതു്?

യൗഗ—നിങ്ങൾ പറഞ്ഞ സംഭവം ശരിയായിരിക്കാം. ഇതിനു വിപരീതമായ ലക്ഷ്യം വഹിക്കുന്ന സംഭവങ്ങളും നടന്നിട്ടുള്ളതായി നമുക്കറിയാം. ദശകണ്ഠകുലാന്തകനായ ശ്രീരാമൻ തൻെറ ഏക പത്നിയായ സീതാദേവിയെ ആത്മനിർവ്വിശേഷമായും അളവില്ലാതെയും സ്നേഹിച്ചു വന്നിരുന്നു എന്നുള്ള കാര്യം സുപ്രസിദ്ധമാണ്. പത്നീവിയോഗത്താൽ ശ്രീരാമൻ സാധാരണജനങ്ങളെപ്പോലെ അനല്പമായി വ്യസനിച്ചു അനവധി സങ്കടങ്ങൾ അനുഭവിക്കയും ചെയ്തു എങ്കിലും ആത്മത്യാഗം ചെയ്തില്ല. ശ്രീരാമൻെറ മനഃസ്ഥിതി സാധാരണ ജനങ്ങൾക്കു് ഉണ്ടായിരിക്കുമോ എന്നു നിങ്ങൾ ചോദിക്കുമായിരിക്കാം. ശ്രീരാമൻ സാധാരണ നിലയിലും ഒരു ഉത്തമരാജാവിനെപ്പോലെയാണു ഓരോ കാര്യങ്ങളും ചെയ്തു കാണുന്നതു്. മററു അവതാരപുരുഷന്മാരുടെ പ്രവൃത്തികളിൽ കാണുന്ന അസാധാരണതയും അസംഭാവ്യതയും ശ്രീരാമൻെറ പ്രവൃത്തികളിൽ കാണുന്നില്ല. ഒരു യഥാർത്ഥ രാജാവിൻെറ നിലയിലും, യഥാർത്ഥ സോദരൻെറ നിലയിലും, യഥാർത്ഥ ഭർത്താവിൻെറ നിലയിലും, യഥാർത്ഥ പുത്രൻെറ നിലയിലും ഒരുവൻ ഏതു തരത്തിലാണു തൻെറ ജീവിതം നയിക്കേണ്ടതു എന്നതിലേക്കു ശ്രീരാമൻെറ ജീവിതത്തേക്കാൾ ഉത്തമദൃഷ്ടാന്തം മററെന്താണുള്ളതു്? രാജാക്കന്മാരുടെ രാജ്യവും ഐശ്വര്യവും പ്രധാനമായി സചിവന്മാരെയാണു് ആശ്രയിക്കുന്നതു്. യഥാർത്ഥ സചിവന്മാർ നൃപതിമാരു

ടെ ധനസഞ്ചയം രക്ഷിക്കുന്ന ഭൂഗൃഹങ്ങളാണ്. ആപത്തിൽപ്പെട്ട രാജാക്കന്മാരെ സചിവന്മാർ പല ഉപായങ്ങൾ കൊണ്ടും രക്ഷിച്ചതായി പല കഥകളും നമുക്കറിയാം. രാജ്ഞി മരിച്ചു എന്നു കേട്ടാൽ സ്വാമി വളരെ ദുഃഖിക്കുമെന്നുള്ളതിനു സംശയമില്ല. ഒരു സമയം അദ്ദേഹം അസഹ്യമായ ദുഃഖത്താൽ പ്രാണത്യാഗം ചെയ്യാൻ ഉദ്യമിച്ചു എന്നും വരാം. ഇതൊന്നും കൂടാതെ കഴിക്കേണ്ടതു നമ്മുടെ ചുമതലയാണ്. ഏതു കാര്യത്തിലും സംശയിക്കയാണെങ്കിൽ പ്രതിദിനം ആഹാരാദികളിൽപോലും സംശയിക്കാവുന്നതാണ്. അങ്ങനെ തുടങ്ങുന്നതായാൽ പ്രവൃത്തിക്കു അവസരംതന്നെ കിട്ടാതെ പോകുന്നു. നമ്മുടെ ഉദ്ദേശം ഏററവും പരിശുദ്ധമാണെന്നു സർവസാക്ഷിയായ ദൈവത്തിനു അറിയാം. മനസ്സാക്ഷിക്കു വിരോധമില്ലാതെ നമ്മൾ നമ്മുടെ കൃത്യം ചെയ്കയാണെങ്കിൽ സർവശക്തനായ ദൈവം നമ്മെ സഹായിക്കും.

"സത്തുകൾക്കു വിചികിത്സിതങ്ങളിൽ
ചിത്തവൃത്തിയതുതാൻ പ്രമാണമാം"

എന്നല്ലേ മഹദ്വചനം.

സേന—"ഉപായം ചിന്തയൻ പ്രാജ്ഞഃ
അപായം ച വിചിന്തയേത്"

എന്നതും മഹദ്വചനമാണല്ലോ? കാര്യസിദ്ധിക്കായി ഒരുവൻ ഉപായങ്ങളെപ്പററി ആലോചിക്കുമ്പോൾ സംഭാവ്യങ്ങളായ അപായങ്ങളെപ്പററിയും ചിന്തിക്കേണ്ടതാണ്. അങ്ങയുടെ ഉദ്ദേശത്തിനോ യുക്തിഃക്കോ വിപരീതമായി ഞാൻ യാതൊന്നും പറയുന്നില്ല, പറയുന്നതുമല്ല.

യൗഗന്ധരായണൻ തന്റെ ഉദ്ദേശസിദ്ധിക്കനുഗുണമായി രാജാവിനേയും രാജ്ഞിയേയും ലാവാണകയാത്രയിൽ ഉൽസുകരാക്കിത്തീൎത്തു. യാത്രയ്ക്കുവേണ്ട ഒരുക്കങ്ങളെല്ലാം ഒരുവിധം അവസാനിപ്പിച്ചു. പ്രൌഢന്മാരായ മന്ത്രിമാരുടെ ഗൂഢോദ്ദേശങ്ങൾ ആൎക്കറിവാൻ കഴിയും. രാജാവും രാജ്ഞിയും യാത്രയ്ക്കു തയ്യാറായിരിക്കുമ്പോൾ അവിടെ ഒരു താപസൻ യാദൃച്ഛികമായി വന്നു. ആഗതനായ താപസനെ രാജാവും പത്നിയും അൎഘ്യപാദ്യാദികൾ കൊണ്ടു യഥാവിധി പൂജിച്ചു. രാജാവിന്റെയും രാജ്ഞിയുടെയും ഭക്തിവൈഭവം കണ്ടു സന്തുഷ്ടനായ താപസൻ ഇപ്രകാരം പറഞ്ഞു:—

അങ്ങയേയും അങ്ങയുടെ പത്നിയേയും കാണുമ്പോൾ എനിക്കു പാണ്ഡുപുത്രനായ അൎജ്ജുനന്റേയും പാഞ്ചാലരാജപുത്രിയായ ദ്രൗപതിയുടേയും കഥ ഓൎമ്മവരുന്നു. പാണ്ഡവന്മാർ പാഞ്ചാലിയെ വിവാഹം ചെയ്ത സമയത്തു നാരദമഹൎഷി അവരോടു ഒരു കഥ പറയുണ്ടായി. ഈ കഥയുടെ പ്രസ്താവം പ്രകൃതത്തിൽ യോജിക്കാത്തതാണെങ്കിലും രാജാക്കന്മാർ ഒന്നിലധികം ഭാൎയ്യമാരെ സ്വീകരിക്കുക എന്നതു ശാസ്ത്രസമ്മതമാകയാൽ അവരും അവരുടെ പത്നിമാരും ഈ വക കഥ ഓൎത്തിരിക്കേണ്ടതാണ്. പണ്ടു സുന്ദൻ ഉപസുന്ദൻ എന്നു പേരായി രണ്ടു രാക്ഷസവീരന്മാർ ഉണ്ടായിരുന്നു. ഇന്ദ്രൻ തുടങ്ങിയ ദേവന്മാർപോലും വളരെക്കാലം ഈ രാക്ഷസന്മാരുടെ അസഹ്യമായ ഉപദ്രവം സഹിച്ചുവന്നു. അവസാനം ദേവന്മാരെല്ലാവരും കൂടി ബ്രഹ്മാവിന്റെ അടുക്കൽ ചെന്നു സങ്കടം ബോധിപ്പിച്ചു. ബ്ര

ഹമാവു് ദേവസ്ത്രീകളെപ്പോലും അതിശയിക്കത്തക്ക ലാവണ്യത്തോടുകൂടിയ ഒരു സ്ത്രീയെ സൃഷ്ടിച്ചു. ഈ തരുണീരത്നം ഒരു ദിവസം ഭ്രമരകോകിലാദികളുടെ മധുരസപാനത്താൽ അതി രമണീയമായിരുന്ന വസന്തകാലത്തു് വിലാസങ്ങളാൽ ഏവരുടേയും മനസ്സിനെ ആകർഷിക്കമാറു സുന്ദോപസുന്ദന്മാരുടെ മുമ്പിൽ ചെന്നു വിഹരിച്ചുതുടങ്ങി. ഈ തരുണീരത്നത്തിൻെറ അദൃഷ്ടപൂർവ്വമായ ലാവണ്യം കണ്ട മാത്രയിൽ "ഇവളെ ഞാൻ വിവാഹം ചെയ്യും. ഇവൾ എൻെറ ഭാര്യയായിരിക്കണം" എന്നും മററും വാദിച്ചുകൊണ്ടു സഹോദരന്മാർ തമ്മിൽ കലഹിച്ചു ഭിന്നിച്ചു. എന്നു മാത്രമല്ല അവരുടെ കലഹം ക്രമേണ വർദ്ധിച്ചു് ഇരുവരും തമ്മിൽ യുദ്ധം തുടങ്ങി. അവസാനം രണ്ടുപേരും മരിച്ചുപോയി.

പ്രകൃതത്തിൽ താപസൻെറ ഈ കഥാപദേശം കൊണ്ടു രാജാവും രാജ്ഞിയും അറിയേണ്ട സാരം എന്താണെന്നു വായനക്കാർ തന്നെത്താൻ ഊഹിച്ചുകൊള്ളുമെന്നു വിചാരിക്കുന്നു.

താപസൻെറ കഥോപദേശം കേട്ടു രാജാവും രാജ്ഞിയും അദ്ദേഹത്തെ നമസ്കരിച്ചു. അദ്ദേഹം രാജാവിനും പത്നിക്കും അവസരോചിതവും അന്തസ്സാര പരിപൂർണ്ണവുമായ ആശീർവ്വാദങ്ങൾ നൽകി യാത്രയായി.

താപസൻ പോയ ഉടൻതന്നെ രാജാവും രാജ്ഞിയും മന്ത്രി മുതലായവരോടുകൂടി ലാവാണകത്തിലേയ്ക്കു പുറപ്പെട്ടു. ദയിതാസംഭോഗാമൃതനിർഭരനായ ഉദയനൻ ലാവാണകോദ്യാനത്തിൽ വിഹരിച്ചുകൊണ്ടു യ

ഥാസുഖം വാസം തുടങ്ങി. ആപ്തമിത്രമായ വസന്ത കൻ യൗഗന്ധരായണന്റെ നിർദ്ദേശമനുസരിച്ചു രാജാവിനെ മൃഗയാവിനോദത്തിൽ ഉൽസുകനാക്കിത്തീൎത്തു. ഒരു ദിവസം രാജാവു് ഏതാനും ഭടന്മാരോടുകൂടി നായാട്ടിനായി പുറപ്പെട്ടു. വസന്തകൻ ചില ഒഴികഴിവുകൾ പറഞ്ഞു രാജാവിനെ അനുഗമിച്ചില്ല. പ്രാണത്യാഗംകൊണ്ടുപോലും ഭൎത്താവിനു ഹിതം ചെയ്വാൻ സൎവ്വദാ സന്നദ്ധയായിരുന്ന രാജ്ഞിയുടെ അരികത്തുചെന്നു് യൗഗന്ധരായണൻ കാൎയ്യമെല്ലാം പറഞ്ഞു മനസ്സിലാക്കി. തന്റെ പ്രേമവിശ്വാസാദികൾക്കു ഏകഭാജനമായ ഭൎത്താവിന്റെ വിയോഗവും തനിക്കു സംഭവിപ്പാൻ പോകുന്ന സപത്നീത്വവും ഓൎത്തു ഏകപത്നീവ്രതയായ രാജപത്നി അത്യന്തം ഖേദിച്ചുവെങ്കിലും ഭൎത്തൃവിയോഗവും സപത്നീസ്വീകാരവും ഭൎത്താവിന്റെ ഹിതത്തിനാണെന്നു കരുതി ബുദ്ധിമതിയായ ആ സതീരത്നം മന്ത്രിപുംഗവന്റെ അഭിപ്രായങ്ങൾക്കു അനുകൂലിക്കതന്നെ ചെയ്തു.

"കണവനു സപത്നിയെക്കൊടുത്തും
പ്രണയത്താൽ ഗൃഹിണീജനം തുണയ്ക്കും
വഴി, വൻപുഴയേകിടുന്നു വേറേ-
പുഴകൾക്കും സ്വയമാഴിയോടുചേരാൻ"

യൗഗന്ധരായണൻ സേനാപതിയെ വിളിച്ചു് മുൻ പറഞ്ഞതെല്ലാം വീണ്ടും ആവൎത്തിച്ചു. തന്റെ കൃത്യം താൻ ശരിയായി നിൎവ്വഹിച്ചുകൊള്ളാമെന്നു സേനാപതി വാക്ദാനം ചെയ്തു. നേരം സന്ധ്യയായിത്തുടങ്ങി. നായാട്ടും കഴിഞ്ഞു ഉദയനരാജാവു് ശബരാലയത്തിൽ വിശ്ര

മിക്കുന്നു. അദ്ദേഹത്തിൻെറ അന്നത്തെ വേട്ട ഏററവും വിജയകരവും ഉത്സാഹകരവുമായിരുന്നു. അടുത്ത ദിവസം കാലത്തുതന്നെ മടങ്ങണമെന്നും മൃഗയാവിനോദവാർത്തകൊണ്ടു പ്രിയതമയെ സന്തോഷിപ്പിക്കണമെന്നും വിചാരിച്ചു അദ്ദേഹം ഉൽസാഹഭരിതനായി ഉല്ലാസത്തോടെ അരണ്യമദ്ധ്യത്തിൽ ഉറങ്ങുന്നു. യൗഗന്ധരായണൻ പരിവ്രാജകൻെറ വേഷവും വാസവദത്ത ആവന്തികാവേഷവും വസന്തകൻ ഒരു ബ്രഹ്മചാരിയുടെ വേഷവും സ്വീകരിച്ചു് അർദ്ധരാത്രി സമയത്തു ലാവാണകം വിട്ടു മഗധരാജ്യത്തിലേക്കു പുറപ്പെട്ടു. ഭൃത്യജനങ്ങളെല്ലാം ഗാഢനിദ്രയിൽ ലയിച്ചിരിക്കയാണെന്നു കണ്ടു രുമണ്വാൻ യൗഗന്ധരായണൻെറ നിർദ്ദേശമനുസരിച്ചു് രാജഗൃഹത്തിനു തീവെച്ചു. പ്രാസാദത്തിൽ തീ പിടിച്ചു ഭയങ്കരമായി കത്തിത്തുടങ്ങിയപ്പോൾ രുമണ്വാൻ നിലവിളിതുടങ്ങി. ഇതു കേട്ടു ഉറങ്ങിക്കൊണ്ടിരുന്ന ഭൃത്യജനങ്ങളെല്ലാം ഉണർന്നു എല്ലാവരും കൂടി ഉറക്കെ നിലവിളിച്ചു. അയൽക്കാരെല്ലാവരും അവിടെ ഓടിഎത്തുമ്പോഴെക്കും മാളികയുടെ പല ഭാഗങ്ങളും കത്തി ഇടിഞ്ഞുവീഴുന്നതായിക്കണ്ടു. രാജ്ഞിയും തിരുമേനിയും അർമനയ്ക്കകത്തു പെട്ടുപോയെന്നും അവരെ രക്ഷിക്കണമെന്നും പറഞ്ഞു സേനാപതിയും ഭൃത്യജനങ്ങളും മുറവിളികൂട്ടി. ഫലമെന്തു്? പ്രാസാദമെല്ലാം അഗ്നിഭഗവാനു് ഇരയായിത്തീർന്നു.

നേരം പ്രഭാതമായപ്പോഴേയ്ക്കും ഉദയനരാജാവു് വേട്ടയ്ക്കു പോയിരിക്കുന്നുവെന്നും പ്രാസാദത്തിൽ എങ്ങ

നെയൊ തീപിടിച്ച് രാജ്ഞിയും യൗഗന്ധരായണനും അഗ്നിബാധയിൽപെട്ടു മരിച്ചുപോയി എന്നും ഉള്ള വൎത്തമാനം കാട്ടുതീപോലെ നാടെല്ലാം പരന്നു.

## VI

ഉദയനൻ പ്രകാശമാവുന്നതിനു മുമ്പുതന്നെ അത്യുത്സാഹത്തോടുകൂടി പുറപ്പെട്ടു അതിവേഗമായി യാത്ര തുടങ്ങി. ഗ്രാമം സമീപിക്കുന്തോറും ജനങ്ങൾ അവിടവിടെ കൂട്ടംകൂട്ടമായിരുന്ന് എന്തോ ചിലതു പിറുപിറുക്കുന്നതു അദ്ദേഹം കണ്ടു. അദ്ദേഹം ഇതൊന്നും ശ്രദ്ധിക്കാതെ വളരെ വേഗമായി ഗ്രാമത്തിൽ എത്തി. ആശാപൂൎണ്ണമാനസനായി അദ്ദേഹം പ്രിയതമയെക്കാണ്മാൻ അതിയായ ഉൽക്കണ്ഠയോടെ സ്വഭവനത്തിനു സമീപം ചെന്നപ്പോൾ കണ്ട കാഴ്ച എത്ര ദാരുണമായിരുന്നു. കത്തിക്കരിഞ്ഞുപോയ പ്രാസാദത്തിന്റെ മുക്കിലും മൂലയിലുമായി ഭൃത്യജനങ്ങൾ ഇരുന്നു കരഞ്ഞുകൊണ്ടിരുന്നു. രാജാവിനെക്കണ്ടപ്പോൾ അവരെല്ലാവരും മുക്തകണ്ഠം വിലപിച്ചു. രുമണ്വാൻ രാജസമീപം ഓടിച്ചെന്നു രാജാവിന്റെ കാൽ രണ്ടും കെട്ടിപ്പിടിച്ചു കരഞ്ഞുതുടങ്ങി. തന്റെ പ്രിയതമയ്ക്കു വിശേഷമൊന്നുമില്ലല്ലോ എന്നു സംഭ്രമത്തോടെ രാജാവ് ചോദിച്ചു. ഈ ചോദ്യത്തിനു സേനാപതി എന്തു സമാധാനം പറയും. അദ്ദേഹം പൂൎവ്വാധികം കരഞ്ഞുതുടങ്ങി. വാസവദത്ത ജീവിച്ചിരിക്കുന്നുവോ എന്നായിരുന്നു രാജാവിന്റെ പിന്നത്തെ ചോദ്യം. രുമണ്വാൻ വിമ്മിവിമ്മിക്കരഞ്ഞതല്ലാതെ ഈ ചോദ്യ

ത്തിനും സമാധാനം പറഞ്ഞില്ല. യൗഗന്ധരായണൻ എവിടെയെന്നായിരുന്നു രാജാവു് പിന്നീടു ചോദിച്ചതു്. സേനാപതി യാതൊരു സമാധാനവും പറയാതെ കരയുന്നതു കണ്ടു രാജാവു് ഭൃത്യജനങ്ങളെ അരികത്തു വിളിച്ചു കാൎയ്യം ചോദിച്ചു. കരഞ്ഞുകൊണ്ടു തന്നെ അവർ കാൎയ്യമെല്ലാം രാജാവിനെ അറിയിച്ചു.

“ഹാ! കഷ്ടം! ഇങ്ങനെയൊരു സംഭവം ഉണ്ടാകുമെന്നു ആർ അറിഞ്ഞു. പ്രിയെ! ഞാൻ ആൎത്തനായി, അനാഥനായി, അഗതികനുമായി. ഞാൻ ഭവതിയിൽ അനുരക്തനായിരുന്നില്ലേ? പെട്ടെന്നു ഇത്തരത്തിൽ എന്നെ ഉപേക്ഷിച്ചുപോകുമാറു ഞാൻ എന്തപരാധമാണു ചെയ്തിട്ടുള്ളതു്? ഭവതിയുടെ ഇഷ്ടത്തിനു വിരോധമായി ഞാൻ എന്തെങ്കിലും പ്രവൎത്തിച്ചുവോ? ഞാൻ നിരപരാധിയാണെങ്കിൽ അകാരണമായി എന്നെ പരിത്യജിച്ചുപോകുന്നതു ഭവതിയുടെ അസാധാരണമായ സ്നേഹത്തിനു യോജിച്ചതാണോ? ഇനി ഞാൻ എങ്ങനെ ജീവിച്ചിരിക്കും? ജീവിച്ചിരിക്കയാണെങ്കിൽ എന്നെപ്പോലെ നൃശംസന്മാർ ലോകത്തിൽ മററാരെങ്കിലുമുണ്ടായിരിക്കുമോ? ഭവതിയില്ലാതെ എനിക്കു രാജ്യമെന്തിനാണു്? ഗൃഹംകൊണ്ടു പ്രയോജനമെന്തു്, ബന്ധുക്കളുടെ ആവശ്യമെന്താണു്? ഭവതിയുടെ മരണമോ എൻെറ ജീവിതമോ ഇതിൽ ഏതാണു് അസംഭാവനീയമെന്നു നിൎണ്ണയിപ്പാൻ എനിക്കു സാധിക്കുന്നില്ല. കുലക്രമത്തെ ഗണിക്കാതെയും പിതൃജനങ്ങളെ അപേക്ഷിക്കാതെയും ജനാപവാദം ശങ്കിക്കാതെ ലജ്ജയെ ത്യജിച്ചു് സഖീജനങ്ങളെ ഉ

പേക്ഷിച്ച് പിതൃജങ്ങളെ ഖേദിപ്പിച്ച് ഭവതി എ
ൻെറകൂടെ വന്നതു് ദുഷ്ടവിധിയുടെ ശാസനം അനുസരി
ച്ചു എന്നെന്നേക്കും ദുഃഖിക്കുമാറു എന്നെ ഏകാകി
യായി പരിത്യജിച്ച് തന്നത്താൻ പരലോകസുഖം
അനുഭവിക്കാനാണെന്നു ഞാൻ അറിഞ്ഞില്ല. ഭവതി
എനിക്കുവേണ്ടി സ്വജനങ്ങളെ ഉപേക്ഷിച്ചു. ഞാൻ
കാരണമായി സ്വപ്രാണനേയും ഉപേക്ഷിച്ചു. നിരർത്ഥ
കമായ അശ്രുമോചനംകൊണ്ടു ഭവതിയുടെ ആത്മാ
വിനെ ലഘൂകരിക്കണമെന്നു ഞാൻ വിചാരിക്കുന്നി
ല്ല. ഇനി ചന്ദ്രോദയം എന്തിനാണു്? വസന്തകാലം
വ്യർത്ഥമായിത്തീൎന്നു. വർഷകാലത്തിൻെറ ആരംഭാ
ഡംബരങ്ങൾ നിഷ്ഫലം തന്നെ. കുമുദം, കുവലയം,
കൽഹാരം മുതലായ പുഷ്പങ്ങൾ ഇനി വികസിക്കുമെ
ന്നു ഞാൻ വിചാരിക്കുന്നില്ല. വെൺനിലാവിൻെറ
ആവശ്യമെന്തു്. മലയമാരുതൻ നിരാശനായി. ഈ
സമയത്തു എനിക്കു മരണമാണു ജീവിതം, ജീവി
തം മരണവുമാണു്. എന്തായാലും എൻെറ പ്രിയതമെ
വളരെ ദൂരം പോകുന്നതിനു മുമ്പായി ഞാൻ ഭവ
തിയെ അനുഗമിക്കുന്നുണ്ടു്."

രാജാവു് ഇപ്രകാരം വിലപിക്കുന്നതുകണ്ടു രുമ
ണ്വാൻ പറഞ്ഞു.

"ദീപം അഗ്നിയെ പ്രകാശിപ്പിക്കാറില്ല. ജല
ബിന്ദുക്കൾ കൊണ്ടു സാഗരം നിറയുന്നതല്ല. വിശറി
യാൽകൊടുങ്കാററിൻെറ ശക്തി വർദ്ധിക്കുന്നില്ല. ഞങ്ങ
ളെപ്പോലുള്ള അല്പന്മാർ ഭവാദൃശന്മാൎക്കു ഉപദേശിക്കേ
ണ്ടതായി യാതൊന്നുമില്ല. എത്രതന്നെ ബുദ്ധിമാനാ

യാലും, വിദ്വാനായാലും, വിവേകിയാണെങ്കിലും, ധീരനാണെങ്കിലും ഒരുവന്റെ വിശുദ്ധമായ മനസ്സ് വർഷജലത്താൽ സരസ്സെന്നപോലെ ദുഃഖാതിപാതത്താൽ കലുഷമായിത്തീരുന്നു. മനസ്സ കലുങ്ങുമ്പോൾ ദർശനം നശിക്കുന്നു, വിവേകം കുറയുന്നു, ബുദ്ധി വേണ്ടതുപോലെ പ്രവർത്തിക്കുന്നില്ല. ഇക്കാരണത്താൽ ദേവന്റെ ഈ ദുഃഖാവസ്ഥ കണ്ടു ഞാൻ ചിലതു പറവാനുദ്ദേശിക്കുന്നതു അവിവേകമാണെന്നു വിചാരിക്കരുതു്.

സാധാരണയായി ക്ലേശഭീരുക്കളും അകൃതജ്ഞരും സുഖാനുഭോഗതൽപരന്മാരുമായ ജനങ്ങൾ സ്നേഹത്തിനു സദൃശമായ വിധത്തിൽ യാതൊന്നും ചെയ്‌വാൻ സാധിക്കാതെ കേവലം നിഷ്ഫലമായ അശ്രുമോചനം കൊണ്ടു സ്നേഹത്തെ വെളിപ്പെടുത്തുവാൻ യത്നിക്കുന്നു. അനുമരണം എന്നതു അറിവില്ലാത്തവർ ആചരിക്കുന്ന നിരർത്ഥകമായ ഒരു പന്ഥാവാണു്. ഒരാൾ തന്റെ ഏററവും പ്രിയപ്പെട്ട ഭാൎയ്യയോ, ഭർത്താവോ, പിതൃജനങ്ങളോ മരിച്ചുപോയി എന്നുള്ള കാരണത്താൽ സ്വപ്രാണനെ ത്യജിപ്പാൻ ഉദ്യമിക്കുന്നു എങ്കിൽ ആയതു് അജ്ഞാനത്തിന്റെ വിലാസമെന്നോ മൂഢതയുടെ ഭേദമെന്നോ പറയാവുന്നതാണു്. ശോകം അസഹ്യമാണെന്നു വിചാരിച്ചു ഒരാൾ പ്രാണത്യാഗം ചെയ്യുന്നുവെങ്കിൽ അതുകൊണ്ടു സ്വാൎത്ഥതയെ വെളിപ്പെടുത്തുകയാണു ചെയ്യുന്നതു്. അനുമരണം ഇരുകൂട്ടൎക്കും ഉപകരിക്കുന്നില്ല. അനുമരണത്താൽ മരിച്ചവർ ജീവിക്കുന്നില്ല, അവരുടെ ധൎമ്മം വർദ്ധിക്കുന്നില്ല, അവർ ഇതു

കൊണ്ടു പുണ്യലോകം പ്രാപിക്കുന്നതുമല്ല. ഇപ്രകാരം ഒരാൾ അനുമരണംകൊണ്ടു മരിച്ചവർക്കു യാതൊരു ഗുണവും ചെയ്യുന്നില്ലെന്നു മാത്രമല്ല ഈ സാഹസകൎമ്മം നിമിത്തം സ്വയം പാപിയായിത്തീരുന്നു. നേരെമറിച്ച ഒരാൾ ജീവിച്ചിരിക്കയാണെങ്കിൽ മരിച്ചപോയവൎക്കും തന്മൂലം തനിക്കും പല ഗുണങ്ങൾ ചെയ്‌വാൻ സാധിക്കുന്നതാണ്. ഭൎത്തൃനാശത്തിനുശേഷം ഭാൎയ്യമാരും ഭാൎയ്യാവിയുക്തരായ ഭൎത്താക്കന്മാരും ജീവസന്ധാരണം ചെയ്യുക എന്നതാണ് സ്വാഭാവികമായ പന്ഥാവ്. അനുമരണത്തിൽ പ്രിയജനസംയോഗം ഉണ്ടാകുമെന്നു നിശ്ചയമുണ്ടെങ്കിൽ അപ്രകാരം ചെയ്യുന്നതു നിഷ്ഫലമല്ലെന്നു പറയാം. ഇതൊന്നും ആലോചിക്കാതെ ഭവാദൃശന്മാർ പ്രാകൃതജനങ്ങളെപ്പോലെ സാഹസം പ്രവൎത്തിക്കയാണെങ്കിൽ അറിവില്ലാത്ത ജനങ്ങളുടെ കഥയെന്താണ്? വിധി ബലവാനാണല്ലോ. നിയതിയെ അനുസരിക്കാതെ മനുഷ്യൎക്കു ശ്വാസോച്ഛ്വാസം പോലും ഇഷ്ടംപോലെ ചെയ്‌വാൻ സാധിക്കുന്നതല്ല. അത്യന്തം നിഷ്ഠൂരനായ ദുഷ്ടദൈവത്തിന്റെ പിശുനങ്ങളായ വിലസിതങ്ങളെ അവ്യാജസുന്ദരമായ നിൎമ്മലപ്രേമം ദീൎഘകാലം സഹിക്കയില്ലെന്നുള്ളതു പരമാൎത്ഥം തന്നെ. സാധാരണയായി ജീവികളുടെ സുഖങ്ങൾ അല്പമായും നശ്വരമായും ദുഃഖങ്ങൾ ദീൎഘകാലം നിലനില്ക്കുന്നതായും കാണുന്നു. എങ്ങനെ നോക്കിയാലും ആത്മനിന്ദ ആശാസ്യമല്ലെന്നാണ് അഭിജ്ഞന്മാർ പറയുന്നതു്. ധീരന്മാർ ആപത്തുകളെ സധൈൎയ്യം സന്തരിക്കുന്നു."

സേനാപതിയുടെ പ്രശാന്തഗംഭീരമായ ഉപദേശം കേട്ടു രാജാവു് കുറെനേരം നിശ്ചേഷ്ടനായി ഇരുന്നു. വണ്ടും ഇപ്രകാരം പറഞ്ഞു:—

"യൌഗന്ധരായണൻ ഇല്ലാതെ എൻെറ ജീവിതംകൊണ്ടു പ്രയോജനമെന്തു്? ഏററവും രമ്യമായി തോന്നിയിരുന്ന ജീവലോകം ഇപ്പോൾ എനിക്കു വിപരീതമായിത്തീൎന്നിരിക്കുന്നു. എൻെറ നേത്രങ്ങൾ അന്ധങ്ങളായി, ദിക്കുകളെല്ലാം ശൂന്യമായി, എൻെറ ജീവിതഫലം നശിച്ചുപോയി. ഇനി എനിക്കു സമയോചിതമായ ഉപദേശങ്ങൾ തരുവാൻ ആരുണ്ടു്? എൻെറ രഹസ്യകാൎയ്യങ്ങളെല്ലാം ഇനി ഞാൻ ആരോടുപറയും. സ്വന്തം സോദരനെപ്പോലെ ഇത്രകാലം എന്നെ സ്നേഹിച്ചുവന്ന ആ മഹാത്മാവിനു ഇങ്ങനെ ഒരു അവസ്ഥയാണോ വന്നതു്. എന്നെപ്പോലെ അല്പപുണ്യന്മാരും ഭാഗ്യഹീനരുമായി ലോകത്തിൽ മററാരുമുണ്ടായിരിക്കയില്ല. ഇത്തരത്തിലുള്ള ഒരു യഥാൎത്ഥമിത്രം ഇനി എനിക്കു് ഈ ജന്മത്തിൽ കിട്ടുമോ? എൻെറ പ്രഭുത്വം നശിച്ചു, ജീവിതം വിഫലമായി, രാജ്യം നിഷ്പ്രയോജനവുമായി.

യൌഗന്ധരായണനെപ്പററി രാജാവു് എത്രതന്നെ പ്രശംസിച്ചാലും എത്രതന്നെ ദുഃഖിച്ചാലും അധികമാകുന്നതല്ല. സമ്പത്തിലും ആപത്തിലും യാതൊരു വിശേഷവും കൂടാതെ പ്രഭുവിനെ സേവിക്കുന്നവരാണല്ലോ യഥാൎത്ഥഭൃത്യന്മാർ. അവരെ ഉയൎത്തിയാൽ അവർ താഴുന്നു. അവൎക്കു എത്രതന്നെ സ്വാതന്ത്ര്യം കൊടുത്താലും അവർ തുല്യബുദ്ധിയോടുകൂടി സംഭാഷണം

ചെയ്യുന്നില്ല. അവർ പ്രശംസകളെ വെറുക്കുന്നു. ആവശ്യപ്പെടാതെ തന്നെ അവർ സ്വകൃത്യങ്ങൾ യഥാകാലം ചെയ്യുന്നു എന്നു മാത്രമല്ല തങ്ങൾ ചെയ്തതിനെപ്പററി അവർ പ്രസ്താവിക്കപോലുമില്ല. യുദ്ധത്തിൽ ധ്വജം പോലെ അവർ മുന്നിട്ടുനിൽക്കുന്നു. ധനത്തേക്കാൾ സ്നേഹത്തെയാണു ഇവർ കൂടുതൽ ബഹുമാനിക്കുന്നതു് ജീവിതത്തേക്കാൾ മരണത്തെ അധികമായി ആദരിക്കുന്നു. സ്വഗ്ഗത്തിൽ വസിക്കുന്നതിനേക്കാൾ പ്രഭുപദങ്ങളെ ആശ്രയിച്ചിരിക്കുന്നതാണു ഇവക്കു അധികം സുഖമായി തോന്നുന്നതു്. നേത്രങ്ങൾ ഇരിക്കെ അന്ധരെപ്പോലെയും ശ്രോത്രങ്ങൾ ഇരിക്കെ ബധിരന്മാരെപ്പോലെയും വാഗ്മികളാണെങ്കിലും മൂകന്മാരെപ്പോലെയും സർവ്വദാ പ്രതിബിംബം പോലെ ഇവർ സ്വാമിയുടെ ഹൃദയമാകുന്ന കണ്ണാടിയിൽ വത്തിക്കുന്നു. ഇത്തരത്തിലുള്ള യഥാത്ഥഭൃത്യന്മാർ ലഭിക്കുക എന്നതു അപരിമിതമായ പുണ്യസഞ്ചയത്തിൻെറ ഫലം തന്നെയാണു്."

രുമണ്വാൻ പല തരത്തിലുള്ള തത്വോപദേശങ്ങൾ കൊണ്ടു രാജാവിനെ സാഹസത്തിൽ നിന്നു നിവത്തിപ്പിച്ചു. തൻെറ കമ്മഫലം താൻതന്നെ അനുഭവിക്കാതെ ഗത്യന്തരിമില്ലെന്നു നിശ്ചയിച്ചു് രാജാവു് തൽക്കാലം രോദനത്തിൽ നിന്നു വിരമിച്ചു.

വാസവദത്ത അഗ്നിബാധയിൽപ്പെട്ടു മരിച്ചുപോയി എന്ന വത്തമാനം സവ്വത്ര പരന്നുകഴിഞ്ഞു. ഈ സങ്കടവൃത്താന്തം കണ്ണാകണ്ണികയാ മഹാസേനരാജാവും പത്നിയും അറിവാനിടയായി. പുത്രിയുടെ മരണവൃ

ത്താന്തം കേട്ട രാജ്ഞി മുക്തകണ്ഠം വിലപിച്ചുതുടങ്ങി. രാജ്ഞിയെ ആശ്വസിപ്പിക്കാൻ പരിജനങ്ങളും മററും ചെയ്ത യത്നങ്ങളെല്ലാം വിഫലമായിത്തീന്നതല്ലാതെ രാജ്ഞിയുടെ കരച്ചിലിന്നു യാതൊരു കുറവുമുണ്ടായില്ല. ഈ വിവരം അറിഞ്ഞു മഹാസേനരാജാവു തന്നെ അസഹ്യമായ തന്റെ ശോകം ഒതുക്കിവെച്ചു പത്നിയെ സമാധാനപ്പെടുത്തുന്നതിന്നായി രാജ്ഞിയുടെ അരികത്തുചെന്നു. താൻ വളരെപ്പണിപ്പെട്ടു് അടക്കിവെച്ചതായ ദുഃഖഭാരം പത്നിയെക്കണ്ടപ്പോൾ താനറിയാതെ തന്നെ പൊട്ടിപ്പുറപ്പെട്ടു അശ്രുരൂപമായി ഒഴുകിത്തുടങ്ങി. അദ്ദേഹം രാജ്ഞിയുടെ സമീപം ചെന്നിരുന്നു് സ്പർശാമൃതവർഷിയായ കരപല്ലവം കൊണ്ടു പത്നിയുടെ കണ്ണുനീർ തുടച്ചു ഇപ്രകാരം പറഞ്ഞു:—

"ദേവി, വാസവദത്ത മരിച്ചുപോയിക്കഴിഞ്ഞു. അവളെ ഓർത്തു നമ്മൾ ഇപ്രകാരം ഖേദിക്കുന്നതുകൊണ്ടു ഫലമെന്തു്? നമ്മൾ ഇത്രമാത്രം ശുഭകമ്മങ്ങളേ ചെയ്തിട്ടുള്ളു. ഇതിൽ അധികമായി സുഖം അനുഭവിപ്പാൻ നമ്മൾ അർഹിക്കുന്നവരല്ല. നമ്മൾ ചെയ്യാത്ത ശുഭകമ്മങ്ങളുടെ ഫലം കേവലം ഉരസ്താഡനം കൊണ്ടു നമുക്കു കിട്ടുന്നതല്ല. ഏവക്കും വിധിയുടെ ശാസനം അലംഘനീയമാണു്. പുത്രിയുടെ അതിദുർല്ലഭമായ ജന്മോത്സവത്താൽ നമ്മൾ ആനന്ദിച്ചു. അവളെ മടിയിൽവെച്ചു അവളുടെ ചന്ദ്രതുല്യമായ മുഖം കണ്ടു നമ്മൾ സന്തോഷിച്ചു. അവളുടെ അവ്യക്തമധുരമായ പ്രഥമജല്പിതങ്ങൾ കേട്ടു ആഹ്ലാദിച്ചു. ബാല്യചേഷ്ടകൾ കണ്ടു ആമോദിച്ചു. അവളുടെ വിദ്യാഭ്യാസ

പാടവം കണ്ടു നമ്മുടെ ഹൃദയം ആനന്ദിച്ചു. യൗവ്വനാവസ്ഥയെ പ്രാപിച്ച അവളുടെ സൌന്ദര്യശോഭ കാണ്മാനും നമുക്കു സാധിച്ചു അവൾക്കു് അനുരൂപനായ ഒരു വരൻ അവളെ വിവാഹം ചെയ്തു. അവൾ കുറെക്കാലം ഭർത്താവോരുമിച്ചു ദാമ്പത്യസുഖം അനുഭവിക്കുന്നതു കാണ്മാൻ നമുക്കു ഭാഗ്യമില്ലാതായി. പുത്രിയുടെ മരണവൃത്താന്തം കേട്ടിട്ടുപോലും യാതൊരു വികാരവും കൂടാതെ ഇരിക്കുന്ന നമ്മുടെ കഠിനഹൃദയം കല്ലുകൊണ്ടു നിർമ്മിച്ചതായിരിക്കുമോ; മരണഭീരുക്കളായ നമ്മുടെ പ്രാണങ്ങൾ പുത്രിയെ അനുഗമിക്കാത്തതു എന്തുകൊണ്ടു്? എന്തായാലും അശ്രുമോചനം കൊണ്ടും ഉരസ്താഡനം കൊണ്ടും യാതൊരു ഫലവും സിദ്ധിക്കുന്നതല്ല അതിനാൽ നമുക്കു പുത്രിയെ അനുഗമിക്കാം അല്ലാത്തപക്ഷം സർവ്വസ്വവും ദാനം ചെയ്തു കാട്ടിൽ ചെന്നു തപസ്സു ചെയ്യാം''

രാജാവു് ഇത്രയും പറഞ്ഞപ്പോഴേക്കും മന്ത്രി അവിടെ വന്നു. സുഹൃത്തുക്കൾ സ്വയം ദുഃഖിതരാണെങ്കിലും തങ്ങളുടെ ദുഃഖം മറന്നു സുഹൃജ്ജനങ്ങൾക്കു ദുഃഖശാന്തി ചെയ്വാൻ യത്നിക്കുന്നതു ലോകസാധാരണമാണല്ലോ. രാജാവിൻേറയും രാജ്ഞിയുടെയും ദുഃഖാവസ്ഥ കണ്ടു മന്ത്രി ഇപ്രകാരം പറഞ്ഞു:—

വിചിത്രമായ ഈ സംസാരത്തിൻെറ ഉൽപത്തിസ്ഥിതിനാശങ്ങൾക്കു് കാരണഭൂതനായ ഈശ്വരൻെറ ഇച്ഛയാൽ പ്രാണികൾ തങ്ങളുടെ ശുഭാശുഭങ്ങളായ കർമ്മങ്ങളുടെ ഫലമനുസരിച്ചു് സുഖദുഃഖാദികൾ അനുഭവിക്കുന്നു. പ്രാണികൾ തങ്ങളുടെ കർമ്മഫലം അനുഭ

വിക്കുന്ന വിഷയത്തിൽ ഈശ്വരൻ നിരപരാധിയും നിഷ്പക്ഷപാതിയുമാകുന്നു. ആ്വപത്തിൽ ജനങ്ങൾ ദൈവത്തെ ഉപാലംഭനം ചെയ്തുപോകുന്നു. ദുഷ്ടരെ ശിക്ഷിക്കുന്നതുകൊണ്ടോ ശിഷ്ടരെ രക്ഷിക്കുന്നതുകൊണ്ടോ ഒരു രാജാവു് പക്ഷപാതിയാണെന്നു പറയാവുന്നതല്ലല്ലോ ജനങ്ങൾക്കു സുഖവും ദുഃഖവും കൊടുക്കുന്ന വിഷയത്തിൽ ദൈവം അസ്വതന്ത്രനാകുന്നു. അവനവന്റെ കർമ്മഫലം സുഖമായാലും ദുഃഖമായാലും അവനവൻ അനുഭവിക്കാതെ ഗത്യന്തരമില്ല. കർമ്മഫലം അനുഭവംകൊണ്ടല്ലാതെ മറെറാന്നുകൊണ്ടും നശിക്കുന്നതല്ല. അസഹ്യമായ ദുഃഖം നേരിടുമ്പോൾ ആത്മത്യാഗംകൊണ്ടു ദുഃഖശാന്തിയും കർമ്മനാശവും ചെയ്യാമെന്നു ആഗ്രഹിക്കുന്നതു വെറും വിഡ്ഢിത്തമാണ്. യുക്തിക്കു വിരുദ്ധമാണെന്നു പറഞ്ഞു് സ്വാർത്ഥപ്രിയന്മാരായ ചില പരിഷ്കാരികൾ തങ്ങളുടെ ജീവിതരീതിക്കു യോജിക്കാത്ത വേദവാക്യങ്ങളെ അനാദരിക്കുന്നു. യുക്തിക്കവസാനമില്ല. യുക്തിയും ന്യായവും ലോകത്തിന്റെ ഉൽഗതിക്കു ആവശ്യം തന്നെ. എങ്കിലും യുക്തിവിരുദ്ധമാണെന്നുള്ള കാരണത്താൽ മാത്രം വേദങ്ങളേയും ശാസ്ത്രങ്ങളേയും അനാദരിക്കുന്നതു ശരിയല്ല. യുക്തിവിരുദ്ധമായ പല കാൎയ്യങ്ങൾ സംഭാവ്യമാണെന്നു് അനുഭവംകൊണ്ടു സമ്മതിക്കേണ്ടിയിരിക്കുന്നു. വൈദികങ്ങളും അവൈദികങ്ങളുമായ മന്ത്രങ്ങൾ ഉച്ചരിക്കുന്നതിനാൽ പലതരത്തിലുള്ള സിദ്ധികൾ കാണുന്നു. ഇതിലെല്ലാം എന്തു യുക്തിയാണുള്ളതു്? ലോകം സുഖദുഃഖസമ്മിശ്രമായിട്ടാണു് കാണുന്നതു്. സുഖവും

ദുഃഖവും ഒരാൾക്കും ശാശ്വതമല്ല. അതിനാൽ നമുക്കു പൂർവ്വാധികം സൽകർമ്മങ്ങൾ ചെയ്യാം. സൽകർമ്മങ്ങളാൽ അന്തഃകരണം വിശുദ്ധമാകുമ്പോൾ പാപകർമ്മങ്ങളിൽ വൈരാഗ്യം ജനിക്കുന്നു. ഗൃഹസ്ഥജീവിതം നയിച്ചുകൊണ്ടുതന്നെ ജനങ്ങൾക്കു പല പുണ്യങ്ങളും സമ്പാദിക്കാവുന്നതാണ്. വാസവദത്തയുടെ ആത്മാവിനു ശാന്തി കിട്ടട്ടെ!!

## VII

വാസവദത്ത—നമ്മൾ ഇപ്പോൾ എവിടേയ്ക്കാണു പോകുന്നതു്?

യൗഗന്ധ—മഗധരാജാവിന്റെ അരമനയിലേക്കു തന്നെ.

വാസവ—ഇവിടെ നിന്നു അരമനയിലേക്കു വളരെ ദൂരമുണ്ടോ?

യൗഗന്ധ—ഇല്ല. കുറച്ചു ദൂരമേ ഉള്ളു. ദീർഘയാത്രയാൽ ദേവി വളരെ ക്ഷീണിച്ചിരിക്കാം.

വാസവ—പറയത്തക്ക ക്ഷീണമൊന്നുമില്ല. ഇതാ ചില ശിപായിമാർ, വഴിയിൽ നടക്കുന്നവരെ ഇരുവശത്തേക്കും മാററി നിറുത്തുന്നു. ഇതു എന്തിനായിട്ടാണു്?

യൗഗന്ധ—മഗധരാജപുത്രിയായ പത്മാവതി ബന്ധുഗൃഹത്തിൽനിന്നു തിരികെ സ്വഗൃഹത്തിലേക്കു മടങ്ങിവരികയാണത്രെ.

വാസവ—ഈ ശിപായിമാർ തങ്ങളുടെ ശാസനയെ നമ്മുടെ നേർക്കും പ്രയോഗിക്കുമോ?

യൗഗന്ധ—ഇക്കാര്യത്തിൽ ശിപായിമാർ അപരാധികളല്ല. അവർ തങ്ങളുടെ കൃത്യം ചെയ്യുന്നു എന്നുമാത്രമേ ഉള്ളൂ. ദേവിയും ഇത്രകാലം ഇത്തരത്തിലുള്ള വിഷയസുഖങ്ങൾ അനുഭവിച്ചുകൊണ്ടാണല്ലോ ഇരുന്നതു. കാര്യവശാൽ ദേവി ഈ അവസ്ഥാന്തരത്തെ പ്രാപിച്ചിരിക്കുന്നുവെങ്കിലും കാലതാമസമെന്യേ ഭർത്തൃവിജയത്താൽ പൂർവ്വാധികം ശ്ലാഘ്യമായ പദവിയെനിശ്ചയമായും പ്രാപിക്കുന്നതാണ്. അല്പകാലം ഖേദിക്കാതെ ക്ഷമിക്കതന്നെ വേണം.

വാസവ—എന്റെ ഇപ്പോഴത്തെ അവസ്ഥയെപ്പററി ഞാൻ കുറച്ചുപോലും ഖേദിക്കുന്നില്ല. ഭവാൻ ജീവിച്ചിരിക്കയൊണെങ്കിൽ എനിക്കു ദീർഘകാലം ഈ അവസ്ഥയിൽ ഇരിക്കേണ്ടതായി വരുന്നതല്ലെന്നു നല്ല വിശ്വാസമുണ്ട്. ദുഃഖാനുഭവംകൊണ്ടു മാത്രമേ ഒരാൾക്കു ശരിയായ സുഖസ്വരൂപം അറിവാൻ സാധിക്കയുള്ളൂ. സുഖം ദുഃഖാനുഭവത്തിനുശേഷമാണു ശരിയായി ശോഭിക്കുന്നതു്. ജനങ്ങളുടെ അവസ്ഥകൾ അവിചാരിതമായി ക്ഷണനേരം കൊണ്ടു് ഇത്തരത്തിൽ മാറിപ്പോകുന്നുവല്ലോ. ഒരു ക്ഷണംകൊണ്ടു് ധനവാൻ നിർദ്ധനനായും നിർദ്ധനൻ ധനവാനായും മാറിപ്പോകുന്നു. വണ്ടിയുടെ ചക്രംപോലെ ജനങ്ങളുടെ ഭാഗ്യപംക്തി ചുററിത്തിരിഞ്ഞുകൊണ്ടുതന്നെ ഇരിക്കുന്നു. മിന്നൽപ്പിണരുപോലെ അസ്ഥിരമായ ധനംകൊണ്ടു ജനങ്ങൾ അഹംഭാവികളായിത്തീൎന്നു് എന്തെല്ലാം അവിനയങ്ങളാണു ചെയ്തുപോകുന്നതു്. മായാവൈഭവംവിസ്മയം തന്നെ.

യൌഗന്ധ—ഇതാ പത്മാവതി നമ്മളുടെ അടുക്കൽ എത്തിക്കഴിഞ്ഞു നമുക്കു കുറെ മാറി നിൽക്കാം. പത്മാവതി ഒരുകാലത്തു ദേവിയുടെ സപത്നിയായി ത്തീരുമെന്നു ഒരിക്കൽ ഒരു സിദ്ധൻ പറഞ്ഞു ഞാൻ അന്നു് അത്ര വിശ്വസിച്ചില്ല. ഇപ്പോൾ എനിക്കു ആ സിദ്ധാദേശത്തിൽ പൂർണ്ണമായ വിശ്വാസം ജനിച്ചിരിക്കുന്നു. എന്നുമാത്രമല്ല പത്മാവതിയുടെ നേരേ ആത്മീയബുദ്ധികൂടി തോന്നിപ്പോകുന്നു. ഇതു ലോകസ്വഭാവം തന്നെയാണ്. ഒരാൾക്കു മറ്റൊരാളുടെ നേരെ സ്നേഹമോ ദ്വേഷമോ ഉണ്ടാകുന്നതു മനസ്സുകൊണ്ടു മാത്രമാണ്. ഏററവും അപരിചിതരായി എത്രയോ നാഴിക ദൂരം വസിക്കുന്ന ജനങ്ങൾ തമ്മിൽ പെട്ടെന്നു മിത്രങ്ങളായും ബന്ധുക്കളായും തീരുന്നു. ഒരേ ഉദരത്തിൽനിന്നു് ഉൽഭവിച്ചു് എത്രയും സ്നേഹത്തോടും ഒത്തൊരുമയോടുംകൂടി വർത്തിക്കുന്ന സഹോദരന്മാർ പോലും ക്ഷണനേരംകൊണ്ടു ബദ്ധവൈരികളായും തീരുന്നു. ഇതും മായാവൈഭവം തന്നെ.

വാസവ - പത്മാവതി എന്റെ സപത്നിയാകാൻ പോകുന്ന എന്നതിനുപുറമെ അവൾ ഒരു രാജപുത്രിയുംകൂടിയാണെന്നുള്ള കാരണത്താൽ എനിക്കു അവളുടെ നേരെ സഹോദരസ്നേഹം കൂടിയുണ്ട്.

യൌഗന്ധരായണനും വാസവദത്തയും ഇത്രയും സംസാരിച്ചുകൊണ്ടിരുന്നതിനിടയ്ക്കു പത്മാവതി അവരെക്കടന്നുപോയി. ഇവർ ഇരുവരും സാവധാനത്തിൽ നടന്നു അരമനയിൽ എത്തി. രാജപുത്രി എവിടെയാണെന്നന്വേഷിച്ചതിൽ മാതാവുമായി വിശ

ഷം പറഞ്ഞിരിക്കയാണെന്നു മനസ്സിലാക്കി. അനന്തരം അവർ അന്തഃപുരസമീപം ചെന്നു തങ്ങൾ രാജപുത്രിയെ കാണ്മാൻ ആഗ്രഹിക്കുന്ന വിവരം കഞ്ചുകി വഴിക്ക് പദ്മാവതിയെ അറിയിച്ചു. ഒരു പരിവ്രാജകൻ ഒരു യുവതിയോടുകൂടി രാജപുത്രിയെ കാണ്മാനായി പുറത്തു നിൽക്കുന്നു എന്നു് കഞ്ചുകി പത്മാവതിയേയും മാതാവിനേയും അറിയിച്ചു. സ്വതേ ഭക്തിമതിയായ രാജ്ഞി ഉടൻ തന്നെ താപസനെ അകത്തുകൂട്ടിക്കൊണ്ടു ചെല്ലുവാൻ കല്പിച്ചതനുസരിച്ച് കഞ്ചുകി അവരിരുവരേയും രാജ്ഞി സമക്ഷം നയിച്ചു. പരിവ്രാജകനെ കണ്ട ഉടനെ രാജ്ഞിയും പുത്രിയും അദ്ദേഹത്തെ യഥാവിധി ബഹുമാനിച്ച് കുശലാദികൾ ചോദിച്ചു.

പരിവ്ര—ഈ യുവതി എന്റെ സഹോദരിയാണ്. ഇവളുടെ ഭർത്താവു ദേശാന്തരത്തിലേക്കു് പോയിട്ട് ദീർഘകാലമായിരിക്കുന്നു. അദ്ദേഹത്തിനെപ്പററിയാതൊരു വിവരവുമില്ല. സോദരിയെ വല്ല സ്ഥലത്തും ഏൽപ്പിച്ച് അദ്ദേഹത്തെ അന്വേഷിപ്പാൻ പോകുന്നതു യുക്തമല്ലല്ലോ. ഇവളുടെ ഭാരം ഏൽക്കത്തക്ക ബന്ധുക്കളുമിവൾക്കില്ല. ഇവളേയും കൂടെകൊണ്ടുപോകാമെന്നു വച്ചാൽ അതിലും വിഷമതകൾ കാണുന്നു. എവിടെ എല്ലാം പോകേണ്ടിവരുമെന്നും എത്രകാലം സഞ്ചരിക്കണമെന്നും യാതൊരു വിവരവുമില്ലാത്ത സ്ഥിതിക്കു ഇവളെ എങ്ങനേയാണ് കൂടെകൊണ്ടു പോകേണ്ടതു്. ആർത്തരും അനാഥരുമായ ജനങ്ങളെ രക്ഷിക്കുന്നതിൽ ഈ രാജകുലം സുപ്രസിദ്ധമാകയാൽ എന്റെ സോദരിയെ കുറേക്കാലം നിങ്ങൾ രക്ഷിക്കുമെ

നു വിചാരിച്ച് ഞാൻ ഇവളെ ഇങ്ങോട്ടു കൂട്ടികൊണ്ടു വന്നിരിക്കയാണ്. ജനങ്ങൾ പല ഉദ്ദേശങ്ങളോടു കൂടി പല വേഷങ്ങൾ ധരിക്കാറുണ്ട്. ഞാൻ സ്വാത്മലാഭത്തിനായി ഈ വേഷം സ്വീകരിച്ചിരിക്കുന്നതല്ല. ധനമോ വസ്ത്രാദികളോ യാതൊന്നും ഞാൻ ആവശ്യപ്പെടുന്നില്ല. എന്റെ ഈ സോദരിയെ ഒരു ഭൃത്യയായി സ്വീകരിച്ച് ഞാൻ ദേശാന്തരത്തിലേക്ക് പോയി തിരികെ വരുന്നതുവരെ ഇവളേയും ഇവളുടെ ചാരിത്രത്തേയും രക്ഷിച്ചാൽ കൊള്ളാമെന്നു മാത്രമേ ഞാൻ അപേക്ഷിക്കുന്നുള്ളു.

കഞ്ചുകി—ഇദ്ദേഹത്തിന്റെ അപേക്ഷ നിസ്സാരമാണെങ്കിലും സാധാരണമല്ല. അജ്ഞാ പത്താ ഭൃത്യജനങ്ങളെക്കൂടി നിയമിക്കുന്നതു് വലിയ കാര്യമല്ല. കുറെ പണമാണു് ആവശ്യപ്പെടുന്നതെങ്കിൽ അതും നിഷ്പ്രയാസം കൊടുത്തുകളയാം. ഉത്തരവാദിത്വത്തോടുകൂടി ന്യാസസംരക്ഷണം ചെയ്യുക എന്നതു് ഏറെറവും ദുഷ്കരമാണെന്നാണു് മഹാന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളതു്.

പദ്മാ—യഥാശക്തി ആത്മസംരക്ഷണം ചെയ്യേണ്ടതു് മനുഷ്യധർമ്മമല്ലേ; നമ്മുടെ സഹായം കിട്ടുമെന്നു വിശ്വസിച്ചാണു് ഇവർ ഇവിടെ വന്നിരിക്കുന്നതു്. നമ്മൾ ഇവരുടെ അപേക്ഷയെ തീരെ തള്ളിക്കളയുകയാണെങ്കിൽ ഇവരുടെ ഗതി എന്തായിരിക്കുമെന്നും ഈ സ്ത്രീ എന്തെല്ലാം കഷ്ടപ്പാടുകൾ അനുഭവിക്കുമെന്നും ഏറെക്കുറെ നമുക്കു ഊഹിക്കാവുന്നതാണു്. എന്തായാലും നമുക്കു ഇക്കാര്യത്തെപ്പററി ഒന്നു കൂടി ആലോചിച്ചു മറുപടി പറയാം. ഇവർ ദീർഘയാത്ര

യാൽ ക്ഷീണിച്ചിരിക്കുന്നു. ഇവൎക്കു വിശ്രമിപ്പാൻ വേണ്ട സൌകൎയ്യങ്ങൾ ഉടനടി ചെയ്തുകൊടുക്കണം.

രാജകന്യകയുടെ നിർദ്ദേശമനുസരിച്ച് കഞ്ചുകി അവരെ കൂട്ടിക്കൊണ്ടുപോയി അവൎക്കു വേണ്ട സൌകൎയ്യങ്ങളെല്ലാം ചെയ്തുകൊടുത്തതിനുശേഷം വീണ്ടും പത്മാവതിയുടെ സമീപം ചെന്നു ആലോചന തുടൎന്നു.

കഞ്ചുകി—പരിവ്രാജകൻെറ അപേക്ഷയെയ സ്വീകരിക്കാമെന്നു തന്നെയാണോ വിചാരിക്കുന്നതു്? ഞാൻ തടസ്സം പറയുന്നതായി വിചാരിക്കരുതു്. കാൎയ്യത്തിൻെറ വൈഷമ്യം പറഞ്ഞു എന്നു മാത്രമേയുള്ളു. ന്യാസസംരക്ഷണം ഉദ്ദേശിക്കുന്നതുപോലെ അത്ര സുകരമായിരിക്കയില്ലെന്നാണു് എൻെറ അഭിപ്രായം.

പത്മാവ—ഈ ന്യാസത്തെ സംബന്ധിച്ചിടത്തോളം നമുക്കു ഈ ഭാരമേൽക്കുന്നതുകൊണ്ടു യാതൊരു ദോഷവും വരികയില്ലെന്നാണു് എനിക്കു തോന്നുന്നതു്. ഇവളുടെ പ്രകൃതി ആകൃതിക്കു യോജിച്ചതാണെങ്കിൽ ഇവൾ ഇവിടെ താമസിക്കുന്നതു നമുക്കു ഒരു തരത്തിലും ക്ലേശാവഹമായിത്തീരുന്നതല്ല.

കഞ്ചുകി—ഭൎത്തൃദാരിക പറയുന്നതു ആത്മീയ പ്രകൃതിക്കു വളരെ യോജിച്ചതുതന്നെയാണു്. ആൎത്തസംരക്ഷണത്തെ കുലധൎമ്മമായി വിചാരിക്കുന്നവൎക്കു പരസങ്കടങ്ങളിൽ അനുകമ്പ തോന്നുന്നതു സ്വാഭാവികം തന്നെയാണു്.

പത്മാവ—ഇവളെ കണ്ടതുമുതൽ ഇവളുടെ നേരെ എനിക്കു ആത്മീയബുദ്ധിയാണു തോന്നുന്നതു്. ഇതെന്തൊരാശ്ചൎയ്യമാണു്. ഇതേവരെ ഇവളെ ഞാൻ

കണ്ടിട്ടുപോലുമില്ല. സജ്ജനങ്ങളുടെ നേരെ നിഷ്കാരണമായി അറിയാതെ തന്നെ വിശ്വാസം ജനിച്ചുപോകുന്നതു സാധാരണം തന്നെയാണു്.

രാജ്ഞി—ഇവൾ ദരിദ്രയാണെങ്കിലും ഇവളുടെ ആകൃതിവിശേഷം കണ്ടാൽ ആപത്തിൽപ്പെട്ട ഒരു രാജകന്യകയാണെന്നു ഏവരും ശങ്കിച്ചുപോകും.

കഞ്ചുകി—ഇവളെ കണ്ടാൽ ഇതേവരെ ദുഃഖമനുഭവിക്കാത്തവളാണെന്നും തോന്നാവുന്നതാണു്.

പത്മാ—ഇതെല്ലാം നമ്മുടെ ഉദ്ദേശത്തിനു അനുകൂലമായ നിമിത്തങ്ങളാണ്. അതിനാൽ അമ്മയ്ക്കു വിരോധമില്ലെങ്കിൽ ഇവൾക്കു ഇവിടെ താമസിപ്പാൻ അനുവാദം നൽകണമെന്നാണു എന്റെ അഭിപ്രായം.

രാജ്ഞി—എനിക്കു വിരോധമില്ലെന്നു മാത്രമല്ല പത്മാവതിയുടെ അഭിപ്രായത്തോടുകൂടി ഞാൻ സർവ്വഥാ യോജിക്കുന്നു. വിവരം പരിവ്രാജകനെ അറിയിക്കുക. പത്മാവതി! നിന്നോടു എനിക്കു ഒരു കാര്യം പ്രത്യേകമായി പറയേണ്ടതുണ്ടു്. നീ ഇവളെ ഒരു സഹോദരിയെപ്പോലെ കരുതി പെരുമാറണം. ഇവൾ നിനക്കു യോജിച്ച ഒരു സഖിയാണു്. പരിജനമാണെന്നുവിചാരിച്ചു് ഒരിക്കലും നീ ഇവളെ ശാസിക്കരുതു്.

പരിവ്രാജകന്റെ സോദരി അവിടെ താമസിക്കുന്ന വിഷയത്തിൽ രാജ്ഞിക്കും പുത്രിക്കും വിരോധമില്ലെന്നുള്ള വിവരം കഞ്ചുകി പരിവ്രാജകനെ അറിയിച്ചു. ഇതു കേട്ടു സന്തുഷ്ടചിത്തനായ പരിവ്രാജകൻ കൃതജ്ഞതാപ്രകടനം ചെയ്തു യാത്ര പറയുന്നതിനായി

സഹോദരിയോടുമിച്ച് വീണ്ടും രാജപുത്രിയുടെ സമീപം ചെന്നു. തത്സമയം കഞ്ചുകി അവിടെ ചെന്ന് ഏതോ ഒരു ബ്രാഹ്മണയുവാവ് അരമനയിൽ ചെന്നിരുന്ന വിവരം അറിയിച്ചു. രാജ്ഞിയുടെ നിർദ്ദേശമനുസരിച്ചു കഞ്ചുകി ആഗതനായ ബ്രാഹ്മണയുവാവിനെ രാജ്ഞീസമക്ഷം കൊണ്ടുചെന്നു. പരിവ്രാജകൻ ഈ യുവാവിനെ സൂക്ഷിച്ചുനോക്കി.

പരിവ്ര—ഭവാൻ എവിടെ നിന്നു വരുന്നു, എങ്ങോട്ടാണു പോകുന്നത്?

യുവാവു—ഞാൻ വത്സരാജ്യത്തുള്ള ലാവാണകഗ്രാമത്തിൽ നിന്നാണു വരുന്നത്. സ്വദേശത്തിലേക്കു മടങ്ങിപ്പോകയാണ്. കുറെക്കാലമായി ഞാൻ ആ ഗ്രാമത്തിൽ വേദാധ്യയനം ചെയ്തു താമസിക്കയായിരുന്നു.

പരിവ്ര—അധ്യയനം അവസാനിച്ചു തിരിച്ചു പോകയാണോ?

യുവാവ്—അല്ല അധ്യയനം അവസാനിച്ചില്ല. ആ ഗ്രാമത്തിൽ ഏററവും ദാരുണമായ ഒരു സംഭവം ഈയിടെ നടന്നതു നിങ്ങളാരും അറിഞ്ഞില്ലേ!

പരിവ്ര—ഇല്ല. ഞാൻ അവന്തിരാജ്യത്തിൽ നിന്നു വരികയാണ്. ഇവിടെ വന്നിട്ടു കുറച്ചു സമയമേ ആയുള്ളു. ഒരു കാര്യം പ്രമാണിച്ച് ഇവിടെ വന്നതാണ്.

യുവാവ്—ആ ഗ്രാമത്തിൽ വത്സരാജാവായ ഉദയനൻ കുറേ ദിവസമായി താമസിച്ചു വന്നിരുന്നു. അദ്ദേഹം അവന്തിരാജന്റെ പുത്രി വാസവദത്തയെ ഈയിടെയാണു വിവാഹം ചെയ്തത്. സുഖവാസത്തിനായി

അദ്ദേഹം ഭാൎയ്യയോടു കൂടി ലാവാണകത്തിൽ താമസിക്കയായിരുന്നു.

പരിവ്ര—ഇത്രയും വിവരം എനിക്കുമറിയാം. അവിടെ എന്താണു വിശേഷസംഭവമുണ്ടായതു്?

യുവാവ്—ഒരു ദിവസം രാജാവ് വേട്ടയാടുവാൻ പോയിരിക്കയായിരുന്നു. അന്നു രാത്രി രാജഗൃഹത്തിനു് തീപിടിച്ചു. അകത്തു ഉറങ്ങിക്കൊണ്ടിരുന്ന രാജ്ഞി തീയിൽപ്പെട്ടു മരിച്ചുപോയി. തീ കത്തുന്നതുകണ്ടു് മന്ത്രിയായ യൗഗന്ധരായണൻ രാജ്ഞിയെ രക്ഷിപ്പാൻ ശ്രമിച്ചതു നിമിത്തം അദ്ദേഹവും തീയിൽപ്പെട്ടു ദഹിച്ചുപോകാനിടയായി. ഇതാണു വിശേഷസംഭവം.

പരിവ്ര—കഷ്ടം! അതിദാരുണമായ സംഭവം തന്നെ. ഇതു വിശ്വസിപ്പാൻപോലും മനസ്സ് അനുവദിക്കുന്നില്ല. രാജാവു തിരിച്ചുവന്നില്ലേ?

യുവാവ്—തിരികെ വന്നു. മൎമ്മച്ഛേദകമായ ഈ ഭയങ്കര വൃത്താന്തം കേട്ടു പ്രിയാവിയോഗദുഃഖം സഹിപ്പാൻ പാടില്ലാതെ ദഗ്ദ്ധാവശിഷ്ടമായ ആ അഗ്നിയിൽ തന്നെ പ്രാണത്യാഗം ചെയ്‌വാൻ അദ്ദേഹം ഉദ്യമിച്ചു. എങ്കിലും അദ്ദേഹത്തിന്റെ സേനാപതി രുമണ്വാൻ മുതലായവരുടെ അശ്രാന്തപരിശ്രമത്താൽ രാജാവ് സാഹസകൃത്യത്തിൽ നിന്നു വിരമിച്ചു. അദ്ദേഹം പ്രിയതമയുടെ ചില ആഭരണങ്ങൾ ദഗ്ദ്ധാവശിഷ്ടമായി കിട്ടിയതെടുത്തു അവയെ മാറത്തുവച്ചു ബോധരഹിതനായി നിലത്തുവീണു. ഇതു കണ്ടു എല്ലാവരും പരിഭ്രമിച്ചുപോയി.

യുവാവ് ഇത്രയും പറഞ്ഞപ്പോഠം ആവന്തികയുടെ നേത്രങ്ങഠം അശ്രുപൂർണ്ണമായിത്തീന്നു പത്മാവതി കാണാതിരുന്നില്ല.

പത്മാ—താപസൻെറ സോദരി കരയുന്നുവല്ലോ.

പരിവ്ര—ഈ സംഭവം കേട്ടാൽ ആരാണു സഹതപിക്കാത്തത്? ഇതു എത്ര ദാരുണമായിരിക്കുന്നു?

യുവാവ്—അനന്തരം രാജാവ് ഭൂമിയിൽ വീണു രുണ്ടുകൊണ്ടു "വാസവദത്തേ, അവന്തിരാജപുത്രി, പ്രീയേ, പ്രീയശിഷ്യേ" എന്നും മററും പല തരത്തിൽ പ്രിയതമയെ സംബോധനം ചെയ്തു വിലപിച്ചു തുടങ്ങി. എന്തിന്നധികം പറയുന്നു. ഭാൎയ്യാവിയോഗത്താൽ മററു പുരുഷന്മാർ ഇങ്ങനെ ദുഃഖിച്ചിരിക്കയില്ലെന്നു നിസ്സംശയം പറയാം. ഭാൎയ്യാഭത്തൃപ്രേമത്തിൽ സുപ്രസിദ്ധമായ ചക്രവാകപക്ഷികഠംപോലും ഇപ്രകാരം ദുഃഖിക്കുന്നതല്ലെന്നു ഏവക്കും തോന്നിപ്പോകും. ഏതൊരു പതിവ്രതാരത്നത്തെ ഉദ്ദേശിച്ചു രാജാവ് ഇങ്ങനെ ദുഃഖിക്കുന്നുവോ ആ സാധ്വി-വിദർഭരാജപുത്രിയായ ആ വാസവദത്താ ഭാഗ്യവതി തന്നെ. അവഠം ഇഹലോകവാസം കൈവെടിഞ്ഞിരിക്കുന്നുവെങ്കിലും ഭത്താവിൻെറ പരിശുദ്ധമായ പ്രേമസാമ്രാജ്യത്തിൽ യശസ്വിനിയായി എന്നെന്നേക്കും ജീവിച്ചിരിക്കുമെന്നതിനു സംശയമില്ല.

പരിവ്ര—ഈ വിധം ദുഃഖിക്കുന്ന രാജാവിനെ ആശ്വസിപ്പിക്കുന്നതിന്നു തക്ക ആളുകഠം അവിടെ ഇല്ലേ?

യുവാവ്—രുമണ്വാൻ തന്നാൽ കഴിയുംപോലെ യത്നിക്കുന്നുണ്ട്. ഇപ്രകാരം യഥാത്ഥമായും നിഷ്കള

ങ്കമായും യജമാനനെ സ്നേഹിക്കുന്ന ഭൃത്യജനങ്ങൾ ഒന്നിലധികമുണ്ടെങ്കിൽ നമ്മുടെ മാതൃഭൂമി എത്ര ഭാഗ്യവതിയായിരിക്കും. ആഹാരനിദ്രാദികളെല്ലാം ഉപേക്ഷിച്ച് രുമണ്വാൻ ദിവാനിശം വിട്ടുപിരിയാതെ രാജാവിനെ പരിചരിക്കുന്നുണ്ട്. രുമണ്വാനില്ലെങ്കിൽ രാജാവും നാമാവശിഷ്ടനായിത്തീൎന്നിരിക്കുമായിരുന്നു.

പ്രഭുവിനുവേണ്ടി രുമണ്വാൻ എന്തെല്ലാം കഷ്ടപ്പാടുകളാണു അനുഭവിക്കുന്നതു എന്നു കേട്ടപ്പോൾ താൻ വഹിക്കുന്ന ഭാരം ഉലോം നിസ്സാരമാണെന്നും രാജാവിന്റെ ജീവിതം രുമണ്വാനെത്തന്നെയാണു പ്രധാനമായി ആശ്രയിക്കുന്നതെന്നും തോന്നുകയാൽ പരിവ്രാജകവേഷധാരിയായ യൗഗന്ധരായണൻ സ്വാമിയേയും സേനാപതിയേയും കാത്തുരക്ഷിക്കുമാറു സൎവ്വശക്തനായ ദൈവത്തോടു നിൎവ്യാജമായി പ്രാൎത്ഥിച്ചു.

പരിവ്ര—രാജാവിന്റെ ഇപ്പോഴത്തെ സ്ഥിതി ഏതു നിലയിലാണു് ഇരിക്കുന്നതു്? അദ്ദേഹത്തിന്റെ ദുഃഖത്തിനു ഇപ്പോഴും കുറവൊന്നുമില്ലേ?

യുവാവു്—ഇപ്പോഴത്തെ സ്ഥിതിയൊന്നും എനിക്കറിഞ്ഞുകൂടാ. "ഇവിടെ ഇരുന്നുകൊണ്ടാണു് അന്നൊരുദിവസം ഞാൻ പ്രിയതമയെ വിശ്രംഭകഥകൾ കൊണ്ടു വിനോദിപ്പിച്ചതു്. ഞാനും വാസവദത്തയും ഒന്നിച്ചിരുന്നു പാട്ടുപാടാറുള്ള ഈ പ്രദേശത്തെ ഞാൻ എങ്ങനെ വിസ്മരിക്കും. ഒരു ദിവസം അപരാധിയായ എന്റെ കൈകൾ രണ്ടും പുഷ്പമാലകൊണ്ടു അവൾ സാനുരാഗം ബന്ധിച്ചതു് ഈ സ്ഥലത്തുവച്ചല്ലേ" എ

ന്നും മററും പറഞ്ഞുകൊണ്ടു പലതരത്തിൽ വാസവദത്തയെ ഓൎത്തു വിലപിച്ചുകൊണ്ടിരുന്ന രാജാവിനെ രുമണ്വാൻ മുതലായവർ വളരെ പണിപ്പെട്ടു ലാവാണകത്തിൽ നിന്നു എവിടെയോ കൊണ്ടുപോയി. അവർ എവിടെക്കാണു പോയതു എന്നും ഇപ്പോൾ എവിടെയാണെന്നും മററുമുള്ള വിവരങ്ങൾ എനിക്കറിഞ്ഞുകൂടാ. രാജാവു അവിടെ നിന്നു പോയതോടുകൂടി ആ ഗ്രാമം ചന്ദ്രനും നക്ഷത്രങ്ങളും അസ്തമിച്ച ആകാശംപോലെ നിഷ്പ്രഭമായിത്തീൎന്നു. ഇത്രയും കണ്ടതിനുശേഷം അവിടെ താമസിക്കുന്ന കാൎയ്യം അത്യന്തം ദുഃഖകരമായി തോന്നുകയാൽ ഞാൻ അധ്യയനം നിറുത്തി സ്വദേശത്തിലേക്കു തിരിച്ചുപോകയാണ്. ഈ സംഭവം കാണ്മാനും കേൾപ്പാനും ഇടയായ എന്നെപ്പോലുള്ള അപരിചിതരായ വിദേശികൾപോലും ഇത്രയധികം വ്യസനിക്കണമെങ്കിൽ ആ രാജാവ് എത്ര ഗുണവാനാണെന്നു നിങ്ങൾക്കു തന്നത്താൻ ഊഹിക്കാവുന്നതാണ്.

പത്മാവ—അങ്ങ് ഇവിടെ വന്ന കാൎയ്യം എന്താണെന്നു ഇനിയും പറഞ്ഞില്ലല്ലോ.

യുവാവ്—എനിക്കു നിങ്ങളെക്കൊണ്ടു തൽക്കാലം യാതൊരു കാൎയ്യവും സാധിക്കേണ്ടതായിട്ടില്ല. ലോകത്തിൽ അസാധാരണമായ ഏതെങ്കിലും ഒരു സംഭവം നടന്നാൽ ദൂരസ്ഥരായ ജനങ്ങൾ അതിനെപ്പററി പല തരത്തിൽ വിചാരിക്കുന്നതും സംസാരിക്കുന്നതും പതിവാണ്. പരമാൎത്ഥം പരലോകത്തിൽ ഫലം കൊടുക്കുന്നതാണെന്നു വിചാരിക്കുന്ന ചിലർ സത്യാവ-

സ്ഥയറിയാതെ നിരപരാധികളെ കുറാപ്പെടുത്താറുണ്ട്. നേരിൽ കണ്ട ഈ വിശേഷസംഭവം യഥാവത്തായി അറിയിക്കാമെന്നു വിചാരിച്ചമാത്രം ഞാൻ പോകുന്ന വഴിക്കു ഇവിടെ കയറിയതാണ്.

കഞ്ചുകി—ഉദയനൻ ഇനി വിവാഹം ചെയ്യുമോ?

രാജ്ഞി—നിങ്ങൾ ഒരു നിർദ്ദയനെപ്പോലെ സംസാരിക്കുന്നുവല്ലോ. ഉദയനന്റെ പുനർവിവാഹത്തെ പററി ഈ അവസരത്തിൽ ചിന്തിക്കുന്നതുതന്നെ പാപമാണ്. വാസവദത്തയെ അദ്ദേഹം ഒരിക്കലും വിസ്മരിക്കുന്നതല്ല അഥവാ ദൈവവശാൽ അദ്ദേഹം കാലാന്തരത്തിൽ വീണ്ടും വിവാഹം ചെയ്യുകയാണെങ്കിൽ ആ സ്ത്രീ വളരെ ധന്യതന്നെ.

യുവാവ്—എനിക്കു പോകുവാൻ അനുവാദം തന്നാലും. ഞാൻ വിചാരിച്ചതിലധികം ഇവിടെ താമസിച്ചുപോയി.

പത്മാവ—ഇത്രയും താമസിച്ച സ്ഥിതിക്ക് ഇനി കുളിയും ഊണും കഴിഞ്ഞു പോകുന്നതല്ലെ നല്ലതു്?

യുവാവ്—നിങ്ങളുടെ ഔദാര്യത്തിനായി ഞാൻ വളരെ നന്ദി പറഞ്ഞുകൊള്ളുന്നു. ഞാൻ ഇപ്പോൾ തന്നെ പോകാമെന്നാണു വിചാരിക്കുന്നതു്.

പരിവ്ര—ഞാനും പോകട്ടെ. കാര്യം സാധിച്ചാൽ ഒരു നിമിഷംപോലും വിദേശത്തിൽ താമസിയാതെ ഞാൻ തിരികെ വരുന്നതാണു്.

കഞ്ചുകി—അങ്ങയുടെ സോദരി കരയുന്നതു കണ്ടില്ലേ?

പരിവ്ര— സജ്ജനങ്ങളുടെ ഇടയിൽ അവർ വ്യസനിക്കാതെ ഇരുന്നുകൊള്ളും. അവൎക്കുവേണ്ടിയാണല്ലോ ഞാൻ വിദേശത്തിലേക്കു പോകുന്നതു്.

## VIII

പത്മാവതിയുടെ വിവാഹകാലം അതിക്രമിച്ചു കൊണ്ടിരിക്കുന്നു. അവളുടെ പിതാവു മരിച്ചുപോയതിനാൽ സോദരനായ ദർശകൻ രാജാവായിത്തീൎന്നിരിക്കുന്നു. പുത്രിയുടെ വിവാഹം നടക്കാത്തതിനാൽ ഖിന്നമാനസയായ മഹാരാജ്ഞി ഒരു ദിവസം പുത്രനോടു പത്മാവതിയുടെ വിവാഹത്തെപ്പററി പ്രസ്താവിച്ചു.

രാജ്ഞി—വത്സ! ഞാൻ ഇനി വളരെക്കാലം ജീവിച്ചിരിക്കുമെന്നു തോന്നുന്നില്ല. പത്മാവതിയുടെ വിവാഹകാൎയ്യത്തിൽ നിങ്ങളുടെ അച്ഛൻ പല ശ്രമങ്ങൾ ചെയ്യാതിരുന്നില്ല. നിർഭാഗ്യത്താൽ അദ്ദേഹം അകാലമരണം പ്രാപിച്ചു. സഹോദരന്റെ നിലയും പിതാവിന്റെ നിലയും അവളെ സംബന്ധിച്ച സകല ചുമതലകളും നിന്നെയാണു ആശ്രയിക്കുന്നതു്. ഞാൻ മരിക്കുന്നതിനു മുമ്പു അവളുടെ വിവാഹം നടന്നുകണ്ടാൽ കൊള്ളാമെന്നു ഒരു ആഗ്രഹം മാത്രമേ എനിക്കു ഇനി ജീവിതത്തിൽ ഉള്ളു. ഇക്കാൎയ്യത്തിൽ ഞാൻ വിചാരിച്ചാൽ എന്തു ചെയ്യാൻ സാധിക്കും. സ്ത്രീകളെ കൌമാരത്തിൽ പിതാവും, യൌവ്വനത്തിൽ ഭൎത്താവും വാൎദ്ധക്യത്തിൽ പുത്രനും രക്ഷിക്കുന്നു എന്ന ശാസ്ത്രസിദ്ധാന്തപ്രകാരം ഇക്കാൎയ്യത്തിൽ

എനിക്കു യാതൊരു സ്വാതന്ത്ര്യവുമില്ല. ഇതിനും പുറമെ വാൎദ്ധക്യം എന്നെ ബാധിച്ചിരിക്കുന്നു. അതിനാൽ ഇനി ഒട്ടും കാലതാമസം ചെയ്യാതെ പത്മാവതിയുടെ കാൎയ്യത്തിൽ ഏതെങ്കിലും ഒരു തീൎച്ച ചെയ്യുക തന്നെ വേണം.

ദൎശകൻ — ഞാൻ ഇക്കാൎയ്യത്തെപ്പററി ഗാഢമായി ആലോചിക്കുന്നുണ്ടു്. ഞാൻ എത്രതന്നെ അന്വേഷിച്ചിട്ടും പത്മാവതിക്കു അനുരൂപനായ ഒരു വരൻ എന്റെ ദൃഷ്ടിയിൽപ്പെടുന്നില്ല. വിവാഹത്തെ സംബന്ധിച്ച നാട്ടിൽ ഇരിക്കുന്ന ചില വ്യവസ്ഥകൾ നിമിത്തം പിതൃജനങ്ങളിൽ പലരും തങ്ങളുടെ പുത്രിമാരെ അനുരൂപരല്ലാത്ത വരന്മാൎക്കു കൊടുപ്പാൻ നിൎബന്ധിതരായിത്തീരുന്നു. തന്നിമിത്തം അവരുടേയും പുത്രിമാരുടേയും ജീവിതം ദുഃഖബഹുലമായി പൎയ്യവസാനിക്കുന്നു.

രാജ്ഞി — നീ പറയുന്നതു ശരിതന്നെയാണ്. എങ്കിലും മററു ഗൃഹസ്ഥരെപ്പോലെ നമ്മളും ലോകാചാരങ്ങൾ അനുസരിക്കേണമല്ലോ. നമ്മൾ ചെയ്യുന്ന പ്രവൃത്തി ന്യായത്തിനും മനസ്സാക്ഷിക്കും വിരുദ്ധമല്ലെങ്കിലും നടപടിക്കു വിരുദ്ധമായാൽ അതു കാരണം നമ്മൾ ജനങ്ങളുടെ ആക്ഷേപത്തിനു പാത്രീഭവിക്കേണ്ടതായി വരും. ഒരു സമ്പ്രദായം ഒരു കാലത്തു ആശാസ്യമല്ലെന്നു തോന്നിയാലും അതിനെ പെട്ടെന്നു മാററുന്നതു സാദ്ധ്യമല്ല.

ദൎശകൻ — ലോകാചാരത്തിനു വിരോധമായി ഞാൻ യാതൊന്നും ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. വ്യവ-

സ്ഥകളുടെ ന്യായം, അന്യായം, ആവശ്യകത, ആവശ്യമില്ലായ്മ ഇവയെപ്പററി വിവേചനം ചെയ്യുന്നതു ലോകസ്വഭാവമാണ്. അങ്ങനെ ചെയ്താൽ മാത്രമേ ലോകം അഭിവൃദ്ധിയെ പ്രാപിക്കയുള്ളു. മററുള്ളവർ ചെയ്യുന്നതെല്ലാം തങ്ങൾക്കും പ്രമാണമാണെന്നു എല്ലാവരും വിചാരിക്കുന്നതായാൽ ലോകം എങ്ങനെ മുമ്പോട്ടു ഗമിക്കും? ലോകത്തിൽ ഒരേ ആചാരം എന്നന്നേക്കും നില നിൽക്കുന്നതല്ല. ഓരോ കാലത്തു ഓരോ ആചാരങ്ങളും സമ്പ്രദായങ്ങളും പൂർവാചാര്യന്മാർ വ്യവസ്ഥപ്പെടുത്തിയതു അധികവും അക്കാലത്തെ സ്ഥിതി അനുസരിച്ചായിരിക്കണം. കേവലം പുതുമയ്ക്കുവേണ്ടി പഴയ സമ്പ്രദായങ്ങളെ മാററുന്നതു ഒരിക്കലും ആശാസ്യമായിരിക്കയില്ല. കാലസ്ഥിതിയനുസരിച്ചു ജനങ്ങളുടെ ഹിതത്തിനും സൌഖ്യത്തിനും വേണ്ടി ആചാരങ്ങളിൽ ചില മാററങ്ങൾ ചെയ്യുന്നതു തെററല്ലെന്നു മാത്രമല്ല ആവശ്യവുമാണ്. പഴയതെല്ലാം നല്ലതു, പുതിയതെല്ലാം ചീത്ത എന്നു വാദിക്കുന്നതും ശരിയല്ല.

രാജ്ഞി—ഈ ന്യായങ്ങളും യുക്തികളുമെല്ലാം നീ പറയുന്നതിന്റെ ഉദ്ദേശം എന്താണെന്നു എനിക്കു നല്ലപോലെ മനസ്സിലാവുന്നില്ല. പത്മാവതിക്കു വിവാഹം അടുത്ത കാലത്തൊന്നും വേണ്ടെന്നാണോ നീ പറയുന്നതു്?

ദർശകൻ—അമ്മേ! ഒരിക്കലുമല്ല. അവളെ അനുരൂപനായ ഒരു വരനു കൊടുപ്പാൻ കഴിയുന്നതും യത്നിക്കണമെന്നും ആയതിലേക്കായി കുറെ കാലതാമസം വ

രികയാണെങ്കിൽ തന്നെ വിരോധമില്ലെന്നും മാത്രമേ ഞാൻ അഭിപ്രായപ്പെടുന്നുള്ളൂ. അമ്മയുടെ ഇഷ്ടം എന്താണെന്നറിഞ്ഞാൽ അതനുസരിച്ച പ്രവൎത്തിപ്പാൻ ഞാൻ തയ്യാറാണ്.

രാജ്ഞി—ഇക്കാൎയ്യത്തിൽ സ്വയമായി എനിക്കു യാതൊന്നും പറവാനില്ല. പുത്രിമാരെ സംബന്ധിച്ചിടത്തോളം അമ്മമാരുടെ പ്രധാന ചുമതല അവരെ വേണ്ട വിധം പോഷിപ്പിക്കുക എന്നതുമാത്രമാണ്. അവരെ അനുരൂപരായ വരന്മാൎക്കു കൊടുക്കുന്ന ചുമതല അച്ഛനെയാണു ആശ്രയിക്കുന്നത്. പത്മാവതിയുടെ വിഷയത്തിൽ ഈ ഭാരം ഇപ്പോൾ നിന്നിലാണു സ്ഥിതി ചെയ്യുന്നത്. സാധാരണയായി അമ്മമാൎക്കു പുത്രന്നേക്കാൾ പുത്രിയുടേത്രനരെ അധികം വാത്സല്യമുണ്ടെന്നു ചിലർ വിചാരിക്കുന്നു. ഇതു തീരെ തെററല്ലതാനും. എന്നാൽ ഈ സ്നേഹാധിക്യത്തിന്നു കാരണം അവരുടെ നേരെയുള്ള അനുകമ്പയാണെന്നു എല്ലാവരും അറിയുന്നുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. പത്മാവതിയെ സംബന്ധിച്ചിടത്തോളം അവളുടെ വിവാഹകാൎയ്യത്തിൽ ഇനി കാലതാമസം വന്നുപോകരുതെന്നു മാത്രമേ എനിക്കു നിന്നോടു പറവാനുള്ളൂ.

ദർശകൻ—ഉദയനരാജാവിന്നു പത്മാവതിയെ വിവാഹം ചെയ്തു കൊടുക്കണമെന്നായിരുന്നു അച്ഛന്റെ ആഗ്രഹം. ആയതിലേക്കു അദ്ദേഹം ഗൂഢമായി ചില യത്നങ്ങൾ ചെയ്യാതിരുന്നില്ല. നമ്മുടെ ഭാഗ്യദോഷത്താൽ ഉദയനൻ അവിചാരിതമായി മഹാസേനരാജാവിന്നു വശപ്പെട്ടുപോകയും ദൈവച്ഛയാൽ അദ്ദേഹ

ത്തിന്റെ പുത്രി വാസവദത്തയെ ഭാൎയ്യയായി സ്വീകരിക്കയും ചെയ്തു. ലോകത്തിൽ അവിചാരിതമായി എന്തെല്ലാം സംഭവിക്കുന്നു. വാസവദത്ത അകാലമരണം പ്രാപിച്ചു. സൗശീല്യവും സത്സ്വഭാവിയും ആയ ഉദയനൻ ഭാൎയ്യാവിയോഗത്താൽ ദുഃഖിതനായും തീൎന്നു.

രാജ്ഞി—കഷ്ടം ! ആൎക്കാണു് ഉദയന്റെ നേരെ അനുകമ്പ തോന്നാത്തതു് ദൈവം ഇത്ര നിൎഘൃണനാണോ? എന്തായാലും കഴിഞ്ഞുപോയ കാൎയ്യങ്ങളെ പററി ചിന്തിക്കുന്നതുകൊണ്ടും വ്യസനിക്കുന്നതുകൊണ്ടും ഫലമെന്തു്? പത്മാവതിയുടെ വിവാഹം ഏതെങ്കിലും ഒരു തരത്തിൽ തീൎച്ചപ്പെടുത്തുക തന്നെ വേണം.

ദൎശകൻ - മഹാസേനരാജാവിന്റെ പുത്രനു് അവളെ വിവാഹം ചെയ്തു കൊടുത്താലോ എന്നു ഞാൻ ആലോചിക്കയുണ്ടായി. ഇതിൽ അവളുടെ അഭിപ്രായം എന്താണെന്നു ഞാൻ അവളോടു തന്നെ ചോദിച്ചു. അവൾ അനുകൂലമായോ പ്രതികൂലമായോ മറുപടി ഒന്നും പറഞ്ഞില്ലെങ്കിലും ഈ വിവാഹം അവൾ ഇഷ്ടപ്പെടുന്നില്ലെന്നു അവളുടെ മൗനഭാവത്തിൽ നിന്നു ഏറെക്കുറെ ഞാൻ മനസ്സിലാക്കി. അവൾ ഇഷ്ടപ്പെടാത്ത ഒരു വരനു് അവളെ കൊടുപ്പാൻ എനിക്കു വളരെ മടിയുണ്ടു്.

രാജ്ഞി—സ്ത്രീകളുടെ വിദ്യാഭ്യാസം ചില കാൎയ്യങ്ങളിൽ അനൎത്ഥമായി പരിണമിക്കുന്നു. പത്മാവതിയുടെ ഇഷ്ടപ്രകാരം അവളുടെ വിവാഹം നടത്തണ

മെന്നാണു നീ വിചാരിക്കുന്നതെങ്കിൽ ഈ വിവാഹം നടക്കുമോ എന്നു കണ്ടറികതന്നെ വേണം.

ദർശകൻ—അമ്മയുടെ ഈ അഭിപ്രായത്തോടുകൂടി ഞാൻ യോജിക്കുന്നില്ല. എന്റെ അഭിപ്രായം തുറന്നു പറയുന്നതുകൊണ്ട് അമ്മ ഖേദിക്കരുത്. വിദ്യാഭ്യാസവിഷയത്തിൽ സ്ത്രീപുരുഷഭേദചിന്തയ്ക്കു അവകാശമില്ലെന്നാണ് എന്റെ അഭിപ്രായം. സ്ത്രീകൾക്കു വിദ്യാഭ്യാസം ആവശ്യമില്ലെന്നാണോ അമ്മയുടെ അഭിപ്രായം? സീത, ദ്രൌപതി മുതലായ നാരീരത്നങ്ങൾ വൈദഗ്ദ്ധ്യവിഭൂഷിതരായിരുന്നില്ലേ? മൈത്രേയി സ്വഭർത്താവായ യാജ്ഞവല്ക്യനുമായി ആത്മതത്വവിചാരം ചെയ്തിരുന്നതായി നമ്മൾ അറിയുന്നു. ഇതിനും പുറമെ സുഭദ്ര, ഇന്ദുലേഖ, വിജയാങ്ക, ശീലാഭട്ടാരിക മുതലായ നാരീനാമങ്ങൾ കാവ്യചരിത്രത്തിൽ കവികുലമായ ഭൃതമായി പ്രകാശിക്കുന്നു. ഇതിൽ നിന്നു സ്ത്രീവിദ്യാഭ്യാസം ആവശ്യമാണെന്നും ശ്രേയസ്കരമാണെന്നും പൂർവ്വാചാര്യന്മാർക്കു സമ്മതമാണെന്നുമല്ലേ മനസ്സിലാക്കേണ്ടതു്? വിദ്യാഭ്യാസരീതിയെപ്പററി ഗുണദോഷവിചിന്തനം ചെയ്യാമെന്നല്ലാതെ സ്ത്രീപുരുഷഭേദമന്യേ വിദ്യാഭ്യാസം ആവശ്യമാണെന്നുള്ളതു തർക്കമററ സംഗതിയാണ്.

രാജ്ഞി—സ്ത്രീകൾക്കു വിദ്യാഭ്യാസം തീരെ ആവശ്യമില്ലെന്നു ഞാൻ അഭിപ്രായപ്പെടുന്നില്ല. സ്ത്രീകൾ അവരുടെ വിഹിതകർമ്മങ്ങളെ ത്യജിച്ചു സ്വാതന്ത്ര്യതല്പരകളായി പുരുഷന്മാരോടു സാമ്യം വേണമെന്നും മററും വാദിക്കുന്നതായാൽ അതു ശരിയല്ലെ

ണാണ് എനിക്കു തോന്നുന്നത്. സ്ത്രീകൾക്കു ശ്രേയസ്സു ണ്ടാമാറു വണ്ണം ഉചിതമായ പന്ഥാവിൽ കൂടി അവരെ വിദ്യ അഭ്യസിപ്പിക്കുന്നതു തങ്ങൾക്കും ജനസമുദായത്തിനും നല്ലതുതന്നെ. വിദ്യാഭ്യാസം നിമിത്തം സ്ത്രീകൾ സ്വധർമ്മങ്ങളെ വിസ്മരിച്ചു സ്വാതന്ത്ര്യപരിധി കടന്നുപോകാതിരിപ്പാൻ വളരെ ശ്രദ്ധിക്കേണ്ടതാണ്.

ദർശകൻ — ഈ ന്യായം പുരുഷന്മാർക്കും തുല്യംതന്നെയാണ്. വിദ്യാഭ്യാസം ലഭിച്ചിട്ടുപോലും ചില യുവാക്കന്മാർ തങ്ങളിൽ അനുചിതമായ ഗൗരവത്തെ ആരോപിക്കുന്നു. തങ്ങൾക്കു കൃതാർത്ഥരാണെന്നും ഗുരുജനങ്ങളുടെ ഹിതോപദേശങ്ങൾ കേൾക്കുന്നതു തങ്ങളുടെ മഹത്വത്തിനും പ്രതിഭയ്ക്കും ഒരു ന്യൂനതയാണെന്നും മറ്റും വിചാരിക്കുന്നു. ഇവർക്കു മാതാപിതൃസ്നേഹമില്ല, സോദരീസോദരവാത്സല്യവുമില്ല. ഇവർ കേവലം മാതാവിന്റെ യൌവ്വനത്തെ ഛേദിക്കുന്ന കോടാലിയായിത്തീരുന്നതും നമ്മൾ കാണാറുണ്ട്.

രാജ്ഞി — നിന്നോടുകൂടി വാദിപ്പാൻ എനിക്കു ശേഷിയില്ല. ഈ വാദം നമ്മുടെ കാര്യസിദ്ധിക്കു ഉപയോഗപ്പെടുന്നതുമല്ല. പത്മാവതിയെ സംബന്ധിച്ച ഭാരമെല്ലാം നിന്നെയാണു ആശ്രയിച്ചിരിക്കുന്നത്. സഹോദരിയുമായി ആലോചിച്ചു ഇഷ്ടംപോലെ പ്രവർത്തിച്ചുകൊൾക. ഇനിയെങ്കിലും കാലതാമസം കൂടാതെ അവളുടെ വിവാഹം നടന്നു കണ്ടാൽ കൊള്ളാമെന്നു മാത്രമേ എനിക്കു ആഗ്രഹമുള്ളൂ.

ദർശകൻ — നമ്മുടെ ആഗ്രഹം സൂക്ഷ്മമായി ആരെങ്കിലും വഴിക്കു ഉദയനനെ അറിയിച്ചാലോ എന്നു എനിക്കു തോന്നുന്നുണ്ടു്. അദ്ദേഹത്തിന്റെ ഇപ്പോഴത്തെ അവസ്ഥ ഏറ്റവും പരിതാപകരമാണെന്നാണു കേൾവി. ഭാര്യാവിയോഗജനിതമായ ദുഃഖം ഇപ്പോഴും അദ്ദേഹത്തെ പീഡിപ്പിച്ചുകൊണ്ടു തന്നെയാണത്രെ ഇരിക്കുന്നതു്: ഇക്കാരണത്താൽ നമ്മുടെ അപേക്ഷയെ അദ്ദേഹം നിരസിപ്പാനാണു് അധികം ന്യായം കാണുന്നതു്. എങ്കിലും നമ്മൾ ചെയ്യേണ്ടതു ചെയ്തു എന്ന സമാധാനത്തിനുവേണ്ടിയെങ്കിലും നമുക്കു നമ്മുടെ ആഗ്രഹം ഉദയനനെ അറിയിക്കാം. നമ്മുടെ ഈ പ്രവൃത്തിയിൽ കുറെ ഔചിത്യം പോരായ്കയുണ്ടു്. എന്നു മാത്രമല്ല നമ്മൾക്കു അന്യരുടെ സങ്കടത്തിൽ അനുകമ്പയില്ലെന്നും നമ്മൾ സ്വാർത്ഥതല്പരന്മാരാണെന്നും ചിലർ വിചാരിപ്പാനും ഇടയുണ്ടു്.

രാജ്ഞി — ഇക്കാര്യത്തെപ്പറ്റി ചിന്തിക്കുന്നതുപോലും പാപമാണെന്നു തോന്നിപ്പോകുന്നു. എങ്കിലും ഒരു പ്രകാരത്തിൽ നോക്കുന്നതായാൽ നമ്മുടെ ഈ പ്രവൃത്തി മൈത്രിക്കു യോജിച്ചതാണെന്നു വിശാലഹൃദയന്മാർ സമ്മതിക്കുമെന്നും വിചാരിക്കാം. വാസവദത്ത മരിച്ചുപോയിക്കഴിഞ്ഞു. ഉദയനൻ യശശ്ശരീരിണിയായ തന്റെ ഭാര്യയെ ഓർത്തു വ്യസനിക്കുന്നതുകൊണ്ടു തന്റെ ശരീരം ക്ഷയിച്ചുപോകുമെന്നല്ലാതെ മറ്റു യാതൊരു ഗുണവും ഉണ്ടാവുന്നതല്ല. ഈ നിലയ്ക്കു അദ്ദേഹം ഇരിക്കുന്നതായാൽ അദ്ദേഹത്തിന്റെ ദുഃഖം അടുത്ത കാലത്തൊന്നും ശമിക്കുമെന്നു തോന്നുന്നില്ല. അ

ദ്ദേഹം വീണ്ടും വിവാഹം ചെയ്യുകയാണെങ്കിൽ കാലക്രമം കൊണ്ടു ഈ ദുഃഖം കുറഞ്ഞുവരുവാൻ ഇടയുണ്ട്. ഉദയനന്റെ നേരെ ആൎക്കാണു അനുകമ്പ തോന്നാത്തതു്. ഈ പറയുന്ന നമുക്കും അനുകമ്പയില്ലേ. ഉദയനൻ പത്മാവതിയെ സ്വീകരിക്കുമെങ്കിൽ ആയതു അദ്ദേഹത്തിനും നമുക്കും ശുഭമായി പരിണമിപ്പാനേ ഇടയുള്ളൂ.

ദൎശകൻ—എന്നാൽ അപ്രകാരംതന്നെ ചെയ്യാം. എന്തായാലും പെട്ടെന്നു ഇക്കാൎയ്യം അദ്ദേഹത്തെ അറിയിക്കാവുന്നതല്ല. ഉദയനനെ നമുക്കു ഇങ്ങോട്ടു ക്ഷണിച്ചുവരുത്താം. ഞങ്ങൾ തമ്മിൽ ഇതുവരെ മിത്രഭാവം വിട്ടു യാതൊന്നും പ്രവൎത്തിച്ചിട്ടില്ല. സ്നിഗ്ദ്ധജനസംവിഭക്തമായ ദുഃഖം സഹ്യവേദനമായിത്തിരുന്നു എന്ന ആപ്തവാക്യത്തെ അടിസ്ഥാനപ്പെടുത്തി നമുക്കു ഉദയനനെ ഇങ്ങോട്ടു ക്ഷണിക്കാം. അദ്ദേഹം ഇവിടെ വന്നു കുറെ ദിവസം താമസിക്കുന്നതിനു വേണ്ട യത്നങ്ങൾ ചെയ്യാം.

## IX

വസന്തകാലം ആരംഭിച്ചിരിക്കുന്നു. അശോകം വാസന്തി മുതലായ വൃക്ഷങ്ങൾ പുഷ്പിതങ്ങളായി. മധുകരങ്ങൾ ചൂതപുഷ്പങ്ങളിൽ ഇരുന്നുകൊണ്ടു് മധുപാനം ചെയ്തു് അവ്യക്തമധുരമായി ഝംകാരനാദം പുറപ്പെടുവിക്കുന്നു. മാവിൻതളിരുകൾ യഥേഷ്ടം ഭക്ഷിച്ചു കോകിലങ്ങൾ പഞ്ചമസ്വരത്തിൽ പാടുന്നു. മത്തങ്ങളായ കലഹംസങ്ങൾ ഉദ്യാനവാപികളിലുള്ള വി-

കസിതമായ നവപങ്കജങ്ങളിൽ ഇരുന്ന കലകലാരവും പുറപ്പെടുവിക്കുന്നു. സഹകാരപുഷ്പങ്ങളിൽ വണ്ടുകൾ വരിയായി ഇരിക്കുന്നതു കണ്ടാൽ കാമദേവന്റെ നാമാക്ഷരങ്ങളാണൊ എന്നു തോന്നിപ്പോകും. കാമികളുടെ ഹൃദയത്തെ ഉന്മഥനം ചെയ്യാനുള്ള കുസുമശരന്റെ ക്രൂത്ത ശരങ്ങളാണൊ എന്നു തോന്നുമാറു പുന്നാഗം, നാഗകേസരം മുതലായ പുഷ്പങ്ങൾ ശോഭിക്കുന്നു. വികസിതമായ പുഷ്പങ്ങളിൽ നിന്നു നിർഗ്ഗമിക്കുന്ന മകരന്ദശീകരങ്ങൾ വഹിച്ചുകൊണ്ടു മന്ദമാരുതൻ കാമിജനങ്ങളുടെ ഹൃദയങ്ങളെ ഉൽക്കണ്ഠാപൂരിതമാക്കിത്തീർക്കുന്നു. ഈ വസന്തകാലത്തു ഒരു ദിവസം പത്മാവതി ആവന്തികയോടും ചേടിയോടും കൂടി ഉദ്യാനത്തിൽ പന്തുകളിക്കയായിരുന്നു.

ആവന്തിക—സഖി, എന്താണു ഇത്ര വേഗത്തിൽ കന്ദുകക്രീഡ അവസാനിപ്പിച്ചതു്? കുറെക്കൂടി വിനോദിക്കരുതോ?

പത്മാവ—ഇന്നു ഇത്രയും മതി.

ചേടി—എന്തിനു മതിയാക്കുന്നു? കന്യാഭാവത്തിലെ രമണീയമായ വിനോദങ്ങൾ ഇനി അധിക നാൾ അനുഭവിപ്പാൻ സാധിക്കയില്ലെന്നുവരാം.

പത്മാവ—ആവന്തിക എന്തോ ചിലതു പരിഹാസമായി പറവാൻ വിചാരിക്കുന്നതുപോലെ തോന്നുന്നു. എന്നെ പരിഹസിക്കുന്നതു നിങ്ങൾക്കു ഒരു നേരംപോക്കായിരിക്കുന്നു. ഇഷ്ടംപോലെ ചെയ്തുകൊൾക.

ആവന്തി—അത്തരത്തിലുള്ള വിചാരങ്ങൾ യാതൊന്നും ഇപ്പോൾ എന്റെ മനസ്സിലില്ല. ഭവതിയെ അടുത്തു വിവാഹം ചെയ്വാൻ പോകുന്ന പുരുഷൻ ഇപ്പോൾ ഇവിടെയുണ്ടെങ്കിൽ ഭവതിയുടെ ഈ ശോഭാതിശയം കണ്ടു എത്ര സന്തോഷിക്കുമായിരുന്നു എന്നാണ് ഞാൻ ആലോചിക്കുന്നതു്. "പ്രിയേഷു സൌഭാഗ്യ ഫലാഹിചാരുതാ" എന്നല്ലെ മഹദ്വചനം. എന്റെ ഈ വിചാരം പരിഹാസമാണെന്നു ഞാൻ വിചാരിക്കുന്നില്ല.

പത്മാ—ഇതു പരിഹാസമല്ലെന്നാണോ പറയുന്നതു്? നിങ്ങളോടു വാദിപ്പാൻ ഞാൻ ശക്തയല്ല. ദയവായി ഇനിയെങ്കിലും ഇത്തരത്തിൽ ഒന്നും പറയാതിരുന്നാൽ കൊള്ളാമായിരുന്നു.

ആവന്തി—പറയുന്നതെല്ലാം പരിഹാസമാണെന്നു തോന്നുന്നുവെങ്കിൽ ഞങ്ങൾ എന്തു ചെയ്യും? എന്തായാലും ഒരു കാൎയ്യം കൂടി എനിക്കു പറവാനുണ്ടു്. അതു പറഞ്ഞു കഴിഞ്ഞാൽ പിന്നെ ഞാൻ യാതൊന്നും സംസാരിക്കുന്നതല്ല.

പത്മാ—അക്കാൎയ്യമെന്താണ്.

ആവന്തി—മഹാസേനരാജാവിന്റെ പുത്രൻ ഭവതിയെ അടുത്തു വിവാഹം ചെയ്വാൻ പോകുന്നു എന്നു കേട്ടുവല്ലോ. ഇക്കാൎയ്യം ഞങ്ങളോടു പറയാതെ എത്ര ദിവസം കഴിക്കാമെന്നാണ് വിചാരിക്കുന്നതു്? വിവാഹം നടക്കുമെന്നുള്ളതു നിശ്ചയം. കാൎയ്യം പറവാൻ എന്തിനു ലജ്ജിക്കുന്നു?

പത്മാ—വീണ്ടും പരിഹസിക്കുകയാണല്ലേ? ഇരിക്കട്ടെ. നിങ്ങൾ പറയുന്ന ഈ മഹാസേനൻ ആരാണ്?

ആവന്തി ഇതാണോ എൻെറ ചോദ്യത്തിനുള്ള ഉത്തരം. ഇതുകൊണ്ടു കാര്യം മറച്ചുവയ്ക്കാമെന്നാണോ വിചാരിക്കുന്നതു്? ഇരിക്കട്ടെ. ഉജ്ജയിനീപതിയായ പ്രദ്യോത മഹാരാജാവിനെപ്പററി ഭവതി കേട്ടിട്ടില്ലേ? അദ്ദേഹത്തെ മഹാസേനൻ എന്നും ജനങ്ങൾ വിളിച്ചുവരാറുണ്ടു്.

ചേടി—അദ്ദേഹത്തിൻെറ പുത്രനെ വിവാഹം ചെയ്യുന്നതു കൊച്ചമ്മയ്ക്കു ഇഷ്ടമില്ല. ഇതു വാസ്തവമാണ്.

ആവന്തി—കൊച്ചമ്മ ആരെ വിവാഹം ചെയ്‌വാനാണു് ആഗ്രഹിക്കുന്നതു്?

ചേടി—വത്സരാജാവായ ഉദയനൻെറ ഗുണഗണങ്ങളെപ്പററി കർണ്ണാകർണ്ണികയാ കേട്ട അദ്ദേഹത്തെ വിവാഹം ചെയ്‌വാനാണു് കൊച്ചമ്മ ആഗ്രഹിക്കുന്നതു്.

ആവന്തി—ഇത്രയധികം പ്രശംസാർഹമായി അദ്ദേഹത്തിനു എന്തു ഗുണമാണുള്ളതു്?

ചേടി—സാധാരണയായി സ്ത്രീകൾ ആഗ്രഹിക്കുന്ന ഭർത്തൃഗുണങ്ങളിൽ ഏററവും പ്രധാനമായതു് അനുകമ്പയാണ്. ഈ ഗുണം അദ്ദേഹനുള്ളതുപോലെ മററാർക്കും തന്നെയില്ലെന്നാണ് കേൾവി.

ആവന്തി—ഇതു ഞാനും കേട്ടിട്ടുണ്ടു്.

ചേടി—ഉദയനരാജാവു് വളരെ അനുകമ്പയുള്ളവനാണെന്നുള്ള സർവ്വസമ്മതമാണ്. കന്യകമാർ ഭർത്തൃ

വിൻെറ രൂപസൌന്ദൎയ്യാദിഗുണങ്ങളേയും പ്രധാനമായിത്തന്നെ ഗണിക്കാറുണ്ടല്ലോ. ഉദയനരാജാവു് വിരൂപിയല്ലെങ്കിൽ കൊച്ചമ്മ ഭാഗ്യവതിതന്നെയാണെന്നുള്ളതിനു സംശയമില്ല.

ആവന്തി—വത്സരാജാവു വിരൂപിയല്ലെന്നു മാത്രമല്ല അത്യന്തം സുഭഗനും ദർശനീയനുമാണ്.

ചേടി—നിങ്ങൾക്ക അക്കാൎയ്യം എങ്ങനെ അറിയാം? നിങ്ങൾ അദ്ദേഹത്തെ കണ്ടിട്ടുള്ളതുപോലെയാണല്ലോ സംസാരിക്കുന്നതു്.

ചേടിയുടെ ഈ ചോദ്യം കേട്ട ഉടനെ ഭർത്തൃസ്നേഹം നിമിത്തം ആലോചിക്കാതെ താൻ പറഞ്ഞുപോയ വാക്കുകളെപ്പററി ഓൎത്തു വാസവദത്ത എന്താണു സമാധാനം പറയേണ്ടതെന്നറിയാതെ കുഴപ്പത്തിലായി.

ആവന്തി—എൻെറ സ്വദേശം ഉജ്ജയിനിയാണെന്നു നിങ്ങൾക്കറിയാം. വത്സരാജാവു് കുറേക്കാലം ഉജ്ജയിനീപതിയുടെ കാരാഗൃഹത്തിൽപ്പെട്ട താമസിച്ചതു നിങ്ങൾ അറിഞ്ഞിരിക്കണം. ഉദയനൻ അവിടെ ഇരുന്ന കാലത്തു അദ്ദേഹത്തിൻെറ രൂപലാവണ്യാദിഗുണങ്ങളെപ്പററി തദ്ദേശവാസികൾ പ്രശംസിക്കുന്നതു കേൾപ്പാൻ എനിക്കും ഇടയായി എന്നുള്ളതു എന്നിൽ ഒരു അപരാധമായിരിക്കുമെന്നു ഞാൻ വിചാരിച്ചില്ല. ഞാൻ അദ്ദേഹത്തെപ്പററി കേട്ടതു പറഞ്ഞു എന്നു മാത്രമേയുള്ളൂ.

പത്മാ—ഇതിൽ എന്തപരാധമാണുള്ളതു്? അദ്ദേഹത്തെ നേരിട്ടു കണ്ടിരുന്നാൽ തന്നെ അതു ഒരു അ

പരാധമാണെന്നു ഞാൻ വിചാരിക്കുന്നില്ല. മനുഷ്യൎക്കു ദൈവം കണ്ണു കൊടുത്തിരിക്കുന്നതു് വിശിഷ്ട വസ്തുക്കൾ കണ്ടു സന്തോഷിപ്പാനാണ്. എന്നു മാത്രമല്ല നേത്രാനന്ദകമായ വസ്തുക്കൾ കണ്ടു തൃപ്തിപ്പെടുന്നതുവരെ നേത്രങ്ങളുടെ സാഫല്യം സിദ്ധമാകുന്നതുമല്ല. ഈ നിലയ്ക്കു അത്യന്തം സുന്ദരനായ ഒരു പുരുഷനേയോ അതിലാവണ്യവതിയായ ഒരു നാരിയെയോ കാണുക എന്നതു ആൎക്കും ഒരു അപരാധമാകുന്നതല്ല. ഇതിനും പുറമെ യാദൃഛികമായി ഒരാൾ മറ്റൊരാളെ കാണുക എന്നതു എത്രയും സംഭാവ്യമാണ്. ഇതും കൂടാതെ സൌന്ദൎയ്യം എന്നു പറയുന്ന വിശിഷ്ടഗുണം ഒരാൾ മാത്രം കണ്ടു ആസ്വദിക്കേണ്ടതല്ല. സൎവ്വജനമനോഭിരാമമായ സൌന്ദൎയ്യം ഉദാസീനരായ ജനങ്ങൾക്കുപോലും ഹൃദ്യമായി ഭവിക്കുന്നു. അതിനാൽ ഒരു ഉദാസീനയുടെ നിലയ്ക്കു ആവന്തിക വത്സരാജനെ നേരിട്ടു കണ്ടിരിക്കുമെങ്കിൽ തന്നെ ആയതു ഒരു അപരാധമാണെന്നു ഒരിക്കലും പറയാവുന്നതല്ല. രാഗദ്വേഷാദിദോഷങ്ങൾ മനസ്സിനെ ദുൎബ്ബലമാക്കിത്തീൎക്കുന്നു. ഈ ദോഷങ്ങളൊന്നും കൂടാതെ സ്വസ്ഥചിത്തരായി ജനങ്ങൾ അന്യോന്യം നോക്കുന്നതും സംസാരിക്കുന്നതും ഈശ്വരേച്ഛക്കു വിരുദ്ധമല്ല.

സഖിമാർ തമ്മിൽ ഇപ്രകാരം സംസാരിച്ചുകൊണ്ടിരിക്കെ പത്മാവതിയുടെ ധാത്രി അവിടെ വരുവാനിടയായി. ധാത്രിയെ കണ്ടയുടനെ ഇവരുടെ സംഭാഷണം പെട്ടെന്നു നിന്നുപോയി.

ധാത്രി—രാജപുത്രിക്കു സർവ്വ മംഗളങ്ങളും വേിക്കട്ടെ.

ആവന്തി—നിങ്ങൾ മംഗളം ആശംസിപ്പാനായിട്ടു തന്നെ വന്നതാണെന്നു തോന്നുന്നു. വിശേഷമായി കൊച്ചമ്മയ്ക്കു ഇപ്പോൾ മംഗളം ആശംസിപ്പാൻ പ്രത്യേക കാരണം വല്ലതും ഉണ്ടായിരിക്കണം.

ധാത്രി—കൊച്ചമ്മയെക്കൊടുത്തുപോയ വിവരം നിങ്ങൾ ആരും അറിഞ്ഞില്ലേ ?

ആവന്തി—എന്ത് ! കൊച്ചമ്മയെക്കൊടുത്തുപോയെന്നോ ? ആൎക്കാണ് കൊടുത്തത് ? കൊച്ചമ്മ അറിയാതെ തന്നെ കൊച്ചമ്മയുടെ കല്യാണവും കഴിഞ്ഞുപോയി ഇതു വിശേഷം തന്നെ.

ധാത്രി—കൊച്ചമ്മയുടെ വിവാഹം തീർച്ചപ്പെട്ടു കഴിഞ്ഞിരിക്കുന്നു എന്നു പറവാനാണ് ഞാൻ വന്നതു്.

ധാത്രി—ഉദയനമഹാരാജാവിന്ന്.

ആവന്തി—അദ്ദേഹത്തിന്നു ഇപ്പോൾ കുശലം തന്നെയാണോ ?

ധാത്രി—കുശലം തന്നെ. കൊച്ചമ്മയെ വിവാഹം ചെയ്തുകൊള്ളാമെന്നു അദ്ദേഹം സമ്മതിച്ചു കഴിഞ്ഞു.

ആവന്തി—ഇതു വലിയൊരു സാഹസമായിപ്പോയി.

ധാത്രി—എന്താണ 'സാഹസം' എന്ന പറയുന്ന ത്. അതുല്യപരായ സ്ത്രീപുരുഷന്മാർ തമ്മിൽ വിവാഹം ചെയ്യുക എന്നതു ആശാസ്യമായ ഒരു കാൎയ്യമല്ലേ? പുത്രിമാരെ അനുരൂപരായ വരന്മാൎക്ക കൊടുക്കുന്ന വിഷയത്തിൽ പിതൃജനങ്ങൾ എന്തെല്ലാം കഷ്ടപ്പാടുകളാണ അനുഭവിക്കുന്നതു്. കൊച്ചമ്മയ്ക്കു ഇത്രയും അനുരൂപനായ ഒരു ഭൎത്താവു ലഭിച്ചതിനെപ്പററി നമ്മളെല്ലാവരും ഒരുപോലെ സന്തോഷിക്കയല്ലേ വേണ്ടതു്? ഈ മംഗളകൎമ്മത്തിൽ എന്തു കാരണത്തിലാണ ഭവതി സാഹസം ശങ്കിക്കുന്നതു്?

ആവന്തി—നിങ്ങൾ എൻെറ അഭിപ്രായം അറിയാത്തതുപോലെ സംസാരിക്കുന്നു. ഇക്കാൎയ്യത്തിൽ എനിക്ക സന്തോഷമില്ലെന്നല്ല ഞാൻ പറഞ്ഞതിൻെറ താല്പൎയ്യം. ഇക്കാൎയ്യത്തിൽ എനിക്ക നിങ്ങളെക്കാൾ അധികം സന്തോഷമുണ്ടെന്ന പറഞ്ഞാൽ നിങ്ങളാരും വിശ്വസിക്കയില്ല. പുരുഷന്മാരുടെ സ്നേഹം ഇത്തരത്തിലാണല്ലോ എന്നു വിചാരിച്ചു് ഞാൻ ഇപ്രകാരം പറഞ്ഞതാണ്. വാസവദത്ത ജീവിച്ചിരുന്ന കാലത്തു് അവളെ ഉദയനരാജാവു് ആത്മാധികം സ്നേഹിച്ചവനു എന്നും അവൾ മരിച്ചപ്പോൾ അദ്ദേഹം എത്രമാത്രം ഏതെല്ലാം തരത്തിൽ വിലപിച്ചു എന്നും നമുക്കറിയാം. നമ്മൾ അറിയുന്ന വിധം അദ്ദേഹത്തിൻെറ പ്രേമം നിർവ്യാജമായിരുന്നുവെങ്കിൽ പൂർവ സംഭവങ്ങളെല്ലാം ഇത്ര പെട്ടെന്നു വിസ്മരിച്ചു അദ്ദേഹം ഇങ്ങനെ പ്രവൎത്തിക്കുമോ എന്നു ഞാൻ ശങ്കിച്ചുപോയി. അദ്ദേഹം ഒരു കാലത്തു പറഞ്ഞതും പ്രവൎത്തിച്ചതുമെ

ല്ലാം ആ സാധു യുവതിയെ വഞ്ചിപ്പാനായിരുന്നുവെങ്കിൽ ഇതു ഏററവും വലിയ സാഹസമെന്നു ഞാൻ വിചാരിക്കുന്നുള്ളൂ. നിർവ്യാജമായ സ്നേഹമല്ല യഥാർത്ഥസ്നേഹം. ഈ പ്രേമം പുരുഷാർത്ഥങ്ങളിൽ ഒന്നാണ്. ഇതു ആപത്തിൽ ദമ്പതികളെ ആത്മവിദ്യയെപ്പോലെ ആശ്വസിപ്പിക്കുന്നു. സ്ത്രീപുരുഷന്മാർ തമ്മിലുള്ള അനുരാഗം അവൎക്കു അളവില്ലാത്ത സൌഖ്യവും മനശ്ശാന്തിയും നൽകുന്നു. യഥാർത്ഥപ്രേമം ഒരു കാലത്തും നശിക്കുന്നതല്ല. ദുർവാസസ്സിൻെറ ശാപം നിമിത്തം ദുഷ്യന്തമഹാരാജാവിനു ശകുന്തളയെ സ്മരിപ്പാൻ സാധിച്ചില്ലെങ്കിലും ശകുന്തളാവിഷയകമായ ഉൽക്കണ്ഠയും പ്രേമവും അദ്ദേഹത്തിൻെറ ഹൃദയത്തിൽ സർവ്വഥാ വർത്തിച്ചിരുന്നു.

"സന്തോഷിച്ചു വസിച്ചിട്ടന്നളവിലും രമ്യങ്ങളാം
ഗോചരൈർ
ജന്തോരന്തരുദിച്ചിട്ടും പ്രബലയാം ഉൽകണ്ഠതൻകാരണം
എന്തോ പൂർവ്വജനുസ്സിലുള്ള മമതാബന്ധം സ്വഭാവസ്ഥിരം
ചിന്തോപസ്ഥിതമാകതാനിഹ പുനസ്സന്ദേഹമി
ല്ലേതുമേ."

ഇതിൽ നിന്നു യഥാർത്ഥപ്രേമം ജന്മാന്തരത്തിൽപോലും സംസ്കാരരൂപമായി സ്ഥിതി ചെയ്യുമെന്നല്ലേ അറിയേണ്ടതു്? ഉദയനരാജാവു് എൻെറ പ്രിയസഖിയുടെ ഭർത്താവായി വരിക എന്നതു ഏററവും ആശാസ്യമാണു്, സന്തോഷകരവുമാണു്. വാസവദത്തയെ അദ്ദേഹം ഇത്ര സ്വല്പ കാലത്തിനുള്ളിൽ വിസ്മരിച്ചു

പോയി എങ്കിൽ ഇതിനെക്കാൾ കഷ്ടതരമായി മററെന്താണുള്ളതു്?

ധാത്രി—ശാസ്ത്രോപദേശത്തിലും സുഹൃജ്ജനങ്ങളുടെ സാന്ത്വനോക്തികളാലും അദ്ദേഹത്തിൻെറ ഹൃദയം സ്വസ്ഥമായിത്തീൎന്നിരിക്കാം. രാജഭാവോചിതങ്ങളും അപരിത്യാജ്യങ്ങളുമായ രാജ്യകാൎയ്യങ്ങളിൽ പ്രവൎത്തിക്കാതെ പ്രാകൃതജനങ്ങളെപ്പോലെ എന്നും ദുഃഖിച്ചുകൊണ്ടിരിക്കുക എന്നതു രാജധൎമ്മമാണോ? ധൎമ്മാചരണത്തിനായി ഉദയനരാജാവു് വീണ്ടും ഒരു ധൎമ്മപത്നിയെ സ്വീകരിക്കുന്നുവെങ്കിൽ ആയതു അദ്ദേഹം തൻെറ പൂൎവ്വപത്നിയെ തീരെ വിസ്മരിച്ചുപോയി എന്നതിലേക്കു തക്കതായ ലക്ഷ്യമാകുമോ?

ആവന്തി—അദ്ദേഹം വാസവദത്തയെ വിസ്മരിച്ചിട്ടുണ്ടെങ്കിൽ അതു സാഹസമായിപ്പോയി എന്നു മാത്രമേ ഞാൻ പറഞ്ഞുള്ളു. അദ്ദേഹം കൊച്ചമ്മയെ സ്വയം വരിച്ചതാണോ?

ധാത്രി—അല്ല. കാൎയ്യന്തം പ്രമാണിച്ചു അദ്ദേഹം ഇവിടെ വന്നിരിക്കയാണു്. രാജ്യകാൎയ്യങ്ങൾ പലതും സംസാരിക്കുന്ന കൂട്ടത്തിൽ മഹാരാജാവു് കൊച്ചമ്മയുടെ വിവാഹത്തെപ്പററി പ്രസ്താവിച്ചു. വത്സരാജാവിനു കൊച്ചമ്മയെ കൊടുത്താൽ കൊള്ളാമെന്നുള്ള തൻെറ ആഗ്രഹത്തെ സൂചിപ്പിക്കയും ചെയ്തു. ഇതിനു ഉദയനരാജാവു് യാതൊരു മറുപടിയും പറയാതെ കുറെനേരം ചിന്താമഗ്നനായി ഇരുന്നുപോയി. എങ്കിലും മഹാരാജാവിൻെറ നിൎബ്ബന്ധമനുസരിച്ചു മനസ്സില്ലാമനസ്സോടെ സമ്മതിച്ചു എന്നു മാത്രമേയുള്ളു.

ആവന്തി—അങ്ങനെയാണെങ്കിൽ വത്സരാജാവ് ഈക്കാര്യത്തിൽ നിരപരാധിതന്നെയാണെന്നു പറയണം. തങ്ങൾക്കു ഇഷ്ടമില്ലാത്ത പല കാര്യങ്ങളും മിത്രങ്ങൾക്കുവേണ്ടി ചെയ്യാൻ നമ്മൾ ചിലപ്പോൾ നിർബ്ബന്ധിതരായിത്തീരാറുണ്ട്. വിവാഹം എന്നു നടത്താമെന്നാണ് മഹാരാജാവു വിചാരിക്കുന്നത്?

ധാത്രി – ഉദയനരാജാവ് കുറെ ദിവസം ഇവിടെ താമസിക്കുമെന്നാണ് അറിയുന്നത്. അദ്ദേഹം നാട്ടിലേക്കു പോകുന്നതിനു മുമ്പുതന്നെ വിവാഹം നടത്തിയാൽ കൊള്ളാമെന്നു മഹാരാജാവ് വിചാരിക്കുന്നു. ഞാൻ കൊച്ചമ്മയെ അന്തഃപുരത്തിലേക്കു കൂട്ടിക്കൊണ്ടു പോകുവാനാണ് ഇവിടെ വന്നത്. എന്നാൽ വിചാരിക്കാതെ അപ്രസക്തമായ വിഷയത്തിൽ പ്രവേശിച്ചുപോയി. ഇന്നു ശുഭദിനമാകയാൽ കൊള്ളാമെന്നു മഹാറാണി ആഗ്രഹിക്കുന്നു.

പത്മാവതിയും ധാത്രിയും ചേടിയും അന്തഃപുരത്തിലേക്കുപോയി. വാസവദത്തയുടെ ഹൃദയത്തിൽ അന്ധകാരം വ്യാപിച്ചുതുടങ്ങി. താൻ ഇതേവരെ അഖണ്ഡമായി അനുഭവിച്ചുവന്ന ഭർത്തൃസ്നേഹസാമ്രാജ്യത്തെ തന്റെ സപത്നിയാകാൻ പോകുന്ന പത്മാവതിക്കു ഭാഗിച്ചുകൊടുക്കണമല്ലോ എന്നുള്ള വിചാരത്താൽ അവൾ ചിന്താമഗ്നയായി. ഈ വിചാരം പത്മാവതിയുടെ നേരെയുള്ള അസൂയ കൊണ്ടാണെന്നു ആരും ശങ്കിച്ചുപോകരുത്. ഭർത്താവിന്റെ ഹിതത്തിനായി ത

ന്റെ സ്ഥാനമാനാദികളെല്ലാം ത്യജിച്ച് പ്രേമസർവ്വസ്വമായ ഭർത്താവിനെപ്പിരിഞ്ഞു ദാസീഭാവം സ്വീകരിച്ച് പരഗൃഹത്തിൽ അജ്ഞാതവാസദുഃഖം അനുഭവിക്കുന്ന ആ സതീരത്നത്തിന്ന എങ്ങനെ അസൂയയുണ്ടാകും, ഉണ്ടെന്നു പറഞ്ഞാൽ അതു് ആർ വിശ്വസിക്കും?

## X

സ്വാമിഭൃത്യഭേദമെന്യേ ആബാലവൃദ്ധം ജനങ്ങളെല്ലാം പത്മാവതിയുടെ വിവാഹമംഗളം കണ്ടാനന്ദിപ്പാൻ ഉത്സാഹഭരിതരായി മുഹൂർത്തസമയം പ്രതീക്ഷിച്ചു നിൽക്കുന്നു. ഈ സന്തോഷത്തിൽ പങ്കുകൊള്ളാതെ വാസവദത്ത പ്രിയസഖിയായ പത്മാവതിയെ വിട്ടുപിരിഞ്ഞു ദുർവിധിനിമിത്തകമായ ദുഃഖത്തിന് അല്പം ശാന്തി കിട്ടിയേക്കുമോ എന്നു വിചാരിച്ച് പ്രമദവനത്തിൽച്ചെന്നു ഏകാകിനിയായി നിൽക്കുന്നു. "കഷ്ടം! ഈ ദുഃഖവും ഞാൻ അനുഭവിക്കേണ്ടതായിട്ടാണോ വന്നിരിക്കുന്നതു്. എന്റെ പ്രേമസർവസ്വമായ ഭർത്താവ്-ഞാൻ പ്രത്യക്ഷദൈവമായി ആരാധിച്ചുവന്ന പ്രിയതമൻ-മറെറാരു സ്ത്രീക്കു അധീനനായിത്തീരുക എന്നതിനേക്കാൾ വലുതായ ദുഃഖം എനിക്കു് ഈ ജന്മത്തിൽ മറെറന്താണുള്ളതു്. ഈശ്വരൻ ഇത്ര കരുണയില്ലാത്തവനാണോ. അഥവാ എന്തിനു ദൈവത്തെ കുററപ്പെടുത്തുന്നു. ഞാൻ അനുഭവിപ്പാനുള്ള കർമ്മഫലം ഇത്രമാത്രമായിരിക്കാം. ഇതിൽ മററാരുംതന്നെ അപരാധികളല്ല. വിവേകശൂന്യരായ ചക്രവാകപക്ഷി

കരം പോലും വിരഹദുഃഖത്താൽ പ്രാണത്യാഗം ചെയ്തു പോകുന്നു. ഞാൻ എന്തിനായിട്ടാണു ജീവിച്ചിരിക്കുന്നതു്. ഭർത്താവിനെ വീണ്ടും കാണുമെന്നുള്ള ആഗ്രഹം നിമിത്തം പ്രാണത്യാഗം ചെയ്വാൻ എനിക്കു മനസ്സു വരുന്നതുമില്ല.” ഇപ്രകാരം ഓരോന്നു ആലോചിച്ചുകൊണ്ടു ചിന്താശൂന്യഹൃദയനായി, ആഭരണങ്ങളൊന്നുമണിയാതെ അവ്യാജസുന്ദരമായ ശരീരം വഹിച്ചുകൊണ്ടു മഞ്ഞിനാൽ മൂടപ്പെട്ട ചന്ദ്രലേഖ പോലെ മങ്ങിയ ശരീരകാന്തിയോടുകൂടി മഹാറാണിയുടെ സന്ദേശം വഹിച്ചുകൊണ്ടു് ചേടി അവിടെച്ചെന്നു.

ചേടി— ആവന്തികെ, ഞാൻ എത്ര നേരമായി നിങ്ങളെ അന്വേഷിക്കുന്നു. കൊച്ചമ്മയുടെ വിവാഹമഹോത്സവത്തിനു പങ്കു കൊള്ളാതെ ഏകാകിനിയായി ഈ സമയത്തു ഇവിടെ വന്നിരിക്കുന്നതിൻെറ കാരണം എനിക്കു മനസ്സിലാവുന്നില്ല. ഇതുവരെ കണ്ടിട്ടില്ലാത്ത ഒരു ഭാവഭേദം നിങ്ങളുടെ മുഖത്തു ഞാൻ കാണുന്നു. ഇത്ര പെട്ടെന്നു ഈ ഭാവഭേദം ഉണ്ടാവാൻ കാരണമെന്തു്?

ആവന്തി—ഇതൊന്നും ഇപ്പോൾ എന്നോടു ചോദിക്കാതിരിക്കുന്നതാണു നല്ലതു്. വാസ്തവമായി എന്നിൽ ഏതെങ്കിലും ഭാവഭേദം നിങ്ങൾ കാണുന്നുണ്ടെങ്കിൽ അതിനു നിങ്ങളാരും കാരണമല്ല.

ചേടി— കാരണം എന്തെന്നു നിങ്ങൾ പറയുന്നില്ലെങ്കിലും ഏതാണ്ടൊക്കെ ഞാൻ ഊഹിച്ചു കഴിഞ്ഞു. നി

ങ്ങളുടെ ഭർത്താവിനെ അന്വേഷിപ്പാനായി വിദേശത്തിലേക്കു പോയിരിക്കുന്ന നിങ്ങളുടെ ജ്യേഷ്ഠൻ ഇനിയും തിരിച്ചുവന്നില്ലല്ലോ.

ആവന്തി — എന്റെ ദുർവ്വിധിയെപ്പററി മററാരും ദുഃഖിക്കേണ്ട ആവശ്യമില്ല. നിങ്ങൾ എന്തിനായിട്ടാണ് എന്നെ അന്വേഷിച്ചതു്? ഞാൻ ചെയ്യേണ്ടതായി വല്ലതുമുണ്ടെങ്കിൽ അതു മുഖവുരയൊന്നും കൂടാതെ പറഞ്ഞാൽ ചെയ്യത്തക്കതായിരുന്നു.

ചേടി — കൊച്ചമ്മയുടെ വിവാഹത്തിനു വേണ്ട കൗതുക മാല നിങ്ങൾതന്നെ കെട്ടണമെന്നാണു മഹാറാണിയുടെ അഭിപ്രായം. ഇതു പറയുന്നതിനായിട്ടാണ് ഇത്ര നേരം ഞാൻ നിങ്ങളെ അന്വേഷിച്ചതു്.

ആവന്തി — ഈ മാല ഞാൻ തന്നെ കെട്ടണമെന്നു മഹാറാണി പറവാൻ പ്രത്യേക കാരണം വല്ലതുമുണ്ടോ?

ചേടി — ഇല്ലെന്നില്ല. ഈ മാല കൊച്ചമ്മയ്ക്കുള്ളതാണ്. നിങ്ങൾ ഒരു ഉത്തമകുലത്തിൽ ജനിച്ചിരിക്കുന്നതിനാൽ കൊച്ചമ്മയെ അനുഗ്രഹിപ്പാൻ നിങ്ങൾക്കു അർഹതയുണ്ട്. നിങ്ങൾ കൊച്ചമ്മയെ ആത്മതുല്യമായി സ്നേഹിക്കുന്നു എന്ന പരമാർത്ഥം മഹാറാണിക്കു വളരെ പണ്ടേ അറിയാം. ഇതിനും പുറമെ മാല കെട്ടുന്നതിൽ നിങ്ങൾക്കു അസാധാരണമായ നൈപുണ്യമുണ്ടെന്നുള്ളതു മറെറാരു കാരണമാണ്.

ആവന്തി — മാല കെട്ടേണമെങ്കിൽ ഈ പ്രശംസാവചനങ്ങളൊന്നും ആവശ്യമില്ല. അറിയാമെങ്കിലും ഇല്ലെങ്കിലും മഹാറാണിയുടെ ആജ്ഞയ്ക്കു വശപ്പെടേണ്ടതു

നമ്മുടെ കൎത്തവ്യമാണ്. കൊച്ചമ്മ എന്റെ ആപ്തമിത്രമാണെന്നുള്ളതു തക്കമററ സംഗതിയാണ്.

ഇക്കാൎയ്യവും താൻ തന്നെ ചെയ്യേണ്ടതായി വന്നുപോയല്ലോ എന്നു വിചാരിച്ചു വാസവദത്ത അല്പനേരം ചിന്താമഗ്നയായി നിന്നുപോയി.

ചേടി - ജാമാതാവു കുളിപ്പാൻ പോയിക്കഴിഞ്ഞു. താമസിച്ചാൽ മുഹൂൎത്തസമയം അതിക്രമിച്ചുപോകും.

ആവന്തി—നിങ്ങൾ ജാമാതാവിനെ കണ്ടുവോ?

ചേടി—എങ്ങനെ നോക്കിയാലും അദ്ദേഹത്തെ കാണേണ്ടതല്ലേ? കൊച്ചമ്മയുടെ ഭൎത്താവെന്ന നിലയ്ക്കു പ്രത്യേകിച്ചു കാണേണ്ടതുമാണ്.

ആവന്തി—നിശ്ചയമായും കാണേണ്ടതാണ്. അദ്ദേഹം സുരൂപനെന്നോ വിരൂപനെന്നോ എന്താണ് നിങ്ങളുടെ അഭിപ്രായം?

ചേടി—ഇത്തരത്തിൽ ഒരു പുരുഷനെ ഇതേവരെ ഞാൻ കണ്ടിട്ടില്ലെന്നു പറയുന്നതിൽ ഒട്ടുംതന്നെ അതിശയോക്തിയില്ല.

ആവന്തി—ചോദ്യത്തിനു സമാധാനം പറയുന്ന സ്വഭാവമില്ലെന്നു തോന്നുന്നു. അദ്ദേഹം സുരൂപനാണോ വിരൂപനാണോ എന്നാണ് ഞാൻ ചോദിച്ചതു്.

ചേടി—ശരചാപഹീനനായ കാമദേവൻ തന്നെ എന്നു പറയാം.

ആവന്തി—ഇത്രയും പറഞ്ഞാൽ മതി.

ചേടി—എന്തുകൊണ്ടാണ് 'മതി' എന്നു പറയുന്നതു്?

ആവന്തി—പരപുരുഷവർണ്ണനം അനുചിതമല്ലയോ ?

ചേടി—എന്നാൽ ഇനി വർണ്ണിക്കുന്നില്ല. ഇത്രയും പറഞ്ഞതു തന്നെ വിഡ്ഢിത്തമായിപ്പോയി. പറഞ്ഞുപോയതു തിരികെ എടുപ്പാൻ സാധിക്കുന്നതല്ലല്ലോ.

ആവന്തി—എന്താണ് രണ്ടു തരം പുഷ്പം കാണുന്നതു് ? ഇവയ്ക്കു പ്രത്യേകം വല്ല ഉദ്ദേശവുമുണ്ടോ ?

ചേടി—ഉവ്വ്, ഈ രണ്ടു തരത്തിലുള്ള പുഷ്പം കൊണ്ടു രണ്ടു മാലയാണു കെട്ടേണ്ടതു്. ഇവയിൽ ഒന്നു വൈധവ്യദുഃഖമനുഭവിക്കാതിരിക്കുന്നതാണ്.

ആവന്തി അങ്ങനെയാണെങ്കിൽ സഖിയേയും എന്നേയും ഉദ്ദേശിച്ച് ഈ പുഷ്പം കൊണ്ടു വളരെ മാല കെട്ടിയാൽ കൊള്ളാമെന്നു തോന്നുന്നു. ഇതു എങ്ങനെയുമിരിക്കട്ടെ. വേറൊരു തരം പുഷ്പം ഉള്ളതിന്റെ പ്രത്യേക ഉദ്ദേശം എന്താണ് ?

ചേടി—അതു സപത്നീദുഃഖമനുഭവിക്കാതിരിപ്പാനാണ്.

ആവന്തി—അങ്ങനെയാണെങ്കിൽ ഈ പുഷ്പം കൊണ്ടു വലിയ ആവശ്യമില്ലെന്നു തോന്നുന്നു. വാസവദത്ത മരിച്ചുപോയിക്കഴിഞ്ഞു. രാജാവിനു മററു ഭാര്യമാരുമില്ല. ആ സ്ഥിതിക്ക് ഈ പുഷ്പംകൊണ്ടു മാലകെട്ടേണ്ടതില്ലെന്നല്ലേ വരുന്നതു് ?

ചേടി—എന്നാൽ ഒരു മാല കെട്ടിയാൽ മതി. സാധാരണ പതിവനുസരിച്ചു മഹാറാണി ആലോചി

ക്കാതെ പറഞ്ഞതായിരിക്കും ഒരു മാല കെട്ടുന്നതു വളരെ വേഗത്തിൽ തീൎത്താൽ കൊള്ളാം !

ആവന്തി—എന്തിനാണ് ഇത്ര ധൃതിപ്പെടുന്നത് ? ജാമാതാവു കുളി കഴിഞ്ഞു വരുന്നതിനു മുമ്പ് മാല തീൎത്തു തന്നാൽ മതിയല്ലോ. ഒരു മാല കെട്ടുവാൻ നിങ്ങൾ വിചാരിക്കുന്നതുപോലെ അത്രയധികം സമയമൊന്നും വേണ്ട.

ചേടി—എന്താണ് നിങ്ങൾ ഈ സമയത്തു ഉത്സവത്തിൽ പംകുകൊള്ളാതെ ഈ വിജനപ്രദേശത്തു വന്നു കുണ്ഠിതയെപ്പോലെ ഏകാകിനിയായി ഇരിക്കുന്നത്?

ആവന്തി—എനിക്കു വിശേഷിച്ച് യാതൊരു കുണ്ഠിതവുമില്ല. ഇതാ മാല കെട്ടിക്കഴിഞ്ഞു. നിങ്ങൾ ഇതുംകൊണ്ടു വേഗത്തിൽ പൊയ്ക്കൊൾക. ഞാൻ പിൻപേ വന്നുകൊള്ളാം.

---

ചേടി മാലയുംകൊണ്ടു വേഗത്തിൽ പോയി. കഷ്ടം ! വാസവദത്തയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്? ഭൎത്തൃവൽസലയായ ആ സാധ്വിയുടെ ഇപ്പോഴത്തെ മനഃസ്ഥിതി എന്തായിരിക്കും ? ഉൽസവത്തിൽ പംകുകൊള്ളുവാൻ അവൾക്കിഷ്ടമില്ലേ ? തന്റെ പ്രേമസൎവ്വസ്വമായ ഭൎത്താവിനെ ഒന്നു കണ്ടാൽ കൊള്ളാമെന്നു അവൾ ആഗ്രഹിക്കാതിരിക്കുമോ ? ആഗ്രഹിച്ചാൽ അവൾ എങ്ങനെ പോകും ? രാജാവ് അവളെ കാണുന്നപക്ഷം യൗഗന്ധരായണന്റെ യത്നങ്ങളും താൻ ഇത്രകാലം അസഹ്യമായ വിരഹദുഃഖമനുഭവിച്ചതുമെല്ലാം വിഫലമാകയില്ലയോ ? ആകപ്പാടെ ആ സാധുസ്ത്രീ

കിം കർത്തവ്യതാമൂഢയായിത്തീൎന്നു. അവളുടെ അവയവങ്ങൾ തളൎന്നു. ഉറങ്ങുകയാണെങ്കിൽ കുറച്ചുനേരമെങ്കിലും ഈ ദുഃഖം അനുഭവിക്കാതെ കഴിക്കാമല്ലോ എന്ന് അവൾക്കു തോന്നി. എന്നാൽ ഉറക്കവും അവളെ ത്യജിച്ചിരിക്കുന്നു. തൽക്കാലം ദുഃഖശാന്തിക്കു ഉറക്കമല്ലാതെ മററു യാതൊരു ഉപായവും അവൾ കാണുന്നില്ല. വിവാഹാമോദസങ്കുലമായ രാജഗൃഹത്തിൽനിന്നു ഉൽസാഹഭരിതരായ ജനങ്ങളുടെ കളകളാരവം കേൾക്കുന്നു. വാസവദത്തയാകട്ടെ ഏകാകിനിയായി വിജനസ്ഥലത്തിരുന്നു തന്റെ ദുൎവ്വിധിയെ ശപിക്കുന്നു. "ഈശ്വരൻ ഇത്ര നിൎഘൃണനാണോ. ആൎത്തരായ ജനങ്ങളുടെ നേരെ അദ്ദേഹത്തിനു അനുകമ്പയില്ലയോ. ഭക്തജനങ്ങളുടെ പ്രാൎത്ഥനകളെ അദ്ദേഹം കൈക്കൊള്ളുകയില്ലയോ. കഷ്ടം! ഞാൻ ആൎത്തയല്ലേ, അനാഥയല്ലേ, ഭക്തയല്ലേ, അഗതികയല്ലേ. ഈശ്വരൻപോലും ഈ സമയത്തു എന്നെ ത്യജിക്കയാണെങ്കിൽ ഞാനെന്തുചെയ്യും. ഹാ! ദൈവമേ! ഭക്തവത്സലാ! കൃപാനിധേ! ആൎത്തയായ പാഞ്ചാലിയെ അങ്ങു രക്ഷിച്ചില്ലേ. അങ്ങു സൎവ്വശക്തനല്ലേ, സൎവ്വജ്ഞനല്ലേ, സൎവ്വവ്യാപിയല്ലേ. എന്റെ സങ്കടം അങ്ങു കേൾക്കുന്നില്ലയോ" എന്നും മററും വിലപിച്ച് ദുഃഖാവേശത്താൽ പരവശയായ അബലാരത്നം ഒരു ലതാഗൃഹത്തിന്റെ അകത്തു കടന്നു ശീതളമായ ഒരു ശിലാപട്ടകത്തിൽ ഉറങ്ങുന്നു.

## XI

ചേടി— നിങ്ങളുടെ ഭൎത്താവു കുളിയും കുറിയിടലും മററും കഴിഞ്ഞു ഭക്ഷണം കഴിപ്പാൻ നാലുകെട്ടി

ലേക്ക പോയിരിക്കുന്നു. അദ്ദേഹത്തിന്നു വേണ്ട ഭക്ഷണ സൌകൎയ്യങ്ങൾ ചെയ്തുകൊടുക്കാതെ ഉദ്യാനത്തിലേക്ക പുറപ്പെട്ടുവന്നതു് ഉചിതമായി എന്നു ഞാൻ വിചാരിക്കുന്നില്ല.

പത്മാവ—നിങ്ങൾ പറയുന്നതു ശരിതന്നെ. ഞാൻ ഈ സമയത്തു ഇങ്ങോട്ടു വന്നതു നന്നായില്ലെന്നു എനിക്ക തന്നെ തോന്നുന്നുണ്ടു്. എനിക്കുവേണ്ടി നിങ്ങൾ ഏററവും വാത്സല്യത്തോടെ നട്ടു വളൎത്തിവരുന്ന ഈ ശേഫാലികച്ചെടി പുഷ്പിച്ചുവോ എന്നു നോക്കുന്നതിന്നായിട്ടാണ് ഞാൻ ഇങ്ങോട്ടു പുറപ്പെട്ടതു്. ഈ ചെടി പുഷ്പിച്ചു കാണ്മാൻ ഉൽക്കണ്ഠയോടെ എത്ര നാളായി ഞാൻ കാത്തിരിക്കുന്നു. എനിക്കും നിങ്ങൾക്കും പ്രിയപ്പെട്ട ഈ ചെടി പുഷ്പിച്ചിരിക്കുന്നതായി ഉദ്യാനപാലിക ഇപ്പോഴാണ് എന്നോടു പറഞ്ഞതു്. അതു കാണ്മാനുള്ള ഉൽക്കണ്ഠയാൽ ഉടൻതന്നെ ഇങ്ങോട്ടു വരികയും ചെയ്തു.

ചേടി ഇതാ പുഷ്പിച്ചിരിക്കുന്നതു കണ്ടില്ലേ? പവിഴങ്ങൾ ഇടകലൎന്നു മുത്തുകൾപോലെ തളിരുകളോടുകൂടി പ്രകാശിക്കുന്ന ഈ പൂക്കുലകൾ എത്ര രമണീയമായിരിക്കുന്നു.

പത്മാവ—നിങ്ങൾ അതിൽ നിന്നു ഒരു മാലകെട്ടുവാൻ വേണ്ട പുഷ്പങ്ങൾ പറിച്ചുകൊണ്ടുവരുമോ?

ചേടി—കൊച്ചമ്മ ഈ ശിലയിൽ അല്പനേരം ഇരിക്കാമെങ്കിൽ ഞാൻ ആവശ്യമുള്ള പുഷ്പം പറിച്ചു കൊണ്ടുവരാം.

പത്മാവതിയും ആവന്തികം ശിലമേൽ ഇരുന്നു. ചേടി പുഷ്പം പറിക്കുന്നതിനായിപ്പോയി. അല്പനേരം കൊണ്ടു കൈനിറച്ചു പുഷ്പം കൊണ്ടുവന്നു.

പത്മാവ—ഹാ! ഈ കുസുമങ്ങൾ എത്ര വിചിത്രമായിരിക്കുന്നു.

ആവന്തി—വിചിത്രത മാത്രമല്ല. ഇവ രമണീയമായും ഇരിക്കുന്നുവല്ലോ.

ചേട്ടി—കുറേക്കൂടി പുഷ്പം പറിച്ചുകൊണ്ടു വരട്ടയോ?

പത്മാവ—വേണ്ട. ഇപ്പോൾ പറിച്ചിരിക്കുന്നതുതന്നെ കുറെ അധികമായി. ഇത്രയധികം പറിക്കുമെന്നു ഞാൻ വിചാരിച്ചില്ല.

ആവന്തി—ഇതു ഒരു മാല കെട്ടുവാൻ മതിയാകുമെന്നു തോന്നുന്നില്ല. കുറേക്കൂടി പറിച്ചുകൊണ്ടുവരുന്നതിൽ എന്താണു് വിരോധം? ഇതു ഉപയോഗത്തിനല്ലേ?

പത്മാവ—ഭർത്താവു ഇവിടെ വരികയാണെങ്കിൽ ഈ പുഷ്പസമൃദ്ധി കണ്ടു ആനന്ദിക്കാതിരിക്കയില്ല.

ആവന്തി—ഭവതിക്കു ഭർത്താവു ഏററവും പ്രിയൻ തന്നെ എന്നതിനുലക്കു ഇതു ഒരു ദൃഷ്ടാന്തം തന്നെയാണു്.

പത്മാവ—പ്രിയനാണോ അല്ലയോ എന്നു ചോദിക്കുന്നതായാൽ എന്താണു മറുപടി പറയേണ്ടതെന്നു എനിക്കു അറിവാൻ പാടില്ല. എങ്കിലും അദ്ദേഹം കൂടെ ഇല്ലാത്തതിനാൽ എന്റെ ഹൃദയം ഉത്സുകമായി

തീൎന്നിരിക്കുന്നു എന്നുള്ള വാസ്തവം മറച്ചുവയ്ക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല.

ചേടി—ഭൎത്താവു തനിക്കു ഏററവും പ്രിയനാണെന്നുള്ള സംഗതിയെ കൊച്ചമ്മ ചമൽക്കാരമായും ന്യായമായും സ്ഥിരപ്പെടുത്തിയിരിക്കുന്നു.

പത്മാവ—എനിക്കു ഒരു സംശയം മാത്രമുണ്ടു്.

ആവന്തി—അതെന്താണു് ? സാധിക്കുമെങ്കിൽ സംശയം നിവൎത്തിപ്പാൻ യത്നിച്ചുനോക്കാം.

പത്മാവ—ഭൎത്താവു എന്നെ സ്നേഹിക്കുന്നതുപോലെ വാസവദത്തയെ സ്നേഹിച്ചിരിക്കുമോ എന്നു ഞാൻ ബലമായി സംശയിക്കുന്നു.

ആവന്തി—ഇക്കാൎയ്യത്തിൽ എനിക്കു യാതൊരു സംശയവുമില്ല. യഥാൎത്ഥം പറകയാണെങ്കിൽ രാജാവു് ഭവതിയേക്കാൾ അധികമായി വാസവദത്തയെ സ്നേഹിച്ചിരുന്നു എന്നു ഞാൻ നിശ്ശങ്കം പ്രസ്താവിച്ചുകൊള്ളുന്നു.

പത്മാവ—ഈ അഭിപ്രായത്തിനു ആസ്പദം വല്ലതുമുണ്ടോ?

ആവന്തി—വാസവദത്ത ഏററവും പ്രിയപ്പെട്ട പിതൃജനങ്ങളെവിട്ടു ഭൎത്താവിനെ അനുഗമിച്ചതു അദ്ദേഹത്തിന്റെ അസാധാരണമായ സ്നേഹത്തിനു വശപ്പെട്ടുപോയതിനാലല്ലേ ?

പത്മാവ—ഇതിൽ നിന്നു വാസവദത്തയുടെ സ്നേഹമല്ലേ വെളിവാകുന്നതു് ?

ആവന്തി—ഭാൎയ്യാഭൎത്തൃപ്രേമം അന്യോന്യം ആശ്ര

യിച്ചാണിരിക്കുന്നതു്. വാസവദത്തയ്ക്കു വിവേകമില്ലെന്നാണോ ഭവതി പറയുന്നതു്?

പത്മാവ—ഭാൎയ്യാഭൎത്തൃപ്രേമം അന്യോന്യം ആശ്രയിച്ചാണ് ഇരിക്കുന്നതെങ്കിൽ ചില ദമ്പതിമാരുടെ വിഷയത്തിൽ പരസ്പരം സാമ്യമില്ലാതിരിക്കുന്നതു എന്തുകൊണ്ടാണ്.

ആവന്തി—സാമ്യമില്ലാത്ത പ്രേമം യഥാൎത്ഥപ്രേമമല്ല.

പത്മാവ—നിങ്ങൾ പറയുന്നതു അസംഭാവ്യമല്ല. ഭൎത്താവു വാസവദത്തയെ എന്നെ സ്നേഹിക്കുന്നതിനേക്കാൾ അധികം സ്നേഹിച്ചിരിക്കാം.

ആവന്തി-വാസവദത്തയെപ്പോലെ വീണവായന ഉപദേശിക്കണമെന്നു നിങ്ങളും ഭൎത്താവിനോടു എന്തുകൊണ്ടാണ് ആവശ്യപ്പെടാത്തതു്! ഭവതിയെ ഭൎത്താവു് എത്രത്തോളം സ്നേഹിക്കുന്നുവെന്നറിവാൻ ഇതു് നല്ലൊരുപായമല്ലേ?

പത്മാവ—ഞാൻ അദ്ദേഹത്തോടു ആവശ്യപ്പെടാതിരുന്നില്ല.

ആവന്തി—അദ്ദേഹം എന്താണു പറഞ്ഞതു്?

പത്മാവ—യാതൊന്നും സമാധാനം പറയാതെ വിചാരമഗ്നനായി കുറേനേരം നിശ്വസിക്കയാണ് ചെയ്തതു്.

ആവന്തി-ഇതിൽ നിന്നു ഭവതി എന്തു മനസ്സിലാക്കുന്നു?

പത്മാവ—ഞാൻ ചോദിച്ച ഉടനെ അദ്ദേഹം ആൎയ്യയായ വാസവദത്തയുടെ അസംഖ്യം ഗുണങ്ങളെ

സ്മരിച്ചിരിക്കും. എന്റെ നേരെയുള്ള ദാക്ഷിണ്യത്താൽ അദ്ദേഹം വായ്വിട്ടു കരഞ്ഞില്ലെന്നു മാത്രമേ ഞാൻ വിചാരിക്കുന്നുള്ളൂ.

ആവന്തി—വാസവദത്ത മരിച്ചുപോയി എങ്കിലും ധന്യ തന്നെ.

ഉദ്യാനത്തിൽ രാജാവു ഒരു സമയം വരുന്നതായാൽ വൈഷമ്യമുണ്ടെന്നു വിചാരിച്ച് വാസവദത്ത കാര്യാന്തരവ്യാജേന അവിടെ നിന്നുപോയി. പത്മാവതിയും ചേടിയും ഉദ്യാനത്തിന്റെ ശോഭാതിശയം കണ്ടു ആനന്ദിക്കയായിരുന്നു. കുറെനേരം കഴിഞ്ഞു അവർ മടങ്ങുന്നതിന്നായി ഭാവിച്ചപ്പോൾ രാജാവും വസന്തകനും ഉദ്യാനത്തിലേക്കു വരുന്നതു കണ്ടു. വസന്തകന്റെ സ്വാഭാവികമായ ചില നേരംപോക്കുകൾ കാണാമെന്നു വിചാരിച്ച് പത്മാവതിയും ചേടിയും ഒരു ലതാഗൃഹത്തിൽ പ്രവേശിച്ചു ഒളിച്ചിരുന്നു. ഈ ലതാഗൃഹത്തിൽ നിന്നു ദൂരെയല്ലാതെ ഒരു ശിലമേൽ രാജാവും വസന്തകനും ചെന്നിരുന്നു.

വസന്ത—ധാരാളമായി പൊഴിഞ്ഞുകിടക്കുന്ന ഈ പുഷ്പങ്ങൾ എത്ര വിചിത്രമായും രമണീയമായും ഇരിക്കുന്നു.

രാജാവ്—എനിക്കു ഒന്നും തന്നെ രമണീയമായി തോന്നുന്നില്ല. എന്റെ സന്തോഷമെല്ലാം അവസാനിച്ചിരിക്കുന്നു. മഹാസേനരാജാവിന്റെ അധീനത്തിൽപ്പെട്ടതു നിമിത്തം എനിക്കു വാസവദത്തയെ കാണ്മാനും അവളൊരുമിച്ച് കുറെക്കാലം ജീവിതസുഖം അനുഭവിപ്പാനും ഇടയായി. പ്രിയപ്പെട്ട വാസവ

ദത്ത എന്നെ ത്യജിച്ചു ലോകാന്തരത്തിലേക്കു പോയിരിക്കുന്നു എങ്കിലും അവളെ സംബന്ധിച്ച അനുരാഗം ഇപ്പോഴും എന്റെ ഹൃദയത്തിൽ ദൃഢമായിരിക്കുന്നുണ്ട് ഇതു എന്റെ ഹൃദയം നശിക്കുന്നതുവരെ മാഞ്ഞുപോകുന്നതല്ല.

വസന്ത — പത്മാവതിയെ അരമനയിൽ കണ്ടില്ലല്ലോ. ഉദ്യാനത്തിലും കാണുന്നില്ല. എവിടെ പോയിരിക്കും? ഒരു സമയം ഉദ്യാനത്തിൽ തന്നെ എവിടെയെങ്കിലും ചുററിക്കൊണ്ടിരിക്കും. ഇതാ ഈ സാരസ പക്ഷികൾ വരിവരിയായി പറന്നുപോകുന്നതു എത്ര കൌതുകാവഹമായിരിക്കുന്നു. നിങ്ങൾ ഇതു കാണുന്നില്ലേ?

രാജാവ് — ഞാൻ കാണുന്നുണ്ട്. വളവും പിരിവും കൂടാതെ ചരടു പിടിച്ചതുപോലെ വരിയായി പൊങ്ങിയും താഴ്ന്നും സ്വസന്നിധങ്ങളിലേക്കു ഉൽക്കണ്ഠയോടെ പറന്നുപോകുന്ന ഇവയെ കാണുമ്പോൾ ആകാശത്തെ രണ്ടായി ഭാഗിക്കുന്ന ഒരു അളവുരേഖയാണോ എന്നു തോന്നിപ്പോകുന്നു.

വസന്ത — പത്മാവതിയെ ഇനിയും കാണുന്നില്ലല്ലോ. ഒരു സമയം ഇവിടെ വന്നു കുറെനേരം അങ്ങയെ കാത്തുനിന്നതിനുശേഷം തിരിച്ചുപോയിരിക്കും.

രാജാവ് — പത്മാവതി ഇവിടെ വന്നിട്ടുണ്ടെന്നു വിചാരിപ്പാൻ കാരണം വല്ലതും ഉണ്ടോ? അതോ വെറുതെ ഊഹിക്കയാണോ?

വസന്ത - ഈ ശേഫാലികച്ചെടി പുഷ്പിച്ചിരിക്കുന്നതു കണ്ടില്ലേ? ഇതിൽ നിന്നു കുറെ പുഷ്പങ്ങൾ

പറിച്ചിട്ടുള്ളതുപോലെ തോന്നുന്നു. പത്മാവതിയല്ലാതെ മററാരും ഈ ചെടിയിൽ നിന്നു പുഷ്പം പറിക്കയില്ലെന്നു എനിക്കറിയാം.

രാജാവ്—ഈ പുഷ്പങ്ങൾ എത്ര മനോഹരമായിരിക്കുന്നു. എന്തായാലും നമുക്കു കുറച്ചുനേരം ഇവിടെ ഇരിക്കാം.

വസന്ത—എന്നാൽ അങ്ങനെ ആകട്ടെ. ഈ പ്രമദ വനം ശൂന്യമായിരിക്കുന്നു. എനിക്കു അങ്ങയോടു സ്വകാര്യമായി ചില കാര്യങ്ങൾ ചോദിക്കേണ്ടതുണ്ട്. ഇതേവരെ സൌകര്യം കിട്ടാത്തതിനാൽ ചോദിക്കാത്തതാണ്.

രാജാവ്—യഥേഷ്ടം ചോദിക്കാമല്ലോ.

വസന്ത—അങ്ങ് മരിച്ചുപോയ വാസവദത്തയെ സ്നേഹിച്ചിരുന്നതുപോലെ പത്മാവതിയെ സ്നേഹിക്കുന്നുണ്ടോ? ഞാൻ ഇതു കാര്യമായി ചോദിക്കുന്നതാണ്.

രാജാവ്—ഗൌരവമേറിയ കാര്യം തന്നെ. ഈ താരതമ്യവിവേചനം ചെയ്യാൻ എനിക്കു സാധിക്കയില്ലെന്നു മാത്രമല്ല ഇതു എനിക്കു സങ്കടകരമായ ഒരു കാര്യവുമാണ്. നിഷ്പ്രയോജനമായി ഇത്തരം ചോദ്യങ്ങൾ കൊണ്ടു എന്നെ വിഷമിപ്പിക്കുന്നതു എന്തിനാണ്?

വസന്ത—ഇതിൽ എന്തു സങ്കടമാണുള്ളത്? വാസവദത്ത മരിച്ചുപോയിക്കഴിഞ്ഞു. പത്മാവതി ഇവിടെ ഇല്ലതാനും. കാര്യം തുറന്നു പറയുന്നതിൽ ഒരു

വിഷമതയും ഞാൻ കാണുന്നില്ല. എന്തിനാണു ഇത്ര പേടിക്കുന്നതു്?

രാജാവ്—ഞാൻ ഒരിക്കലും പറകയില്ല. നിങ്ങൾ ഒരു വാചാലനാണു്. രഹസ്യം പരസ്യമാക്കുന്നതിൽ നിങ്ങൾ പ്രത്യേകം ഉത്സാഹിയാണെന്നും എനിക്കു നല്ലപോലെ അറിയാം.

വസന്ത—ചോദ്യത്തിനു സമാധാനം പറയാതെ ഞാൻ വിടുന്നതല്ല. പറയുന്നില്ലെങ്കിൽ ഇനിമേൽ ഞാൻ നിങ്ങളുടെ മിത്രമല്ലെന്നു തന്നെ കരുതിക്കൊൾക. ഇതു് എന്റെ പ്രതിജ്ഞയാണു്.

രാജാവ്—ബലാൽക്കാരം പ്രയോഗിക്കയാണോ?

വസന്ത—അതേ. ബലാൽക്കാരം തന്നെ. ചോദ്യത്തിനു സമാധാനം പറയാതെ ഇവിടെ നിന്നു ഒരടി പോലും ഇളകുന്നതിൽ അങ്ങയ്ക്കു സ്വാതന്ത്ര്യമില്ലെന്നു ഞാൻ ശപഥം ചെയ്തുകൊള്ളുന്നു.

രാജാവ്—ബലാൽക്കാരത്തിന്റെ ഫലം കണ്ടറിയേണ്ടതാണു്.

വസന്ത—കോപിക്കയാണോ? ഞാൻ സ്നേഹം കൊണ്ടു ഇപ്രകാരം പറഞ്ഞതാണു്. അങ്ങയ്ക്കു എന്നിൽ ഇത്ര വിശ്വാസമില്ലേ?

രാജാവ്—എന്തുചെയ്യാം. ഇത്ര നിർബ്ബന്ധമാണെങ്കിൽ ഞാൻ എങ്ങനെ പറയാതിരിക്കും. ദയവായി ഞാൻ പറയുന്നതു നാടെല്ലാം ഘോഷിക്കാതിരുന്നാൽ കൊള്ളാം.

വസന്ത—ഇല്ലെന്നു ഞാൻ പ്രതിജ്ഞ ചെയ്തുകൊള്ളുന്നു.

രാജാവ് — രൂപം, ശീലം, മാധുര്യം മുതലായ ഗു ണങ്ങളാൽ എനിക്കു പത്മാവതിയുടെ നേരെ വലിയ ബഹുമാനമുണ്ടെന്നുള്ളതിന്നു യാതൊരു സംശയവുമില്ല. എങ്കിലും വാസവദത്തയ്ക്കു് അധീനമായിത്തീൎന്നിരിക്കുന്ന എന്റെ മനസ്സിനെ ആകർഷിപ്പാൻ പത്മാവതിക്കു സാധിക്കുന്നില്ലെന്നു തുറന്നു പറയേണ്ടിയിരിക്കുന്നു. പക്ഷപാതത്താൽ ഞാൻ ഇങ്ങനെ പറയുന്നതല്ല. പത്മാവതി എന്നെ നിസ്സീമം സ്നേഹിക്കുന്നുണ്ടെന്നു എനിക്കു നല്ലപോലെ അറിയാം. ഞാൻ അവളെയും യഥാൎത്ഥമായിത്തന്നെ സ്നേഹിക്കുന്നുണ്ടു്.

വസന്ത — ഇതിൽനിന്നു അങ്ങയുടെ അസാധാരണമായ ദാക്ഷിണ്യം വെളിപ്പെടുന്നുണ്ടു്. വാസവദത്ത മരിച്ചിട്ടുപോലും ആ ധന്യയുടെ ഗുണങ്ങളെ എപ്പോഴും സ്മരിക്കുക എന്നതു ലോകസാധാരണമല്ല.

രാജാവ് — എന്റെ അഭിപ്രായം പറഞ്ഞുകഴിഞ്ഞു. നിങ്ങളുടെ അഭിപ്രായം എന്നോടും പറയേണ്ടതല്ലേ?

വസന്ത — പ്രയോജനമില്ലാതെ ഞാൻ യാതൊന്നും പറയണമെന്നു വിചാരിക്കുന്നില്ല. എനിക്കു ഇവരെപ്പററി യാതൊരു അഭിപ്രായഭേദവുമില്ല. ഇരുവരോടും എനിക്കുള്ള ബഹുമാനം തുല്യമാണ്.

രാജാവ് — നിങ്ങൾ ഒരു മൂഢൻ തന്നെയാണ്. ബലാല്ക്കാരേണ എന്നെക്കൊണ്ടു് അഭിപ്രായം പറയിച്ചു നിങ്ങളുടെ അഭിപ്രായം മറച്ചുവയ്ക്കാൻ ഞാൻ ഒരിക്കലും സമ്മതിക്കുന്നതല്ല.

വസന്ത—ബലാൽക്കാരമായി എന്നെക്കൊണ്ടും പറയിക്കാമെന്നാണോ വിചാരിക്കുന്നതു്? അങ്ങനെയാണെങ്കിൽ അങ്ങയുടെ ഉദ്ദേശം ഫലിക്കുന്ന കാര്യം വളരെ സംശയമാണ്. വേണമെങ്കിൽ പരീക്ഷിക്കാം.

രാജാവ്—ദേഷ്യപ്പെടേണ്ട. സ്നേഹം കൊണ്ടു ഞാൻ നിർബ്ബന്ധിച്ചതാണു്. സ്വൈരമായിപ്പറഞ്ഞാലും.

വസന്ത—എന്നാൽ പറയാം. വാസവദത്തയുടെ നേരെ എനിക്കു വലിയ ബഹുമാനമുണ്ടു്. പത്മാവതി ഒരു സുന്ദരി തന്നെ. അവൾക്കു കോപമോ അഹങ്കാരമോ കുറച്ചുപോലുമില്ല. മധുരമായി സംസാരിക്കുന്നു. ദാക്ഷിണ്യം വേണ്ടുവോളമുണ്ടു്. ഇതെല്ലാം ശ്ലാഘ്യമായ ഗുണങ്ങൾ തന്നെ. ഇവർ തമ്മിൽ ഒരു വ്യത്യാസം മാത്രമേ ഞാൻ കാണുന്നുള്ളു. വാസവദത്ത എത്രയോ ദിവസങ്ങളിൽ മധുരപലഹാരങ്ങൾ കയ്യിൽവച്ചു കൊണ്ടു് സ്നിഗ്ദ്ധമായി എന്നെ വിളിക്കാറുള്ളതു ഞാൻ ഒരിക്കലും വിസ്മരിക്കുന്നതല്ല.

രാജാവ്--ഇതെല്ലാം ഞാൻ വാസവദത്തയോടു പറയാം.

വസന്ത കഷ്ടം! വാസവദത്ത മരിച്ചുപോയി എന്നുള്ള കാര്യം അങ്ങു് വിസ്മരിച്ചുപോയോ?

രാജാവ്--കഷ്ടം തന്നെ. വാസവദത്തയെ ഞാൻ എങ്ങനെ വിസ്മരിക്കും. അവൾ മരിച്ചുപോയി എന്നു എനിക്കു വിചാരിക്കപോലും വയ്യ അങ്ങയുടെ പരിഹാസത്താൽ ഞാൻ പെട്ടെന്നു വാസവദത്തയെ ഓർത്തുപോയി പഴയ പരിചയമനുസരിച്ചു ഓർക്കാതെ ഞാൻ ഇങ്ങനെ പറഞ്ഞുപോയതാണു്

വസന്ത--വാസവദത്തയെ ഓൎത്ത് അങ്ങ് പലപ്പോഴും ദുഃഖിക്കാറുണ്ടെന്ന് എനിക്കറിയാം ദൈവേച്ഛ അലംഘനീയമല്ലേ? ഇക്കാൎയ്യത്തിൽ എപ്പോഴും ഖേദിക്കുന്നതുകൊണ്ടു ഫലമെന്തു്? നമ്മൾ എല്ലാം വിധിപരതന്ത്രന്മാരാണല്ലോ. വാസവദത്ത പെട്ടെന്നു മരിച്ചുപോകുമെന്നോ ഈ പുതിയ വിവാഹം നടക്കുമെന്നോ ആർ വിചാരിച്ചു? നമ്മൾ ചെയ്യേണ്ടതു ചെയ്യുക എന്നല്ലാതെ വിധിവിലാസത്തെ മാററുന്നതു് ഏവനും സാധ്യമല്ല. ഈശ്വരന്മാർപോലും വിധിപരതന്ത്രന്മാരാണെന്നു വരികിൽ നമ്മുടെ അവസ്ഥ തുലോം തുച്ഛമല്ലേ? ഇക്കാൎയ്യങ്ങളിൽ ധൈൎയ്യമവലംബിക്കുകയല്ലാതെ ഗത്യന്തരമില്ല.

രാജാവ്--എന്റെ ഇപ്പോഴത്തെ ദുഃഖാവസ്ഥ അറിയാതെ നിങ്ങൾ ഈ വിധം തത്വോപദേശം ചെയ്യുന്നതാണ്. വാസവദത്തയെ സംബന്ധിച്ച ദുഃഖം ശമിക്കുമോ എന്നു വിചാരിച്ചു ഞാൻ പത്മാവതിയെ അളവില്ലാതെ സ്നേഹിക്കുന്നുണ്ട്. എന്നാൽ ആ ദുഃഖം ശമിക്കുന്നില്ലെന്നു മാത്രമല്ല വൎദ്ധിക്കയും ചെയ്യുന്നു. അസഹ്യമായ ദുഃഖം നേരിടുമ്പോൾ അശ്രുമോചനം കൊണ്ടു ദുഃഖശാന്തിക്കായി ജനങ്ങൾ യത്നിക്കുന്നതു ലോകസ്വഭാവമാണ്. അശ്രുമോചനം നിഷ്പ്രയോജനമാണെന്നും മററും ആത്മചിന്തകന്മാർ ഉപദേശിക്കുന്നതും സാധാരണം തന്നെ. ഗൃഹസ്ഥന്മാരുടെ ദുഃഖിതമായ ഹൃദയം അശ്രുമോചനത്താൽ അല്പം ആശ്വസിക്കുന്നു എന്നുള്ളതും ലോകാനുഭവമാണ്.

ഇത്രയും പറഞ്ഞുംകൊണ്ടുകൂടി രാജാവിൻെറ നേത്രങ്ങളിൽ നിന്നു കണ്ണീർ ധാരയായി ഒഴുകിത്തുടങ്ങി. തൻെറ തത്വോപദേശങ്ങളൊന്നും ഫലിച്ചില്ലെന്നു കണ്ടു വസന്തകൻ രാജാവിൻെറ മുഖം കഴുകുന്നതിലേക്കായി വെള്ളം കൊണ്ടുവരുവാൻ പോയി. രാജാവു പൊട്ടിക്കരയുന്നതുകണ്ടു ലതാഗൃഹത്തിൻെറ അകത്ത് ഒളിച്ചിരുന്ന പത്മാവതിയും ചേടിയും പരിഭ്രമിച്ചു. രാജാവ് തലതാഴ്ത്തിക്കരയുന്നു. അദ്ദേഹത്തെ ആർ സമാധാനപ്പെടുത്തും? ചേടിയുടെ അഭിപ്രായമനുസരിച്ച് പത്മാവതി പതുക്കെ രാജസമീപം ചെന്നുനിന്നതു രാജാവു കണ്ടില്ല.

ഇതിനകം വസന്തകൻ വെള്ളം കൊണ്ടുവന്നപ്പോൾ അവിചാരിതമായി പത്മാവതി രാജാവിൻെറ അരികത്തു നിൽക്കുന്നതു കണ്ടു. രാജാവു പത്മാവതിയെ കാണുന്നില്ല. വസന്തകൻ രാജാവിൻെറ കയ്യിൽ വെള്ളം കൊടുത്തു. രാജാവ് വെള്ളം വാങ്ങിച്ചു മുഖം കഴുകുവാനായി തല പൊക്കിയപ്പോൾ പത്മാവതി തൻെറ അരികത്തു നിൽക്കുന്നതു കണ്ടു നാണിച്ചുപോയി.

വസന്ത--ഭവതിയെ ഞങ്ങൾ എവിടെയെല്ലാം അന്വേഷിച്ചു. എത്ര നേരമായി ഞങ്ങൾ ഇവിടെ ഭവതിയെ കാത്തുനിൽക്കുന്നു. ഇത്ര നേരം എവിടെയായിരുന്നു?

പത്മാവ--അതെല്ലാം ഇരിക്കട്ടെ. നിങ്ങളുടെ സ്നേഹിതൻ വല്ലാതെ കരയുന്നുവല്ലോ, ഇതിനു കാരണമെന്നറിഞ്ഞാൽ കൊള്ളാം.

വസന്ത---കാരണം അതുതന്നെ. ഒന്നുമറിയാത്തതുപോലെ ചോദിക്കയാണല്ലേ? സ്ത്രീകൾ സ്വതേ നിപുണകളാണെന്നു പറയുന്നതു വെറുതെയല്ല.

പത്മാ---നേരംപോക്കു പിന്നെയാവാം. കാൎയ്യം പറയുമോ?

വസന്ത--- കാററത്തു കണ്ണിൽ കരടു വീണുപോയി. മുഖം കഴുകുവാൻ ഇതാ ഞാൻ വെള്ളം കൊണ്ടുവന്നിരിക്കുന്നു. ഇനി വേണ്ടതു ചെയ്തുകൊൾക. എന്റെ ചുമതല തീൎന്നു. നിങ്ങളായി നിങ്ങളുടെ ഭൎത്താവായി. ഞാൻ ഇതാ പോകുന്നു.

രാജാവു്---ഭവതി ഇത്രനേരം എവിടെയായിരുന്നു. പ്രിയയെ കാത്തു എത്ര നേരമായി ഞാൻ ഇവിടെ ഇരിക്കുന്നു.

പത്മാ---അല്ല! പ്രിയതമൻ എന്നെ കാണാതെ കരഞ്ഞുപോയിരിക്കുമോ?

## XXI

മാലതി---മധുകരികേ, കൊച്ചമ്മ അസഹ്യമായ തലവേദന നിമിത്തം അത്യന്തം ക്ലേശിക്കുന്ന വിവരം അറിഞ്ഞില്ലേ?

മധുകരിക---കഷ്ടംതന്നെ. ഞാൻ അറിഞ്ഞില്ല.

മാലതി---നിങ്ങൾ വേഗം ചെന്നു ഈ വിവരം ആവന്തികയെ അറിയിക്കുക. കൊച്ചമ്മയ്ക്കു തലവേദനയാണെന്നു മാത്രം പറഞ്ഞാൽ മതി. ഈ വിവരം അറിഞ്ഞാൽ ഉടൻ തന്നെ ആവന്തിക വരാതിരിക്കയില്ല:

മധു—ആവന്തികയ്ക്കു ചികിത്സ അറിയാമോ? നമ്മൾ എല്ലാവരും ഇരിക്കെ ആവന്തികയെത്തന്നെ വിളിച്ചുകൊണ്ടു വരണമെന്നു പറയുന്നതിൻെറ താല്പൎയ്യമെന്തു്? നമുക്കു കൊച്ചമ്മയുടെ നേരെ സ്നേഹമില്ലേ?

മാലതി—കുതൎക്കം ചെയ്വാനുള്ള സമയം ഇതല്ല. ചികിത്സ അറിയുമെങ്കിലും ഇല്ലെങ്കിലും ആവന്തിക അടുത്തിരിക്കുന്നതുതന്നെ കൊച്ചമ്മയ്ക്കു അല്പം ആശ്വാസമായിരിക്കും. നല്ല കഥകൾ പറഞ്ഞു കൊച്ചമ്മയെ വിനോദിപ്പിക്കുന്നതിനു ആവന്തികയ്ക്കു നമ്മെക്കാൾ അധികം സാമൎത്ഥ്യമുണ്ടു്.

മധു—എന്നാൽ അങ്ങനെയാകട്ടെ. കൊച്ചമ്മ ഇപ്പോൾ എവിടെയാണു കിടക്കുന്നതു്?

മാലതി—ഉദ്യാനത്തിൽ. നിങ്ങൾ വേഗം ചെന്നു ആവന്തികയോടു വിവരം പറയുക. ഞാൻ വസന്തകൻ വഴിക്കു രാജാവിനേയും വിവരം അറിയിക്കാം.

ഇങ്ങനെ പറഞ്ഞു ചേടിമാർ തമ്മിൽ പിരിഞ്ഞു. മാലതി വസന്തകനെ അന്വേഷിച്ചു കണ്ടുപിടിച്ചു.

വസന്ത—വാസവദത്തയുടെ വിയോഗദുഃഖത്താൽ രാജാവു വിഷയസുഖങ്ങളിൽ നിന്നു തീരെ വിമുഖനായിരുന്നുവെങ്കിലും പത്മാവതിയെ വിവാഹം ചെയ്തതിനുശേഷം ഈയിടയായി അല്പം വിഷയോന്മുഖനായി തീൎന്നിട്ടുണ്ടു്.

മാലതി—അനുഗ്രഹംതന്നെ. അദ്ദേഹം ഇപ്പോൾ എവിടെയാണു് ഇരിക്കുന്നതു്? കൊച്ചമ്മയ്ക്കു തലവേ-

ദനയാണെന്നുള്ള വിവരം നിങ്ങൾ അറിഞ്ഞില്ലെന്നു തോന്നുന്നു.

വസന്ത--എന്ത്! ഞാൻ അറിഞ്ഞില്ലല്ലോ. കഷ്ടം തന്നെ.

മാലതി—തലവേദന നല്ലപോലെയുണ്ടെന്നാണു കേട്ടതു്. നിങ്ങൾ വേഗം ചെന്നു ഈ വിവരം ദേവനെ അറിയിക്കുക. ഞാൻ പോയി നെററിയിൽ പുരട്ടുവാൻ വല്ല മരുന്നും അരച്ചുകൊണ്ടുവരാം.

വസന്ത—പത്മാവതി എവിടെയാണു ഇരിക്കുന്നതു്?

മാലതി--ഉദ്യാനത്തിലാണെന്നാണു കേട്ടതു്.

വസന്ത---ഞാൻ ഉടൻതന്നെ വിവരം സ്വാമിയെ അറിയിച്ചുകൊള്ളാം. നിങ്ങൾ വേഗം ചെന്നു മരുന്നു തയ്യാറാക്കുക

വസന്തകൻ രാജാവിൻെറ സമീപം ചെന്നു. രാജാവു് എന്തോ ചിലതു ദീർഘമായി ആലോചിക്കയായിരുന്നു.

വസന്ത—ദീർഘാലോചനയിൽ ലയിച്ചിരിക്കയാണോ? ഇത്ര ഗാഢമായി ആലോചിക്കുന്നതു എന്തിനെ പററിയാണു്?

രാജാവു്—എൻെറ ആലോചനയ്ക്കു വിഷയം എന്തായിരിക്കുമെന്നു ഞാൻ പറയാതെ തന്നെ നിങ്ങൾക്കു ഊഹിക്കാവുന്നതാണു്. എങ്കിലും പറയാം. അതിലാവണ്യവതിയും ധൈര്യം, ഔദാര്യം, ഗാംഭീര്യം മുതലായ സൽഗുണങ്ങളാൽ സർവപ്രകാരേണ ശ്ലാഘ്യയുമായ അവന്തിരാജപുത്രിയെ വിവാഹം ചെയ്‌വാൻ

എനിക്കു സംഗതിയായി. അവരം ജീവിച്ചിരുന്നേട ത്തോളം കാലം ഞാൻ യഥാൎത്ഥമായ ദാമ്പത്യസുഖം അനുഭവിക്കയും ചെയ്തു. എൻെറ ദൌൎഭാഗ്യത്താൽ പ്രേമസൎവ്വസ്വമായ ആ വധൂരത്നം അല്പ ജീവിതംകൊണ്ടു തൃപ്തിപ്പെട്ടു് എന്നെ ത്യജിച്ചുപോയി. ദൈവഗത്യാ യാൽ വേറൊരു വിവാഹം ചെയ്‌വാനും എനിക്കിട യായി. അതീതഭാൎയ്യാവിഷയകമായ ദുഃഖം നൂതന ഭാൎയ്യാസ്വീകരണത്താൽ കാലാന്തരത്തിൽ നശിക്കുന്ന താണെന്നു ജനങ്ങരം പറയാറുണ്ടു്. എന്നാൽ എൻെറ വിഷയത്തിൽ ഈ ലോകവാദം വിപരീതമായിട്ടാണു കാണുന്നതു്. എന്നുമാത്രമല്ല, യഥാൎത്ഥപ്രേമം ഒരു കാലത്തും നശിക്കുന്നതല്ലെന്നു എനിക്കു പൂൎണ്ണ വിശ്വാസം വന്നിരിക്കുന്നു. വാസവദത്തയുടെ അതി രമണീയമായ വിശിഷ്ട ഗുണങ്ങളാൽ ബന്ധിതമായ എൻെറ തരളഹൃദയം അതീതകാൎയ്യങ്ങളെ വിസ്മരി പ്പാൻ എത്രതന്നെ ശ്രമിച്ചിട്ടും യാതൊരു ഫലവും കാ ണുന്നില്ല. പത്മാവതിയെ ഞാൻ യഥാൎത്ഥമായി സ്നേഹിക്കുന്നുണ്ടു്. അവളുടെ പ്രേമം നിൎവ്യാജമാണു്. എങ്കിലും വാസവദത്തയുടെ സ്വരൂപം എപ്പോഴും എൻെറ ഹൃദയത്തിൽ സ്ഥിതി ചെയ്യുന്നു. എൻെറ ദൃഷ്ടിക്കു മുമ്പാകെ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. അ വരം തൻെറ സൎവ്വഭാവങ്ങളേയും എന്നിൽ പ്രതിഷ്ഠിച്ചി രിക്കുന്നു. ഞാനെന്തുചെയ്യട്ടെ എൻെറ ജന്മാവശേഷ മെല്ലാം ഇത്തരത്തിൽ ദുഃഖിച്ചുതന്നെ അവസാനിക്കണ മെന്നായിരിക്കാം വിധിയുടെ ഇഷ്ടം.

വസന്ത---ഭവാൻ സ്വതേ ദുഃഖിച്ചുകൊണ്ടിരിക്കു

ന്ന ഈ സമയത്തു വേറൊരു ദുഃഖവൃത്താന്തം അറിയിക്കേണ്ടിയിരിക്കുന്നതിനെപ്പററി ഞാൻ വ്യസനിക്കുന്നു. പറയാതിരിക്കുന്നതു സൌഹൃദധമ്മത്തിനു വിരുദ്ധമാകയാൽ കാൎയ്യം മറച്ചുവയ്ക്കാൻ മനസ്സാക്ഷി അനുവദിക്കുന്നതുമില്ല

രാജാവ്---വ്രണത്തിൽ കരുവെന്നതുപോലെ ആപത്തിനു മീതെ പുതുതായി എന്താപത്താണ് വന്നുചേൎന്നിരിക്കുന്നതു്?

വസന്ത---പത്മാവതി അസഹ്യമായ തലഃവേദനയാൽ ക്ലേശിക്കുന്നുവത്രെ.

രാജാവ്---ആരാണ് ഈ വിവരം പറഞ്ഞതു് ?

വസന്ത---മാലതിയാണ് എന്നോടു പറഞ്ഞതു്.

രാജാവ്---കഷ്ടം ! പത്മാവതിയുടെ സാന്നിദ്ധ്യത്തിലെങ്കിലും വാസവദത്താവിഷയകമായ ദുഃഖം അല്പം കുറയുന്നതായി ചിലപ്പോൾ എനിക്കു തോന്നാറുണ്ടു്. ഈ ഒരു വിനോദവും എനിക്കു ഇല്ലാതാക്കണമെന്നായിരിക്കാം വിധിയുടെ സങ്കല്പം. സമ്പത്തു സമ്പത്തിനേയും ആപത്തു ആപത്തിനേയും അനുവൎത്തിക്കുന്നു എന്ന തത്വമനുസരിച്ച് വീണ്ടും എന്തോ ആപത്തു് സമീപിച്ചിരിക്കുന്നതായി എന്റെ ഹൃദയം ശങ്കിക്കുന്നു. പത്മാവതിക്കും എന്തെങ്കിലും ആപത്തു സംഭവിക്കയാണെങ്കിൽ എനിക്കു ജീവിതസന്ധാരണം അശക്യമായിത്തീരുമെന്നുള്ളതിനു സംശയമില്ല.

വസന്ത---വരുന്നതെല്ലാം അനുഭവിക്കുക എന്ന

ല്ലാതെ എപ്പോഴും ആപത്തിനെ ശങ്കിക്കുന്നതുകൊണ്ടു യാതൊരു ഫലവുമില്ലല്ലോ.

രാജാവ്-- പത്മാവതി ഉദ്യാനഗൃഹത്തിലുണ്ടെന്നല്ലെ പറഞ്ഞതു്? എന്തായാലും നമുക്കു അങ്ങോട്ടു പോകാം.

രാജാവും വസന്തകനും ഉദ്യാനഗൃഹത്തിലേക്കു പുറപ്പെട്ടു. അവിടെ ചെന്നപ്പോൾ ആരുമുണ്ടായിരുന്നില്ല. ഒരു മുറിയിൽ ഒരു കിടക്ക വിരിച്ചിട്ടിരുന്നു. മറെറാരു മുറിയിൽ ചെറുതായ ഒരു വിളക്കു കത്തിക്കൊണ്ടിരുന്നു. നേരം ഇരുണ്ടുതുടങ്ങി. പത്മാവതിയെ അവിടെ കാണാതെ രാജാവു് പരിഭ്രമിച്ചു. ഒരു സമയം പത്മാവതി അവിടെ വന്നുപോയിരിക്കുമോ എന്നു അദ്ദേഹം ആദ്യമായി ശങ്കിച്ചു. കിടക്ക കണ്ടാൽ അതിൽ ആരും കിടന്നിട്ടില്ലെന്നു നിശ്ചയിക്കാമായിരുന്നു. എന്തായാലും കുറച്ചുനേരം അവിടെ പത്മാവതിയെ കാത്തിരിക്കാമെന്നു അദ്ദേഹം നിശ്ചയിച്ചു. പത്മാവതി വരാതിരിക്കയില്ലെന്നും അതുവരെ കിടക്കയിൽ ഇരുന്നു അല്പം വിശ്രമിക്കാമെന്നും വസന്തകൻ പറഞ്ഞതനുസരിച്ചു രാജാവു് കിടക്കയിൽ ചെന്നു കിടന്നു. വസന്തകൻ പുറത്തു നില്ക്കയായിരുന്നു. പഴയ ഓർമ്മകൾ ഓരോന്നായി രാജാവിന്റെ മനസ്സിൽ തോന്നിത്തുടങ്ങി. വാസവദത്ത സ്നേഹപാരവശ്യത്താൽ സ്വജനങ്ങളെ എല്ലാം വിട്ടു് അർദ്ധരാത്രി സമയത്തു യാതൊരു സംശയവും കൂടാതെ തന്നോടൊരുമിച്ചു പുറപ്പെട്ടതും പുറപ്പെടുന്ന സമയം തന്നെ അവൾ ഗാഢമായി ആശ്ലേഷിച്ചുകൊണ്ടു സ്വജനവിയോ

ഗചിന്തയാൽ കണ്ണീർ തുള്ളികൾ പൊഴിച്ചതും ആ തുള്ളികളെല്ലാം തൻെറ മാറത്തുതന്നെ 'പതിച്ചതും അദ്ദേഹം ഓൎത്തു. താൻ ബന്ധനത്തിൽ ഇരുന്നുകൊണ്ടു പ്രിയതമയ്ക്കു വീണവായന ഉപദേശിക്കുമ്പോൾ പല പ്രാവശ്യം അവൾ വീണയിൽ ശ്രദ്ധ പതിക്കാതെ തന്നെ നോക്കി ആനന്ദാമൃതം ആസ്വാദിക്കുന്നവളെപ്പോലെ കമ്പിയില്ലാത്ത സ്ഥലത്തു വിരലുകൾ വയ്ക്കാറുള്ളതും അതു കണ്ടു താൻ അവളെ പരിഹസിക്കാറുള്ളതും അദ്ദേഹം സ്മരിച്ചു. പ്രിയതമയോടുകൂടി താൻ സ്വരാജ്യത്തിൽ ചെന്നു താമസിക്കുമ്പോൾ ഒരു ദിവസം വൈകുന്നേരം കാൎയ്യവശാൽ പുറത്തുപോയി രാത്രി തിരിച്ചുവന്നപ്പോൾ സമയം കുറെ അതിക്രമിച്ചിരുന്നതിനാൽ വാസവദത്ത ഉറക്കമായിരുന്നതും താൻ വാതിൽ തട്ടി അവളെ ഉണൎത്തിയതും വാതിൽ തുറന്നു തന്നെ ചോരനെന്നു അവൾ സംബോധനം ചെയ്തു തലയിൽ ചൂടിയിരുന്ന പുഷ്പമാല എടുത്തു തൻെറ കൈകൾ രണ്ടും ബന്ധിച്ചതും അദ്ദേഹം ഓൎത്തു. ഇങ്ങനെ പല സംഭവങ്ങളും ഓരോന്നായി സ്മരിച്ചുകൊണ്ടു രാജാവു് അറിയാതെ ഉറങ്ങിപ്പോയി. കുളിർകാററു വീശിക്കൊണ്ടിരുന്നു. രാജാവു് ഉറക്കമായി എന്നു കണ്ടു വസന്തകൻ പുതയ്ക്കുവാൻ വല്ലതും കൊണ്ടുവരാമെന്നു വിചാരിച്ചു് അരമനയിലേയ്ക്കുപോയി. വിളക്കു ചെറുതായി കത്തിക്കൊണ്ടിരുന്നതു കാററത്തു അണഞ്ഞുപോയി. മധുകരികയും ആവന്തികയും ഉദ്യാനഗൃഹത്തിലേക്കു പുറപ്പെട്ടു. പകുതി വഴിയായപ്പോൾ മധുരിക പത്മാവതിയുടെ നെററിയിൽ പ

രുട്ടുവാൻ മരുന്നുംകൊണ്ടു മാലതിയോടുകൂടി ഉടൻ വന്നുകൊള്ളാമെന്നു പറഞ്ഞു അരമനയിലേക്കു ഓടി. ആവന്തിക ഉദ്യാനഗൃഹത്തിൽ എത്തിയപ്പോൾ അവിടെ ആരെയും കാണ്മാനില്ല. സൂക്ഷിച്ചു നോക്കിയാൽ തന്നെ ആരും അറിയുന്നതു പ്രയാസമായിരുന്നു. അകത്തു കടന്നു നോക്കിയപ്പോൾ കിടക്കയിൽ ആരോ മൂടിപ്പുതച്ചു കിടക്കുന്നതുകണ്ടു. അതു പത്മാവതിതന്നെയാണെന്നു അവൾ നിശ്ചയിച്ചു. വിളക്കുപോലുമില്ലാതെ സഖിയെ തനിച്ചുവിട്ടു ഭൃത്യജനങ്ങൾ അങ്ങുമിങ്ങും പോയതു ഒട്ടും ഉചിതമായില്ലെന്നും ആയതിലേക്കു അവസരം കിട്ടുമ്പോൾ താൻ അവരെ ശാസിക്കുന്നതാണെന്നും അവൾ മനസ്സിൽ നിശ്ചയിച്ചു. വിരഹപര്യുൽസുകനായ ഹൃദയദയിതന്റെ വിശ്രമസ്ഥാനമായ പത്മാവതി സുഖക്കേടിൽ പെട്ടുപോയതു വിചാരിച്ചു അവൾ വളരെ ഖേദിച്ചു. എന്തായാലും സഖിയുടെ സമീപത്തു ചെന്നിരിക്കാമെന്നു വിചാരിച്ചു ആവന്തിക കിടക്കയിൽ ചെന്നിരുന്നു. പത്മാവതി ഗാഢമായി ഉറങ്ങുകയാണെന്നും അവളുടെ തലവേദനയ്ക്കു അല്പം ആശ്വാസം കിട്ടിയിരിക്കാമെന്നും അവൾ വിചാരിച്ചു. പെട്ടെന്നു് അവളുടെ ഹൃദയത്തിൽ അസാധാരണമായ ഒരു ആഹ്ലാദം ഉദിച്ചതുപോലെ അവൾക്കുതോന്നി. സഖിയുടെ സമീപത്തുതന്നെ അല്പനേരം കിടക്കാമെന്നു വിചാരിച്ചു് അവൾ കിടക്കയുടെ ഒരുവശത്തു സ്വൈരമായിക്കിടന്നു. സഖിയെ പതുക്കെ വിളിച്ചു നോക്കി. ഉറങ്ങിക്കൊണ്ടിരുന്ന രാജാവു സ്വപ്നത്തിൽ വാസവദത്തയുടെ പേർ വിളിച്ചുതുടങ്ങി. കിടക്കയിൽ

കിടന്നിരുന്ന ആൾ രാജാവാണെന്നും പത്മാവതിയല്ലെന്നും അപ്പോഴാണ് ആവന്തികയ്ക്കു മനസ്സിലായതു്. കാൎയ്യമെല്ലാം അപകടത്തിലായോ എന്നു വിചാരിച്ചു അവൾ വല്ലാതെ പരിഭ്രമിച്ചു. പെട്ടെന്നു് എഴുനീററു കുറെ അകലെയായി മാറി നിന്നു. കഷ്ടം! യൗഗന്ധരായണന്റെ യത്നമെല്ലാം ഫലിക്കുന്നതിനു മുമ്പു് കാൎയ്യമെല്ലാം പുറത്തായല്ലോ എന്നു വിചാരിച്ചു് അവൾ വളരെ ഖേദിച്ചു തൽക്കാലം എന്താണു ചെയ്യേണ്ടതെന്നറിയാതെ ആവന്തിക നിശ്ചേഷ്ടയായി നിന്നുപോയി. രാജാവു വീണ്ടും വാസവദത്തയെ വിളിച്ചു. സൂക്ഷിച്ചുനോക്കിയപ്പോൾ അദ്ദേഹം ഉറങ്ങുകയാണെന്നും സ്വപ്നത്തിൽ തന്നെ വിളിച്ചതാണെന്നും മനസ്സിലായപ്പോൾ ആവന്തികയുടെ ഹൃദയം അല്പം ആശ്വസിച്ചു. അവിടെ ആരുമറിയാതിരുന്നതിനാൽ അല്പനേരമെങ്കിലും തന്റെ നേത്രങ്ങളേയും ഹൃദയത്തേയും സന്തോഷിപ്പിക്കാമെന്നു് അവൾ നിശ്ചയിച്ചു.

രാജാവ് — (സ്വപ്നത്തിൽ) പ്രിയേ എന്തു കാരണത്താലാണു ഭവതി എന്നോടു സംസാരിക്കാത്തതു്?

ആവന്തി — പ്രാണനാഥ! ഞാൻ സംസാരിക്കുന്നുണ്ടല്ലോ.

രാജാവ് — ഭവതി എന്നോടു കോപിച്ചിരിക്കയാണോ?

ആവന്തി — ഞാൻ ദുഃഖിതയാണല്ലോ.

രാജാവ് — എന്തു കാരണത്താലാണു ഭവതി അലങ്കാരമൊന്നും അണിയാതിരിക്കുന്നതു്?

ആവന്തി — നാഥ! ഇതിലധികമായി എന്തെങ്കിലും കാരണം വേണ്ടതുണ്ടോ?

രാജാവു് പെട്ടെന്നു ആലിംഗനം ചെയ്യാനെന്ന പോലെ കൈ നീട്ടുന്നതു അവൾ കണ്ടു. ഇനി അവിടെ നിൽക്കുന്നതു ഉചിതമല്ലെന്നു വിചാരിച്ചു ആവന്തിക ഭർത്താവിൻെറ കൈ നിലത്തു കിടന്നിരുന്നതു് പതുക്കെ എടുത്തു കിടക്കയിൽവെച്ചു പുറത്തേക്കുപോയി. അവൾ പോയ ഉടൻ തന്നെ രാജാവു ഉണൎന്നു പ്രിയതമയ്ക്കു തുല്യയായ ഒരു സ്ത്രീയെ താൻ കണ്ടതായും അവൾ വാസവദത്തയാണെന്നു വിചാരിച്ചു താൻ അവളെ അനുഗമിച്ചതായും പെട്ടെന്നു വാതിൽ തടഞ്ഞു നിന്നു പോയതായും അദ്ദേഹത്തിനു തോന്നി. താൻ കണ്ടതും അനുഭവിച്ചതുമെല്ലാം പരമാൎത്ഥമാണോ വെറും മനസ്സങ്കല്പമാണോ എന്നു നിൎണ്ണയിപ്പാൻ സാധിക്കാതെ അദ്ദേഹം വിഷമിച്ചു. ഈ സമയത്തു വസന്തകൻ മടങ്ങി എത്തി.

വസന്ത— ഉറക്കം ഒരുവിധം സുഖമായോ?

രാജാവു്— പത്മാവതി ഇനിയും വന്നില്ലല്ലോ.

വസന്ത— ഉറങ്ങുന്ന ആൾക്കു പത്മാവതിയെ കാണ്മാൻ സാധിക്കുമോ?

രാജാവു് ഞാൻ വളരെ നേരം ഉറങ്ങിപ്പോയോ? പത്മാവതി ഇവിടെ വന്നിരുന്നു എന്നാണോ നിങ്ങൾ പറയുന്നതു്? കഷ്ടം! ഞാൻ അറിയാതെ ഉറങ്ങിപ്പോയതാണു് പത്മാവതി എവിടെയാണു ഇരിക്കുന്നതു്?

വസന്ത— അങ്ങു് ഉറക്കത്തിലായി. ഞാൻ തനിച്ചുമായി. പത്മാവതി വന്നതുമില്ല. വിവരം അന്വേഷിച്ചുവരാമെന്നു വിചാരിച്ചു ഞാൻ അരമനയിലേക്കു പോയി തിരികെ വന്നതാണു്.

രാജാവ്—പത്മാവതി ഇവിടെയാണെന്നല്ല മാലതി നിങ്ങളോട് പറഞ്ഞത്? ഇതെന്തു നേരംപോക്കാണ്.

വസന്ത—പത്മാവതിയുടെ തലവേദനയ്ക്കു അല്പം ആശ്വാസമുണ്ട്. അതിനാൽ ഇങ്ങോട്ടു വന്നില്ലെന്നേയുള്ളൂ. നിങ്ങൾ ഇവിടെയാണെന്നുള്ള വിവരം ഞാൻ പറഞ്ഞപ്പോൾ അവൾ ഇങ്ങോട്ടു വരുവാനായി പുറപ്പെട്ടു. ഞാൻ നിങ്ങളെ അങ്ങോട്ടു കൂട്ടിക്കൊണ്ടു ചെല്ലാമെന്നു പറഞ്ഞു വന്നിരിക്കയാണ്.

രാജാവ്—എന്നാൽ നമുക്കു പോകാം എനിക്കു നിങ്ങളോട് ഏററവും പ്രിയമായ ഒരു കാര്യം പറവാനുണ്ട്. ഈ വൃത്താന്തം കേട്ടാൽ എന്നെ സ്നേഹിക്കുന്ന എല്ലാവരും സന്തോഷിക്കുന്നതും ആശ്ചര്യപ്പെടുന്നതുമാണ്.

വസന്ത—എന്തു കാര്യമാണ്? ഉറക്കം തെളിഞ്ഞില്ലെന്നു തോന്നുന്നു.

രാജാവ്—നേരംപോക്കു പിന്നെയാവാം. ഞാൻ വാസവദത്തയെ കണ്ടു അവൾ മരിച്ചിട്ടില്ല.

വസന്ത—അങ്ങു എന്തബദ്ധമാണു പറയുന്നത്? ചിത്തഭ്രമം വല്ലതുമുണ്ടോ? മരിച്ചുപോയ ആൾ ജീവിച്ചിരിക്കുന്നുവെന്നു പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ? കണ്ണുമിഴിച്ചുകൊണ്ടുതന്നെ സ്വപ്നം കാണുകയാണോ? വിഡ്ഢിത്വം പറഞ്ഞതു മതി. ഇനി ആരോടെങ്കിലും പറഞ്ഞാൽ അങ്ങയ്ക്കു ഭ്രാന്താണെന്നു പറയും.

രാജാവ്——എനിക്ക ചിത്തഭ്രമം യാതൊന്നുമില്ല. ഞാൻ സ്വപ്നം കാണുന്നതുമില്ല. ഞാൻ പറയുന്നതു സത്യമാണെന്നു വിശ്വസിക്കണം. ഞാൻ കിടക്കയിൽ കിടന്നു ഉറങ്ങുമ്പോൾ വാസവദത്ത എന്റെ അടുത്തുവന്ന് എന്നെ ഉണർത്തി ഓടിപ്പൊയ്ക്കളഞ്ഞു. രുമണ്വാൻ പറഞ്ഞതെല്ലാം വെറും കള്ളമാണെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു. നിങ്ങൾ ഇക്കാൎയ്യത്തിൽ എന്തു തന്നെ പറഞ്ഞാലും ഞാൻ വിശ്വസിക്കുന്നതല്ല. വാസവദത്ത ജീവിച്ചിരിക്കുന്നുണ്ട്. രുമണ്വാൻ എന്നോടു എന്തിനായിട്ടാണ് ഈ അസത്യം പറഞ്ഞതു എന്നും വാസവദത്ത എവിടെയാണ് മറഞ്ഞിരിക്കുന്നതു എന്നും ഇപ്പോൾ ഇവിടെ എങ്ങനെ വന്നുചേൎന്നു എന്നും മററും ആലോചിക്കുമ്പോൾ എനിക്കു ഒരു വിവരവുംകിട്ടുന്നില്ല. ഇതെന്തൊരാശ്ചൎയ്യമാണ്!

വസന്ത---മരിച്ചുപോയ വാസവദത്ത ജീവിച്ചിരിക്കുന്നുവെന്നു വിചാരിക്കുന്നതു ആശ്ചൎയ്യംതന്നെ. വാസവദത്തയെപ്പററി പലതും ആലോചിച്ചുകൊണ്ടുതന്നെ ഉറങ്ങിപ്പോയതിനാൽ സ്വപ്നത്തിൽ അവൾ നിങ്ങളുടെ ദൃഷ്ടിക്കു വിഷയീഭവിച്ചിരിക്കാം. സാധാരണയായി നമ്മൾ ഉറങ്ങുന്നതിനു അടുത്തു മുമ്പായി വിചാരിക്കുന്ന കാൎയ്യങ്ങൾ സ്വപ്നത്തിൽ കാണാറുണ്ടല്ലോ. മരിച്ചുപോയ ആൾ തിരിച്ചുവരിക എന്നതിനേക്കാൾ അസംഭാവ്യമായി മറെറന്താണുള്ളതു്?

രാജാവ്——ഞാൻ കണ്ടതെല്ലാം സ്വപ്നമാണെന്നാണോ പറയുന്നതു്? ഇതു് ഒരു സ്വപ്നമാണെങ്കിൽ

രാവും പകലും ഉറക്കത്തിൽനിന്നു ഉണരാതെ ഈ സ്വപ്നം കണ്ടുകണ്ടുതന്നെ ഇരുന്നാൽ കൊള്ളാമെന്നും ഇതു ചിത്തഭ്രമമാണെങ്കിൽ ഈ ഭ്രമം എന്നെന്നേക്കും നിലനിൽക്കണമെന്നും ഞാൻ ആഗ്രഹിക്കുന്നു.

വസന്ത---ഈ നഗരത്തിൽ ഒരു യക്ഷിണി ഉണ്ടെന്നു ഞാൻ കേട്ടിട്ടുണ്ടു്. യക്ഷികൾ ഇഷ്ടം പോലെ രൂപം ധരിക്കുമത്രേ. ഒരു സമയം നിങ്ങൾ ആ യക്ഷിണിയെ സ്വപ്നത്തിൽ കണ്ടിരിപ്പാനും ഇടയുണ്ടു്.

രാജാവു്---ഒരിക്കലുമല്ല. നിങ്ങൾക്കു എപ്പോഴും എല്ലാം തമാശാണ്. ഞാൻ സ്വപ്നം കണ്ടിരിക്കാം. ഇല്ലെന്നു വാദിക്കുന്നില്ല. എന്നാൽ വാസവദത്തയെക്കണ്ടതു ഉണൎന്നതിനു ശേഷമാണ്. വിയോഗദുഃഖമനുഭവിക്കുന്ന ഒരു കുലപാലികയുടെ വേഷം ധരിച്ചു് കണ്ണിൽ മഷി തേക്കാതേയും ശരീരത്തിൽ ആഭരണമൊന്നുമണിയാതേയും തന്റെ പാതിവ്രത്യത്തിനു യാതൊരു ഭംഗവും കൂടാതെ എന്റെ സമീപത്തിൽനിന്നു അവൾ നിൎഗ്ഗമിക്കുന്നതായിട്ടാണു ഞാൻ കണ്ടതു്. പ്രിയതമയുടെ ദീൎഘകാലമായ മുഖം സന്ദർശിക്കമാത്രമല്ല ഞാൻ ചെയ്തതു്. അവളുടെ സ്പർശനസുഖവും എനിക്കു ലഭിച്ചിരിക്കുന്നു. വാസവദത്ത അവളുടെ കരപല്ലവം കൊണ്ടു എന്റെ വലതുകൈ സ്പർശിച്ചു എന്നതിലേക്കു ഈ കാണുന്ന ആനന്ദരോമാഞ്ചം സാക്ഷ്യം വഹിക്കുന്നതാണ്. ഞാൻ പറയുന്നതു വാസ്തവമാണെന്നുള്ളതിലേക്കു ഇതിലധികമായി വല്ല തെളിവുകൾ ആവശ്യമുണ്ടോ?

വസന്ത— ജാഗ്രദ്ദശയിലെന്നപോലെ സ്വപ്നാവസ്ഥയിലും നമ്മൾ സുഖം അനുഭവിക്കാറില്ലേ? ഇവരണ്ടിനും തമ്മിലുള്ള വ്യത്യാസം ഒന്നു പ്രാതിഭാസികം മറെറാന്നു വ്യാവഹാരികം എന്നുള്ളതാണ്. അനുഭവിക്കുന്ന സമയത്തു രണ്ടും തമ്മിലുള്ള വ്യത്യാസം നമ്മൾ അറിയുന്നില്ല.

## XIII

ഉദയനമഹാരാജാവ് പത്മാവതിയെ വിവാഹം ചെയ്തു് അവളോടുമിച്ച ഭാൎയ്യാഗൃഹത്തിൽ തന്നെ വസിക്കയാണല്ലോ. ദുഃഖമെന്നാൽ എന്തെന്നറിയാതെ ഉത്സാഹഭരിതനായി ദിനങ്ങൾ നയിച്ചുവന്നിരുന്ന കാലത്തുതന്നെ രാജ്യകാൎയ്യങ്ങളിൽ വിമുഖനായിരുന്ന അദ്ദേഹം ഈ ദുഃഖാവസ്ഥയിൽ കുറേക്കൂടി അശ്രദ്ധനായിത്തീൎന്നിരിക്കയാണ്. പത്മാവതിയുടെ സാന്നിധ്യം മാത്രമാണ് അദ്ദേഹത്തിനു പലപ്പോഴും ആശ്വാസം നൽകിയിരുന്നതു്. രാജാവ് ഇപ്രകാരം ഉത്സാഹരഹിതനായിത്തീൎന്നിരിക്കുന്നുവെങ്കിലും യൌഗന്ധരായണൻ തന്റെ ഉദ്ദേശസിദ്ധിക്കനുഗുണമായി ശ്രദ്ധയത്നങ്ങൾ അനവരതം ചെയ്തുകൊണ്ടിരുന്നു. പത്മാവതിയുടെ വിവാഹം നിമിത്തം മഗധരാജാവിന്റെ സഹായം ലഭിച്ചു എന്നുമാത്രമല്ല സോദരീഭൎത്താവായ ഉദയനന്റെ നഷ്ടമായ രാജ്യം വീണ്ടെടുക്കുന്നതിലേക്കു പത്മാവതിയുടെ സഹോദരനായ ദർശകൻ തനിക്കു കഴിയുന്ന വിധമെല്ലാം രുമണ്വാനെ സഹായിച്ചുതുടങ്ങി. ദർശകന്റെ സഹായത്തോടുകൂടി

രുമണ്വാൻ വലുതായ സേനാസംഭാരം ചെയ്തുതുടങ്ങി. രുമണ്വാൻ പ്രത്യക്ഷമായും യൌഗന്ധരായണൻ പരോക്ഷമായും യുദ്ധത്തിന്ന വേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തുതീൎത്തു. ഈ വിവരമൊന്നും ഉദയനൻ അറിഞ്ഞതേ ഇല്ല. രുമണ്വാൻ വലുതായ സേനാസംഭാരത്തോടുകൂടി യുദ്ധത്തിന്ന പുറപ്പെട്ടു പോയിരിക്കയാണ്.

ഒരു ദിവസം ഉദയനരാജാവ് പത്നിയോടും വസന്തകനോടും കൂടി നാലുകെട്ടിൽ ഇരിക്കുമ്പോൾ രുമണ്വാന്റെ സന്ദേശം വഹിച്ചുകൊണ്ടു ഒരു ഭൃത്യൻ അവിടെ വന്നു മുണ്ടിൽ ചുരുട്ടി വെച്ചിരുന്ന ഒരു എഴുത്തു എടുത്തു രാജാവിന്റെ കയ്യിൽ കൊടുത്തു. അദ്ദേഹത്തെ വന്ദിച്ചു. സേനാപതിയുടെ സന്ദേശം ഇപ്രകാരമായിരുന്നു.

“മഹാരാജാവിന്നു സൎവമംഗളം ഭവിക്കട്ടെ” ഭേദോപായത്താൽ ശത്രുസാമന്തന്മാർ തമ്മിൽ ഭിന്നിച്ചിരിക്കുന്നു. താമസിയാതെ തന്നെ ദേവൻ ശത്രുക്കളെ ജയിക്കുമെന്നുള്ള വിശ്വാസത്താൽ നമ്മുടെ പൌരന്മാരെല്ലാവരും ആശാഭരിതരായിത്തീൎന്നിരിക്കുന്നു. നമുക്ക് ആവശ്യമുള്ള സേനാസംഭാരവും സേനാരക്ഷണത്തിന്ന വേണ്ട ഏൎപ്പാടുകളും വഴിപോലെ ചെയ്തിട്ടുണ്ടു്. ചുരുക്കിപ്പറയുന്നതായാൽ ശത്രുവിജയത്തിന്ന വേണ്ട സകല ഒരുക്കങ്ങളും ചെയ്തുതീൎന്നിരിക്കുന്നു. ഞങ്ങളെല്ലാവരും ഗംഗാനദി കടന്നു ദേവന്റെ വരവിനെ പ്രതീക്ഷിച്ചു നിൽക്കുകയാണ്. ശത്രുഹസ്തഗതമായ വത്സരാജ്യം സ്വാധീനമായി എന്നുതന്നെ വിചാരിക്കാം.

മലിനങ്ങളായ കോകിലങ്ങളാൽ വഞ്ചിക്കപ്പെട്ട കാക്കകൾപോലെ മലിനയും അസ്ഥിരയുമായ ലക്ഷ്മിയാൽ വഞ്ചിതരായ ദുർമാനവന്മാർ തങ്ങളേയും അന്യരേയും അറിയുന്നില്ല. ലോകത്തിൽ മററു തേജസ്വികൾ ഉണ്ടെന്നുള്ള കാര്യം അവർ വിസ്മരിക്കുന്നു. സ്വാഭാവികമായ ഭീരുതനിമിത്തം ഇവൎക്കു കുപിതരായ തേജസ്വികളുടെ മുഖം കാണ്മാൻ അവസരം കിട്ടുന്നില്ല. അഭിചാരകർമ്മങ്ങൾപോലെ തേജസ്വികൾ ശത്രുക്കളുടെ കുലത്തെ ഉന്മൂലനം ചെയ്യുമെന്നു ഈ ഭീരുക്കൾ മനസ്സിലാക്കുന്നതുമല്ല. യഥാൎത്ഥവീരന്മാർ യുദ്ധത്തിനു ഒരു വില്ലും വാളുമല്ലാതെ-മററു നിസ്സാരങ്ങളായ ഉപകരണങ്ങളെ അധികമായി അപേക്ഷിക്കുന്നതല്ല. ബുദ്ധിമാന്മാർ സ്വപ്നത്തിൽ കാണുന്നതും ക്ഷണഭംഗുരവുമായ വസ്തുക്കളിൽ എന്നപോലെ നശ്വരമായ ശരീരങ്ങളിൽ ബന്ധുബുദ്ധിയെ നിബന്ധിക്കുന്നില്ല. വീരന്മാർ അനശ്വരമായ യശസ്സിനെ സ്വശരീരമായിഗണിക്കുന്നു. സാമാന്യമായ ശോകം മാനസ്വികളെ ബാധിക്കുന്നതല്ല. ദേവൻ പ്രകൃത്യാതന്നെ ബലവാനാണ്, തേജസ്വിയാണ്, അഭിജാതനാണ്, സമൎത്ഥനാണ്. ഇതിനുംപുറമെ നമുക്കു സേനാബലം വേണ്ടുവോളമുണ്ടു്. ധീരതയുടെ നിവാസസ്ഥാനമായ സുഭടന്മാരുടെ ഉരഃകവാടഭിത്തികൾ അങ്ങയ്ക്കു സ്വാധീനവുമാണ്. അതിനാൽ ഇനിയെങ്കിലും ശത്രുക്കൾ ഈവിധം ദുർനയം കാണിക്കാതിരിക്കത്തക്കവണ്ണം പ്രവർത്തിക്കേണ്ടതു ദേവന്റെ കർത്തവ്യമാണു. പിതൃപിതാമഹാദികൾ ഗമിച്ചതും സ്പൃ

ഘണീയവുമായ പന്ഥാവിൽ കൂടെ സഞ്ചരിക്കേണ്ടതു ദേവൻെറ ധമ്മമാണ്. സാധാരണ ജനങ്ങൾക്കു ഉചിതമായ ദുഃഖത്തെ ത്യജിച്ച് കുലക്രമാഗതമായ രാജ്യലക്ഷ്മിയെ ശരിയായി രക്ഷിക്കേണ്ടതും അങ്ങയുടെ രാജധമ്മംതന്നെ. ഇത്രയും പറവാൻ എന്നെ പ്രേരിപ്പിച്ചതു സ്വാമിഭക്തിയല്ലാതെ മറെറാന്നുമല്ലെന്നു തിരുമനസ്സ് അറിഞ്ഞാലും. ഭൃത്യജനങ്ങളിൽ അവിനയമൊന്നും ശങ്കിക്കാതെ ഉടൻതന്നെ യുദ്ധത്തിനു പുറപ്പെട്ടുവരുമെന്നു വിശ്വസിക്കുന്നു."

വലിയ യുദ്ധങ്ങളുടെ മമ്മജ്ഞനായ സേനാപതിയുടെ പ്രഗൽഭമായ ലേഖനം വായിച്ച് തേജസ്വിയായ രാജാവ് പെട്ടെന്ന് ഉജ്വലിച്ചു. അദ്ദേഹം ചാടി എഴുന്നേററു ഇപ്രകാരം പറഞ്ഞു.

"ഞാൻ ഇത്രനാളും ഔദാസീന്യം കാണിച്ചതിനു പ്രായശ്ചിത്തമായി ഈ യുദ്ധം ചെയ്യുണ്ടതായി വന്നു. സേനാപതിയുടെ സന്ദേശത്തെ ഇതാ ഞാൻ കൈക്കൊണ്ടിരിക്കുന്നു. മാന്യനായ സേനാപതി പറയുന്നതു് പൌരുഷത്തിനു യോജിച്ചതും എൻെറ കത്തവ്യവുമാണ്. മാനികൾ പരാഭവം നേരിടുകയാണെങ്കിൽ പ്രാണനെ ഉപേക്ഷിക്കുന്നതല്ലാതെ തേജസ്സിനെ ഒരിക്കലും ത്യജിക്കുന്നതല്ല. ശത്രുകൃതമായ ഈ അവമാനം ഇനിയും ഞാൻ സഹിക്കുന്നതാണെങ്കിൽ എൻെറ ജീവിതത്തെക്കാൾ നിന്ദ്യമായി ലോകത്തിൽ മറെറന്താണുള്ളതു്.

പത്മാവ—യുദ്ധത്തിനുവേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തുതീന്നിരിക്കെ ഇപ്പോൾ അതിൻെറ കത്തവ്യതയെ

പ്പററി ചിന്തിക്കേണ്ട ആവശ്യംതന്നെയില്ല. നമുക്കുവേണ്ട സഹായം സിദ്ധിച്ചിട്ടുണ്ടെന്നല്ലേ സേനാപതിയുടെ സന്ദേശത്തിൽ നിന്നു മനസ്സിലാകുന്നതു്?

രാജാവു് – മാനത്തെ കുലധനമായി കരുതി ഉന്നതമായ പദവിയെ ആഗ്രഹിക്കുന്ന മനസ്വികൾ സ്വാൎത്ഥസിദ്ധിക്കു ആത്മപൌരുഷത്തെ മാത്രമാണ് പ്രധാനമായി അവലംബിക്കുന്നതു്. മററു സഹായങ്ങളെല്ലാം യാദൃഛികവും അപ്രധാനവുമാണ്. എത്രതന്നെ സഹായം ഉണ്ടായിരുന്നാലും പൌരുഷമില്ലാത്ത പുരുഷൻ ആപത്തിൽപ്പെട്ടുപോകുന്നു. ആപത്തിൽപ്പെട്ട രാജാവിന്റെ ഗൌരവം കുറഞ്ഞുപോകുന്നതാണ്. ഗൌരവമില്ലാത്ത രാജാവു് രാജ്യലക്ഷ്മിക്കു ആസ്പദമല്ല. അഥവാ യുദ്ധം കൂടാതെ നഷ്ടമായ രാജ്യം ദൈവാധീനത്താൽ തിരിച്ചുകിട്ടുമെന്നു ഭവതി വിചാരിക്കുന്നുവെങ്കിൽ എന്റെ ഭടന്മാരുടെ പൌരുഷം കൊണ്ടു ഫലമെന്തു?

പത്മാവ—സാമം, ദാനം, ഭേദം, ഈ മൂന്നു ഉപായങ്ങൾ ശരിയായി പ്രയോഗിച്ചു പരീക്ഷിച്ചതിനു ശേഷമെ യുദ്ധത്തിനു പുറപ്പെടാവൂ എന്നല്ലേ മനുവിന്റെ മതം.

രാജാവു്—സിംഹം ശിശുവായാൽപ്പോലും മദജലം ഒഴുകുന്ന വൻഗജങ്ങളുടെ മസ്തകം അന്വേഷിച്ചു നടക്കുന്നതാണ് പതിവു്. ഇതു തേജസ്വികളുടെ സ്വഭാവമാണ്. സ്വപ്രഭാവം കൊണ്ടുതന്നെ ലോകത്തെ വശപ്പെടുത്തുവാൻ ആഗ്രഹിക്കുന്ന തേജസ്വി അന്യാ

ധീനമായ ഐശ്വൎയ്യം ആഗ്രഹിക്കുന്നില്ല. മനുവചനം ശൗൎയ്യമില്ലാത്ത പുരുഷന്മാൎക്കു മാത്രം യോജിക്കുന്നതാണെന്നേ ഞാൻ വിചാരിക്കുന്നുള്ളൂ.

പത്മാവ—യുദ്ധംകൊണ്ടു രാജ്യലാഭം നിശ്ചയമാണെന്നു തീൎച്ചയുണ്ടാവുന്നതുവരെ മററുപായങ്ങൾ പരീക്ഷിക്കുന്നതല്ലേ നല്ലതു്?

രാജാവു് – ഭവതി കാൎയ്യമറിയാതെപറയുന്നതാണു്. അഭിമാനത്തെ കുലധനമായി കരുതി നശ്വരമായ ശരീരം കൊണ്ടു ശാശ്വതമായ കീൎത്തി സമ്പാദിപ്പാൻ ആഗ്രഹിക്കുന്ന മനസ്വികൾ അസ്ഥിരമായ ലക്ഷ്മിയെ അധികമായി ഗണിക്കുന്നില്ല മാനത്തെ സംരക്ഷിക്കുന്ന യശസ്സാണു മാനികളുടെ അമൂല്യമായ ധനം. എന്നു മാത്രമല്ല യുദ്ധത്തിൽ ഫലം നിശ്ചിതവുമാണു്. ജയിച്ചാൽ രാജ്യം കിട്ടുന്നു. മരിച്ചാൽ വീരസ്വൎഗ്ഗം കിട്ടുന്നു. "മൃതോവാ പ്രാപ്സ്യസി സ്വൎഗ്ഗം ജിത്വാവാ ഭോക്ഷ്യസെമഹീം" എന്നല്ലെ ശ്രീകൃഷ്ണൻ അൎജ്ജുനനോടു പറയുന്നതു്.

പത്മാവ – ധനത്തിനും യശസ്സിനും വേണ്ടി ഒരുവൻ പ്രാണത്യാഗം ചെയ്യുന്നതു ഉചിതമാണോ? "ജീവന്നരൊഭദ്രശതാനിപശ്യതി" എന്നല്ലെ ശാസ്ത്രം പറയുന്നതു്?

രാജാവു് – ജനങ്ങൾ അണഞ്ഞുപോയ ചാരത്തിൽ നിശ്ശങ്കം കാൽ വയ്ക്കുന്നു. കത്തുന്ന തീയുടെ അരികത്തു തന്നെ പോകുന്നില്ല. മാനികൾ ശരീരത്തെ ത്യജിക്കുന്നതല്ലാതെ യശസ്സിനെ ഉപേക്ഷിക്കുന്നതല്ല. മാന

ഹാനികരമായ ജീവിതത്തെക്കാൾ മാനത്തോടുകൂടി മ
രിക്കുന്നതാണ് തേജസ്വികൾക്കു ശ്ലാഘ്യമായിട്ടുള്ളത്
എന്നു മാത്രമല്ല ഇക്കാര്യത്തിൽ പ്രയോജന ചിന്തയ്ക്കു
തന്നെ അവകാശമില്ല. ജയേച്ഛു തേജസ്വികളുടെ സ്വ
ഭാവമാണ്. മേഘങ്ങളുടെ ഗജ്ജനം കേട്ടു സിംഹ
ങ്ങൾ സഹിക്കവെയ്യാത്ത ഉച്ചത്തിൽ ഗർജ്ജിക്കുന്നതു
എന്തെങ്കിലും ഫലം ആഗ്രഹിച്ചാണോ ? ശത്രുഭഞ്ജന
ത്തെയാണു തേജസ്വികൾ പുരുഷാത്ഥമായി വിചാരി
ക്കുന്നതു്,

പത്മാവ—ദേവന്റെ നിശ്ചയത്തെ ദൃഢമാക്കുന്ന
തിനുവേണ്ടി ഞാൻ ചില ചോദ്യങ്ങൾ ചോദിച്ചതാണ്.
ഭവാന്മാരെപ്പോലുള്ള മാനികൾ ശത്രുക്കളിൽ നിന്നുള്ള
അവമാനം ഒരിക്കലും സഹിക്കുന്നതല്ല. സഹിക്കാവു
ന്നതുമല്ല. വിജയാത്ഥിയായ ദേവനു കാരുണികനായ
ഈശ്വരൻ മംഗളം നൽകട്ടെ. ശത്രുനിഗ്രഹത്താൽ ന
മ്മുടെ മനോരഥം സഫലമാകട്ടെ. യുദ്ധത്തിനുപോയി
ശത്രുക്കളെ ജയിച്ച് രാജ്യം വീണ്ടെടുത്തു കൃതാത്ഥനായി
തിരിച്ചുവരുന്ന എന്റെ കാന്തനെ ഗാഢമായി ആലിം
ഗനം ചെയ്യാൻ എനിക്കു സംഗതിവരുമാറു ദൈവം എ
ന്നെ അനുഗ്രഹിക്കട്ടെ.

ഉദയനരാജാവ് അശ്വാരൂഢനായി പുറപ്പെട്ട് അ
തിവേഗമായി ഗംഗാനദീതീരത്തിലെത്തി. മൂത്തിമ
ത്തായ യുദ്ധംപോലെ വരുന്ന പുരുഷസിംഹത്തെ കണ്ടു
യോദ്ധാക്കൾ "ജയജയ" ശബ്ദം പുറപ്പെടുവിച്ചുതുടങ്ങി.
സമുദ്രത്തിന്റെ നിർഘോഷശബ്ദത്തെ ശമിപ്പിക്കുമാറു

ഭേരീശബ്ദം മുഴങ്ങിത്തുടങ്ങി. രാജാവും സേനയും യാത്ര തുടൎന്നു നിശ്ചിതമായ യുദ്ധസ്ഥലത്തെത്തി ഉടനടി സേനകൾ തമ്മിൽ യുദ്ധം തുടങ്ങി. ചിലർ നിലത്തുനിന്നും മററു ചിലർ കുതിരപ്പുറത്തിരുന്നും വേറെ ചിലർ ആനപ്പുറത്തു കയറിയും സമരം നടത്തി. നിർദ്ദയം ഖഡ്ഗങ്ങളാൽ ഭേദിക്കപ്പെട്ട കവചങ്ങളിൽ നിന്നു തീപ്പൊരികൾ പറന്നുതുടങ്ങി. രക്തം പുരണ്ട വാളുകൾ സൂൎയ്യകിരണങ്ങൾപോലെ ഭാസുരങ്ങളായി ഭടന്മാരുടെ കരങ്ങളിൽ നൃത്തം ചെയ്തുതുടങ്ങി. വീരന്മാരുടെ വിഷമമായ നിർഘോഷത്താൽ ഗജങ്ങൾ ശാസനങ്ങൾക്കു കീഴടങ്ങാതെ അങ്ങുമിങ്ങും ഓടിത്തുടങ്ങി. അവിടവിടെ മുറിഞ്ഞു ഭൂമിയിൽ പതിക്കുന്ന യോധന്മാരുടെ ശിരസ്സുകൾ എടുത്തുകൊണ്ടു കഴുകന്മാർ ആകാശത്തിൽ പറക്കുന്നു. കരീന്ദ്രന്റെ തുമ്പിക്കയ്യിൽ അകപ്പെട്ട വീരൻ അതിസാമൎത്ഥ്യത്തോടുകൂടി അതിന്റെ കാലുകൾ മുറിച്ചു രക്ഷപ്പെടുന്നു. അശ്വങ്ങളുടെ കുളമ്പുകൾ തട്ടി ഭൂമിയിൽ നിന്നു പറക്കുന്ന ധൂളീജാലം സൂൎയ്യനെ ഉപരോധിച്ചുതുടങ്ങി. അശ്വങ്ങളുടെ ഹേഷാശബ്ദത്താലും, കുഞ്ജരങ്ങളുടെ അലർച്ചയാലും ഭടന്മാരുടെ ജ്യാഘോഷത്താലും ഭേരികളുടെ ഢങ്കാരശബ്ദത്താലും ദിക്ചക്രവാളം മുഴങ്ങിത്തുടങ്ങി. ചില ഭടന്മാർ ഗദയും, മററു ചിലർ ചാപബാണങ്ങളും വേറെ ചിലർ ഖഡ്ഗവും അന്യർ കുന്തവുമായി പോൎക്കളത്തിൽ ചാടുന്നു. യുദ്ധം തുടങ്ങി കുറച്ചു സമയമായപ്പോഴേയ്ക്കും മദ്ധ്യവയസ്കനായ ഒരു യോധൻ അശ്വാരൂഢനായി യുദ്ധരംഗത്തിൽ പ്രവേശിച്ചു. താടിയും മീശയും ഉടുപ്പിന്റെ അസാധാരണ

തയും ഹേതുവാൽ അദ്ദേഹം ഒരു പ്രാകൃത വേഷധാരിയാ യിരുന്നുവെങ്കിലും അദ്ദേഹത്തിൻെറ വരവു കണ്ടാൽ തന്നെ ഒരു സാമാന്യ പുരുഷനല്ലെന്നു ആൎക്കും മനസ്സിലാകുമായിരുന്നു. രംഗത്തിൽ പ്രവേശിച്ച ഉടനെ അദ്ദേഹം സേനാപതിയായ രുമണ്വാൻെറ അരികത്തു ചെന്നു. അവരിരുവരും ചുരുങ്ങിയ സങ്കേതങ്ങൾകൊണ്ടു അന്യോന്യം കാൎയ്യം മനസ്സിലാക്കി രണ്ടു മാൎഗ്ഗമായി തിരിഞ്ഞു ശത്രുക്കളോടു എതൃത്തുതുടങ്ങി. രുമണ്വാൻെറയും നൂതനവീരൻെറയും യുദ്ധസാമൎത്ഥ്യം കണ്ടു ശത്രുക്കൾ പോലും വിസ്മയിച്ചുപോയി. പിന്നീടു അധികനേരം യുദ്ധം ചെയ്യേണ്ടിവന്നില്ല. സംഗ്രാമദേവത ചുവന്ന വസ്ത്രം ധരിച്ച് പോൎക്കളത്തിൽ നൃത്തം ചെയ്യുകയാണോ എന്നു തോന്നുമാറു യുദ്ധരംഗം രക്തപ്രവാഹത്തിനു മുങ്ങിപ്പോയി. ശേഷിച്ച ശത്രുക്കൾ പ്രാണരക്ഷയ്ക്കായി ഓടിത്തുടങ്ങി വത്സാധിപതിയായ ഉദയനൻ വീണ്ടും വത്സരാജ്യത്തിനു ഉടമസ്ഥനായിത്തീൎന്നു

## XIX

ഉദയനമഹാരാജാവിനു ഏററവും പ്രിയപ്പെട്ട ഒരു വസ്തുവായിരുന്നു ഘോഷവതി എന്നു പേരായ തൻെറ വീണ ഈ വീണയിൽ പാട്ടുപാടിയാണ് അദ്ദേഹം വനമൃഗങ്ങളേയും മററും ആകൎഷിച്ചിരുന്നതു്. ഇതിൽ തന്നെയാണ് അദ്ദേഹം വാസവദത്തയെ സംഗീതം പഠിപ്പിച്ചതു്. വാസവദത്തയുടെ സഹോദരനായ പാലകനുമായുണ്ടായ ചെറു മത്സരത്തിൽ രാജാവു് ഈ വീണയെ എവിടെയോ വെച്ച് എടുപ്പാൻ

മറന്നുപോയി. നാട്ടിൽ എത്തിയതിന്നു ശേഷമാണ അദ്ദേഹം വീണയെപ്പററി ഓൎത്തതു്. ഉടൻതന്നെ അന്വേഷിപ്പാൻ ഭൃത്യരെ അയച്ചു എങ്കിലും അവർ അവിടെച്ചെന്നു അന്വേഷിച്ചിട്ടും വീണ ഒരിടത്തും കണ്ടില്ല. പ്രിയതമയെപ്പോലെ തന്നെ താൻ പ്രിയമായി സ്നേഹിച്ചുവന്ന വീണ നഷ്ടമായിപ്പോയതിനാൽ രാജാവു് വളരെ ഖേദിച്ചു. വാസവദത്തയെ ഓൎക്കുന്ന സമയത്തെല്ലാം അദ്ദേഹം ഘോഷവതിയേയും സ്മരിക്കുക പതിവായിരുന്നു.

ഒരു ദിവസം കാലത്തു രാജാവു് പത്മാവതിയുടെ പ്രാസാദത്തിൽ ഇരിക്കുമ്പോൾ സാധുവായ ഒരു ഭിക്ഷുകൻ ഒരു വീണയും കൊണ്ടു അവിടെച്ചെന്നു. വീണ വായിക്കുന്നതിലും വീണ വായന കേൾക്കുന്നതിലും അത്യുത്സാഹിയായ രാജാവു് ഭിക്ഷുകൻെറ കയ്യിൽ വീണ കണ്ട ഉടനെ താഴെ ഇറങ്ങിവന്നു ഭിക്ഷുകനോടു വീണ വായിപ്പാൻ പറഞ്ഞു. തനിക്കു സംഗീതത്തിൽ പരിചയമില്ലെന്നും താൻ ഒരു ദിവസം കാട്ടുവഴിയായി സഞ്ചരിക്കുമ്പോൾ ചെടികളുടെ ഇടയിൽ ഈ വീണ കിടക്കുന്നതുകണ്ടു എടുത്തതാണെന്നും ആൎക്കെങ്കിലും ആവശ്യമുണ്ടെങ്കിൽ അതു കൊടുത്തു വല്ലതും കിട്ടുമോ എന്നു അന്വേഷിച്ചു നടക്കയാണെന്നും ഭിക്ഷുകൻ മറുപടി പറഞ്ഞു. ഇതു കേട്ടു രാജാവു് ഭിക്ഷുകൻെറ കയ്യിൽ നിന്നു വീണ മേടിച്ചു സൂക്ഷിച്ചുനോക്കി. അതു ഏററവും പ്രിയപ്പെട്ട തൻെറ ഘോഷവതിയാണെന്നറിഞ്ഞു അദ്ദേഹം കുറച്ചുനേരം നിശ്ചേഷ്ടനായി ഇരുന്നുപോയി. അനന്തരം രാജാവു് ഉചിതമായ സമ്മാന

ങ്ങൾ കൊടുത്തു ഭിക്ഷുകനെ പറഞ്ഞയച്ചു. അതീതകാൎയ്യങ്ങളെപ്പററി അദ്ദേഹം ഓരോന്നായി സ്മരിച്ചുതുടങ്ങി. അതിയായ വാത്സല്യത്തോടും ഉൽക്കണ്ഠയോടുംകൂടി അദ്ദേഹം വീണ എടുത്തു മടിയിൽ വെച്ചു, എന്നാൽ പെട്ടെന്നു മോഹാലസ്യപ്പെട്ടുപോകയും ചെയ്തു. പരിജനങ്ങളുടെ ശീതളോപചാരങ്ങൾ കൊണ്ടു അദ്ദേഹത്തിനു ബോധമുണ്ടായി. വളരെ നാൾ കഴിഞ്ഞതിനുശേഷം പ്രിയപ്പെട്ട ഘോഷവതിയെ കാണ്മാൻ സാധിച്ചതുപോലെ പ്രിയതമയേയും കാണ്മാൻ സാധിച്ചിരുന്നുവെങ്കിൽ താൻ എത്ര ഭാഗ്യവാനായിരിക്കുമെന്നു അദ്ദേഹത്തിനു തോന്നി. ഒരു കാലത്തു പ്രിയതമയുടെ മടിയിലും മാറിടത്തും സുഖമായി വിശ്രമിച്ചിരുന്ന ഘോഷാവതി പക്ഷികളുടെ മലം പുരണ്ടു ഭയങ്കരമായ കാന്താരവാസം അനുഭവിച്ചതോൎത്തു അദ്ദേഹം വ്യസനിച്ചു. സഖിയേയും അവളുടെ ലാളനങ്ങളേയും വിസ്മരിച്ചതു ഒട്ടും നന്നായില്ലെന്നു വസന്തകൻ അരികത്തില്ലായിരുന്നുവെങ്കിൽ രാജാവു് നിശ്ചയമായും ഘോഷവതിയോടു ഉറക്കെ പറയുമായിരുന്നു ഘോഷവതീദർശനത്താൽ രാജാവു് അതീതകാൎയ്യങ്ങൾ ഓൎത്തു് അത്യന്തം ഖേദിക്കുന്നതായി കണ്ടു വസന്തകൻ അദ്ദേഹത്തെ സമാധാനപ്പെടുത്തുവാൻ ശ്രമിച്ചു. ചിരകാലമായി ഹൃദയാന്തൎഭാഗത്തിൽ ഉറങ്ങിക്കൊണ്ടിരുന്ന ഭാവം ഘോഷവതിയെ കണ്ടതിനാൽ വീണ്ടും ഉദ്ബോധിതമായി. ആത്മതുല്യമായ ഘോഷാവതിയെ സ്നേഹിച്ചിരുന്ന പ്രാണേശ്വരിയെ കാണ്മാൻ സാധിക്കാത്തപക്ഷം തന്റെ ജീവിതം നിരൎത്ഥകതന്നെയാണെന്നു അദ്ദേഹം പൂൎവ്വാധികം വിശ്വ

സിച്ചു. അനന്തരം രാജാവും വസന്തകനമായി പൂൎവ്വസംഭവങ്ങളെപ്പററി പലതും സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ഭൃത്യൻ ചെന്നു മഹാസേനരാജാവിൻെറ സന്ദേശത്തോടുകൂടി ഒരു ദൂതനും വാസവദത്തയുടെ ധാത്രിയും രാജാവിനെ കാണ്മാൻ വന്നിരിക്കുന്ന വിവരം അറിയിച്ചു. ഉടൻതന്നെ രാജാവു് പത്മാവതിക്കു ആളയച്ചു. താമസിയാതെ പത്മാവതി അവിടെ എത്തുകയും ചെയ്തു.

രാജാവു്—മഹാസേനരാജാവിൻെറ അടുക്കൽ നിന്നു ഒരു ദൂതനും വാസവദത്തയുടെ ധാത്രിയും വന്നിരിക്കുന്നു വിവരം അറിഞ്ഞുവോ ?

പത്മാവ—ഇല്ല. ജ്ഞാതികളുടെ കുശലവൃത്താന്തം അറിവാൻ സാധിച്ചതു വലിയ ഭാഗ്യംതന്നെ.

രാജാവു്—വാസവദത്തയുടെ സ്വജനങ്ങളെ ഭവതിയുടെ സ്വജനങ്ങളായി വിചാരിക്കുന്നതു് ഭവതിയുടെ സ്വഭാവത്തിന്നു ഏററവും യോജിച്ചതുതന്നെ. അവർ പുറത്തു നിൽക്കയാണു്.

പത്മാവ—അവരെ അകത്തേക്കു വിളിക്കാത്തതു എന്തുകൊണ്ടാണ് ?

രാജാവു്—ഭവതി വന്നിട്ടു മതി എന്നു വിചാരിച്ചു. അവരെ കൂട്ടിക്കൊണ്ടുവരുവാൻ ഭൃത്യനെ അയച്ചിട്ടുണ്ടു്. ഭവതി എന്തിനായിട്ടാണു നിന്നു ക്ലേശിക്കുന്നതു്?

പത്മാവ—എന്നോടൊരുമിച്ചിരുന്നു് ദേവൻ അവരെ കാണുന്നതു നന്നായിരിക്കുമോ ?

രാജാവു്—അതിൽ എന്തു ദോഷമാണു ഭവതി കാണുന്നതു്?

പത്മാവ—നിങ്ങൾ വേറെ വിവാഹം ചെയ്തയാൽ മഹാസേനപുത്രിയിലുദാസീനനായിത്തീൎന്നിരിക്കുന്നുവെന്നു അവർ വിചാരിക്കയില്ലയോ?

രാജാവു്—അങ്ങനെ വിചാരിക്കുന്നുവെങ്കിൽ അതു അവരുടെ ദോഷമാണെന്നു ഞാൻ കരുതുന്നുള്ളു. ഞാൻ ഭവതിയെ സ്നേഹിക്കുന്നു എന്ന കാരണത്താൽ വാസവദത്തയെ മറന്നുപോയി എന്നു അവർ വിചാരിക്കുന്നുവെങ്കിൽ അതു അസൂയയുടെ ഒരു വകഭേദമാണെന്നാണു പറയേണ്ടതു്.

പത്മാവ—അങ്ങനെയാണെങ്കിൽ ഞാൻ ഇരിക്കാം. അവരെ കാണുന്നതു എനിക്കു വലിയ സന്തോഷംതന്നെയാണു്. ഞാൻ ഇവിടെ ഭവാനൊരുമിച്ചു ഇരിക്കുന്നതു അവൎക്കു മറു മനസ്സുല്യമായിത്തീരാതിരിക്കണമെന്നു എനിക്കു ആഗ്രഹമുണ്ടു്. മഹാസേനരാജാവും അദ്ദേഹത്തിൻെറ പത്നിയും അയച്ചിരുന്ന സന്ദേശം പ്രിയമായിരിക്കുമോ അപ്രിയമായിരിക്കുമോ എന്നറിയുന്നില്ല. ഏതു തരത്തിലായാലും അവരുടെ സന്ദേശത്തെ ബഹുമാനിക്കതന്നെ വേണം.

രാജാവു—അവരുടെ സന്ദേശം പത്ഥ്യമായിരിപ്പാൻ ന്യായമില്ല. എന്തെന്നാൽ ഞാൻ മഹാസേനരാജാവിൻെറ പുത്രിയെ അപഹരിച്ചുകൊണ്ടുവന്നു എന്നാൽ അവളെ വേണ്ടപോലെ രക്ഷിച്ചതുമില്ല. വാസവദത്തയെ അപഹരിച്ചതുതന്നെ എന്നിൽ വലിയ ഒരു അപരാധമാണു്. അവളെ ഞാൻ ശരിയായി

രക്ഷിച്ചിരുന്നുവെങ്കിൽ അപഹരിച്ച എന്നുള്ള അപരാധത്തെ അവളുടെ മാതാപിതാക്കന്മാർ ക്ഷമിപ്പാനിടയുണ്ട്. ഇപ്പോൾ അതിനു ന്യായമില്ല. ഞാൻ രണ്ടു തരത്തിൽ കുററക്കാരനായിത്തീർന്നിരിക്കയാണ്. ഈ പ്രകാരം ഗുരുജനങ്ങളുടെ വിഷയത്തിൽ ഞാൻ സദാചാരത്തിനു ഭംഗം ചെയ്തിരിക്കുന്നു. നടന്നതായ സംഭവം എൻെറ പ്രവൃത്തിദോഷം കൊണ്ടോ അശ്രദ്ധകൊണ്ടോ അല്ലെന്നും കേവലം ഭാഗ്യദോഷത്താലാണെന്നും അവർ അറിയുമെങ്കിൽ അല്പം സമാധാനിക്കാമായിരുന്നു. ദൂരസ്ഥരായ അവർ വസ്തുതത്വം അറിഞ്ഞിരിക്കുമോ? ജനകമഹാരാജപുത്രിയും ശ്രീരാമൻെറ ഭാര്യയും പതിവ്രതമാർക്കു ആദർശഭൂതയുമായ സീതാദേവി രാക്ഷസഗൃഹത്തിൽ വസിച്ചു എന്നതു് ഒരു ദോഷമായി ചില ജനങ്ങൾ കല്പിച്ചു. ആ പതിവ്രത ശത്രുനഗരത്തിൽവച്ചുതന്നെ എല്ലാവരും കാണത്തക്കവണ്ണം അഗ്നിയിൽ ചാടി പരിശുദ്ധമായി എന്നുള്ള കാര്യത്തിൽ ദൂരസ്ഥന്മാരായ ജനങ്ങൾക്കു വിശ്വാസം പോരാതെയായി. ഇക്കാരണത്താലല്ലേ നിരപരാധിനിയും പ്രേമസർവ്വസ്വവുമായ ഭാര്യയെ ത്യജിച്ചു് രാക്ഷസകുലാന്തകനായ ശ്രീരാമൻ പല സങ്കടങ്ങൾ അനുഭവിക്കേണ്ടതായി വന്നതു്?

പത്മാവ - ഭാഗ്യദോഷത്തിൽ നിരപരാധിയായ ദേവനെ ജനങ്ങൾ കുററപ്പെടുത്തുകയാണെങ്കിലും ഒരു കാലത്തു വാസ്തവം അറിയുമ്പോൾ അവർ പശ്ചാത്തപിച്ചുകൊള്ളുമെന്നു വിചാരിച്ചു സമാധാനിപ്പാനല്ലാതരമുള്ളൂ.

ധാത്രിയും ദൂതനും രാജാവിൻെറ അടുക്കൽചെന്നു തൊഴുതു് വന്ദിച്ചു.

രാജാവു്—പാർത്ഥിവകുലസാവ്വഭൌമനായ മഹാസേന മഹാരാജാവിനു കുശലംതന്നെയല്ലേ?

ദൂതൻ—അതേ. ഇവിടത്തെ കുശലവത്തമാനം അറിവാനായിട്ടാണു് ഞങ്ങളെ ഇങ്ങോട്ടയച്ചിരിക്കുന്നതു്.

രാജാവു്—മഹാനുഭാവനായ അദ്ദേഹം എന്താണാജ്ഞാപിക്കുന്നതു്?

ദൂതൻ—ശത്രുക്കൾ ആക്രമിച്ചു കീഴടക്കിയിരുന്ന ദേവൻെറ രാജ്യം തിരികെ കിട്ടിയതിനേപ്പററി മഹാരാജാവു് അത്യന്തം സന്തോഷിക്കുന്നു. ഭീരുക്കളും ശക്തിഹീനന്മാരുമായ ജനങ്ങളിൽ ഉത്സാഹം കാണുന്നില്ല. നിരുത്സാഹിയായ രാജാവു് ഒരിക്കലും നരേന്ദ്രലക്ഷ്മിയെ അനുഭവിക്കുന്നതല്ല. രാജ്യലക്ഷ്മീലാഭത്താൽ പ്രകാശിതമായ ദേവൻെറ ഉത്സാഹത്തേയും അതിനു യോജിച്ച ശൌയ്യാദിഗുണങ്ങളേയും അദ്ദേഹം അഭിനന്ദിക്കുന്നു.

രാജാവു്—ഞാൻ നഷ്ടമായ രാജ്യം വീണ്ടെടുത്തതു ഈശ്വരകാരുണ്യത്താലും മഹാസേനരാജാവിൻെറ പ്രഭാവത്തിലും മാത്രമാണു്. ഇക്കായ്യത്തിൽ ഞാൻ ഒരു തരത്തിലും പ്രശംസയ്ക്കു അർഹനല്ല. അദ്ദേഹം എന്നെ കപടോപായംകൊണ്ടു ബന്ധിച്ചുകൊണ്ടുപോയി എങ്കിലും അദ്ദേഹത്തിൻെറ അരമനയിൽ ചെന്നതുമുതൽ എന്നെ പുത്രനിവ്വിശേഷവും വാത്സല്യമസൃണവുമായ ഉപചാരങ്ങൾകൊണ്ടു ബഹുമാനിക്കയാണു ചെ

യ്യത്ത്. ഈ വാത്സല്യത്തിനും ബഹുമാനത്തിനും വിരോധമായി ഞാൻ അദ്ദേഹത്തിൻെറ പുത്രിയെ അപഹരിച്ചു എന്നു മാത്രമല്ല അവളെ രക്ഷിപ്പാൻ എനിക്കു സാധിക്കാതെയും വന്നു. വാത്സല്യഭാജനമായ തൻെറ ഏക പുത്രി ഞാൻ കാരണം മരിച്ചു എന്നറിഞ്ഞിട്ടുപോലും എന്നിൽ ഇത്തരം സ്നേഹവും ബഹുമാനവും കാണിക്കുന്നു എന്നതു അസാധാരണവും ലോകോത്തരവുമായ പ്രവൃത്തിയാണെന്നു ഏവരും പ്രശംസിക്കതന്നെ ചെയ്യും അദ്ദേഹം എന്നിൽ ധൈര്യമോ ശക്തിയോ ഉത്സാഹമോ കാണുന്നുവെങ്കിൽ അതിനു അദ്ദേഹം തന്നെയാണു കാരണം.

ദൂതൻ—മഹാരാജാവിൻെറ സന്ദേശം ഞാൻ അറിയിച്ചു കഴിഞ്ഞു. മഹാറാണിയുടെ സന്ദേശം ധാത്രി പറയുന്നതാണ്.

രാജാവ്—മഹാസേനരാജാവിൻെറ പട്ടമഹിഷിയും യോഷിൽ കുലത്തിനു ഭൂഷണഭൂതയും എൻെറ പ്രവാസത്താൽ ദുഃഖിതയുമായ മാതാവിനു കുശലംതന്നെയല്ലേ ?

ധാത്രി—മഹാറാണിക്കു വിശേഷിച്ച് സുഖക്കേടൊന്നുമില്ല. ഇവിടത്തെ കുശലവൃത്താന്തമറിവാൻ അവർ വളരെ ആഗ്രഹിക്കുന്നു.

രാജാവ്—ഇവിടത്തെ കുശലം ഞാൻ പറഞ്ഞുതന്നെ അറിയേണമോ ? ഇത്തരം കുശലവൃത്താന്തം പറവാൻ സംഗതിവന്ന എന്നെപ്പോലെ ഭാഗ്യഹീനൻ ലോകത്തിൽ മററാരെങ്കിലുമുണ്ടായിരിക്കുമോ ?

ദൂതൻ—അപരിഹാൎയ്യമായ കാൎയ്യത്തിൽ ദേവൻ എന്തിനാണ് വൃഥാ ഖേദിക്കുന്നതു്. ഇതിൽ അങ്ങു നിരപരാധിയാണല്ലോ.

ധാത്രി—ഇത്തരത്തിൽ ദേവന്റെ സ്നേഹത്തിനും അനുകമ്പയ്ക്കും പാത്രീഭവിച്ചവളായ വാസവദത്ത മരിച്ചുപോയി എങ്കിലും ജീവിച്ചിരിക്കുന്നതായി തന്നെ ഞാൻ വിചാരിക്കുന്നു. അവളെപ്പോലെ ഭാഗ്യവതി ലോകത്തിൽ ആരാണുള്ളതു്? ആ പുണ്യാത്മാവു് ലോകാവസാനംവരെ യശശ്ശരീരിണിയായി ജീവിച്ചിരിക്കട്ടെ.

ദൂതൻ—ശരീരികൾക്കു മരണമാണു സ്വാഭാവികമെന്നും ജീവിതം ആഗന്തുകമാണെന്നുമല്ലേ ആത്മസ്വരൂപവിമൎശകന്മാർ പറയുന്നതു്. മരണം ഏവൎക്കും നിശ്ചിതമാണെന്നു മാത്രമല്ല മൃത്യുകാലത്തു ആൎക്കും ആരെയും രക്ഷിപ്പാൻ സാധിക്കുന്നതുമല്ല. വെള്ളം കോരിക്കൊണ്ടിരിക്കുമ്പോൾ പെട്ടെന്നു കയർ മുറിഞ്ഞു പോകുന്നതാണെങ്കിൽ കുടം കിണററിൽ വീണുപോവുകയല്ലാതെ ഗത്യന്തരമില്ല. പ്രാണികൾ അവരവരുടെ ജീവിതാദൃഷ്ടം അനുസരിച്ചു ജീവിക്കയും മരിക്കയും ചെയ്യുന്നു. കാട്ടിൽ അനവധി വൃക്ഷങ്ങൾ നശിക്കുന്നു. അനവധി വൃക്ഷങ്ങൾ മുളയ്ക്കുകയും ചെയ്യുന്നു. പ്രാണികളുടെ അവസ്ഥയും ഇതുപോലെതന്നെയാണ്.

രാജാവു്—മഹാസേനരാജപുത്രി എന്റെ പത്നിയാണ്, ശിഷ്യയാണ്, പ്രിയതമയാണ്, പട്ടമഹിഷിയുമാണ്. അവളെ ജന്മാന്തരത്തിൽപ്പോലും വിസ്മരിക്കുന്ന കാൎയ്യം എനിക്കു സാദ്ധ്യമല്ല. ഇക്കാൎയ്യത്തിൽ ഞാൻ

ധീരനല്ലെന്നു ജനങ്ങൾ പറയുമായിരിക്കാം. അതു സഹിപ്പാൻ ഞാൻ തയ്യാറാണ്.

ധാത്രി—രാജ്ഞിയുടെ സന്ദേശം ഇപ്രകാരമാണ്: "വാസവദത്ത മരിച്ചുപോയി. ഞാനും മഹാരാജാവും നിങ്ങളെ പുത്രൻെറ നിലയ്ക്കും ജാമാതാവിൻെറ നിലയ്ക്കും സ്നേഹിച്ചുവന്നിരുന്നു എന്ന കാൎയ്യം നിങ്ങൾക്കു തന്നെ അറിയാം. ഈ സ്നേഹം ഞങ്ങൾ ജീവിച്ചിരിക്കുന്നിടത്തോളം കാലം അനുവർത്തിക്കുന്നതുമാണ്. അദൃഷ്ടദോഷത്താൽ വാസവദത്ത മരിച്ചുപോയി എങ്കിലും നമ്മുടെ ബന്ധം ഇക്കാരണത്താൽ നശിക്കുന്നതല്ല നിങ്ങൾ ഞങ്ങളുടെ പുത്രനാണ്, ജാമാതാവുമാണ്. കപടോപായം കൊണ്ടാണു നിങ്ങളെ ഉജ്ജയിനിയിലേക്കു കൊണ്ടുവന്നതു് എങ്കിലും ഞങ്ങളുടെ ഉദ്ദേശം എന്തായിരുന്നുവെന്നു നിങ്ങൾക്കു മനസ്സിലായിരിക്കണം. വീണാവ്യാജത്താൽ ഞങ്ങൾ പുത്രിയെ അനഗ്നിസാക്ഷികമായി നിങ്ങൾക്കു തന്നു. വിവാഹമംഗളം അഗ്നിസാക്ഷികമായി ആഘോഷിക്കുന്നതിനു മുമ്പു് ചാപല്യം ഹേതുവാൽ നിങ്ങൾ പുത്രിയൊരുമിച്ചു് ഞങ്ങൾ അറിയാതെ ഇവിടെ നിന്നുപോയി. നിങ്ങളുടേയും വാസവദത്തയുടേയും ആകൃതി ചിത്രത്തിൽ വരച്ചു് അതുകൊണ്ടു ഞങ്ങൾ വിവാഹം ആഘോഷിച്ചു. ആ ചിത്രം ഇതാ ധാത്രിയുടെ കയ്യിൽ കൊടുത്തയയ്ക്കുന്നു. ഈ ചിത്രം കാണുന്നതുകൊണ്ടു മനസ്സിനെ വിനോദിപ്പിക്കാമെന്നു നിങ്ങൾക്കു തോന്നുന്നുണ്ടെങ്കിൽ അപ്രകാരം ചെയ്തുകൊൾക.

രാജാവ്—മഹാറാണിയുടെ ഈ സന്ദേശം വളരെ സ്നിഗ്ദ്ധവും അനുരൂപവുമായിരിക്കുന്നു. ഈ സന്ദേശം എനിക്കു രാജ്യലാഭത്തെക്കാൾ തുലോം അധികമായ സന്തോഷം നൽകുന്നു എത്ര അപരാധം ചെയ്താലും പുത്രന്മാരെ അമ്മമാർ ഒരിക്കലും ഉപേക്ഷിക്കുന്നതല്ലെന്നുള്ളതിലേക്കു ഇതിലധികമായി എനിക്കു ദൃഷ്ടാന്തമാവശ്യമില്ല.

പത്മാവ—ചിത്രത്തിലെങ്കിലും ഗുരുജനത്തെ കാണ്മാനും വന്ദിപ്പാനും ഇടയായതു എൻെറ ഭാഗ്യം തന്നെ.

ധാത്രി—ഇതാ ചിത്രം.

പത്മാവ—ആര്യയായ വാസവദത്തയുടെ ആകൃതി ഇതുപോലെ തന്നെയാണോ?

രാജാവ്—"ഇതുപോലെ"യല്ല. അവൾ തന്നെയാണ് ഇതു എന്നു തോന്നിപ്പോകുന്നു. കഷ്ടം! ഇത്ര മനോഹരമായ വർണ്ണം അഗ്നിയിൽ നശിച്ചുപോയല്ലോ. ഈ മുഖമാധുര്യത്തെ നശിപ്പിച്ച അഗ്നിയുടെ സാഹസം കഠിനം തന്നെ.

പത്മാവ—അങ്ങയും ചിത്രത്തിൽ കാണുന്ന അങ്ങയുടെ പ്രകൃതിയും തമ്മിലുള്ള സാദൃശ്യം നോക്കുമ്പോൾ മഹാസേനപുത്രിയും ഈ ചിത്രത്തിൽ കാണുന്ന അവളുടെ രൂപവും തമ്മിൽ വളരെ സാദൃശ്യമുണ്ടായിരിക്കണമെന്നുതന്നെയാണ് ഞാൻ വിശ്വസിക്കുന്നത്.

രാജാവ്—ഈ ചിത്രം കണ്ടതു മുതൽ ഭവതി സ

ന്തോഷിക്കുന്നതായും ദീർഘമായി എന്തോ ചിലതു ആലോചിക്കുന്നതായും തോന്നുന്നുവല്ലൊ.

പത്മാവ—ദേവൻ പറയുന്നതു ശരി തന്നെ. രണ്ടിനും തക്കതായ കാരണമുണ്ടെന്നറിഞ്ഞാലും ഈ ചിത്രത്തിലുള്ള രൂപത്തിനു സദൃശയായ ഒരു സ്ത്രീ കുറേ ദിവസമായി ഈ അരമനയിൽ താമസിച്ചുവരുന്നുണ്ട്.

രാജാവ്—എന്ത്! വാസവദത്തയെപ്പോലുള്ള ഒരു സ്ത്രീ ഇവിടെയുണ്ടെന്നാണോ ഭവതി പറയുന്നത്?

പത്മാവ—വാസവദത്തയുടെ രൂപം ഈ ചിത്രത്തിലെ രൂപം പോലെയാണെങ്കിൽ തത്സദൃശയായ ഒരു സ്ത്രീ ഇവിടെയുണ്ടെന്നുള്ളതു പരമാർത്ഥമാണ്.

രാജാവ്—ഭവതി പറയുന്ന സ്ത്രീ എത്ര കാലമായി ഇവിടെ താമസിച്ചുവരുന്നു?

പത്മവ—ഞാൻ കന്യകയായിരുന്നപ്പോൾ ഒരു ദിവസം പരിവ്രാജകവേഷധാരിയായ ഒരു ബ്രാഹ്മണൻ ഈ സ്ത്രീയോടുകൂടി ഇവിടെ വന്നു. ഇവൾ അദ്ദേഹത്തിന്റെ സഹോദരിയാണെന്നും ഇവളുടെ ഭർത്താവു വിദേശത്തേക്കു പോയിരിക്കയാണെന്നും കുറച്ചുകാലം ആരെങ്കിലും ഇവളെ സംരക്ഷിക്കുന്നതാണെങ്കിൽ ഇവളുടെ ഭർത്താവിനെ അന്വേഷിച്ചു പോയാൽ കൊള്ളാമെന്നും അദ്ദേഹം പറഞ്ഞു. കഴിയുന്ന ഉപകാരം ചെയ്യാമെന്നു വിചാരിച്ച് ഞാൻ അദ്ദേഹത്തിന്റെ അപേക്ഷയെ സ്വീകരിച്ചു. അന്നുമുതൽ ഈ സ്ത്രീ ഇവിടെ പാർത്തു വരികയാണ്.

രാജാവ്—ഉടൻ തന്നെ ആ സ്ത്രീയെ ആളയച്ചു

ഇങ്ങോട്ടു വരുത്തുക ഇക്കായ്യത്തിൽ എനിക്കും വളരെ ആശ്ചര്യം തോന്നുന്നു.

പത്മാവ—ഭൎത്താവു് ദേശാന്തരത്തിലായതിനാൽ ഞാവൾ പരപുരുഷദർശനം പരിഹരിച്ചുവരികയാണ്. ഞാൻ ചെന്നു കൂട്ടിക്കൊണ്ടുവരാം.

രാജാവു്—ഭവതി പറയുന്ന സ്ത്രീ വിപ്രന്റെ ഭഗിനിയാണെങ്കിൽ നിശ്ചയമായും അന്യയാണെന്നു സ്പഷ്ടമാകുന്നു. ലോകത്തിൽ രൂപസാമ്യം പല ജനങ്ങൾക്കും വസ്തുക്കൾക്കുമുള്ളതായി നമ്മൾ കാണാറുണ്ട്.

ഈ സമയത്തു കഞ്ചുകി അവിടെച്ചെന്നു സോദരിയെ ആവശ്യപ്പെട്ടുകൊണ്ടു വിപ്രൻ അരമനയിൽ എത്തിയ വിവരം പത്മാവതിയെ അറിയിച്ചു.

രാജാവു്—ഭവതി പറഞ്ഞ വിപ്രൻ തന്നെയായിരിക്കണമല്ലോ ഇദ്ദേഹം?

പത്മാവ—മററാരുമാവാൻ ന്യായമില്ലല്ലോ.

രാജാവു്—കഞ്ചുകി വിപ്രനെ ഇങ്ങോട്ടു കൂട്ടിക്കൊണ്ടുവരട്ടെ. ഭവതി ചെന്നു വിപ്രന്റെ സോദരിയെ ആനയിക്കുക.

പത്മാവതി ആവന്തികയോടും കഞ്ചുകി വിപ്രനോടുംകൂടി രാജസമക്ഷം ചെന്നു. ആവന്തികയും വിപ്രനും കുറെ അകലെയായി നിന്നു. ആവന്തിക വസ്ത്രംകൊണ്ടു മുഖം മറച്ചിരുന്നതിനാൽ രാജാവിനു ആളറിവാൻ സാധിച്ചില്ല. വിപ്രനെ താൻ കണ്ടിട്ടുള്ളതുപോലെ തോന്നിയെങ്കിലും തൽക്കാലത്തെ പ്രാകൃതവേഷം കാരണം ശരിയായി ആളറിവാൻ രാജാവിനു സാധിച്ചില്ല. രാജാവിന്റെ ഹിതത്തിനുവേണ്ടി മാ

ത്രമാണു് താൻ രാജമഹിഷിയെ പ്രച്ഛാദനം ചെയ്തതു്. തന്റെ ഉപായമെല്ലാം പൂർണ്ണമായി ഫലിച്ചിരിക്കുന്നു. എങ്കിലും തന്നെ രാജാവു അറിയുമ്പോൾ എന്തു പറയുമോ എന്നു വിപ്രവേഷധാരിയായ യൗഗന്ധരായണൻ ശങ്കിച്ചുകൊണ്ടുതന്നെ ഇരുന്നു. ഉദ്ദേശമെല്ലാം ഫലിച്ചതിനാൽ സ്വാമി അധികമായി കോപിക്കയില്ലെന്നു അദ്ദേഹം സമാധാനിക്കയും ചെയ്തു.

രാജാവു്—അങ്ങു് സോദരിയെ പത്മാവതിയുടെ കയ്യിൽ ഏൽപ്പിക്കയുണ്ടായോ? അതാ നിൽക്കുന്നതു അങ്ങയുടെ ഭഗിനിതന്നെയാണോ?

വിപ്രൻ—ഇവൾ എന്റെ സോദരി തന്നെയാണു് ഇവളെ ഞാൻ ഇവിടെ ഏല്പിച്ചതും വാസ്തവം തന്നെ.

രാജാവു്—പത്മാവതി! വിപ്രന്റെ സോദരിയെ തിരികെ ഏല്പിക്കാമല്ലോ. ന്യാസസംരക്ഷണം സുകരമല്ലാത്തതിനാൽ ധാത്രിയേയും മററും സാക്ഷിയായിവെച്ചു തിരികെ ഏൽപ്പിക്കുക.

പത്മാവതി ആവന്തികയുടെ അരികത്തു ചെന്നു അവളുടെ കൈ പിടിച്ചു വിപ്രനെ ഏൽപ്പിച്ചു. വാസവദത്ത മുഖം മറച്ചിരുന്ന വസ്ത്രം എടുത്തു രാജാവിനേയും പത്മാവതിയേയും വന്ദിച്ചു വീണ്ടും മുഖം മറച്ചു യൗഗന്ധരായണന്റെ അരികത്തു ചെന്നു നിന്നു. വാസവദത്തയുടെ മുഖം കണ്ട ഉടനെ പത്മാവതി ഒഴികെ മററെല്ലാവരും എത്രമാത്രം വിസ്മയിച്ചിരിക്കുമെന്നു വായനക്കാർ ഊഹിച്ചുകൊള്ളട്ടെ.

ധാത്രി—ഇതെന്തൊരു അത്ഭുതമാണു്! ഇവൾ വാസവദത്തയല്ലേ!

രാജാവ്—എന്ത്! മഹാസേനപുത്രിയോ!

വിപ്രൻ—ഇവൾ നിങ്ങൾ വിചാരിക്കുന്ന ആളല്ല. എൻെറ സഹോദരിയാണ്.

രാജാവ്—അങ്ങ് എന്തു വിഡ്ഢിത്തമാണു പറയുന്നത്? ഇവൾ എൻെറ പ്രിയപ്പെട്ട വാസവദത്തയല്ലേ.

വിപ്രൻ—ഇങ്ങനെ പറയരുത്. ഇതു രാജധർമ്മമാണോ? അങ്ങു ഭാരതകുലത്തിലാണു ജനിച്ചിരിക്കുന്നത്. വിനീതരും വിക്രാന്തരുമായ അർജ്ജുനൻ, അഭിമന്യു മുതലായവർ അങ്ങയുടെ പൂർവികന്മാരാകുന്നു. അങ്ങ് ബുദ്ധിമാനും ശുദ്ധശീലനുമാണ്. ഇങ്ങനെയെല്ലാമിരിക്കെ അന്യസ്ത്രീയെ ഭാര്യയാണെന്നും മററും പറഞ്ഞു അപഹരിക്കുന്നതു അങ്ങയ്ക്കു ഒട്ടും യോജിച്ചതല്ല. നിങ്ങൾ തന്നെ ഇപ്രകാരമുള്ള അധർമ്മം ആചരിക്കുന്നുവെങ്കിൽ അവിവേകികളുടെ കഥയെന്താണ്?

രാജാവ്—സോദരിയോടുകൂടി എൻെറ സമീപം വന്നതിൽ നിങ്ങൾക്കു വല്ല വിരോധമുണ്ടോ? രൂപസാദൃശ്യം കാണുന്നതുതന്നെ വലിയ ഒരു അപരാധമാണോ?

വിപ്രനും സോദരിയും രാജാവിൻെറ അടുക്കൽ ചെന്നുനിന്നു. വിപ്രൻ പറഞ്ഞതനുസരിച്ച് ആവന്തിക മുഖത്തിൽ നിന്നു മൂടുപടം എടുത്തു.

വിപ്രൻ—ദേവൻ ജയിച്ചാലും.

ആവന്തി—ആര്യപുത്രനു നമസ്കാരം.

രാജാവ്—ഇതു എൻെറ യൗഗന്ധരായണനല്ലേ! ഇത് മഹാസേനപുത്രിയല്ലേ! ഞാൻ ഈ കാണുന്നതെ

ല്ലാം സത്യമാണോ സ്വപ്നമാണോ, അതോ മായയാണോ? അല്ലെങ്കിൽ മതിഭ്രമമായിരിക്കുമോ ? ഇവളെ ഇതുപോലെതന്നെയാണ് അന്നൊരു ദിവസം ഞാൻ കണ്ടത്. അതു വെറും സ്വപ്നമാണെന്നു എല്ലാവരും അഭിപ്രായപ്പെട്ടു. അങ്ങിനെയാണെങ്കിൽ ഈ കാണുന്നതെല്ലാം സ്വപ്നമായിത്തന്നെ പരിണമിക്കുമോ ?

യൗഗന്ധ — ദേവിയെ മറച്ചുവച്ച കുററം ദേവൻ ക്ഷമിക്കുമോ എന്നറിയുന്നില്ല. ഞാൻ അപരാധിയാണ്.

രാജാവ് — ഭവാൻ യൌഗന്ധരായണനാണല്ലോ. പ്രാണത്യാഗം കൊണ്ടുപോലും സ്വാമിയുടെ ഹിതത്തിനുവേണ്ടി പ്രവർത്തിപ്പാൻ സർവ്വദാ സന്നദ്ധനായ യഥാർത്ഥ മന്ത്രിയെ ഞാൻ അപരാധിയായി കല്പിക്കുന്നുവെങ്കിൽ എന്നേക്കാൾ കൃതഘ്നനായി ലോകത്തിൽ മററാരുംതന്നെയില്ല. എൻെറ ഹിതത്തെ മാത്രം മുൻനിറുത്തി മനസ്സുകൊണ്ടും വാക്കുകൊണ്ടും ശരീരം കൊണ്ടും പ്രവൎത്തിച്ചുപോരുന്ന ഭവാൻ എൻെറ മിത്രമല്ലെങ്കിൽ മിത്രശബ്ദംതന്നെ നിരർത്ഥകമായിത്തീരുന്നതാണ്. മിഥ്യോന്മാദം കൊണ്ടും ബുദ്ധിസാമർത്ഥ്യംകൊണ്ടും ശാസ്ത്രദൃഷ്ടമായ മന്ത്രാലോചനകൾകൊണ്ടും അനിതരസാധാരണമായ മററു പ്രവൃത്തികൾകൊണ്ടും ആപത്തിൽ നിന്നു എന്നെ രക്ഷിച്ച് നഷ്ടമായ എൻെറ രാജ്യം വീണ്ടെടുത്ത് എൻെറ മാനത്തെ രക്ഷിച്ചിരിക്കുന്ന ഭവാൻ എൻെറ പ്രീതിക്കും അന്യരുടെ പ്രശംസയ്ക്കും നിഷ്കളങ്കമായ കീൎത്തിക്കും പാത്രീഭവിച്ച് ചിരകാലം ജീവിക്കുമാറു സർവ്വശക്തനായ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

യൗഗന്ധ—ദേവൻെറ ഭാഗ്യംതന്നെയാണ് ഞങ്ങളുടെ ഭാഗ്യം. എന്നെപ്പോലുള്ള കർമ്മകാരന്മാർ സ്വാമിഭാഗ്യങ്ങളെ അനുഗമിക്കുന്നവരാണ്. കാര്യമെല്ലാം സഫലമായതിനു കാരണം ദേവൻെറ ഭാഗ്യംതന്നെ. ഞങ്ങൾ വെറും ഉപകരണങ്ങൾ മാത്രമാണ്.

പത്മാവ—ആര്യെ വസ്തുതത്വമറിയാതെ ഇത്ര കാലം ഞാൻ ഭവതിയെ വേണ്ടവിധം ബഹുമാനിക്കാത്ത അപരാധത്തിനായി ഇതാ ഞാൻ കാലിൽ വീണു നമസ്കരിക്കുന്നു. ദയവായി എൻെറ അപരാധം ക്ഷമിച്ച് എന്നെ അനുഗ്രഹിക്കേണമെ.

വാസവ - ഒരു ഭൃത്യയുടെ നിലയ്ക്കു എന്നെ സ്വീകരിക്കണമെന്നു പറഞ്ഞുകൊണ്ടാണ് ഞാൻ ഭവതിയെ ശരണം പ്രാപിച്ചത്. എങ്കിലും ഇത്രനാൾ എന്നെ ആത്മനിർവ്വിശേഷം സ്നേഹിച്ചതിലേക്കു എൻെറ കൃതജ്ഞതയെ ഏതു തരത്തിലാണ് പറഞ്ഞു മനസ്സിലാക്കേണ്ടത് എന്നറിയുന്നില്ല. ഭൃത്യജനത്തെ സഹോദരിയെപ്പോലെ കരുതിവന്ന ഭവതിയുടെ ഔദാര്യത്തെ വർണ്ണിപ്പാനുള്ള ശക്തി എനിക്കില്ല.

പത്മാവ ഞാൻ അനുഗ്രഹീതയായി.

രാജാവ്—സ്നേഹിതാ, ഭവാൻ ദേവിയെ ഇത്തരം പ്രച്ഛാദനം ചെയ്വാൻ എന്താണ് കാരണം?

യൗഗന്ധ—വത്സരാജ്യത്തെ ഏതു തരത്തിലെങ്കിലും രക്ഷിക്കണമെന്നുള്ള ആഗ്രഹംതന്നെ.

രാജാവ്—ദേവിയെ പത്മാവതിയുടെ കയ്യിൽ ഏൽപ്പിച്ചതിനു പ്രത്യേക കാരണം വല്ലതും ഉണ്ടോ?

യൌഗന്ധ — ഇല്ലെന്നില്ല. പത്മാവതി ദേവന്റെ മഹിഷിയായിത്തീരുമെന്നു ഒരിക്കൽ ഒരു സിദ്ധൻ പറയുകയുണ്ടായി. അങ്ങനെ സംഭവിക്കുന്നപക്ഷം സപത്നികൾ ഒരുമിച്ചുതന്നെ കുറേക്കാലം വസിക്കട്ടെ എന്നു വിചാരിച്ചാണ് ദേവിയെ ഇവിടെ ഏൽപ്പിച്ചതു്.

രാജാവു് ഇത്രനാൾ ഞാൻ വസിച്ചുകൊണ്ടിരുന്ന ഗൃഹത്തിൽ ഇരുന്നുകൊണ്ടുതന്നെ എന്റെ ദൃഷ്ടിയിൽപെടാതെ കഴിച്ചുകൂട്ടിയ ദേവിയുടെ സാമർത്ഥ്യം ശ്ലാഘനീയംതന്നെ ഇതെല്ലാം രുമണ്വാനു അറിയാമോ?

യൌഗന്ധ — അറിയാം. അദ്ദേഹത്തിന്റെ സഹായംകൊണ്ടുതന്നെയാണ്. കാര്യമെല്ലാം ഇത്തരത്തിൽ അവസാനിച്ചതു്.

രാജാവു് — രുമണ്വാൻ വല്ലാത്ത കഠിനഹൃദയൻ തന്നെ. എന്റെ ദുഃഖത്തിൽ നിത്യസാക്ഷിയായിരുന്നിട്ടുപോലും ദേവിയുടെകുശലവൃത്താന്തം അറിവാൻ എനിക്കു അദ്ദേഹം അവസരം തരാഞ്ഞതു ഉചിതമായി എന്നാണൊ ഞാൻ വിചാരിക്കേണ്ടതു്?

യൌഗന്ധ — ഇക്കാര്യത്തിൽ രുമണ്വാൻ അപരാധിയല്ലാ. അദ്ദേഹം പ്രവർത്തിച്ചതെല്ലാം എന്റെ നിർദ്ദേശം അനുസരിച്ചാണ്. രുമണ്വാന്റെ പ്രഛന്നോപകാരിത്വം ഏററവും ശ്ലാഘനീയമാണെന്നു വിചാരിക്കണം. ഇക്കാര്യത്തിൽ ദേവിയും അപരാധിനിയല്ല. നീതിനിപുണയായ ദേവന്റെ ധർമ്മപത്നി പ്രവർത്തിച്ചതെല്ലാം അങ്ങയുടെ ശ്രേയസ്സിനെ പുരസ്കരി

രിച്ചമാത്രമാണ്. എന്തായാലും കാൎയ്യമെല്ലാം മംഗളമായിത്തന്നെ അവസാനിച്ചിരിക്കുന്നു. ഈ സന്തോഷവൃത്താന്തം മഹാസേനരാജാവിനേയും രാജ്ഞിയേയും മറ്റും അറിയിപ്പാൻ ഉടൻതന്നെ ധാത്രിയേയും ദൂതന്മാരേയും നമുക്കു തിരിച്ചയക്കാം.

രാജാവ്—നമ്മൾക്കെല്ലാവൎക്കും കൂടിപോകാമല്ലോ

പത്മാവ—എന്നെയും കൊണ്ടുപോകയില്ലേ?

വാസവ—സഹോദരി, നീയും ഞാനും വേറെയാണോ?

THE SEN GUPTA PUBLIC LIBRARY
LOVE & SERVICE.
PUTHIYARA

A
8
5
ഉദയനൻ

85

240249

Indic Digital Archive Foundation
gpura.org